പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

ഒൻപതാമത് റിപ്പോർട്ട്

(2026 ഒക്ടോബർ 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 5-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-2028)

...ഒൻപതാമത്... റിപ്പോർട്ട്

(2026 ഒക്ടോബർ ....28-ാം.... തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 5-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.]

ഉള്ളടക്കം

	പേജ്
സമിതിയുടെ ഘടന	:
മുഖവുര	:
റിപ്പോർട്ട്	:
അനുബന്ധം I	
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:
അനുബന്ധം II	
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2026-2028)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. എ.കെ.എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി.എം.എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി ഇൻ ചാർജ്ജ്

ശ്രീമതി രജി ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദുരാജ് ഡി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2026-2028)യുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 5-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

2026 ഒക്ടോബർ മാസം ....26..........-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026, ഒക്ടോബർ ..28..

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 5-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസമേഖലയും

കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗം വളർച്ചയുടെ അനവധി പടവുകൾ പിന്നിട്ടുകഴിഞ്ഞുവെങ്കിലും ലക്ഷ്യമിട്ട രീതിയിലുള്ള ഗുണനിലവാരം സ്വായത്തമാക്കാൻ കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ നേരിടുന്ന പ്രാധാന വെല്ലുവിളി. ആവശ്യത്തിന് ക്ലാസ് മുറികൾ, കമ്പ്യൂട്ടറുകൾ, കളിസ്ഥലം, ലൈബ്രറി, മെച്ചപ്പെട്ട കുടിവെള്ള സംവിധാനം, ആവശ്യത്തിനുള്ള അധ്യാപകൾ, ഫർണിച്ചർ എന്നിവയുള്ള വിദ്യാലയങ്ങൾ കുറവാണ്. സ്വന്തമായി വാഹനമുള്ള പൊതുവിദ്യാലങ്ങളും നന്നേ കുറവാണ്. ഇംഗ്ലീഷ് അധ്യായനമാധ്യമത്തോടുള്ള സമൂഹത്തിന്റെ അതിരുകവിഞ്ഞ താൽപ്പര്യവും പൊതുവിദ്യാലയങ്ങളെ അനാകർഷങ്ങളാക്കുന്നു. പൊതുവിദ്യാഭ്യാസരംഗത്തു പ്രർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനത്തിൽ ഏകോപനമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതാണ് ഈ രംഗത്തെ വലിയൊരു പോരായ്മ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസസമിതികൾ ശരിയായവിധത്തിൽ പ്രവർത്തിക്കാത്തത് അവസ്ഥ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. പ്രാദേശിക ഭരണകൂടങ്ങളുടെ വിദ്യാഭ്യാസവികസന പദ്ധതിയുടെ ഭാഗമായി മാറാൻ എസ്.എസ്.എ.പദ്ധതിയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതും വളരെ വലിയൊരു വീഴ്ചയാണ്.

ഓഡിറ്റ് കണ്ടെത്തലുകൾ

പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം

സർക്കാർ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ (കെട്ടിടം, ചുറ്റുമതിൽ , പാചകപ്പുര, ടോയ്‌ലെറ്റ് തുടങ്ങിയവ) നവീകരിക്കുന്നതിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. സ്കൂളുകളുടെ ഭൗതിക നിലവാരം ഉയർത്തുന്നതിന് പതിനൊന്നാം പദ്ധതി കാലയളവിലും 2012-13 വർഷത്തിലും വളരെ തുച്ഛമായ തുക മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്. പതിനൊന്നാം പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ സ്കൂളുകളുടെ ക്ലാസ്സ് മുറികൾ, ഉച്ചഭക്ഷണം എന്നിവയുടെ മേന്മ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് അവശ്യം വേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകളും നടപ്പാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കിയിട്ടില്ല.

09.12.04 ലെ ജി.ഒ(എം.എസ്)330/2004/തസ്വഭവ നമ്പർ വിനിയോഗ മാർഗ്ഗരേഖയിൽ, സ്കൂളുകളുടെ മേൽക്കൂര മാറ്റുന്നത് ഉൾപ്പെടെയുള്ള മെയിന്റനൻസിനാണ് റോഡ് ഒഴികെയുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിന് മുൻഗണന നൽകേണ്ടതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും അപകടാവസ്ഥയിലായിരുന്നിട്ടും യഥാസമയം മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ നില മെച്ചപ്പെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

പരിശോധനാവിധേയമാക്കിയ സ്കൂളുകളിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളും കുറവല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

വിദ്യാഭ്യാസസ്ഥാപനം	തദ്ദേശസ്വയഭരണ സ്ഥാപനം
സെന്റ് ജോൺസ് പാട്ടം ഗവ:എൽ.പി.സ്കൂൾ	കൊച്ചി നഗരസഭ
ഗവ: എൽ.പി.എസ്. തളങ്കര	കാസറഗോഡ് നഗരസഭ
ഗവ: ഫിഷറീസ് യു.പി.സ്കൂൾ, കോട്ടിക്കുളം	ഉദ്ദുമ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
ജി.എം.എൽ.പി.എസ്. അണ്ടത്തോട്	പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ല
ജി.എം.എൽ.പി.എസ്. പുന്നയൂർക്കുളം	
ജി.എം.എൽ.പി.എസ്. ചമ്മണ്ണൂർ	

വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതിനാൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്താനാകുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി

ചേർത്തിരിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊച്ചി, കാസർഗോഡ് നഗരസഭകൾ, ഉദുമ ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

2. ജി.എം.എൽ.പി.എസ്. പുന്നയൂർക്കുളം, ജി.എം.എൽ.പി.എസ്. ചമ്മണ്ണൂർ എന്നിവ പുതുതായി നിർമ്മിച്ച സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ജി.എം.എൽ.പി.എസ്. അണ്ടത്തോട് നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നുമാണ് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്നും ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞു. ജി.എം.എൽ.പി.എസ്. അണ്ടത്തോട് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും 2400 ചതുരശ്ര അടി വിസ്തൃതി വരെയുള്ള പുതിയ കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അടുത്ത അധ്യയന വർഷം കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി.

3. കെട്ടിട നിർമ്മാണത്തിനായി വിനിയോഗിക്കുന്ന ഫണ്ട് ഏതാണെന്ന സമിതിയുടെ തുടർ ചോദ്യത്തിന് അർബൻ മിഷന്റെ 73,80,000/-രൂപയുടെ ഫണ്ട് വകയിരുത്തിയതിൽ നിന്നും 59,04,000/-രൂപയാണ് ചെലവഴിച്ചിരിക്കുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ വ്യക്തമാക്കി. സ്കൂളുകൾക്ക് ഇത്തരമൊരു സാഹചര്യമുണ്ടാകാൻ പാടില്ലാത്തതാണെന്നും സ്കൂളുകളുടെ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും നല്ല രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. കെട്ടിടത്തിന്റെ പ്രവൃത്തിക്കായി ഗുരുവായൂർ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 99,50,000/-രൂപ കൂടി അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് തൃശ്ശൂർ അസിസ്റ്റന്റ് ഡയറക്ടർ കൂട്ടിച്ചേർത്തു.

4. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

5. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊച്ചി, കാസർഗോഡ് എന്നീ നഗരസഭകളുമായും ഉദുമ ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

6. തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ ജി.എം.എൽ.പി.എസ്. അണ്ടത്തോടിന്റെ പുതിയ സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തി നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പുതിയ സ്കൂൾ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂളിനായി 1981 ൽ നിർമ്മിച്ച പ്രധാന കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. കെട്ടിടത്തിലെ സൺഷേഡുകൾ തകർന്നതിനാൽ ഇവ നീക്കം ചെയ്ത് ഷീറ്റ് ഉപയോഗിച്ച് ഷെഡ് നിർമ്മിച്ചിരിക്കുന്നു. ചോർച്ചയും ചുവരിലെ ഈർപ്പവും കെട്ടിടത്തെ നാശോന്മുഖമാക്കിയിരിക്കുന്നു.

ആറ്റിങ്ങൽ നഗരസഭയിലെ തന്നെ ഡയറ്റ് യു.പി.എസ്- ന്റെ പഴയ 3 നില കോൺക്രീറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, റീപെയിന്റിംഗ് എന്നിവ സമയബന്ധിതമായി നടക്കുന്നില്ല. ലോവർ പ്രൈമറി ക്ലാസ്സുകൾ നടക്കുന്നത് ആസ്ബസ്റ്റോസ് മേൽക്കൂരയുള്ള കെട്ടിടത്തിലാണ്.

തിരുവനന്തപുരം നഗരസഭയിൽ പരിശോധനാ വിധേയമാക്കിയ 8 സ്കൂളുകളുടെയും നില ശോചനീയമാണ്. 2010-11 സാമ്പത്തിക വർഷത്തിൽ ബീമാപ്പള്ളി ഗവൺമെന്റ് യു.പി.എസ്സിന്റെ മെയിന്റനൻസിനായി നാലരലക്ഷം രൂപയും നിലവിലുള്ള കെട്ടിടം പുതുക്കുന്നതിനായി 20 ലക്ഷം രൂപയും നഗരസഭയിൽ നിന്ന് അനുവദിച്ചിരുന്നു. ടെണ്ടർ നടപടികൾ വൈകിയതുമൂലം പദ്ധതികൾ ഉപേക്ഷിക്കുകയും തന്മൂലം നിലവിലുള്ള കെട്ടിടം കൂടുതൽ തകർച്ചയിലേയ്ക്ക് നീങ്ങുകയും ചെയ്തു.

സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ കാരണം ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിലെ ഡിവിഷനുകൾ പകുതിയായി കുറഞ്ഞു. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടിൽ തുറസ്സായ സ്ഥലത്തിരുത്തി കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകേണ്ട സ്ഥിതിയാണുള്ളത്. പ്രസ്തുത സ്കൂളിലേയ്ക്ക് പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി കുറവ് കാണുന്നുണ്ട്.

തിരുവനന്തപുരം നഗരത്തിന്റെ മധ്യഭാഗത്തുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ കെട്ടിടങ്ങൾ ജീർണ്ണിച്ചും, ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ് കാണപ്പെട്ടത്. ക്ലാസ്സ് മുറികൾ തമ്മിൽ വേർതിരിവുണ്ടായിരിക്കണം എന്ന കെ.ഇ.ആറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് യു.പി.സെക്ഷനിലെ ക്ലാസ്സുകളെല്ലാം ഒറ്റ ഷെഡിലാണ് നടന്നുവരുന്നത്. സ്കൂൾ പരിസരത്തുള്ള മരങ്ങളുടെ ശാഖകൾ ഒടിഞ്ഞുവീണ് ക്ലാസ്സുകളുടെ മേൽക്കൂര തകർന്ന അവസ്ഥയിലാണ്. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനുതന്നെ ഭീഷണിയായിട്ടാണ് കെട്ടിടം നിലകൊള്ളുന്നത്.

കൊല്ലം നഗരസഭാപരിധിയുലുള്ള സ്കൂളുകൾ ഓടിട്ടതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 8 മുതൽ 10 വരെ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്തുകയോ പെയിന്റടിക്കുകയോ ചെയ്യാത്തതിനാൽ കെട്ടിടങ്ങളുടെ മേൽക്കൂരകൾ ജീർണ്ണാവസ്ഥയിലാണ്.

100 വർഷത്തിലധികം പഴക്കമുള്ള വെസ്റ്റ്കൊല്ലം എച്ച്.എസ്.എസ്,

ജി.എച്ച്.എസ്.എസ്. വാളത്തുംഗൽ തുടങ്ങിയ സ്കൂളുകൾ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി സംരക്ഷിക്കാത്തതിനാൽ ചോർന്ന് ഒലിച്ച് കെട്ടിടവും മേൽക്കൂരയും നശിക്കുന്ന അവസ്ഥയിലാണ്. വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി നഗരസഭ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ 50% ൽ താഴെ എണ്ണം മാത്രമാണ് നടപ്പിലാകുന്നത്. മെയിന്റനൻസിനായി തുക വകയിരുത്തുകയും ഏതാനും റൂമുകളുടെ സീലിംഗ്, ഫ്ളോറിംഗ് എന്നിവ മാത്രം നടത്തി അറ്റകുറ്റപ്പണികൾ അവസാനിപ്പിക്കുകയും ചെയ്യുന്ന പ്രവണതയാണ് കാണുന്നത്. ഇത്തരത്തിൽ അപൂർണ്ണമായി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതിനാൽ സീലിംഗ് പൊളിഞ്ഞും ഫ്ളോറിംഗിന്റെ കോൺക്രീറ്റ് ഇളകിയ നിലയിലും കാണപ്പെട്ട കെട്ടിടങ്ങൾ നിരവധിയാണ്.

ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ പല ഭാഗങ്ങളും ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ചോർച്ചമൂലം ഒരു ക്ലാസ്സ് മുറി പൂർണ്ണമായും ഉപയോഗയോഗ്യമല്ലാതായി. ക്ലാസ്സ് മുറികളുടെ എണ്ണത്തിലെ അപര്യാപ്തതമൂലം യു.പി.ക്ലാസ്സുകൾ ഓഡിറ്റോറിയത്തിലാണ് നടത്തുന്നത്. ഓഡിറ്റോറിയത്തിന്റെ പല ഭാഗത്തും ചോർച്ചയുണ്ട്. ഈ ഭാഗങ്ങളിൽ ചോർച്ച ഒഴിവാക്കുന്നതിനായി പടുത വലിച്ചുകെട്ടിയിരിക്കുകയാണ്.

എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ വിലങ്ങ് ഗവൺമെന്റ് യു.പി.സ്കൂളിലെ ഒരു ബ്ലോക്ക് മേൽക്കൂരയിലെ പട്ടികകൾ മുഴുവൻ കാലപ്പഴക്കത്താൽ വളഞ്ഞ് അപകടകരമായ അവസ്ഥയിലാണ്. പ്രത്യേക ഇരുമ്പ് പൈപ്പ് വഴിയാണ് മേൽക്കൂര താങ്ങി നിർത്തിയിരിക്കുന്നത്. ഈ മേൽക്കൂരയ്ക്ക് താഴെയാണ് രണ്ട് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പഠിക്കുന്നത്.

5 കോഴ്സുകളിലായി 244 വിദ്യാർത്ഥികൾ പഠനം നടത്തുന്ന മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. നിലവിലുള്ള ക്ലാസ്സുകൾ ഹൈസ്കൂൾ വിഭാഗത്തിന്റെ പല കെട്ടിടങ്ങളിലായി ചിതറിക്കിടക്കുകയാണ്. ഓഡിറ്റോറിയമായി ഉപയോഗിക്കുന്ന കെട്ടിടത്തിലാണ് 4 ക്ലാസ്സുകൾ ഒരേ സമയം പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഈ വിദ്യാലയം അടിസ്ഥാന സൗകര്യങ്ങളിൽ ഏറെ പിന്നിലാണ്.

പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂളിന്റെ കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളൊന്നും നിലവിലില്ല. കെട്ടിടത്തിന്റെ മേൽക്കൂരയും തറയും മെയിന്റനൻസിന്റെ അഭാവത്താൽ പൂർണ്ണമായും തകർന്ന നിലയിലാണ്. ഒരു ഹാളിൽ തന്നെ വേർതിരിക്കാതെയാണ് ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകൾ നടക്കുന്നത്.

മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ എൽ.പി.സ്കൂളായ തട്ടാഞ്ചേരിമല ജി.എൽ.പി.സ്കൂളിന്റെ കെട്ടിടം, കളിസ്ഥലം, പാചകപ്പുര, മൂത്രപ്പുര തുടങ്ങിയവയെല്ലാം ആകെയുള്ള 7 സെന്റ് സ്ഥലത്താണ്. ഓഫീസ്, സ്റ്റാഫ് റൂം, ലാബ് എന്നിവയെല്ലാം പ്രവർത്തിക്കുന്നത് ഒരേ റൂമിലാണ്. പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് മുഖ്യപങ്ക് വഹിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ സ്ഥിതി

പരിതാപകരമാണ്. മിക്ക എയ്ഡഡ് സ്കൂളുകളിലേയും കെട്ടിടം, ക്ലാസ്സ് റൂമുകൾ, പാചകപ്പുരകൾ തുടങ്ങിയ ഭൗതിക/അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമാണ്.

കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ 10 ഡിവിഷനുകളിലായി 250 കുട്ടികൾ പഠിക്കുന്ന കൊടിയമ്മ ഗവൺമെന്റ് യു.പി.സ്കൂളിലെ 2 കെട്ടിടങ്ങളുടെയും അവസ്ഥ ശോചനീയമാണ്. 2 ക്ലാസ്സ്മുറികൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റേയും ലൈബ്രറി, ലബോറട്ടറി എന്നിവ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും നിലം പൊട്ടിപൊളിഞ്ഞ് കുഴികളായി മാറിയിരിക്കുകയാണ്.

കാസർഗോഡ് നഗരസഭയിലെ ഗവൺമെന്റ് വെൽഫെയർ എൽ.പി.സ്കൂൾ, 8 സെന്റ് സ്ഥലത്ത് പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മുറ്റമില്ലാത്ത സ്കൂളിൽ നിന്ന് പുറത്തേക്കിറങ്ങുന്നതുതന്നെ റോഡിലേയ്ക്കാണ്. നാല് ഡിവിഷനുകളിലായി 10 കുട്ടികളാണ് ഇവിടെ ഉള്ളത്. ഒന്നാം ക്ലാസ്സിൽ ഒരു വിദ്യാർത്ഥി മാത്രമാണുള്ളത്. രണ്ടാം ക്ലാസ്സിൽ വിദ്യാർത്ഥികൾ ഇല്ല. 1998 ൽ നിർമ്മിച്ച കെട്ടിടത്തിന്റെ സിമന്റ് തറ അടർന്നു പോയിരിക്കുന്നു. കോൺക്രീറ്റ് തൂണുകൾക്ക് വിള്ളലുണ്ട്. സ്കൂളിന്റെ ഓഫീസ് മുറിയോ, ക്ലാസ്സ് മുറിയോ വേർതിരിച്ചിട്ടില്ല.

സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ചു

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ സരസ്വതി വിലാസം അപ്പർ പ്രൈമറി സ്കൂളിന്റെ ഭാഗമായുള്ള ബ്ലോക്കിലേക്കുള്ള വഴി അടച്ചുകൊണ്ട് സ്വകാര്യവ്യക്തി മതിൽ നിർമ്മിച്ചിരിക്കുന്നു. 5-ാം ക്ലാസ്സ്, അംഗൻവാടി എന്നിവ പ്രവർത്തിക്കുന്ന പ്രസ്തുത ബ്ലോക്കിൽ എത്തണമെങ്കിൽ നിലവിൽ സ്കൂളിന് പിൻവശത്തെ ചെറിയ ഗേറ്റിൽ കൂടി റോഡിൽ എത്തി 50 മീറ്റർ നടക്കണം. വർഷങ്ങളായി സ്കൂളിന്റെ കൂടി ഭാഗമായിരുന്ന പ്രദേശത്തെ വേർതിരിച്ചുകൊണ്ട് സ്വകാര്യവ്യക്തി തന്റെ വീട്ടിലേയ്ക്കുള്ള വഴിയായി ഇത് മാറ്റിയെടുത്തിരിക്കുന്നു. സ്കൂൾ വേനലവധിക്കാലത്ത് നടത്തിയ ഈ നിർമ്മാണം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്കൂളിന്റെയോ പഞ്ചായത്തിന്റെയോ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സ്കൂളിന്റെ ആകെ വസ്തു അളന്ന് തിട്ടപ്പെടുത്തി വഴിയടച്ചുള്ള നിർമ്മാണം നീക്കം ചെയ്ത് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ബുദ്ധിമുട്ടുകൾ ദൂരീകരിക്കേണ്ടതാണ്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ബി.എച്ച്.എസ്.എസ്.ൽ കഴിഞ്ഞ മൂന്ന് വർഷമായി നിലവിലുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആകെ 16 കെട്ടിടങ്ങളിൽ 10 കോൺക്രീറ്റ് കെട്ടിടങ്ങളും 4 ഓട്മേഞ്ഞ കെട്ടിടങ്ങളും 2 ആസ്ബസ്റ്റോസ് ഷീറ്റിട്ട കെട്ടിടങ്ങളുമാണുള്ളത്.

ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ 'മെയിൻ ബ്ലോക്ക്' കോൺക്രീറ്റ് കെട്ടിടത്തിന് 2013-14 ൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം

അപകടകരമായ നിലയിലാണ്. എന്നാൽ ഈ കെട്ടിടത്തിൽ ഇപ്പോഴും ക്ലാസ്സുകൾ പ്രവർത്തിച്ചു വരുന്നു. ഗവൺമെന്റ് വി.എച്ച്.എസ്.ൽ ജീർണ്ണിച്ച ഓടിട്ട കെട്ടിടത്തിലും, ഷീറ്റ് മേഞ്ഞതും മേൽക്കൂര പൊളിഞ്ഞതുമായ കെട്ടിടത്തിലും ക്ലാസ്സുകൾ നടത്തി വരുന്നു. ഇപ്രകാരം ഫിറ്റ്നസ് ലഭിക്കാത്തതും ജീർണ്ണാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിൽ ക്ലാസ്സ് മുറികൾ പ്രവർത്തിപ്പിക്കുന്നത് അപകടങ്ങൾക്ക് കാരണമായേക്കാം.

പോത്തൻകോട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്കൂളുകളിൽ ആയിരൂപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്(എൽ.പി.&യു.പി)ന് 2012-13, 2013-14 വർഷത്തിലും ഗവൺമെന്റ് എൽ.പി.എസ്.മണലകം, ഗവൺമെന്റ് എൽ.പി.എസ്.തച്ചപ്പള്ളി എന്നീ സ്കൂളുകൾക്ക് 2013-14 വർഷത്തിലും ഫിറ്റ്നസ് സർഫിക്കറ്റ് ലഭ്യമാക്കാതെയാണ് പ്രവർത്തിച്ചത്.

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി.സ്കൂളിന്റെ മേൽക്കൂര ജീർണ്ണാവസ്ഥയിലാണ്. മുൻവർഷങ്ങളിൽ തുടർച്ചയായി കെട്ടിടം അപകടാവസ്ഥയിലാണ് എന്നുള്ള സാക്ഷ്യപത്രമാണ് ലഭിച്ചിരുന്നത്. തൻവർഷം കെട്ടിടം ഫിറ്റ് ആണെന്നോ അൺഫിറ്റ് ആണെന്നോ അഭിപ്രായപ്പെടാത്ത സാക്ഷ്യപത്രമാണ് എഞ്ചിനീയറിംഗ് വിഭാഗം നൽകിയിട്ടുള്ളത്.

പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അവസ്ഥ തികച്ചും ശോചനീയമാണ്. പൊട്ടിപ്പൊളിഞ്ഞ് ഇടിഞ്ഞ് വീഴാറായ കെട്ടിടങ്ങൾ മാത്രമുള്ള ഈ സ്കൂളിൽ 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള 9 ഡിവിഷനുകളിലായി 171 കുട്ടികൾ മാത്രമാണുള്ളത്. കെട്ടിടങ്ങൾ എല്ലാംതന്നെ ജീർണ്ണാവസ്ഥയിലാണ്. ഏതുനിമിഷവും നിലം പൊത്താവുന്ന കെട്ടിടങ്ങൾ വലിയ സുരക്ഷാഭീക്ഷണിയാണ് ഉയർത്തുന്നത്. സ്കൂളിന്റെ പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി മാത്രമാണ് ഈ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത്.

കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല

സർക്കുലർ നമ്പർ 46951/ഡി.ബി.2/2008/തസ്വഭവ തീയതി 17.09.2008 പ്രകാരം ഫണ്ടിന്റെ ലഭ്യതയും നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷം ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് പൊളിച്ച് മാറ്റേണ്ടത് അനിവാര്യമാണ് എന്ന് വിലയിരുത്തപ്പെടുന്ന കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ, വിദ്യാഭ്യാസ വകുപ്പിനെ ഒരു മാസം മുമ്പ് വിവരം അറിയിച്ച്, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ സംരക്ഷിച്ചുകൊണ്ട് പൊളിച്ചുമാറ്റാവുന്നതാണ്. ഇങ്ങനെ പഴയ കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ കിട്ടുന്ന പണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും സ്ഥാപനത്തിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതുമാണ്.

അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല.

വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകളിൽ വർഷങ്ങളുടെ പഴക്കമുള്ളതും ഫിറ്റ്നസ് ഇല്ലാത്തതുമായ കെട്ടിടങ്ങൾ നിലനിൽക്കുണ്ടെന്ന് പ്രാദേശികപരിശോധനയിൽ വ്യക്തമായി. ഇത്തരം കെട്ടിടങ്ങൾ പൊളിച്ചുനീക്കി വിദ്യാലയങ്ങൾക്ക് സ്ഥലസൗകര്യം ഒരുക്കുകയോ ആവശ്യമെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനം	സ്കൂൾ കെട്ടിടം	നിലവിലെ അവസ്ഥ
ചങ്ങനാശ്ശേരി നഗരസഭ	ഗവ:ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം	പൊളിഞ്ഞ കെട്ടിടം സാമൂഹ്യവിരുദ്ധ കേന്ദ്രമാവുന്നു
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)	ഗവ:എൽ.പി.എസ്.ന്റെ 4 മുറികളുള്ള കെട്ടിടം	ജീർണ്ണിച്ച് അപകടാവസ്ഥയിൽ
കായംകുളം നഗരസഭ (ആലപ്പുഴ ജില്ല)	ഗവ:ബോയ്സ് ഹൈസ്കൂളിന്റെ കോമ്പൗണ്ടിലെ 3 കെട്ടിടങ്ങൾ	ഇടിഞ്ഞു വീഴാറായ കെട്ടിടങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു
ആലപ്പുഴ നഗരസഭ	ഗവ:മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂളിന്റെ ഭാഗമായ കെട്ടിടം	ഓടുകൾ ഇളകിയും പട്ടികകൾ ഒടിഞ്ഞു തൂങ്ങിയും ഭീഷണിയായി നിലകൊള്ളുന്നു
മുണ്ടൂർ ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)	പുതന്നൂർ ജി.എൽ.പി.സ്കൂളിലെ 4 ക്ലാസ്സ് മുറികളുള്ള ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടം	ജീർണ്ണിച്ച് അപകടാവസ്ഥയിൽ കുട്ടികൾക്ക് ഭീഷണിയായി നിലകൊള്ളുന്നു
വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് (വയനാട് ജില്ല)	തരുവണ ഗവ:യു.പി.സ്കൂളിലെ ഫിറ്റ്നസ് ലഭിക്കാത്ത ഒരു കെട്ടിടം	അപകടാവസ്ഥയിലായ കെട്ടിടങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു

കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ അധീനതിയിലുള്ള ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ടി.ടി.ഐ എന്നീ സ്ഥാപനങ്ങളിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിനാൽ ലക്ഷങ്ങൾ വിലമതിക്കുന്ന തടികളും മറ്റ് കെട്ടിടനിർമ്മാണ വസ്തുക്കളും നഷ്ടപ്പെട്ടിട്ടുണ്ട്. കാറ്റും മഴയുമേറ്റ് തടികളുടെ നല്ലൊരുഭാഗം നശിച്ചുപോകുകയും ബോയ്സ് ഹൈസ്കൂൾ കെട്ടിടത്തിന്റെ നല്ലൊരുഭാഗം സാമൂഹ്യവിരുദ്ധർ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ഗുരുതരമായ അനാസ്ഥയാണ് നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

പല സർക്കാർ സ്കൂൾ കെട്ടിടങ്ങളും ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തട്ടയിൽ ഗവൺമെന്റ് എൽ.പി.ജി.സ്കൂളിൽ 2010-11 ൽ എസ്.എസ്.എ ഫണ്ടു മുഖേന 47480/- രൂപ ചെലവഴിച്ച് ചുറ്റമതിൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ 2010 നവംബറിൽ കനത്ത മഴയിൽ ചുറ്റമതിൽ ഇടിഞ്ഞു വീണെങ്കിലും നാളിതുവരെ പുനഃനിർമ്മിച്ചിട്ടില്ല.

പത്തംതിട്ട ജില്ലയിലെ കളനട ഗ്രാമ പഞ്ചായത്തിലെ മാന്തുക ഗവൺമെന്റ് യു.പി.സ്കൂളിന്റെ ചുറ്റുമതിലിന്റെ ഒരു ഭാഗം അപകടവസ്ഥയിലാണ്. ഇത് കുട്ടികൾക്കും അദ്ധ്യാപകർക്കും അപകട ഭീഷണിയായി തുടരുന്നു.

ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ചുറ്റുമതിൽ ചില ഭാഗങ്ങളിൽ പൊളിഞ്ഞ് കിടക്കുകയാണ്. സാമൂഹ്യവിരുദ്ധർ ഇതുവഴി ഉള്ളിലേക്ക് കയറുവാനും പൊളിഞ്ഞുകിടക്കുന്ന കെട്ടിടം ദുരുപയോഗം ചെയ്യുവാനും ഇടയാകുന്നു.

ഏകാധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളില്ല

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 4 ഏകാധ്യാപക വിദ്യാലയങ്ങളാണുള്ളത്. 'Multi Graded Learning Centre' (MGLC) എന്ന പേരിൽ അറിയപ്പെടുന്ന ഇവിടെ 'Education Volunteer' എന്ന പേരിൽ ഒരു അധ്യാപിക മാത്രമാണുള്ളത്. നാല് വിദ്യാലയങ്ങളും വനത്തിനുള്ളിലാണ് പ്രവർത്തിക്കുന്നത്. പോട്ടമാവ്, ചെന്നല്ലിമൂട് എന്നീ MGLC കളിൽ ആദിവാസി ഊരുകളിൽ നിന്നുള്ള കുട്ടികളാണ് പഠിതാക്കൾ.

വിദ്യാലയത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു MGLC യിലും ലഭ്യമല്ല. വൈദ്യുതി, ടെലഫോൺ, കമ്പ്യൂട്ടർ, ലൈബ്രറി, പാചകപ്പുര, ശൗചാലയം, മൂത്രപ്പുര, ചുറ്റുമതിൽ, ഗേറ്റ് എന്നിവയുടെ അഭാവം, പ്രത്യേക ക്ലാസ്സ് മുറികൾ ഇല്ലാത്തത്, ഫർണിച്ചറിന്റെ കുറവ് എന്നിവയൊക്കെ പ്രതികൂല ഘടകങ്ങളാണ്. ചെന്നല്ലിമൂട്, അടിപ്പറമ്പ് MGLC കളിൽ സ്റ്റാഫ് റൂം ഇല്ല. സ്കൂളുകളിലേയ്ക്ക് വാഹനസൗകര്യത്തിന്റെ കുറവും ഉണ്ട്. ഏകാധ്യാപിക വിദ്യാലയങ്ങളായതിനാൽ തന്നെ അധ്യാപിക അവധിയിലായാൽ സ്കൂൾ തുറന്ന് പ്രവർത്തിക്കുകയില്ല.

പാലോട് – ചെങ്കോട്ട റോഡിൽ നിന്നും 4 കി.മീ. വനത്തിലൂടെ യാത്ര ചെയ്ത് വേണം പോട്ടമാവ് ഏകാധ്യാപിക വിദ്യാലയത്തിലെത്താൻ. പോട്ടമാവ് ഊരിൽപ്പെട്ട 80 ആദിവാസി കുടുംബങ്ങളിൽ നിന്നുള്ള 14 കുട്ടികളാണ് (1 മുതൽ 4 വരെ ക്ലാസ്സുകളിലായി) ഇവിടെ പഠിക്കുന്നത്. വന്യമൃഗങ്ങളുടെ ശല്യമുള്ള ഇവിടെ വനംവകുപ്പ് സ്ഥാപിച്ച ഇലക്ട്രിക് ഫെൻസിംഗ് പ്രവർത്തിക്കുന്നില്ല.

ആദിവാസി വിഭാഗത്തിലുള്ള 17 കുട്ടികൾ പഠിക്കുന്ന ചെന്നല്ലിമൂട് ഏകാധ്യാപികാ വിദ്യാലയം ഉൾവനത്തിലാണ് സ്ഥിതിചെയ്യുന്നത്.

കാസറഗോഡ് ജില്ലയിലെ ഉദുമ, കുമ്പള പഞ്ചായത്തുകളിൽ താഴെപ്പറയുന്ന ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

എം.ജി.എൽ.സി – ഞെക്ലി – 15 കുട്ടികൾ

(ഉദുമ ഗ്രാമപഞ്ചായത്ത്)

എം.ജി.എൽ.സി – ചേപ്പിനടുക്ക – 26 കുട്ടികൾ

എം.ജി.എൽ.സി – താഴെകൊടിയമ്മ – 21 കുട്ടികൾ

എം.ജി.എൽ.സി – മുളിയടുക്ക – 15 കുട്ടികൾ

എം.ജി.എൽ.സി – ബദരിയാനഗർ – 60 കുട്ടികൾ

എം.ജി.എൽ.സി – കൊപ്പളം – 35 കുട്ടികൾ

(കുമ്പളം ഗ്രാമപഞ്ചായത്ത്)

പ്രസ്തുത മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടെങ്കിലും വൈദ്യുതി, ചുറ്റമതിൽ എന്നിവ ഇല്ല. എം.ജി.എൽ.സി ഞെക്ലിയിൽ അധ്യാപികയ്ക്കുള്ള പ്രതിമാസ ഹോണറേറിയം, ഭക്ഷ്യവസ്തുക്കളുടെ തുക എന്നിവ നാലുമാസത്തോളമായി ലഭിച്ചിട്ടില്ലായെന്ന് സ്കൂൾ സന്ദർശിച്ചപ്പോൾ കണ്ടെത്തുകയുണ്ടായി. എം.ജി.എൽ.സി ചേപ്പിനടുക്കയിൽ ഫർണിച്ചർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ല. കുഴൽ കിണർ ഉണ്ടെങ്കിലും വെള്ളം ഉപയോഗയോഗ്യമല്ല. തൊട്ടടുത്ത വീട്ടിൽ നിന്നാണ് ഭക്ഷണം പാകം ചെയ്യുന്നതിനുള്ള വെള്ളം എടുക്കുന്നത്. എം.ജി.എൽ.സി കൊടിയമ്മ, മുളിയടുക്ക, കൊപ്പളം എന്നിവിടങ്ങളിലും അടിസ്ഥാന സൗകര്യങ്ങളില്ല.

യാത്രാസൗകര്യം തീരെയില്ലാത്ത മേഖലകളിൽ നിന്നും വരുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ ആശ്രയ കേന്ദ്രങ്ങളായ ഏകാധ്യാപക വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

7. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂൾ, ആറ്റിങ്ങൽ ഡയറ്റ് യു.പി.എസ്, തിരുവനന്തപുരം നഗരസഭയിലെ ബീമാപള്ളി യു.പി.എസ്., അട്ടക്കുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ എന്നിവയിൻമേലുള്ള പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

8. കൊല്ലം നഗരസഭാ പരിധിയുള്ള വാളത്തുംഗൽ ജി.എച്ച്.എച്ച്.എസ്.-ൽ ആകെയുള്ള 5 ബ്ലോക്കുകളിൽ ഓട് പാകിയ ഒരു ബ്ലോക്കിലെ കെട്ടിടത്തിന് ചോർച്ചയുള്ളതിനാൽ ഇതിൽ പ്രവർത്തിച്ചിരുന്ന 5 യു.പി. ക്ലാസുകൾ മഴ സമയത്ത് പ്രവർത്തന യോഗ്യമല്ലാതാകുന്നുവെന്നും ക്ലാസുകൾ മറ്റ് ബ്ലോക്കുകളിലാണ് പ്രവർത്തിക്കുന്നതെന്നുമാണ് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്നും ഇതുസംബന്ധിച്ച് എന്താണ് അറിയിക്കാനുള്ളതെന്നും സമിതി ആരാഞ്ഞു. വാളത്തുംഗൽ ജി.എച്ച്.എച്ച്.എസ്.-ന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കുകയും അതിൽ 42 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും സ്പിൽഓവർ ആയ 8 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പ് വർഷം തുടരുന്നുണ്ടെന്നും നിലവിൽ സ്കൂളിന്റെ മേൽക്കൂരകൾ ബലപ്പെടുത്തിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടുണ്ടോയെന്ന സമിതിയുടെ

ചോദ്യത്തിന് ലഭ്യമായിട്ടുണ്ടെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കി. ഒരു ബ്ലോക്കിലെ കെട്ടിടത്തിന് ചോർച്ചയുള്ളതായിട്ടാണ് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്നും അത് പരിഹരിച്ചിട്ടുണ്ടോയെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് പുതിയ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഇതിനായി എം.എൽ.എ. ഫണ്ടും പ്ലാൻ ഫണ്ടിൽനിന്നുള്ള 50 ലക്ഷം രൂപയുമാണ് വകയിരുത്തിയതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിച്ചു. ഇതുസംബന്ധിച്ച റിപ്പോർട്ട് നഗരസഭയുടെ കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

9. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

10. നിലവിലെ ക്ലാസ് മുറികളിൽ പഴയ ഫർണിച്ചറുകൾ സൂക്ഷിച്ചിരിക്കുന്നതുമൂലം ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂളിലെ VII-ാം സ്റ്റാൻഡേർഡിന്റെ ക്ലാസുകൾ ഓഡിറ്റോറിയത്തിലാണ് ക്രമീകരിച്ചിരിക്കുന്നതെന്നും ഓണം അവധിക്കാലത്ത് ഫർണിച്ചറുകൾ ക്ലാസ് മുറികളിൽ നിന്ന് മാറ്റുന്നതിനും ഓഡിറ്റോറിയത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ടെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. ഫർണിച്ചറുകൾ ഒഴിവാക്കി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി ക്ലാസ് മുറികൾ ക്രമീകരിക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടതിന്, ഫർണിച്ചറുകൾ സുരക്ഷിതമായി സൂക്ഷിച്ചില്ലെങ്കിൽ നഷ്ടപ്പെടുമെന്നതിനാലും ഇവ സൂക്ഷിക്കുന്നതിന് സ്കൂളിൽ മറ്റൊരു സ്ഥലം ലഭ്യമല്ലാത്തതിനാലുമാണ് ക്ലാസ് മുറികളിൽ ഫർണിച്ചർ സൂക്ഷിക്കേണ്ട സാഹചര്യമുണ്ടായതെന്ന് ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി ബോധിപ്പിച്ചു. സ്കൂൾ അധികൃതർ വിദ്യാർത്ഥികളെക്കാൾ പ്രാധാന്യം ഫർണിച്ചറുകൾക്ക് നൽകുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റോറിയത്തിന്റെ ചോർച്ച 31-08-2024-വരെ പരിഹരിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി.

11. ക്ലാസ് മുറികളിൽ നിലവിൽ ചോർച്ചയുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ചോർച്ചയില്ലെന്ന് ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ക്ലാസ് മുറികളിൽ നിന്ന് ഫർണിച്ചറുകൾ നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഉപയോഗശൂന്യമായ ഫർണിച്ചറുകളാണ് ക്ലാസ് മുറികളിൽ സൂക്ഷിച്ചിരിക്കുന്നതെന്നും ഓണം അവധിക്കാലത്ത് ക്ലാസ് മുറികളിൽനിന്ന് ഫർണിച്ചറുകൾ മാറ്റി ക്ലാസുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കാമെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദേശിച്ചു.

12. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

13. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 76 ലക്ഷം രൂപയുടെ ഫണ്ട് വിനിയോഗിച്ച് മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ വിപുലീകരണം നടത്തി നിലവിൽ ഉപയോഗയോഗ്യമാക്കിയിട്ടുണ്ടെന്നും ലാബുകളും ക്ലാസ് മുറികളും സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്) ബോധിപ്പിച്ചു.

14. അധ്യാപകർക്കാവശ്യമായ ടോയ്ലെറ്റ് സൗകര്യമില്ലെന്നാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അധ്യാപകർക്ക് ടോയ്ലെറ്റ് സൗകര്യമുണ്ടെന്ന് തദ്ദേശസ്വയംഭരണ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്ജ്) സമിതിയെ അറിയിച്ചു. ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് ജോയിന്റ് ഡയറക്ടർ(ഇൻ-ചാർജ്ജ്) മറുപടി നൽകി. റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചിട്ടില്ലെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

15. പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂൾ എയ്ഡഡ് സ്ഥാപനമായതിനാൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നഗരസഭ ഫണ്ട് അനുവദിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിക്കുന്നതെന്നും എയ്ഡഡ് സ്കൂളുകൾക്ക് നഗരസഭ ഫണ്ട് അനുവദിക്കുമോയെന്നും സമിതി ആരാഞ്ഞതിന് അനുവദിക്കുമെന്നും സ്കൂളുകൾക്ക് ടോയ്ലെറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിനും ഫണ്ട് അനുവദിക്കാറുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

16. എസ്.ബി.എം. സ്വച്ഛ് ഭാരത് മിഷൻ-ന്റെ ഫണ്ട് ഉപയോഗിച്ച് ടോയ്ലെറ്റ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും അധികൃതർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ടോയ്ലെറ്റ് സൗകര്യം മെച്ചപ്പെടുത്തുകയും പാചകപ്പുരയുടെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും തറയുടെ അറ്റകുറ്റപ്പണികളാണ് ബാക്കിയുള്ളതെന്നും പാലക്കാട് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

17. ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

18. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ കൊടിയമ്മ ഗവ.യു.പി. സ്കൂൾ മായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

19. കാസർഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഗവൺമെന്റ് വെൽഫെയർ എൽ.പി. സ്കൂൾ 8 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്കൂളിൽ നിലവിൽ 4 ഡിവിഷനുകളും 13 വിദ്യാർത്ഥികളുമാണ് ഉള്ളതെന്നും സ്കൂൾ കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിച്ചതിന്റെ

ഭാഗമായി പൊതുമരാമത്ത് വകുപ്പ് സ്കൂൾ കെട്ടിടത്തിന്റെ തറ ടൈൽസ് പാകുകയും പെയിന്റിങ്ങും മറ്റ് അറ്റകുറ്റപ്പണികളും നടത്തുകയും ചെയ്തിട്ടുണ്ടെന്നും 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽപ്പെടുത്തി കെട്ടിടത്തിന്റെ മുകളിൽ ഷീറ്റ് മേയുന്നതിനും അടുക്കള, ഡൈനിങ് ഹാൾ എന്നിവ സ്ഥാപിക്കുന്നതിനും ഓഫീസ് മുറിയും ക്ലാസ് മുറികളും വേർതിരിക്കുന്നതിനുമായി മൂന്ന് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

20. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ചു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ സരസ്വതി വിലാസം അപ്പർ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

21. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ ഗവൺമെന്റ് .ബി.എച്ച്.എസ്.എസ്., ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് വി.എച്ച്.എസ്.എസ്. എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

22. പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അയിരൂപ്പാറ ഗവൺമെന്റ് എച്ച്.എസ്.എസ്, ഗവൺമെന്റ് എൽ.പി.എസ് മണലകം, ഗവ.എൽ.പി.എസ്. തച്ചപ്പിള്ളി എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കാത്തതിന് കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് 24.08.2024-ൽ എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ ഓഫീസിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

23. എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കുന്നതോടൊപ്പം പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിനുകൂടി ലഭ്യമാക്കിയാൽ മാത്രമേ പരാമർശം ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂവെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

24. സമയബന്ധിതമായി മറുപടി ലഭ്യമാക്കാത്തതുകൊണ്ടാണ് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സാധിക്കാത്തതെന്ന് അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സർക്കാരിൽ ലഭ്യമാക്കുന്നതോടൊപ്പം ഓഡിറ്റ് വകുപ്പിനുംകൂടി ലഭ്യമാക്കണമെന്ന നിർദ്ദേശം വകുപ്പുകൾക്ക് നൽകണമെന്ന് നിർദ്ദേശിച്ചു.

25. ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി ഓഡിറ്റ് വകുപ്പിനു നൽകണമെന്നും ഓഡിറ്റ് വകുപ്പ് മറുപടി പരിശോധിച്ച് അറിയിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

26. ടി.കെ.എം. എഞ്ചിനീയറിങ് കോളേജിലെ വിദഗ്ധ സമിതി പുനലൂർ

നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി. സ്കൂൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് സ്ഥിരതയുണ്ടെന്നും എന്നാൽ മേൽക്കൂര ദൃഢമല്ലെന്നുമുള്ള റിപ്പോർട്ടാണ് ലഭിച്ചതെന്നും മേൽക്കൂരയുടെ അറ്റകുറ്റപ്പണിക്കായി 10 ലക്ഷം രൂപയുടെ പ്രോജക്ട് വച്ചിട്ടുണ്ടെന്നും സ്കൂൾ തുറന്ന സമയത്ത് മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്നതിനായി 40,000/- രൂപ അഡ്വാൻസായി നൽകുകയും ചോർച്ച പരിഹരിക്കുകയും ചെയ്തിട്ടുണ്ടെന്നും മാർച്ച് 31-നകം മേൽക്കൂരയുടെ അറ്റകുറ്റപണി ചെയ്യുന്നതാണെന്നും പുനലൂർ നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. മേൽക്കൂരയുടെ അറ്റകുറ്റപ്പണി ചെയ്തതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

27. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

28. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ചങ്ങനാശ്ശേരി നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി.എസ്, കായംകുളം നഗരസഭയിലെ ഗവ.ബോയ്സ് ഹൈസ്കൂൾ, ആലപ്പുഴ നഗരസഭയിലെ ഗവ.മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂൾ, പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ പുതനൂർ ജി.എൽ.പി.എസ്, വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ തരുവണ ഗവ.യു.പി. സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

29. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുമായി ബന്ധപ്പെട്ടതും പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടതുമായ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

30. ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കി റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

31. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുമായും, കാസർഗോഡ് ജില്ലയിലെ ഉദുമ,

കുമ്പള ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

32. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂൾ, ഡയറ്റ് യു.പി.എസ്, തിരുവനന്തപുരം നഗരസഭയുടെ ഭാഗമായുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ, ബീമാപള്ളി യു.പി.എസ്., കൊല്ലം നഗരസഭാ പരിധിയിലുള്ള വെസ്റ്റ് കൊല്ലം എച്ച്.എസ്.എസ്. എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ വിലങ്ങ് ഗവൺമെന്റ് യു.പി.സ്കൂൾ, മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ എൽ.പി.സ്കൂളായ തട്ടാഞ്ചേരിമല ജി.എൽ.പി.സ്കൂൾ, കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ കൊടിയമ്മ ഗവ.യു.പി. സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

33. വാളത്തുംഗൽ ജി.എച്ച്.എച്ച്.എസ്.-ൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് നഗരസഭയുടെ കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കിയിട്ടുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തിയ സാഹചര്യത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് വിഭാഗത്തോട് സമിതി നിർദ്ദേശിക്കുന്നു.

34. ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂളിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ ഒഴിവാക്കി വിദ്യാർഥികളുടെ പഠനാവശ്യത്തിനായി ക്ലാസ് മുറികൾ ക്രമീകരിക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.

35. മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ അധ്യാപകർക്കാവശ്യമായ ടോയ്‌ലെറ്റ് സൗകര്യമില്ലെന്നാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്ന് നിരീക്ഷിച്ച സമിതി ടോയ്‌ലെറ്റ് സൗകര്യമൊരുക്കിയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

36. പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂളുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

37. കാസർഗോഡ് നഗരസഭയിലെ ഗവൺമെന്റ് വെൽഫെയർ എൽ.പി.സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

38. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടത്തിലേക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ച എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ സരസ്വതി വിലാസം അപ്പർ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

39. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ഗവൺമെന്റ് .ബി.എച്ച്.എസ്.എസ്., ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ഗവൺമെന്റ് വി.എച്ച്.എസ്.എസ്., പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

40. പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അയിരൂപ്പാറ ഗവൺമെന്റ് എച്ച്. എസ്. എസ്., ഗവൺമെന്റ് എൽ. പി. എസ്. മണലകം, ഗവൺമെന്റ് എൽ. പി. എസ്. തച്ചപ്പള്ളി എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി സർക്കാരിനും ഓഡിറ്റിനും മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിൽ സമിതിക്ക് ശരിയായി തീരുമാനം കൈക്കൊള്ളാൻ സാധിക്കുമായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സർക്കാരിൽ ലഭ്യമാക്കുന്നതോടൊപ്പം ഓഡിറ്റ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദേശിക്കുന്നു.

41. കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി. സ്കൂളിന്റെ മേൽക്കൂരയുടെ അറ്റകുറ്റപണി ചെയ്യുതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

42. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി.എസ്., ആലപ്പുഴ നഗരസഭയിലെ ഗവ. മുഹമ്മ സ്കൂൾ, കായംകുളം നഗരസഭയുടെ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ പുതനൂർ ജി.എൽ.പി സ്കൂൾ, വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിലെ ഗവൺമെന്റ് യു.പി സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

43. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുമായും പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

44. ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചുറ്റുമതിൽ കാലപഴക്കം മൂലം പല ഭാഗങ്ങളും തകർന്നു പോയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുറ്റുമതിൽ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

45. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, കാസർഗോഡ് ജില്ലയിലെ ഉദുമ, കുമ്പള ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പലതും ലക്ഷ്യം കൈവരിച്ചില്ല

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗവൺമെന്റ് എൽ.പി.സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗം 20 വർഷമായി പ്രവർത്തിക്കുന്നു. നിലവിൽ എൽ.പി.സ്കൂളിലെ ഒരു ക്ലാസ്സ് മുറിയിലെ പരിമിതമായ സൗകര്യത്തിലാണ് പ്രീ-പ്രൈമറി പ്രവർത്തിക്കുന്നത്. 1989 ൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം സ്കൂൾ വളപ്പിൽ ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുന്നു. നിർമ്മാണത്തിലെ അപാകതമൂലം ഈ കെട്ടിടം ഉപയോഗിക്കുവാൻ കഴിയുന്നില്ല.

2009-10 ൽ എസ്.എസ്.എ.വിഹിതമുപയോഗിച്ച് നിർമ്മാണം ആരംഭിച്ച, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.എസിന്റെ ടോയ്‌ലെറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നിലവിലുള്ള ടോയ്‌ലെറ്റുകൾ തികച്ചും ശോചനീയവസ്ഥയിലുമാണ്.

തൃശ്ശൂർ നഗരസഭയിലെ പൂങ്കുന്നം എൽ.പി.സ്കൂൾ പരിസരത്ത് പ്രോജക്ട് നമ്പർ 549/12 പ്രകാരം കുഴൽ കിണർ സ്ഥാപിച്ചെങ്കിലും സ്കൂളിന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ മോട്ടോർപമ്പ് സെറ്റ് സ്ഥാപിച്ച് കിണർ പ്രവർത്തനയോഗ്യമാക്കുന്ന നടപടി നിർത്തിവെയ്ക്കുയുണ്ടായി. സ്കൂളിന്റെ ഭൂമി സംബന്ധിച്ച് രേഖകളൊന്നും സ്കൂൾ അധികൃതരുടെയോ, കോർപ്പറേഷന്റെയോ കൈവശമില്ല.

സ്കൂളുകളും അതിന്റെ ആസ്തികളും കോർപ്പറേഷന്റേതാണെന്നിരിക്കെ കയ്യേറ്റ ശ്രമങ്ങളെ നിയമപരമായി ചെറുക്കാനോ നിയമാനുസൃതം ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കാനോ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. ഈ സ്ഥിതി തുടർന്നാൽ മേൽ ആസ്തി നഗരസഭയ്ക്ക് നഷ്ടപ്പെടാനിടയുടണ്ട്.

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിന് വേണ്ടി 2011-12 വർഷത്തിൽ 1,50,000/- രൂപയും 2012-13 വർഷത്തിൽ 1,00,000/- രൂപയും ചെലവഴിച്ച് മുഖ്യ കെട്ടിടത്തിന് പുറകിലായി ഒരു തുറസ്സായ ഷെഡ് നിർമ്മിച്ച് നിലം ടൈൽസ് വിരിച്ചിട്ടുണ്ട്. ഷെഡ് ഭിത്തി കെട്ടി മറച്ചിട്ടില്ല. സ്കൂൾ അധികാരികളുമായി ആലോചിച്ച് ആവശ്യകത വിലയിരുത്താതെ നടത്തിയ നിർമ്മാണ പ്രവൃത്തി ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയില്ല.

സകല സൗകര്യങ്ങളുമൊരുക്കി സർക്കാർ വിദ്യാലയം

കോട്ടയം നഗരസഭയിലെ വേളൂർ ഗവഃഎൽ.പി.സ്കൂളിന്റെ കെട്ടിടം നഗരസഭ പരിധിയിലെ സ്വകാര്യ വിദ്യാലയങ്ങളോട് കിടപിടക്കുന്നതാണ്. വിദ്യാലയത്തിന്റെ കളിസ്ഥലം ഉൾപ്പെടെയുള്ള സ്കൂൾ പരിസരം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ചിട്ടയായ അധ്യാപനരീതിയും പാഠ്യേതര പ്രവർത്തനങ്ങളും ഈ വിദ്യാലയത്തെ വേറിട്ടതാക്കുന്നു. സ്കൂൾ പരിസരം ശുചിത്വമുള്ളതും ആകർഷണീയവുമാണ്. സ്മാർട്ട് ക്ലാസ്സ് റൂം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സ്കൂളിന്റെ പൂന്തോട്ടം, ശുദ്ധജലശേഖരം, കളിസ്ഥലം ശൗചാലയം എന്നിവ പരിപാലിച്ചിരിക്കുന്നത് മാതൃകാപരമാണ്. അധ്യാപക-രക്ഷകർത്തൃ സംഘടനകളുടെയും സമീപവാസികളുടെയും സഹകരണത്തോടെ സ്കൂളിന് വാഹനവും വാങ്ങിയിട്ടുണ്ട്.

വ്യക്തമായ ആസൂത്രണമില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാനാവുന്നില്ല

തിരുവനന്തപുരം നഗരസഭയിലെ കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി വിഭാഗം കുട്ടികൾക്കായി ചെറിയ ക്ലാസ്സ് റൂമുകളാണ് ലാബുകളായി ഉപയോഗിക്കുന്നത്. ലാബുകളിലുപയോഗിക്കേണ്ട ഉപകരണങ്ങളും കെമിക്കൽസും ഈ ചെറിയ മുറികളിൽ തന്നെയാണ് സൂക്ഷിക്കുന്നതും.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി 12-ാം ധനകാര്യകമ്മീഷൻ 2007-08 ൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഇംപ്രൂവ്മെന്റ് ഓഫ് ക്വാളിറ്റി ഓഫ് സ്കൂൾ എഡ്യൂക്കേഷൻ എന്ന പദ്ധതി പ്രകാരം സ്കൂളിനുവേണ്ടി 50 ലക്ഷം രൂപ ലാബ്/ലൈബ്രറി നിർമ്മിക്കുന്നതിനായി ഹയർ സെക്കന്ററി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 35 ലക്ഷം രൂപയും നഗരസഭാ സെക്രട്ടറിക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിരുന്നു.

14.03.2010 നകം നിർമ്മാണം തീർപ്പാക്കുവാൻ കോൺട്രാക്ടറുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 33 ലക്ഷം രൂപ ചെലവഴിച്ചിട്ടും പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുമ്പോൾ സ്കൂൾ അധികൃതരുമായി ചർച്ച ചെയ്യാത്തതിനാൽ ഭാഗികമായി നിർമ്മിച്ച കെട്ടിടത്തിൽ ഒരു ലാബിന് ആവശ്യമായ സ്ലാബോ മറ്റ് സൗകര്യങ്ങളോ നിർമ്മിച്ചിട്ടില്ല. ആയതിനാൽ കെട്ടിടം അടച്ചിട്ടിരിക്കുകയാണ്. കെട്ടിടത്തിന്റെ ഇലക്ട്രിക് പണികൾ പൂർത്തിയാക്കുന്നതിനുവേണ്ടി

നാളിതുവരെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. പദ്ധതിക്കുവേണ്ടി അനുവദിച്ച 35 ലക്ഷം രൂപയിൽ 33 ലക്ഷം ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. നഗരസഭയുടെ അനാസ്ഥമൂലം 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിക്കുവേണ്ടി അനുവദിച്ച 50 രൂപയിൽ നിന്നും 15 ലക്ഷം രൂപ 31.03.2010 ൽ ലാപ്സാകുകയും ചെയ്തു.

റോഡിൽ നിന്നും താഴ്ചയിൽ വയൽ നികത്തിയ സ്ഥലത്താണ് സ്കൂളിലെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ഡ്രെയിനേജ് സൗകര്യം പര്യാപ്തമല്ലാത്തതിനാൽ താഴത്തെ നിലയിൽ സമീപ പ്രദേശത്തുനിന്നും ഡ്രെയിനേജ് വെള്ളം ഒഴുകിയെത്തുന്നുണ്ട്. വ്യക്തമായ ആസൂത്രണമില്ലാതെ പണികഴിപ്പിച്ച ഈ കെട്ടിടം സമീപഭാവിയിൽ കുട്ടികൾക്ക് ഉപയോഗപ്പെടുത്താനാകില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

46. പ്രക്കാനം ഗവൺമെന്റ് എൽ.പി. സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗത്തിനായി ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടുത്തി 1989-ൽ നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി തുടരുകയാണെന്നും പ്രീ-പ്രൈമറി വിഭാഗം, എൽ.പി. സ്കൂളിലെ ഒരു ക്ലാസ്മുറിയിൽ പ്രവൃത്തിക്കുന്നുണ്ടെന്നും പ്രീ-പ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച കെട്ടിടം ഘടനാപരമായി സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതിന് കോട്ടയം പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും ചെന്നീർക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

47. കെട്ടിടം ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുന്നുവെന്നും നിർമ്മാണത്തിലെ അപാകതമൂലം കെട്ടിടം ഉപയോഗിക്കാൻ കഴിയുന്നില്ലെന്നുമാണ് പരാമർശത്തിൽ പറഞ്ഞിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഉപയോഗിക്കാൻ കഴിയാത്തവിധത്തിൽ എന്ത് അപാകതയാണ് കെട്ടിടത്തിനുള്ളതെന്ന് ആരാഞ്ഞു. അതുസംബന്ധിച്ച് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് വായിക്കാമെന്ന് ചെന്നീർക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചപ്പോൾ റിപ്പോർട്ടിലെ വിവരങ്ങൾ മുഴുവൻ സമിതി മമ്പാകെ വായിക്കുകയല്ല വേണ്ടതെന്നും മറിച്ച് ആയത് പരിശോധിച്ച് അതിലെ പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുകയാണ് വേണ്ടതെന്നും സമിതി വ്യക്തമാക്കി.

48. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സെക്രട്ടറി സന്ദർശിച്ചിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് സന്ദർശിച്ചിരുന്നുവെന്നും കെട്ടിടത്തിന് കാഴ്ചയിൽ അപാകതകളൊന്നുമില്ലെന്നും എന്നാൽ മുറികളുടെ ജനാലകൾ ചെറുതായതിനാൽ വായുസഞ്ചാരം കുറവാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കെട്ടിടം നിർമ്മിച്ച് 30 വർഷം കഴിഞ്ഞിട്ടും അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചില്ലേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് കെട്ടിടം സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതിന് കോട്ടയം ആർ.ഐ.ടി.-ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. കത്ത് നൽകിയത് എന്നാണെന്ന സമിതിയുടെ ചോദ്യത്തിന് 21.08.2024-ലാണ് കത്ത് നൽകിയതെന്ന് സെക്രട്ടറി മറുപടി

നൽകി. കത്ത് നൽകുന്നതിൽ കാലതാമസമുണ്ടായതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് ഇതു സംബന്ധിച്ച റിപ്പോർട്ട് വൈകിയാണ് ലഭിച്ചതെന്ന് ചെന്നീർക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ട് ലഭിച്ചില്ലെങ്കിലും പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന ഒരു സ്കൂളിനെക്കുറിച്ച് സെക്രട്ടറിക്കോ ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർക്കോ ധാരണ വേണ്ടേയെന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷമാണോ കെട്ടിടത്തിന് ജനലും വാതിലുമൊക്കെയുണ്ടോ എന്ന് അന്വേഷിക്കേണ്ടതെന്നും സമിതി ആരായുകയും. ഓഡിറ്റ് പരാമർശം വന്നതിനുശേഷം 10 വർഷമായിട്ടും ഉപയോഗശൂന്യമായ കെട്ടിടം എങ്ങനെ ഉപയോഗയോഗ്യമാക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടില്ലെന്ന് നിരീക്ഷിക്കുകയും ചെയ്തു. ആയത് പരിശോധിക്കുന്നതിന് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവർത്തിച്ച് മറുപടി നൽകി.

49. പ്രീ-പ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമാക്കിയിട്ടിരിക്കുകയെന്നത് തികഞ്ഞ അനാസ്ഥയാണെന്നും കെട്ടിടം ഉപയോഗയോഗ്യമല്ലെങ്കിൽ അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കി പുതിയ കെട്ടിടം പണിയേണ്ടതാണെന്നും സമിതി വ്യക്തമാക്കി. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി ധാരാളം സ്കീമുകളും പദ്ധതികളുമുള്ള നിലവിലെ സാഹചര്യത്തിൽ പ്രക്കാനം ഗവൺമെന്റ് എൽ.പി. സ്കൂളിൽ വളരെ പരിമിതമായ സൗകര്യത്തിലാണ് പ്രീ-പ്രൈമറി വിഭാഗം പ്രവർത്തിക്കുന്നതെന്ന് സമിതി വിലയിരുത്തി. STARS (Strengthening Teaching-Learning and Results for States) എന്ന പദ്ധതിയിലുൾപ്പെടുത്തി സമഗ്ര ശിക്ഷ അഭിയാൻ കേരള പ്രീ-പ്രൈമറി വിദ്യാലയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും പ്രക്കാനം ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സമഗ്ര ശിക്ഷ അഭിയാൻ കേരളത്തിന്റെ സംസ്ഥാന പ്രോജക്ട് ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധിക്കാമെന്നും സർക്കാർ സ്കൂളുകളിലുള്ള പ്രീ-പ്രൈമറി വിഭാഗം പി.റ്റി.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കാലത്ത് ക്ലാസ്മുറികൾക്ക് വേണ്ടത്ര സൗകര്യമില്ലായിരുന്നുവെന്നും നിലവിൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കി സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണ് പ്രീ-പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ ക്ലാസുകളും പ്രവർത്തിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

50. ഉപയോഗശൂന്യമായിക്കിടക്കുന്ന കെട്ടിടം ഘടനാപരമായി സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതിന് പാമ്പാടിയിലെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നുമാണ് സർക്കാരിൽനിന്നുള്ള മറുപടിയെന്ന് സമിതി ചൂണ്ടിക്കാട്ടി. 1989-ൽ നിർമ്മിച്ച കെട്ടിടം വർഷങ്ങൾക്കുശേഷമാണോ സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതെന്നും ഇത് വലിയൊരു അനാസ്ഥയാണെന്നും മറ്റെല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി വിഭാഗം പൊതുവെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നതെന്നും സമിതി വ്യക്തമാക്കി. പൊതുവിദ്യാഭ്യാസ വകുപ്പും ചെന്നീർക്കര ഗ്രാമപഞ്ചായത്തും പരാമർശ

വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

51. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു..

52. 1968-ൽ പ്രവർത്തനം ആരംഭിച്ച പുതൂർക്കര എൽ.പി.സ്കൂളിന് സമീപം ഒരു ക്ഷേത്രം സ്ഥിതിചെയ്യുന്നുണ്ടെന്നും പുത്തൂർ മനയുടെ ഭാഗമായ 1.46 ഏക്കർ കോമ്പൗണ്ട് വരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്കൂളിന്റെയും ക്ഷേത്രത്തിന്റെയും അതിർത്തികൾ പ്രത്യേകമായി മതിൽകെട്ടി വേർതിരിച്ചിട്ടില്ലെന്നും 1998-ൽ ഇതേ കോമ്പൗണ്ടിൽ ഒരു പ്രീ-പ്രൈമറി സ്കൂൾ കൂടി ആരംഭിച്ചുവെന്നും 2011-12 കാലയളവിൽ സ്കൂൾ ആവശ്യത്തിനായി കുഴൽകിണർ നിർമ്മിച്ചപ്പോഴും ക്ഷേത്രത്തിന്റെ ഭാഗത്ത് നിന്നും യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ലെന്നും പമ്പ്സെറ്റ് സ്ഥാപിക്കുന്ന സമയത്ത് ക്ഷേത്രഭരണ സമിതി പരാതി ഉന്നയിച്ചുവെന്നും സ്കൂളിന്റെ അന്നത്തെ പി.റ്റി.എ. പ്രസിഡന്റും ക്ഷേത്രഭരണ സമിതി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായിരുന്ന ആളാണ് പരാതി നൽകിയതെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു. 2018-ൽ വിഷയം കോടതിയുടെ പരിഗണനയിൽ വന്നെങ്കിലും അതിർത്തികൾ കൃത്യമായി വേർതിരിക്കാത്തത് കാരണം അതിൽ ഇടപെടാൻ സാധിക്കില്ലെന്നാണ് കോടതി ഉത്തരവിട്ടതെന്നും 30 സെന്റ് സ്ഥലത്ത് സ്കൂൾ പ്രവർത്തിക്കുന്നതിൽ ക്ഷേത്ര ഭരണസമിതിക്ക് പ്രശ്നമില്ലെന്നും വില്ലേജ് ഓഫീസിലെ രേഖകൾ പ്രകാരം മേൽപ്പറഞ്ഞ 1.46 ഏക്കർ ഭൂമി ദേവസ്വം വകയാണെന്നും ആയതിനാൽ അതിന്മേൽ അവകാശവാദമുന്നയിക്കാൻ പഞ്ചായത്തിനും കഴിയില്ലെന്നും, നിലവിൽ ക്ഷേത്രഭരണ സമിതി എല്ലാ രീതിയിലും സ്കൂളുമായി സഹകരിക്കുന്നുണ്ടെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രീ-പ്രൈമറി വിഭാഗത്തിന്റെ ഓടിട്ട കെട്ടിടം മാറ്റി കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും 2023-ൽ പുതിയൊരു കുഴൽകിണർ കൂടി നിർമ്മിച്ചുവെന്നും നിലവിൽ സ്കൂൾ അധികൃതരും ക്ഷേത്രഭരണ സമിതിയും സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും സ്കൂളിന്റെയും ക്ഷേത്രത്തിന്റെയും കോമ്പൗണ്ടുകൾ വേർതിരിച്ചിട്ടില്ലെന്നും ഒരു മതസ്ഥാപനവുമായി തർക്കത്തിലേർപ്പെടേണ്ട എന്ന നിലപാടാണ് നഗരസഭയ്ക്കുള്ളതെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

53. ഭാവിയിൽ പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യതയില്ലേയെന്ന് സമിതി ആരാഞ്ഞതിന് സാധ്യത ഉണ്ടെന്നും എന്നാൽ സ്ഥലത്തിന്മേൽ അവകാശവാദമുന്നയിക്കാൻ തക്ക രേഖകളൊന്നും തന്നെ നഗരസഭയുടെ പക്കലില്ലെന്നും മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിഷയം നഗരസഭയുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും മറ്റെല്ലാ സ്കൂളുകളുടെയും കോമ്പൗണ്ട് കൃത്യമായി വേർതിരിച്ചിട്ടുണ്ടെന്നും മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. സ്കൂളിന്റെ പി.റ്റി.എ.യും ക്ഷേത്രഭരണ സമിതി ഭാരവാഹികളും കൂടിച്ചേർന്ന് കോമ്പൗണ്ട് കൃത്യമായി വേർതിരിക്കണമെന്നും അല്ലെങ്കിൽ ഭാവിയിൽ പ്രശ്നങ്ങൾ ആവർത്തിക്കുമെന്നും സൗഹാർദ്ദപരമായി വിഷയത്തിൽ പരിഹാരം

കണ്ടെത്താൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

54. കോട്ടയം നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പരിശോധിച്ച സമിതി ആയതിന്മേൽ പ്രത്യേക പരാമർശമില്ല എന്ന് നിരീക്ഷിച്ചു.

55. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിന് ഉദ്ദേശിച്ച് നിർമ്മിച്ച പരാമർശിത കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് സമിതി ആരാഞ്ഞതിന് കെട്ടിടത്തിന് സമീപത്തായി അടുക്കള ഉൾപ്പെടെയുള്ളവയ്ക്ക് മറ്റൊരു ഷെഡ് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും കെട്ടിടത്തിൽ നിലവിൽ സാധനങ്ങളാണ് സ്റ്റോക്ക് ചെയ്തിരിക്കുന്നതെന്നും പി.റ്റി.എ.യുമായി ആലോചിച്ച് നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് ഡ്രസ്സിങ് സൗകര്യം ഒരുക്കുന്നതിന് കെട്ടിടത്തെ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഒറ്റപ്പാലം മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിച്ചു.

56. കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ ലാബുകൾക്കായി സജ്ജീകരിച്ച കെട്ടിടത്തിന്റെ താഴ്ഭാഗത്തെ നിലയിൽ മഴക്കാലത്ത് ഡ്രെയിനേജ് നിറഞ്ഞൊഴുകുന്ന പ്രശ്നം പരിഹരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വിഷയം പരിഹരിച്ചിട്ടുണ്ടെന്നും സ്കൂൾ, റോഡ് നിരപ്പിൽ നിന്നും താഴ്ന്നാണ് സ്ഥിതിചെയ്യുന്നതെന്നും ശക്തമായി മഴ പെയ്യുമ്പോൾ റോഡിൽ നിന്നുവരുന്ന മഴവെള്ളം സ്കൂളിന്റെ സെപ്റ്റിക് ടാങ്കിലേക്ക് ഒഴുകി നിറഞ്ഞു കവിയുന്ന സാഹചര്യമാണുള്ളതെന്നും ഗ്രാവിറ്റി കുറവ് കാരണം അവിടെ ഒരു ലൈൻ ഡ്രെയിനേജ് ഒഴുകുന്ന ലൈനിലേക്ക് കണക്ട് ചെയ്യാൻ സാധിക്കുന്നില്ലെന്നും ആയതിനാൽ സക്കിങ് മെഷീൻ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നും ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

57. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

58. പ്രക്കാനം ഗവൺമെന്റ് എൽ.പി. സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച കെട്ടിടം ഉപയോഗയോഗ്യമല്ലെങ്കിൽ അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കി പുതിയ കെട്ടിടം പണിയുന്നതിനുള്ള സാധ്യത ആരായണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. 1989-ൽ നിർമ്മിച്ച കെട്ടിടം വർഷങ്ങൾക്കുശേഷമാണ് സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതെന്നും ഇത് വലിയൊരു അനാസ്ഥയാണെന്നും മറ്റെല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി വിഭാഗം പൊതുവെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നതെന്നും സമിതി വിലയിരുത്തി. പൊതുവിദ്യാഭ്യാസ വകുപ്പും ചെന്നീർക്കര ഗ്രാമപഞ്ചായത്തും ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

60. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ. പി. എസ്. ന്റെ ടോയ്‌ലെറ്റ് എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് കെട്ടിടമാക്കിയിട്ടുണ്ടെന്നും, സ്പോൺസർഷിപ്പ് മുഖേന നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സിൽ ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം നിലവിലുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവർത്തികൾ പലതും ലക്ഷ്യം കൈവരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

61. ഭാവിയിൽ പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യത മുൻനിർത്തി തൃശ്ശൂർ നഗരസഭയിലെ പൂങ്കുന്നം പുത്തൂർക്കര എൽ.പി സ്കൂളിന്റെ പി.റ്റി.എ.യും ക്ഷേത്രഭരണ സമിതി ഭാരവാഹികളും കൂടിച്ചേർന്ന് അതിരുകൾ കൃത്യമായി വേർതിരിക്കണമെന്നും സൗഹാർദ്ദപരമായി വിഷയത്തിൽ പരിഹാരം കണ്ടെത്താൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

62. ഒറ്റപ്പാലം ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിനായി നിർമ്മിച്ച കെട്ടിടം, ഉദ്ദേശിച്ച രീതിയിൽ ഉപയോഗയോഗ്യമാക്കുന്നതിനായി 2024–25 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി ആവശ്യമായ തുക വകയിരുത്തുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടത്തിന്റെ ഉദ്ദേശത്തിനനുസരിച്ചുള്ള നിർമ്മാണം പൂർത്തിയാക്കി കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.

63. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വ്യക്തമായ ആസൂത്രണമില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാനാവുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കരമന ഗവൺമെന്റ് ബോയ്സ് സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ ടോയ്‌ലെറ്റ് നിർമ്മാണം 2009–10 ൽ എസ്.എസ്.എ. വിഹിതം ഉപയോഗിച്ചാണ് ആരംഭിച്ചത്. ടോയ്‌ലെറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നിലവിലുള്ള ടോയ്‌ലെറ്റുകൾ തികച്ചും ശോചനീയ അവസ്ഥയിലുമാണ്.

സ്കൂൾ കെട്ടിടനിർമ്മാണം വിജിലൻസ് അന്വേഷണം നേരിടുന്നു

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി)1835/2008 പൊതു വിദ്യാഭ്യാസം തീയതി.14.02.08 പ്രകാരം സ്കൂൾ കെട്ടിടവും ലൈബ്രറിയും അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി 8 ലക്ഷം രൂപ അനുവദിച്ചിരുന്നതിൽ നിന്നും 7,74,428/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം നിർദ്ദിഷ്ട രീതിയിൽ പൂർത്തീകരിച്ചിട്ടില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുകയാണ്.

സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചില്ല

കൊല്ലം ജില്ലാപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി (TRP) 2008-09 പ്രാകരം പണി ആരംഭിച്ച, സ്കൂൾ കെട്ടിടങ്ങളിൽ പെരിങ്ങാലം (മൺട്രോ തുരുത്ത്) ചെറിയഴീക്കൽ, കുഴിത്തുറ, അഴീക്കൽ (ആലപ്പാട്) എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ പണി പൂർത്തിയാക്കാതെ പാർട്ട് ബില്ലുകൾ മാറി, കോൺട്രാക്ടർമാർ പണിയുപേക്ഷിച്ചു. നാലു സ്കൂളുകളും പിന്നാക്ക മേഖലയിലായിട്ടും പണി യഥാസമയം പൂർത്തീകരിക്കുന്നതിനോ നഷ്ടം ഉണ്ടാകാതെ നിയമാനുസൃതമായി പുനഃക്രമീകരിക്കുന്നതിനോ നിർവ്വഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 2009 ൽ കരാർ വച്ചിട്ടുള്ള ഈ പ്രവൃത്തികൾ 31.03.10 ന് മുമ്പ് പൂർത്തീകരിക്കേണ്ടവയായിരുന്നു.

പെരിങ്ങാലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വീർപ്പുമുട്ടുകയാണ്. ഏതാനും ക്ലാസുകളും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത് ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ആന്റി ഡിസാസ്റ്റർ ഷെൽറ്ററിലാണ്. സ്ഥലമില്ലാത്തതിനാൽ സ്കൂൾ ലബോറട്ടറികൾ പോലും പ്രവർത്തിക്കാൻ കഴിയുന്നില്ല.

സ്ഥല പരിശോധനയിൽ പില്ലറുകൾക്കു മുകളിൽ മേൽക്കൂരയുടെ സ്ലാബ് വാർത്ത അവസ്ഥയിലാണ് കെട്ടിടം കാണുന്നത്. മുകൾ നിലയ്ക്ക് വേണ്ടി പില്ലർ വാർക്കുന്നതിനുള്ള കമ്പികൾ തുരുമ്പിച്ച് ജീർണ്ണാവസ്ഥയിലായും പില്ലറുകൾ ബീമിനോട് ചേരാതെ ബീമിൽ നിന്നും തെന്നിമാറി നിൽക്കുന്ന രൂപത്തിലുമാണ് കാണപ്പെടുന്നത്. തൂണുകളിലും ബീമുകളിലും കോൺക്രീറ്റ് "തിക്ക് ഫില്ലിംഗ്" നടത്തിയിട്ടില്ലാത്തതിനാൽ തുരുമ്പിച്ച കമ്പികൾ പുറത്ത് കാണാവുന്ന അവസ്ഥയിലാണ്. കോൺക്രീറ്റ് ചെയ്ത തറ മെറ്റലുകൾ ഇളകി കുണ്ടും കുഴിയുമായാണ് കാണപ്പെട്ടത്. ബോട്ട് കൺവയൻസ് നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള പ്രവൃത്തി 10% അധിക നിരക്കിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 27,50,000/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തിയുടെ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 15,50,122/- രൂപയാണ് ഇതുവരെ ചെലവ് വന്നിട്ടുള്ളത്.

2012-13 ൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് 12,39,000/- രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയെങ്കിലും നാളിതുവരെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു എന്നറിയിച്ചപ്പോൾ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് നിർവ്വഹണദ്യോഗസ്ഥൻ നൽകിയ മറുപടി

അംഗീകരിക്കത്തക്കതല്ല.

2009-10 വർഷത്തിൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ചെറിയഴീക്കൽ, കഴിത്തറ അഴീക്കൽ എന്നീ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ

ആലപ്പുഴ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 2004 ൽ പ്രവർത്തനം ആരംഭിച്ച ഹയർ സെക്കന്ററി വിഭാഗത്തിന്റെ ലാബ് നിർമ്മാണത്തിന് 2010 ലാണ് ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്ന് തുക (48,00,000/- രൂപ 12-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്) നഗരസഭയ്ക്ക് നൽകിയത്. ഇതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ ടോയ്ലെറ്റ് നിർമ്മാണം എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് ആരംഭിച്ചെങ്കിലും ടോയ്ലെറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചിട്ടുണ്ടെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് സ്കൂളിന്റെ ടോയ്ലെറ്റ് എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് കെട്ടിടമാക്കി മാറ്റിയിട്ടുണ്ടെന്നും സ്പോൺസർഷിപ്പ് മുഖേന നിർമ്മിച്ച ടോയ്ലെറ്റ് കോംപ്ലക്സിൽ ആവശ്യമായ ടോയ്ലെറ്റ് സൗകര്യം നിലവിലുണ്ടെന്നും ആലപ്പുഴ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്) മറുപടി നൽകി.

65. വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

66. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കുന്നപ്പുഴ എൽ.പി.എസ്-നായി സ്കൂൾ കെട്ടിടവും ലൈബ്രറിയും 7,74,428/- രൂപ ചെലവഴിച്ച് നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട രേഖകൾ നിർമ്മിതി കേന്ദ്രത്തിന്റെ പക്കലാണുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ്ഡയറക്ടർ (ഇൻ-ചാർജ്) വ്യക്തമാക്കി.

67. പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന സമിതിയുടെ ചോദ്യത്തിന് വിജിലൻസ് അന്വേഷണത്തിന്റെ വിശദാംശം ലഭ്യമല്ലെന്ന് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയപ്പോൾ വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ

അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ആലപ്പുഴ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ്ഡയറക്ടർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു.

68. വിജിലൻസ് അന്വേഷണം അന്തിമഘട്ടത്തിലാണെന്നും പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

69. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

70. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ആലപ്പുഴ നഗരസഭയിലെ ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

71. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

72. ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്കൂൾ കെട്ടിടനിർമ്മാണത്തെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണത്തിന്റെ തൽസ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

73. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

74. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ നഗരസഭയിലെ ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ വക വസ്തു കയ്യേറ്റം – ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈപ്പുഴ എൽ.പി.ജി.സ്കൂൾ വക വസ്തു കയ്യേറി വർഷങ്ങളോളം താമസമായിട്ടും കയ്യേറ്റം ഒഴിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കുളനട വില്ലേജിൽ ഉൾപ്പെടുന്നതും 386/1 സർവ്വേ നമ്പരിൽപ്പെട്ടതുമായ സ്കൂൾ വക 25.01 ആർ വസ്തുവിൽ താമസിക്കുന്നതുമായ തുണ്ടിൽ ഗോപാലകൃഷ്ണപിള്ളയുടെ വസ്തുവുമായി അതിരുതർക്കം നിലനിൽക്കുന്നുണ്ട്. 2005 ലെ മധ്യവേനൽ അവധിക്കാലത്ത് സ്കൂളിന്റെ അതിർത്തിയിൽ കൈയ്യാല കെട്ടി കയ്യേറ്റം നടത്തിയിരുന്നു. തുടർന്ന് സ്കൂൾ വക വസ്തുവിന്റെ അതിർത്തി നിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10.06.2010 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കോഴഞ്ചേരി തഹസീൽദാർക്ക് നൽകിയ അപേക്ഷയിന്മേലുള്ള തുടർ നടപടിയായി താലൂക്ക് സർവ്വേയർ മുഖേന സ്കൂളിന്റെ അതിർത്തി നിർണ്ണയിച്ച് സ്കെച്ച് തയ്യാറാക്കിയിരുന്നു.

പ്രസ്തുത സ്കെച്ച് പ്രകാരം സ്കൂളിന്റെ കിഴക്കേ അതിർത്തി ശ്രീമതി.മറിയാമ്മ ജോൺ, തുണ്ട് വടക്കേതിൽ, വിൽസൺ, തുണ്ട് വടക്കേതിൽ, ബ്ലസ്സൻ, സാംസൺ എന്നിവർ വർഷങ്ങളായി കയ്യേറി വീടുവച്ചതായി താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കിഴക്കേ അതിർത്തിയിൽ ആകെ 204 ച.മീറ്റർ വസ്തു അന്യരുടെ കൈവശമാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. കൂടാതെ തെക്കേ അതിർത്തിയിലും സ്വകാര്യവ്യക്തി കൈയ്യാല കെട്ടി കൈയ്യേറ്റം നടത്തിയിട്ടുണ്ട്.

കയ്യേറ്റഭൂമി തിരിച്ചുപിടിക്കണമെന്ന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശുപാർശ ചെയ്തിരുന്നെങ്കിലും 35 വർഷത്തിലേറെയായി ഭൂമി കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കാൻ കഴിയുകയില്ലായെന്നും ആയതിനാൽ കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നും 23.01.2010 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. (തീരുമാനം നമ്പർ VI)

കുളനട ഗ്രാമപഞ്ചായത്തിലെ തന്നെ തുമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി.ജി.എസ്.ന്റെ തെക്ക് ഭാഗത്ത് മതിൽ പൊളിച്ച് സ്വകാര്യ വ്യക്തി വഴി നിർമ്മിച്ചതായി ഹെഡ്മാസ്റ്റർ പരാതി നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.

എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത അൺ എയ്ഡഡ് സ്കൂൾ

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ എയ്ഡഡ് സ്കൂളിന്റെ പുരയിടത്തിൽ പ്രസ്തുത സ്കൂളിന്റെ കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് അനധികൃതമായി അൺഎയ്ഡഡ് സി.ബി.എസ്.ഇ.സ്കൂൾ പ്രവർത്തിക്കുന്നു.

കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ ഐവർ കാലനട്ടവിൽ കരുവാമല ഹൈസ്കൂളിന്റെ പഴയ കെട്ടിടത്തിൽ 'കരുവാമല സെൻട്രൽ സ്കൂൾ 'എന്ന പേരിലാണ് അൺ എയ്ഡഡ് വിദ്യാലയം പ്രവർത്തിക്കുന്നത്. എയ്ഡഡ് ഹൈസ്കൂളിനായി

വേർതിരിക്കപ്പെട്ടിരുന്ന വസ്തുവിൽ അനധികൃതമായി സി.ബി.എസ്.ഇ.സ്കൂൾ പ്രവർത്തിക്കുന്നത് തന്നെ നിയമ നടപടിക്ക് വിധേയമാക്കാവുന്ന വിഷയമാണ് എന്നും ആയതിനാൽ ഐവർകാല നടുവിൽ കരുവാമല ഹൈസ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ.സ്കൂളിന്റെ പ്രവർത്തനം നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം അവസാനിപ്പിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് യഥാസമയം കൊല്ലം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ഹാജരാക്കണമെന്നും 11.06.13 ലെ ബി.1/15440/2012(1) നമ്പർ നോട്ടീസ് പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനധികൃത സ്കൂളിന്റെ പ്രവർത്തനം തുടരുന്നതായി പ്രാദേശിക പരിശോധനയിൽ വ്യക്തമായി.

1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അനധികൃത കൈവശക്കാരെ ഒഴിപ്പിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കെ കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം പഞ്ചായത്ത് രാജ് നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണ്. കയ്യേറ്റക്കാരെ ഒഴിപ്പിക്കാതെ കയ്യേറ്റ ഭൂമിക്ക് ഇപ്പുറത്തായി മതിൽ കെട്ടി സ്കൂൾ അതിർത്തി നിർണ്ണയിച്ചത് ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ചയാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിലെ കൈപ്പുഴ എൽ.പി.ജി. സ്കൂൾ, ഉമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി.ജി.എസ്. എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

76. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

77. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ വക വസ്തു കയ്യേറ്റം - ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിലെ കൈപ്പുഴ എൽ.പി.ജി. സ്കൂൾ, ഉമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി.ജി.എസ്. എന്നിവയുമായി ബന്ധപ്പെട്ട

പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

78. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത അൺ എയ്ഡഡ് സ്കൂൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഉച്ചഭക്ഷണവിതരണം – അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി വിപുലമായ രീതിയിൽ നടക്കുന്നുണ്ടെങ്കിലും അതിനനുസൃതമായ ആധുനിക സംവിധാനങ്ങളോടു കൂടിയ പാചകപ്പുരകൾ യാഥാർത്ഥ്യമായിട്ടില്ല. മിക്ക പാചകപ്പുരകളും വളരെ ഇടുങ്ങിയ താൽക്കാലിക ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളോ പാചകപ്പുരകളോട് ചേർന്ന് സ്റ്റോർ റൂമുകളോ, വിറകുപുരയോ നിലവിലില്ല. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള മെസ്സ്ഹാൾ ഒരു സ്കൂളിലും ഇല്ല. ആയതിനാൽ കുട്ടികൾ സ്കൂൾ വരാന്തകളിലും / ക്ലാസ്സ് റൂമുകളിലുമിരുന്നാണ് ഭക്ഷണം കഴിക്കുന്നത്.

സ്കൂൾ ഉച്ചഭക്ഷണ പരിപാടി വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിലായതിനാൽ അതുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത് എന്ന് സ.ഉ.(എം.എസ്)225/12/തസ്വഭവ തീയതി 18.08.2012 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്കൂളുകളിലെ ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ 6 സ്കൂളുകളിൽ എസ്.വി.യു.പി.എസ്.പുരവൂർ, കിഴുവിലം യു.പി.എസ്, മുടപുരം യു.പി.എസ്, എൽ.പി.എസ്.കുന്തള്ളൂർ എന്നിവയിലെ പാചകപ്പുരകളും സ്റ്റോർ മുറികളും അസൗകര്യങ്ങൾ നിറഞ്ഞവയാണ്. അശാസ്ത്രീയമായ നിർമ്മാണവും, ആവശ്യത്തിന് സ്ഥല സൗകര്യമില്ലാത്തതും പാചകം ദുഷ്കരമാക്കുന്നു. പുകക്കുഴൽ, ചിമ്മിനി, മലിനജലം ഒഴുക്കിവിടാൻ ആവശ്യമായ സൗകര്യം, റാക്കുകൾ, പാചകവാതക അടുപ്പുകൾ തുടങ്ങിയവയുടെ അഭാവമാണ് പൊതുവെ കാണപ്പെട്ട അസൗകര്യങ്ങൾ. പാചകപ്പുരകൾക്ക് അനുയോജ്യമായ വാതിൽ ഇല്ലാത്തത്, വെളിച്ചക്കുറവ് എന്നിവയും കാണപ്പെട്ടു. പുകക്കുഴൽ ഇല്ലാത്തതുകാരണം പാചകപ്പുരയ്ക്കുള്ളിൽ പുക തങ്ങിനിൽക്കുന്ന അവസ്ഥയുണ്ട്. മലിനജലം പാചകപ്പുരയ്ക്ക് ചുറ്റും തങ്ങി നിൽക്കുന്നത് സാംക്രമിക രോഗങ്ങൾ ഉണ്ടാകാൻ കാരണമാകാം.

പാചകപ്പുര ഇല്ലാത്തിനാൽ കൊല്ലം ടൗൺ യു.പി.എസ് – ൽ ക്ലാസ്സ് റൂം തന്നെ പാചകപ്പുരയായി മാറ്റം വരുത്തി ഉപയോഗിക്കുന്നു. പാചകപ്പുരയും സ്റ്റോർ റൂമും നിർമ്മിക്കുന്നതിനായി 2007–08 കാലയളവിൽ അടിസ്ഥാനം കെട്ടിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഡൈനിംഗ് ഏരിയ ഇല്ലാത്തതിനാൽ സ്കൂളുകളിൽ കുട്ടികൾ

വരാന്തയിലും ക്ലാസ്സ് മുറികളിലേയ്ക്കും കൊണ്ടുപോയി കഴിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

തിരുവല്ല നഗരസഭയുടെ അധീനതയിലുള്ള കാവുംഭാഗം ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും പാലും തയ്യാറാക്കി കൊടുക്കുന്നതിന് സൗകര്യമുള്ള അടുക്കള ഇല്ല. അടുക്കളയുടെ അപര്യാപ്തതമൂലം ഉച്ചഭക്ഷണം സ്കൂൾ മുറ്റത്ത് തുറസ്സായ സ്ഥലത്താണ് പാചകം ചെയ്യുന്നത്.

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആയാംകുടി ഗവൺമെന്റ് എൽ. പി. സ്കൂളിന്റെ കഞ്ഞിപ്പുര ദയനീയാവസ്ഥയിലാണ്. അടുപ്പ് പൊട്ടിപൊളിഞ്ഞ് ഉപയോഗശൂന്യമായി. കഞ്ഞിപ്പുരയ്ക്ക് വെളിയിൽ വെറും നിലത്ത് അടുപ്പ് കൂട്ടിയാണ് ഉച്ചഭക്ഷണം പാകം ചെയ്യുന്നത്. പാചകത്തിന് ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടില്ല. പാത്രങ്ങളും ആവശ്യത്തിനില്ല. കുട്ടികൾ സ്വന്തം പാത്രം കൊണ്ടുവരികായാണ് ചെയ്യുന്നത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

80. കൊല്ലം ടൗൺ യു.പി.എസ്.ൽ ഉച്ചഭക്ഷണ വിതരണത്തിനായുള്ള അടുക്കള, സ്റ്റോർ മുറി തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ നിർമ്മിച്ച് നൽകുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കുകയും ചെയ്തിട്ടുണ്ടെന്നും ഡൈനിങ് റൂം ക്രമീകരിച്ചിട്ടില്ലെന്നും സ്ഥലം നേരിട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിമിതി മൂലം ഡൈനിങ് റൂം ക്രമീകരിക്കുന്നതിന് സാധിക്കില്ലെന്ന് വ്യക്തമായിട്ടുണ്ടെന്നും വിദ്യാർഥികൾ ഭക്ഷണം കഴിക്കുന്നതിനായി ക്ലാസ് മുറികളെയാണ് ആശ്രയിക്കുന്നതെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

81. പാചകപ്പുരയോട് ചേർന്ന് ചെറിയ വിസ്തൃതിയിൽ അടിസ്ഥാനം കെട്ടിയിരിക്കുന്നത് എന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത വിഷയത്തെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

82. കാവുഭാഗം ജി. എൽ. പി. എസ്.ൽ അടുക്കള, സ്റ്റോർ റൂം, വർക്ക് ഏരിയ എന്നിവ നിർമ്മിച്ചിട്ടുണ്ടെന്ന് തിരുവല്ല നഗരസഭ സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കാലപ്പഴക്കമുള്ള കെട്ടിടമായതിനാൽ അറ്റകുറ്റപണികൾ നടത്തേണ്ടത് അനിവാര്യമാണെന്നാണ് ചൂണ്ടികാണിച്ചിരിക്കുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തി. അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട്

ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

83. റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ലെന്ന് സമിതി അറിയിച്ചപ്പോൾ പഞ്ചായത്ത് ഡയറക്ടറേറ്റിലേക്കാണ് റിപ്പോർട്ട് ലഭ്യമാക്കിയതെന്ന് തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

84. പഞ്ചായത്ത് ഡയറക്ടറേറ്റിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോടൊപ്പം സർക്കാരിനും ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

85. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആയാംകുടി ഗവൺമെന്റ് എൽ.പി.സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

86. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഉച്ചഭക്ഷണവിതരണം - അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആയാംകുടി ഗവൺമെന്റ് എൽ.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

87. കൊല്ലം ടൗൺ യു.പി.എസ്.ൽ പാചകപ്പുരയോട് ചേർന്ന് ചെറിയ വിസ്തൃതിയിൽ അടിസ്ഥാനം കെട്ടിയിരിക്കുന്നത് എന്തിനാണെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

88. തിരുവല്ല നഗരസഭയിലെ കാവുഭാഗം ജി. എൽ. പി. എസ്.ൽ അടുക്കള, സ്റ്റോർ റൂം, വർക്ക് ഏരിയ എന്നിവ കാലപ്പഴക്കമുള്ള കെട്ടിടമായതിനാൽ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിന് ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ധരിപ്പിക്കുകയും പഞ്ചായത്ത് ഡയറക്ടറേറ്റിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോടൊപ്പം സർക്കാരിനും ഓഡിറ്റ് വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല

കേരള വിദ്യാഭ്യാസ നിയമത്തിലെ 34(എ) വകുപ്പ്, 19.12.2011 ലെ നമ്പർ 63384/ഡി.ബി.2/11/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും ശുദ്ധജലം ലഭ്യമാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ

ഉത്തരവാദിത്തമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. ചില സ്കൂളുകളിൽ ടോയ്‌ലെറ്റുകൾക്ക് സമീപമാണ് കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. 2011-12 ൽ എസ്.എസ്.എ.യുടെ സഹകരണത്തോടെ നഗരസഭ ഫോർട്ട് യു.പി.എസ്.ൽ ടോയ്‌ലെറ്റും കുടിവെള്ള ടാപ്പുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. വക്തമായ ആസൂത്രണമില്ലാതെ നടത്തിയ നിർമ്മാണ പ്രവൃത്തിയിൽ, ടോയ്‌ലെറ്റിന്റെ മതിലിനോട് ചേർന്നാണ് കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് എസ്.വി.യു.പി.സ്കൂൾ പുരവൂർ, ഗവൺമെന്റ് യു.പി.സ്കൂൾ മുടപുരം എന്നീ സ്കൂളുകളിൽ കുടിവെള്ള പ്രശ്നം സങ്കീർണ്ണമാണ്. ജനുവരി മാസം മുതൽ അക്കാദമിക് വർഷം അവസാനം വരെയും ജലലഭ്യത തീരെ കുറവാണ്. ഇത് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയേയും ശുചീകരണ പ്രവർത്തനങ്ങളേയും സാരമായി ബാധിക്കുന്നു. ഈ രണ്ട് വിദ്യാലയങ്ങളിലും ഒരു കിണർ മാത്രമാണ് ഉള്ളത്. കുഴൽക്കിണറോ വാട്ടർ അതോറിറ്റിയുടെ ശുദ്ധജല പൈപ്പ് ലൈനോ ഇവടെയില്ല. ഗവൺമെന്റ് യു.പി.എസ്.കിഴുവിലത്തിന്റെ കോമ്പൗണ്ടിൽ പൊതു ആവശ്യത്തിനായി കുഴൽക്കിണർ കുഴിച്ച് ഹാൻഡ് പമ്പ് സ്ഥാപിച്ചത് നിലവിൽ ഉപയോഗശൂന്യമാണ്. ഇത് ഉപയോഗയോഗ്യമാക്കി മോട്ടോർ ഘടിപ്പിക്കുകയോ പുതിയ കിണർ കുഴിക്കുകയോ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൈപ്പ് ലൈൻ സ്കൂളിൽ എത്തിക്കുകയോ ചെയ്ത് ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.

കൊല്ലം ജില്ലയിലെ പുനലൂർ നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം അവിടങ്ങളിലുള്ള സ്കൂളുകളേയും ബാധിക്കുന്നു. ജലസംഭരണം ലക്ഷ്യമാക്കി സ്കൂളുകളിൽ സ്ഥാപിച്ച മഴവെള്ള സംഭരണികൾ യാതൊരു പ്രയോജനവും ചെയ്യുന്നില്ല. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിലാണ് ഗവൺമെന്റ് എൽ.പി.എസ്.കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ്.ഐക്കരക്കോണം എന്നിവ സ്ഥിതി ചെയ്യുന്നത്. വളരെ ഉയർന്ന പ്രദേശങ്ങളായതിനാൽ പൈപ്പ് ലൈൻ വഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമല്ല. പ്രസ്തുത സ്കൂളുകളിൽ നിർമ്മിച്ച കുഴൽക്കിണറുകൾ ഉപയോഗശൂന്യമാണ്.

കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികളുടെ ഉപയോഗത്തിന് ആവശ്യമായ വാട്ടർടാപ്പുകളില്ലാത്തത് പ്രാധാന പോരായ്മയാണ്. നിലവിൽ 58 കുട്ടികളുള്ള സ്കൂളിൽ ജലലഭ്യതയ്ക്കായി ഒരു വാട്ടർടാപ്പ് മാത്രമാണുള്ളത്.

മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അരക്കുപ്പറമ്പ് ജി.എൽ.പി.സ്കൂളിൽ കുടിവെള്ളം ഇല്ലാത്തതിനാൽ ഉച്ചഭക്ഷണം പോലും മുടങ്ങിയ അവസ്ഥയുണ്ടായിട്ടുണ്ട്. ടോയ്‌ലെറ്റ്, മൂത്രപ്പുര എന്നിവിടങ്ങളിലും മറ്റ് ശുചീകരണങ്ങൾക്കും സ്കൂളിൽ വെള്ളം ലഭ്യമല്ല. കുഴൽക്കിണറുകൾ പലപ്രാവശ്യം പരീക്ഷിച്ചിട്ടുണ്ടെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ

ഒരു ടാപ്പിൽ നിന്നും ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ലഭിക്കുന്ന പരിമിതമായ വെള്ളമാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത്. (കുടിവെള്ളം എത്തിക്കുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റ് ലഭ്യമല്ലെങ്കിൽ വികസന ഫണ്ട് മേഖലാവിഭജനത്തിന് അതീതമായി വിനിയോഗിക്കാവുന്നതാണെന്ന് 63384/ഡി.ബി.2/2011/തസ്വഭവ തീയിതി 19.12.11 ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.) എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലതും ഇതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല. ലഭ്യമായ സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കാസറഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത് ചുളിപ്പാറ എം.ജി.എൽ.സി.ക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. ആവശ്യമായ വെള്ളം 100 മീറ്റർ അകലെയുള്ള പട്ടികവർഗ്ഗ കോളനിയിൽ നിന്നും തലച്ചുമടായി കൊണ്ടുവന്നാണ് ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. ചാമക്കുഴി ജി.യു.പി.സ്കൂളിന്റെ കുഴൽക്കിണറിലെ വെള്ളത്തിൽ സൾഫറിന്റെ അംശം കൂടുതലായതിനാൽ ഉപയോഗയോഗ്യമല്ല. സ്കൂളിന് സമീപത്തുള്ള മറ്റൊരു കുഴൽക്കിണറിൽ നിന്നുമാണ് നിലവിൽ സ്കൂൾ ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2007-08, 2008-09 വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്ന് 55,000/- രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കിയിട്ടില്ല. 2012-13 ൽ 35,980/- രൂപ സ്കൂളുകളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. 11-ാം പദ്ധതിയിലും 12-ാം പദ്ധതിയുടെ ആദ്യവർഷത്തിലും ഈ മേഖലയിൽ ആകെ 90,642/- രൂപ മാത്രമാണ് ചെലവഴിച്ചത്. സ്കൂളുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നീക്കിവച്ച തുക പര്യാപ്തമായിരുന്നില്ല.

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ എസ്.ജി.എ.എൽ.പി.സ്കൂൾ മുള്ളേരിയയിലേയ്ക്ക് സമീപത്തുള്ള പി.എച്ച്.സി.യിൽ നിന്നാണ് ജലം ലഭ്യമാക്കുന്നത്. കുണ്ടാർ എ.യു.പി.സ്കൂളിലേയ്ക്ക് ആവശ്യമായ വെള്ളം എടുക്കുന്നത് സമീപപ്രദേശത്തെ കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനായി ജില്ലാപഞ്ചായത്ത് നിർമ്മിച്ച കുഴൽക്കിണറിൽ നിന്നുമാണ്. ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന താൽക്കാലിക കെട്ടിടത്തിന് സമീപത്തുള്ള കുഴൽക്കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതിനാൽ ഭക്ഷണം പാകം ചെയ്യുന്നതിന് സമീപത്തുള്ള വീടുകളിൽ നിന്നാണ് വെള്ളം ശേഖരിക്കുന്നത്. 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

കിണർവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന കരിമൺകോട് എൽ.പി.സ്കൂൾ കുടിവെള്ളത്തിനായ് ആശ്രയിക്കുന്നത് നിലവിലുള്ള ഒരു കിണറിനെയാണ്. പ്രസ്തുത കിണറിലെ വെള്ളം 04.09.2013 ൽ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധന നടത്തുകയും പരിശോധന റിപ്പോർട്ട് പ്രകാരം കിണർ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് 1600 MPN/100 ml എന്നാണ് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡപ്രകാരം (IS

No.10500 : 1991 : 1622 IS 2025, WHO 1993) അനുവദനീയമായ കോളിഫോം ബാക്ടീരിയയുടെ അളവ് < 2 MPN/100 ml ആണ്. കിണർ വെള്ളത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവിലുള്ള വർദ്ധനവ് കുട്ടികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കാം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.7]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ലായെന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ, കിഴുവിലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്., കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ്., ഐക്കരക്കോണം, കോട്ടയം ജില്ലയിലെ കാണക്കാരി ഗവ.എൽ.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ അരക്കുപറമ്പ് ജി.എൽ.പി. സ്കൂൾ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

90. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കിണർവെള്ളത്തിൽ കോളീഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

91. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ലായെന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്., കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ്., ഐക്കരക്കോണം, കോട്ടയം ജില്ലയിലെ കാണക്കാരി ഗവ.എൽ.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ അരക്കുപറമ്പ് ജി.എൽ.പി. സ്കൂൾ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

92. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കിണർവെള്ളത്തിൽ കോളീഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ടോയ്‌ലെറ്റ് സൗകര്യങ്ങൾ ശോചനീയം

ടോയ്‌ലെറ്റ് സൗകര്യമില്ലാത്ത നൂറുകണക്കിന് സർക്കാർ സ്കൂളുകളാണ് കേരളത്തിലുള്ളതെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിത്വമുള്ള ടോയ്‌ലെറ്റുകൾ ഏർപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ശുചിത്വമുള്ള ടോയ്‌ലെറ്റുകളുടെ അഭാവം ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങക്ക് കാരണമാകുന്നു. കുട്ടികളിൽ ശുചിത്വബോധം വളർത്തിയെടുക്കാൻ സ്കൂളുകളിലെ ശുചിത്വമുള്ള ടോയ്‌ലെറ്റുകൾ അനിവാര്യമാണ്.

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അപരിഷ്കൃത മൂത്രപ്പുരകളും ശൗചാലയങ്ങളും തീർത്തും വിദ്യാർത്ഥി സൗഹൃദമല്ല. മേൽക്കൂര നശിച്ചതും പൊട്ടിപ്പൊളിഞ്ഞതുമായ ഇവ ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. സ്കൂൾ കെട്ടിടങ്ങളിൽ ഇവയുടെ ഫിറ്റ്നസ് പരിശോധനാ വിധേയമാക്കുന്നില്ല. ശുചീകരണ ജോലിക്കാരുടെ കുറവ്, ജലദൗർലഭ്യം എന്നിവമൂലം ടോയ്‌ലെറ്റുകൾ ശുചത്വഹീനമാണ്. 1083 കുട്ടികൾ പഠിക്കുന്ന ടൗൺ യി.പി.സ്കൂളിൽ ഒരു ശുചീകരണ തൊഴിലാളി മാത്രമാണുള്ളത്.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഗവ:ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 480 കുട്ടികൾ പഠനം നടത്തുന്നുണ്ട്. ഇത്രയും കുട്ടികൾക്കായി 3 ടോയ്‌ലെറ്റുകൾ മാത്രമാണുള്ളത്. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് സ്ഥാപിക്കുവാൻ വേണ്ടി നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപ (ഡി.ഡി.നമ്പർ 736705 തീയതി 01.02.13) നാളിതുവരെയും വിനിയോഗിച്ചിട്ടില്ല.

നിർമ്മാണത്തിലെ പിഴവ് - ടോയ്ലെറ്റുകൾ ഉപയോഗശൂന്യമാകുന്നു.

കൊല്ലം നഗരസഭയിലെ വാളത്തുംഗൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ടോട്ടൽ സാനിറ്റേഷൻ പ്രോജക്റ്റിൽ 4,20,000/-, 4,32,500/- എന്നീ അടങ്കൽ തുകകളിലൂടെ 10 യൂണിറ്റ് ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

എ. ഈ ടോയ്‌ലെറ്റുകളിൽ തറയിൽ വീഴുന്ന വെള്ളം പുറത്തേയ്ക്ക് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല.

ബി. ടോയ്‌ലെറ്റിന്റെ സാനിട്ടേഷൻ ടാങ്കുകൾ വളരെ ചെറുതും മൂടിയില്ലാത്തവയും മൂടിയുള്ളവ പൊട്ടിപൊളിഞ്ഞ അവസ്ഥയിലുമാണ്.

സി. സാനിട്ടേഷൻ പിറ്റ് മൂടിയില്ലാതെ കിടക്കുന്നു. ഇതിനരികിലൂടെ അടുത്ത ടോയ്‌ലെറ്റിലേയ്ക്ക് പോകുന്ന കുട്ടികൾ കാൽവഴുതി വീഴാവുന്ന തരത്തിൽ അപകടകരമാം വിധമാണ് സ്ഥിതി ചെയ്യുന്നത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ്

റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.8]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് 24.08.2024-ൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയപ്പോൾ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനുകൂടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

94. മാവേലിക്കര നഗരസഭയുടെ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളും ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളും ഒരു കോമ്പൗണ്ടിലാണ് പ്രവർത്തിക്കുന്നതെന്നും ഗേൾസ് ഹൈസ്കൂളിന് 31 ടോയ്‌ലെറ്റുകളും ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന് 14 ടോയ്‌ലെറ്റുകളും ഉൾപ്പെടെ ആകെ 45 ടോയ്‌ലെറ്റുകളും ഉപയോഗയോഗ്യമാണെന്നും ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമല്ലെന്നും മാവേലിക്കര നഗരസഭ ഉദ്യോഗസ്ഥ വ്യക്തമാക്കി. ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് സർക്കാർ 5,00,000/- രൂപയുടെ ഫണ്ട് അനുവദിച്ചതെന്ന് സമിതി നിരീക്ഷിച്ചു.

95. ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുള്ള 14 ടോയ്‌ലെറ്റുകൾ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളാക്കി മാറ്റുന്നതിന് സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് 14 ടോയ്‌ലെറ്റുകൾ ഗേൾസ് ഫ്രണ്ട്‌ലി ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ(ഇൻ-ചാർജ്ജ്) മറുപടി നൽകി. ടോയ്‌ലെറ്റുകൾ ഗേൾസ് ഫ്രണ്ട്‌ലിയാക്കുന്നതിന് ഏകദേശം 3 ലക്ഷം രൂപ മതിയാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു. 14 ടോയ്‌ലെറ്റുകൾ ഗേൾസ് ഫ്രണ്ട്‌ലി ആക്കുന്നതിന് സ്വീകരിച്ച നടപടിയും നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച 5,00,000/- രൂപയുടെ വിനിയോഗ വിവരവും പെൺകുട്ടികൾക്ക് സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ നൽകുന്നതിന് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനും സർക്കാരിനും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

96. വാളത്തുംഗൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ടോട്ടൽ സാനിറ്റേഷൻ പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലെറ്റുകൾ നിർമ്മിച്ചെങ്കിലും വെള്ളം പുറത്തേക്ക് പോകുന്നതിനുള്ള സംവിധാനമില്ലായിരുന്നുവെന്നും ടോയ്‌ലെറ്റിന്റെ സാനിട്ടേഷൻ ടാങ്കുകൾ വളരെ ചെറുതായിരുന്നതിനാൽ പുതുതായി ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ആൺകുട്ടികളുടെ ടോയ്‌ലെറ്റ് ബ്ലോക്ക് ഉപയോഗിക്കുന്നുണ്ടെന്നും പെൺകുട്ടികൾക്ക് പുതുതായി 10 യൂണിറ്റ് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് നടപ്പുവർഷം പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും നഗരസഭയുടെ പരിധിയിലുള്ള വിവിധ സ്കൂളുകളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി നടപ്പ് വർഷം 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

97. വാളത്തുംഗൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ 10 യൂണിറ്റ് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകളും ഉപയോഗയോഗ്യമല്ലെന്നാണ് ഓഡിറ്റ്

റിപ്പോർട്ടിൽ പറയുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത ടോയ്‌ലെറ്റുകളിൽ തറയിൽ വീഴുന്ന വെള്ളം പുറത്തേക്ക് പോകുന്നതിനുള്ള സംവിധാനമില്ലെന്നും പെൺകുട്ടികൾക്കായി 12 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 10 ടോയ്‌ലെറ്റുകളുണ്ടെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി. പെൺകുട്ടികൾക്ക് ടോയ്‌ലെറ്റ് സൗകര്യം ലഭ്യമല്ലെന്നുള്ളത് ഗൗരവമുള്ള വിഷയമാണെന്ന് തദവസരത്തിൽ സമിതി അഭിപ്രായപ്പെട്ടു. പെൺകുട്ടികൾ ഉപയോഗിക്കുന്ന ടോയ്‌ലെറ്റ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുമോയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് പുതിയ ടോയ്‌ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം പെൺകുട്ടികൾ ഉപയോഗിക്കുന്ന ടോയ്‌ലെറ്റ് ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. സമിതി മുമ്പാകെ ബോധ്യപ്പെടുത്തിയ വിവരങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ചതിനുശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

98. ടോയ്‌ലെറ്റ് സൗകര്യങ്ങൾ ശോചനീയം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റിപ്പോർട്ട് 24.08.2024-ൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

99. മാവേലിക്കര നഗരസഭയിലെ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ 5,00,000/- രൂപയുടെ ഫണ്ട് അനുവദിച്ചതെന്ന് നിരീക്ഷിച്ച സമിതി, 14 ടോയ്‌ലെറ്റുകൾ ഗേൾസ് ഫ്രണ്ട്ലി ആക്കുന്നതിന് സ്വീകരിച്ച നടപടിയും പെൺകുട്ടികൾക്ക് സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പു നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

100. വാളത്തുംഗൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പെൺകുട്ടികൾക്ക് മതിയായ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമല്ലെന്നുള്ളത് ഗൗരവമുള്ള വിഷയമാണെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത സ്കൂളിൽ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കളിസ്ഥലങ്ങൾ – വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല

കളിസ്ഥലങ്ങൾ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് അനിവാര്യമായ ഘടകമാണ്. 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 4 ൨ൾ

3 പ്രകാരം കളികൾക്കും, കായിക വിനോദങ്ങൾക്കും എല്ലാ സ്കൂളുകളിലും അനുയോജ്യമായ കളിസ്ഥലം ഉണ്ടാകേണ്ടതും പ്രസ്തുത സ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിക്കേണ്ടതുമാണ്.

ഗ്രാമപ്രദേശത്തെ വിദ്യാർത്ഥികളെ കായികരംഗത്ത് ദേശീയതലത്തിൽ എത്തിക്കുന്നതിന് പ്രൈമറി സ്കൂളുകൾ നിർണ്ണായക പങ്ക് വഹിക്കുന്നു. കളിസ്ഥലങ്ങളുടെയും, കളിയുപകരണങ്ങളുടെയും അപര്യാപ്തതയും, ലഭ്യമായ കളിസ്ഥലങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതും സ്കൂളുകളിലെ കായികരംഗത്തുള്ള പ്രവർത്തനങ്ങൾ ശുഷ്കമാകാൻ കാരണമാകുന്നു. ദേശീയതലത്തിലും അന്തർദേശീയതലത്തിലും കായികരംഗത്തെ ഭാവി വാഗ്ദാനങ്ങളെ കണ്ടെത്താനുള്ള ഉറവിടമാണ് സ്കൂളുകൾ. ആയതിനാൽ കായികമേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. എന്നാൽ ഈ മേഖലയിൽ സ്കൂളുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ല. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലങ്ങൾ ഒരുക്കി ചുറ്റമതിൽകെട്ടി സംരക്ഷിക്കുന്നതിനും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ള മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങൾ ഒരുക്കുന്നതിൽ 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ചില സ്കൂളുകളിൽ കളിസ്ഥലങ്ങൾക്കാവശ്യമായ ഭൂമിയില്ല. കളിസ്ഥങ്ങളുള്ള സ്കൂളുകളിൽ അവ ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. പല സ്കൂളുകളിലും കളിസ്ഥലങ്ങൾ കാട്ടുപിടിച്ച് ഉപയോഗശൂന്യമായ നിലയിലും ചിലയിടങ്ങളിൽ സ്കൂളിൽ നിന്നും അകലെയായും കളിസ്ഥലങ്ങൾ കാണാൻ കഴിഞ്ഞു.

വെസ്റ്റ്ഫോർട്ട് ഗവഃഹൈസ്കൂളിന്റെ കളിസ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ സ്കൂളിനു മുന്നിലുള്ള വിശാലമായ ഗ്രൗണ്ട് വാഹനങ്ങൾ പാർക്ക ചെയ്യുന്നതിനായി ഉപയോഗിക്കുന്നു.

കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി.സ്കൂളിൽ കളിസ്ഥലമുണ്ടെങ്കിലും ഇതിന്റെ ചരിവ് കാരണം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂർപ്പാറ ഹയർ സെക്കന്ററി സ്കൂളിന്റെ 2400 ച.മീറ്റർ വിസ്തീർണ്ണമുള്ള കളിസ്ഥലവും ഉരുളൻകല്ലും, കുഴികളും നിറഞ്ഞതായതിനാൽ ഉപയോഗയോഗ്യമല്ല. ഒരു മിനി സ്റ്റേഡിയമായി പരിവർത്തനം ചെയ്യുകയാണെങ്കിൽ പ്രസ്തുത കളിസ്ഥലം പഞ്ചായത്തിന് കീഴിലുള്ള മറ്റ് സ്കൂളുകൾക്കും കായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ കെട്ടിടം നിൽക്കുന്ന പുരയിടത്തിന് ചുറ്റമതിലുണ്ട്. കാട്ടുമൂടിയ നിലയിൽ തുടരുന്ന കളിസ്ഥലത്തിന്റെ നട്ടുവിലൂടെ തദ്ദേശീയർ ഉപയോഗിക്കുന്ന രണ്ട് വഴികൾ രൂപപ്പെട്ടിട്ടുണ്ട്. ഒരു വഴി ഉണ്ടാക്കുന്നതിലേയ്ക്ക് കളിസ്ഥലത്തിന്റെ ഒരു വശത്തെ മതിൽ തകർത്തിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

മണിയാറ്റ് ഗവൺമെന്റ് യു.പി.സ്കൂളിന്റെ കളിസ്ഥലത്തിന് ചുറ്റമതിൽ നിർമ്മിച്ചിട്ടില്ല. കളിസ്ഥലത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്തായി കേരള വെള്ളാളസഭയുടെ ഓഫീസ്

മന്ദിരവും അതിനോടനുബന്ധിച്ചുള്ള കിണറും കളിസ്ഥലം കൈയ്യേറി നിർമ്മിച്ചതായാണ് സ്ഥലപരിശോധനയിൽ വ്യക്തമാകുന്നത്.

സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ

തിരുവനന്തപുരം നഗരസഭ ഓരോ വർഷവും സ്കൂളുകളിലേയ്ക്ക് കായിക ഉപകരണങ്ങൾ നൽകുന്നതിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ട്. സ്കൂളുകളുടെ ആവശ്യങ്ങളറിഞ്ഞ് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിനുപകരം, വാങ്ങിയ ഉപകരണങ്ങൾ എങ്ങനെയും വിതരണം ചെയ്തു തീർക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ മിക്ക സ്കൂളുകളിലും നഗരസഭയിൽ നിന്നും ലഭ്യമാക്കിയ സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഉദാഹരണത്തിന് 2011-12 ൽ കളിസ്ഥലമില്ലാത്ത കരിയ്ക്കകം ഗവൺമെന്റ് ഹൈസ്കൂളിന് നൽകിയ ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോളുകൾ, ഷോട്ട്പുട്ട്, ഡിസ്കസ് എന്നിവ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. പണം ചെലവഴിക്കാൻ മാത്രമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് പൊതുപണത്തിന്റെ ദുർവ്യയമാണ്.

ദേശീയതാരങ്ങളെ സൃഷ്ടിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

കോമ്പൗണ്ട് വാൾ ഇല്ലാത്തതും പാറ ഉൾപ്പെടുന്നതും ട്രാക്കിനങ്ങൾ ചെയ്യിക്കുവാൻ സൗകര്യമില്ലാത്തതുമായ ഗ്രൗണ്ടാണ് പാലക്കാട് ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ തേങ്കുറിശ്ശിക്ക് ഉള്ളത്. ഗ്രൗണ്ടിലെ ലഭ്യമായ സ്ഥലത്തിന് യോജിക്കുന്ന വിധത്തിലുള്ള സ്പോർട്സ് ഇനങ്ങളിൽ പരിശീലനം നൽകി ദേശീയതാരങ്ങളെ സൃഷ്ടിച്ച ചരിത്രം സ്കൂളിനുണ്ട്. ഹാൻഡ് ബോൾ മൽസരത്തിൽ 3 താരങ്ങളേയും ഡോഡ്ജ് ബോളിനത്തിൽ 4 താരങ്ങളെയും ദേശീയതലത്തിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സോഫ്റ്റ്ബോൾ ഇനത്തിൽ സബ് ജൂനിയർ, ജൂനിയർ, സീനിയർ തലങ്ങളിൽ 40 പേരെ സംസ്ഥാനതലത്തിൽ മത്സരിപ്പിക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

15000 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് സൗകര്യം ഈ സ്കൂളിന് ലഭ്യമായിട്ടും ട്രാക്കിനങ്ങൾ ചെയ്യിക്കാൻ കഴിയുംവിധം ഇതിനെ സജ്ജമാക്കാൻ പ്രോജക്ടുകളൊന്നും നടപ്പിലാക്കാൻ ജില്ലാപഞ്ചായത്ത് ശ്രമിച്ചിട്ടില്ല.

കഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളിന് പ്രത്യേകമായ ഗ്രൗണ്ട് ലഭ്യമായിട്ടില്ല. സ്കൂളിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മലമ്പുഴ കനാലിന്റെ വശത്ത് 4 മീറ്റർ വീതിയിലും 40 മീറ്ററോളം നീളത്തിലുമുള്ള സ്ഥലം ഗ്രൗണ്ടായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിയാണ് കാണുന്നത്.

നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ ഗവൺമെന്റ് ടി.ടി.ഐ.മണക്കാട് മാതൃക

വിദ്യാർത്ഥികൾക്കായി കളിസ്ഥലമൊരുക്കുന്നതിന് വളരെ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക വഴി മറ്റ് വിദ്യാലയങ്ങൾക്കു മാതൃകയാവുകയാണ്

തിരുവനന്തപുരം നഗരസഭയിലെ ഈ വിദ്യാലയം. സ്ഥലപരിമിതിമൂലം കുട്ടികൾക്ക് കളിസ്ഥലം ഇല്ലാത്തതിനാൽ ഇവിടെ പി.റ്റി.എ.യുടെയും എസ്.എസ്.ജി.യുടെയും നേതൃത്വത്തിൽ സ്കൂൾ കെട്ടിടത്തിന്റെ ടെറസ് മുഴുവനും ഒരു വലിയ ഇൻഡോർ സ്റ്റേഡിയമാക്കി മാറ്റിയിരിക്കുന്നു. ഇവിടെ ജിംനാസ്റ്റിക്, ഫുട്ബോൾ, ബാസ്കറ്റ് ബോൾ തുടങ്ങി എല്ലാത്തരം കളികൾക്കും ഉള്ള സ്ഥലം ഒരുക്കിയിട്ടുണ്ട്. ടെറസ്സ് മുഴുവൻ ഷീറ്റുകൊണ്ട് മേൽക്കൂരയിട്ട്, ചുറ്റിനും കമ്പിവേലികെട്ടിയാണ് കളിസ്ഥലം ഒരുക്കിയിട്ടുള്ളത്. ഇതിനായി എം.പി.ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെലവഴിച്ചു. മറ്റ് സ്കൂളുകളിലും പി.റ്റി.എയും സ്കൂൾ അധികൃതരും ഒത്തൊരുമയോടെ ക്രിയാത്മകമായി പ്രവർത്തിക്കുകയാണെങ്കിൽ ഇത്തരത്തലുള്ള പുതുമയാർന്ന ആശയങ്ങൾ നടപ്പാക്കി, നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും അതുവഴി കുട്ടികളുടെ കായികവും മാനസികവുമായ വളർച്ചയുതകുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സാധ്യമാകുന്നതാണ്.

കൽപ്പറ്റ നഗരസഭ - സെപ്റ്റ്- വിഷൻ ഇന്ത്യ- ഫുട്ബോൾ പരശീലനപരിപാടികളിൽ സജീവപങ്കാളികൾ

കേരളത്തിലുടനീളം 41 കേന്ദ്രങ്ങളിലായി 1200 ഓളം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന കോഴിക്കോട് ആസ്ഥാനമായ 2004 മുതൽ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് സ്പോർട്സ് & എഡ്യൂക്കേഷൻ പ്രമോഷൻ ടെസ്റ്റ് (സെപ്റ്റ്). ഇന്ത്യയിലേയും വിദേശത്തെയും വിദഗ്ധ പരിശീലകർ സെപ്റ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭ ഈ പരിശീലനപരിപാടിയൽ സജീവ പങ്കാളികളാകുകയും നഗരസഭാപരിധിയിലുള്ള സ്കൂളുകളിലെ 6-ാം ക്ലാസ്സിന് താഴെയുള്ള കുട്ടികൾക്ക് 'സെപ്റ്റ് ' മുഖേന ഫുട്ബോൾ പരിശീലനം നൽകുകയും ചെയ്യുന്നു. 6-ാം ക്ലാസ്സിന് മുകളിലുള്ള കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നടപ്പാക്കുന്ന പദ്ധതിയാണ് - ' വിഷൻ ഇന്ത്യ '. കൽപ്പറ്റ എസ്.കെ.എം.ജെ.സ്കൂൾ ഗ്രൗണ്ടാണ് പരിശീലന വേദി. കൽപ്പറ്റയിലെ 'ഫാൽക്കൺസ് ' ക്ലബ്, മാതൃഭൂമി ദിനപത്രം എന്നിവയും നഗരസഭയോടൊപ്പം ഈ ഉദ്യമത്തിൽ സഹകരിക്കുന്നു. അണ്ടർ - 13 വയനാട് ജില്ലാ ടീമിലേക്കും സംസ്ഥാന ടീമിലേയ്ക്കും ഇവിടത്തെ പരിശീലനാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ പദ്ധതികൾക്കായി 2010-11 മുതൽ 2012-13 വരെ നഗരസഭ ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

	2010-11		2011-12		2012-13	
	പ്രോജക്ട് നം	തുക	പ്രോജക്ട് നം	തുക	പ്രോജക്ട നം	തുക
വിഷൻ ഇന്ത്യ	19	31,725	35	50,000	15	2,00,000
സെപ്റ്റ്	2	90,000	42	1,00,000		

കളിസ്ഥലം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല

കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള 80% സ്കൂളുകൾക്കും ആവശ്യമായ കളിസ്ഥലം ഇല്ല. കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള പ്രഗത്ഭരായ വിദ്യാർത്ഥികൾ പഠിക്കുന്ന ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കോയിക്കലിന് സ്വന്തമായി കളിസ്ഥലമില്ല. സ്കൂളിലെ ബോയ്സ് ഹോക്കി ടീം കേരളത്തെ പ്രതിനിധീകരിച്ച് ഡൽഹിയിൽ നടന്ന നാഷണൽ ഹോക്കി മാച്ചിൽ പങ്കെടുത്ത് വിജയം നേടി. ഗേൾസ് ഹോക്കി ടീമും സോണൽ ജേതാക്കളായിട്ടുണ്ട്. ഇത്തരത്തിൽ കായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ കളിക്കളം ലഭ്യമല്ലാത്തത് അപലപനീയമാണ്. കോർപ്പറേഷൻ വകയായി സ്ഥലം കണ്ടെത്തി ഒന്നിലേറെ സ്കൂളുകൾക്കായി മിനി സ്റ്റേഡിയം നിർമ്മിച്ച് നൽകണമെന്ന ആവശ്യം നഗരസഭാ പരിധിയിലെ സ്കൂളുകൾ ഉന്നയിക്കുന്നുണ്ടെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും പ്രതികരണം ലഭിക്കുന്നില്ല എന്ന് പല സ്കൂൾ അധികൃതരും അഭിപ്രായപ്പെട്ടു.

നിർമ്മാണത്തിലെ പിഴവുമൂലം കളിസ്ഥലം നശിക്കുന്നു.

80% ലധികം സ്കൂളുകളിൽ കളിസ്ഥലമില്ലാത്തപ്പോൾ 10 ലക്ഷം രൂപ വകയിരുത്തി നിർമ്മിച്ച കളിസ്ഥലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് കൊല്ലം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിനുള്ളത്.

സ്പോർട്സ് & യൂത്ത് അഫയേഴ്സ് ഡയറക്ടറേറ്റിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കായികാടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി കൊല്ലം ബോയ്സ് ഹൈസ്കൂളിന് 10 ലക്ഷം രൂപ ഗ്രാന്റ് അനുവദിക്കുകയും മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലസൗകര്യം ഇല്ലാത്തതിനാൽ പി.ടി.ഐ.യുടെയും സ്കൂൾ അധികൃതരുടെയും അഭിപ്രായം അനുസരിച്ച് ഫുട്ബോൾ കോർട്ടും, മിനി ബാസ്കറ്റ് ബോൾ കോർട്ടും നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 90 മീറ്റർ : 70 മീറ്റർ വലുപ്പത്തിൽ ഫുടബോൾ ഫീൽഡ് ഗ്രൗണ്ട് ലെവൽ ചെയ്ത് ഗോൾ പോസ്റ്റ് സ്ഥാപിക്കുന്നതിനും 32 മീറ്റർ : 20 മീറ്റർ വിസ്തൃതിയിൽ ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ സ്പോർട്സ് കൗൺസിൽ സെക്രട്ടറി നിർദ്ദേശിച്ച സ്ഥലത്തിനു പകരം സ്കൂൾ പി.ടി.എ.യുടെ നിർദ്ദേശപ്രകാരമുള്ള സ്ഥലത്ത് ബാസ്കറ്റ് ബോൾ കോർട്ട് നിർമ്മിച്ചതിനാൽ മിനി ബാസ്കറ്റ്ബോൾ കോർട്ടിനാവശ്യമായ സ്പെസിഫിക്കേഷനിൽ നിർമ്മാണം നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ മത്സരാടിസ്ഥാനത്തിലുള്ള കളികൾ നടത്തുന്നതിന് ഈ കോർട്ട് ഉപയോഗിക്കുവാൻ കഴിയുകയില്ല. മാത്രമല്ല 2010-11 ൽ പണി പൂർത്തീകരിച്ച കോർട്ട് നാളിതുവരെയും ഉദ്ഘാടനം ചെയ്തിട്ടില്ല. കുട്ടികൾക്കായി തുറന്ന് നൽകിയിട്ടില്ലെങ്കിലും ബാസ്കറ്റ് ബോൾ കോർട്ടിൽ ഉറപ്പിച്ച റിംഗുകൾ ഒടുഞ്ഞുതൂങ്ങിയ അവസ്ഥയിലാണ്.

ഫുട്ബോൾ കോർട്ട് പ്രധാന കവാടത്തോടു ചേർന്നായതിനാൽ ഉപയോഗപ്പെടുത്താൻ കഴിയാത്തവിധമാണ്. 8,37,896/- രൂപ ചെലവഴിച്ച് നിർമ്മിച്ച കോർട്ടുകൾ പ്രയോജനപ്പെടുത്താത്തത് തികച്ചും നിരുത്തരവാദപരമാണ്.

ചങ്ങനാശ്ശേരി നഗരസഭയിലെ വാഴപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിൽ 2 ഏക്കർ വരുന്ന കളിസ്ഥലം സ്കൂളിൽ നിന്നും കുറച്ച് അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കളിസ്ഥലം ഉപയോഗയോഗ്യമല്ലാതെ കാട്ടുപിടിച്ച് കിടക്കുന്നു. 2009-10 വർഷം, വാഴപ്പള്ളി സ്കൂൾ ഗ്രൗണ്ട് ഫില്ലിംഗും മതിൽ നിർമ്മാണവും എന്ന പദ്ധതിക്ക് 5,91,074/- രൂപയും 2011-12 വർഷം സ്കൂൾ ഗ്രൗണ്ട് പൂർത്തീകരണത്തിന് 5,30,000/- രൂപയും ചെലവഴിച്ചിട്ടും കളിസ്ഥലം ഉപയോഗയോഗ്യമാക്കാൻ സാധിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.9]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ, കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

102. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ചുറ്റുമതിലിന്റെ പൊളിഞ്ഞ ഭാഗം പുനർനിർമ്മിച്ചിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

103. ചുറ്റുമതിലിന്റെ പൊളിഞ്ഞ ഭാഗം പുനർനിർമ്മിച്ചെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയെന്നും പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് സർക്കാരിൽ നിന്ന് ലഭ്യമായ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതെന്നും സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അയിരൂർപ്പാറ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലത്തെ ചുറ്റുമതിലിന്റെ പൊളിഞ്ഞ ഭാഗം പുനർനിർമ്മിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാമെന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

104. പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ.പി.സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നാല് വശത്തും മതിൽ നിർമ്മിച്ചിട്ടുണ്ടെന്നും സ്കൂളിനോട് ചേർന്ന് പിൻവശത്തുള്ള സ്ഥലമാണ് കളിസ്ഥലമായി ഉപയോഗിക്കുന്നതെന്നും അവിടെ ബി.ആർ.സി.-ക്കുവേണ്ടി കെട്ടിടം നിർമ്മിക്കാൻ പ്രോജക്റ്റ് വച്ചിട്ടുണ്ടെന്നും അതിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി നൽകണമെന്ന് പുനലൂർ താലൂക്ക് തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും സർവെ നടന്നിട്ടില്ലെന്നും പുനലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. സ്കൂളിന്റെ പിൻവശത്ത് ഒരു സൈഡിൽ മതിൽ കെട്ടിയിട്ടുണ്ടെങ്കിലും ഗേറ്റ് സ്ഥാപിക്കാനായി കുറച്ചുസ്ഥലം തുറന്നിട്ടിട്ടുണ്ടെന്നും ആ സ്ഥലം അവിടെയുള്ള മൂന്ന്-നാല് വീട്ടുകാർ വഴിയായി ഉപയോഗിക്കുന്നുണ്ടെന്നും അതുസംബന്ധിച്ച് വാർഡ് കൗൺസിലറോട് സംസാരിച്ചപ്പോൾ വീട്ടുകാർക്ക് അവിടെ വഴി കൊടുക്കാൻ

സാധിക്കുമോയെന്ന് ചോദിച്ചിരുന്നുവെന്നും സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ വഴി അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ടെന്നും ബി.ആർ.സി.-യുടെ കെട്ടിടം നിർമ്മിക്കുമ്പോൾ അവിടെ കോമ്പൗണ്ട് മതിൽ കെട്ടി മറയ്ക്കുമെന്നുമാണ് അറിയിച്ചതെന്നും ഗേറ്റിടാനുള്ള ഭാഗം മാത്രമാണ് തുറന്നുകിടക്കുന്നതെന്നും പുനലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു. മണിയാർ ഗവൺമെന്റ് യു.പി.സ്കൂൾ സ്ഥിതി ചെയ്യുന്ന 50 സെന്റ് സ്ഥലത്തിൽ നാല് വശവും മതിൽ കെട്ടിയിട്ടുണ്ടെന്നും അതിന്റെ പിൻവശത്ത് വെള്ളാള സഭയ്ക്കും സ്കൂളിനും വേണ്ടി 17 സെന്റ് സ്ഥലം 1991-ൽ വേലായുധൻപിള്ള എന്നയാൾ കൈമാറിയതാണെന്നും 2022-23-ൽ 10 ലക്ഷം രൂപ പ്രോജക്റ്റ് വച്ച് സ്കൂൾ കളിസ്ഥലത്തിന്റെ ഒരു വശത്ത് മുള്ളുവേലിയും മറ്റ് വശങ്ങളിൽ 18 അടി ഉയരത്തിൽ മതിലും നിർമ്മിച്ചിട്ടുണ്ടെന്നും വെള്ളാള സഭയുടെ സ്ഥലത്തിന് പ്രത്യേകം മതിൽ നിർമ്മിച്ചിട്ടുണ്ടെന്നും പുനലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു. ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നൽകിയിട്ടുണ്ടെന്ന് പുനലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

105. സ്കൂൾ കളിസ്ഥലത്തിന്റെ തെക്ക് കിഴക്കായി വെള്ളാള സഭയുടെ ഓഫീസ് മന്ദിരവും കിണറും സ്ഥിതി ചെയ്യുന്ന സ്ഥലം സ്കൂളിന്റെ ഉടമസ്ഥതയിലുള്ളതാണോ എന്നതിന് കൃത്യമായ രേഖകൾ ലഭ്യമല്ലെന്നാണ് സർക്കാർ മറുപടിയിൽ പറഞ്ഞിട്ടുള്ളതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അന്നത്തെ എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരമാണ് അത്തരത്തിൽ മറുപടി നൽകിയതെന്നും അതിനുശേഷം സ്കൂളിൽ നേരിട്ട് സന്ദർശനം നടത്തി മറുപടി നൽകിയിരുന്നുവെന്നും പ്രസ്തുത മറുപടി ഒരിക്കൽകൂടി നൽകാമെന്നും പുനലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ മറുപടി ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

106. കരിക്കകം സ്കൂളിൽ മതിമായ സ്ഥലമില്ലാത്തതിനാൽ കളിസ്ഥലം ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നും എന്നാൽ ലഭ്യമായ സ്ഥലത്ത് കുട്ടികൾക്കായി നഗരസഭ ഒരു പാർക്ക് നിർമ്മിച്ചിട്ടുണ്ടെന്നും സ്കൂളിന്റെ സമീപം എസ്.എൻ.ഡി.പി.-യുടെ സ്ഥലമായതിനാലും ചുറ്റുപാടും ധാരാളം വീടുകൾ സ്ഥിതി ചെയ്യുന്നതിനാലും കളിസ്ഥലത്തിനായി സ്ഥലം അക്വയർ ചെയ്യുക എന്നത് പ്രായോഗികമല്ലെന്നും കുറച്ചുമാറി നഗരസഭയുടെ സ്ഥലമുണ്ടെന്നും അത് സ്യൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി (എസ്.ടി.പി.) മാറ്റിയിട്ടിരിക്കുകയാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു. നഗരസഭ ലഭ്യമാക്കിയ സ്പോർട്സ് ഉപകരണങ്ങൾ കുട്ടികൾക്ക് പൂർണമായ തോതിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്നാണ് ഓഡിറ്റ് വകുപ്പ് പറഞ്ഞിട്ടുള്ളതെന്ന് സമിതി ചൂണ്ടികാണിച്ചതിന്, ഡിസ്കസ് ത്രോയ്ക്ക് ഉപയോഗിക്കുന്നതുപോലുള്ള സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗിക്കാൻ കഴിയില്ലെന്നും മറ്റുള്ളവ ലഭ്യമായ സ്ഥലത്ത് ഉപയോഗിക്കുന്നുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

107. കളിസ്ഥലം ലഭ്യമല്ലാത്ത സ്കൂളിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന് എല്ലാ സ്കൂളുകൾക്കും വാങ്ങി നൽകിയ കൂട്ടത്തിൽ കരിക്കകം സ്കൂളിനും നൽകിയതാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ

സെക്രട്ടറി മറുപടി നൽകിയപ്പോൾ പൊതുപണത്തിന്റെ ദുർവ്യയമാണ് നടന്നിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. കായിക ഉപകരണങ്ങൾ നൽകുന്നതിനായി ലക്ഷങ്ങൾ ചെലവഴിക്കുന്നു എന്ന പരാമർശത്തിന്മേലുള്ള വിവരങ്ങൾ സമിതി മുമ്പാകെ നേരിട്ട് ബോധിപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് നോട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കരിക്കകം സ്കൂളിന് മാത്രമേ പ്രശ്നമുള്ളൂവെന്ന് നഗരസഭാ സെക്രട്ടറി വിശദീകരിച്ചു. കരിക്കകം സ്കൂളിന് ആവശ്യമില്ലാത്ത സ്പോർട്സ് ഉപകരണങ്ങൾ സമീപത്തുള്ള മറ്റ് ഗവൺമെന്റ് സ്കൂളുകൾക്ക് നൽകാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് നൽകാവുന്നതാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. കരിക്കകം സ്കൂളിന് സമീപത്തുള്ള മറ്റ് സ്കൂളുകളുടെ കളിസ്ഥലം കരിക്കകം സ്കൂളിലെ കുട്ടികൾക്കുകൂടി ഉപയോഗിക്കാൻ സാധിക്കുമോയെന്ന സമിതിയുടെ തുടർന്നുള്ള ചോദ്യത്തിന് കരിക്കകം സ്കൂളിന് സമീപത്തായി ഏതെല്ലാം സ്കൂളുകളാണുള്ളതെന്ന് പരിശോധിക്കാമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി .

108. പ്രസ്തുത വിഷയം സ്ഥലം എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്തി കരിക്കകം ഗവൺമെന്റ് സ്കൂളിന് കളിസ്ഥലം കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

109. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

110. നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ ഗവൺമെന്റ് ടി.ടി.ഐ. മണക്കാട് മാതൃക സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ആയതിന്മേൽ പ്രത്യേക പരാമർശമില്ലായെന്ന് നിരീക്ഷിച്ചു.

111. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

112. കൽപ്പറ്റ നഗരസഭ - സെപ്റ്റ്- വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീവപങ്കാളികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി അടിയന്തരമായി ഓഡിറ്റ് വിഭാഗത്തിനും സമിതിക്കും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

113. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കോയിക്കൽ സ്ഥിതി ചെയ്യുന്നത് റസിഡൻഷ്യൽ ഏരിയയിലായതിനാൽ കളിസ്ഥലം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി. കോർപ്പറേഷന്റെ വകയായി സ്ഥലം കണ്ടെത്തി ഒന്നിലേറെ സ്കൂളുകൾക്കായി മിനി സ്റ്റേഡിയം നിർമ്മിച്ച് നൽകണമെന്ന ആവശ്യം നഗരസഭാ പരിധിയിലെ സ്കൂളുകൾ ഉന്നയിക്കുന്നുണ്ടെങ്കിലും നഗരസഭയുടെ ഭാഗത്തുനിന്നും പ്രതികരണം ലഭിക്കുന്നില്ലെന്ന് പല സ്കൂൾ അധികൃതരും

അഭിപ്രായപ്പെട്ടു എന്നാണ് പരാമർശത്തിൽ പറയുന്നതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കോർപ്പറേഷൻ പരിധിയിലെ സ്കൂൾ കുട്ടികൾക്ക് ഹോക്കിയിൽ പരിശീലനത്തിനും മത്സരങ്ങൾക്കും ഉപയോഗപ്രദമായ തരത്തിൽ ഉന്നത നിലവാരത്തിലുള്ള ഹോക്കി സ്റ്റേഡിയം കോർപ്പറേഷൻ പരിധിയിൽ നിർമ്മിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകൾക്കും സ്റ്റേഡിയം സൗജന്യമായി ഉപയോഗിക്കാവുന്നതാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

114. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

115. കൊല്ലം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിലെ ബാസ്കറ്റ് ബോൾ കോർട്ടിന്റെ കോൺക്രീറ്റ് തറ ഇളകിയ നിലയിലാണെന്നും ഓഡിറ്റ് പരാമർശത്തെ തുടർന്ന് സ്ഥലം സന്ദർശിച്ച് പരിശോധിച്ചപ്പോഴാണ് ഇത് ശ്രദ്ധയിൽപ്പെട്ടതെന്നും അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സ്കൂളിൽ നിർമ്മിച്ച ഫുട്ബോൾ കോർട്ട് ഉപയോഗിച്ചുവരുന്നുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി.

116. സ്കൂളിൽ കായികാധ്യാപകൻ ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഉണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. ബാസ്കറ്റ് ബോൾ കോർട്ട് ഉപയോഗയോഗ്യമാണെങ്കിലും കായികാധ്യാപകൻ ഇല്ലാത്തതിനാൽ ഉപയോഗിക്കുന്നില്ലെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതെന്ന് സമിതി വ്യക്തമാക്കിയപ്പോൾ നിലവിൽ സ്കൂളിൽ കായികാധ്യാപകനുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. സ്കൂളുകളിൽ ഏതെങ്കിലും പ്രത്യേക കായിക ഇനത്തിനായി തസ്തിക അനുവദിക്കാറില്ലെന്നും കായികാധ്യാപക തസ്തിക പൊതുവായാണ് അനുവദിക്കുന്നതെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി.

117. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

118. വാഴപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ കളിസ്ഥലം ഉപയോഗയോഗ്യമാക്കാൻ സാധിക്കാത്തതിന് കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന്, സ്കൂളിന്റെ രണ്ട് ഏക്കറോളം വരുന്ന കളിസ്ഥലത്തിനോട് ചേർന്ന് ഒരു കുളം സ്ഥിതിചെയ്യുന്നുണ്ടെന്നും 2011-12-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 11 ലക്ഷത്തോളം രൂപ ചെലവഴിച്ച് കളിസ്ഥലത്തിന്റെ കുറച്ചുഭാഗം മണ്ണിട്ട് നികത്തിയിട്ടുണ്ടെന്നും കുളം സൈഡ് കെട്ടി സംരക്ഷിച്ച് കളിസ്ഥലത്തിന്റെ ബാക്കി ഭാഗം ചുറ്റുമതിൽ കെട്ടി 75 സെന്റീമീറ്ററോളം മണ്ണ് ഫില്ലിങ് നടത്തിയാൽ മാത്രമേ അവിടം ഉപയോഗപ്രദമാക്കാൻ സാധിക്കുവെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

119. അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ പുനർനിർമ്മിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കളിസ്ഥലത്തിൽ മണ്ണ് ഫില്ലിങ്ങിനും ചുറ്റുമതിൽ പുനർനിർമ്മാണത്തിനുമായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും എം.എൽ.എ. ഫണ്ടിനായി ചങ്ങനാശ്ശേരി എം.എൽ.എ.-യുമായി വിഷയം ചർച്ച ചെയ്തിട്ടുണ്ടെന്നും ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന്

സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

120. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കളിസ്ഥലങ്ങൾ - വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി.സ്കൂൾ, തിരുവനന്തപുരം നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

121. തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലത്തെ ചുറ്റുമതിലിന്റെ പൊളിഞ്ഞഭാഗം പുനർനിർമ്മിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

122. കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ.പി.സ്കൂൾ, മണിയാറ്റ് ഗവൺമെന്റ് യു.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

123. കരിക്കകം സ്കൂളിൽ മതിയായ സ്ഥലമില്ലാത്തതിനാൽ കളിസ്ഥലം ഇല്ലാത്ത സ്കൂളിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന് എല്ലാ സ്കൂളുകൾക്കും വാങ്ങി നൽകിയ കൂട്ടത്തിൽ കരിക്കകം സ്കൂളിനും നൽകിയതാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകിയപ്പോൾ പൊതുപണത്തിന്റെ ദുർവ്യയമാണ് നടന്നിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി കരിക്കകം സ്കൂളിന് ആവശ്യമില്ലാത്ത സ്പോർട്സ് ഉപകരണങ്ങൾ സമീപത്തുള്ള മറ്റ് ഗവൺമെന്റ് സ്കൂളുകൾക്ക് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുവാനും കരിക്കകം ഗവൺമെന്റ് സ്കൂളിന് കളിസ്ഥലം കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

124. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ദേശീയതാരങ്ങളെ സൃഷ്ടിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലാപഞ്ചായത്തിലെ തേങ്കുറിശ്ശി ഗവ.ഹയർ സെക്കണ്ടറി സ്കൂളുമായും, കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

125. കൽപ്പറ്റ നഗരസഭ - സെപ്റ്റ്- വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീവപങ്കാളികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

126. കൊല്ലം കോർപ്പറേഷൻ പരിധിയിലെ സ്കൂൾ കുട്ടികൾക്ക് ഹോക്കിയിൽ പരിശീലനത്തിനും മത്സരങ്ങൾക്കും ഉപയോഗപ്രദമായ തരത്തിൽ

ഉന്നതനിലവാരത്തിലുള്ള ഹോക്കി സ്റ്റേഡിയം കോർപ്പറേഷൻ പരിധിയിൽ നിർമ്മിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകൾക്കും സൗജന്യമായി സ്റ്റേഡിയം ഉപയോഗിക്കാവുന്നതാണെന്നും കൊലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുന്നു. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കളിസ്ഥലം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

127. കൊല്ലം ഗവ.ബോയ്സ് ഹൈസ്കൂളിൽ നിർമ്മിച്ച ഫുട്ബോൾ കോർട്ട് ഉപയോഗിച്ചുവരുന്നുവെന്നും ബാസ്കറ്റ് ബോൾ കോർട്ടിന്റെ ഇളകിയ തറഭാഗം ശരിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുവെന്ന കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന്റെ പിഴവുമൂലം കളിസ്ഥലം നശിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കൊല്ലം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

128. വാഴപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ പുനർനിർമ്മിക്കണത്തിന്റെയും കളിസ്ഥലത്തിൽ മണ്ണ് ഫില്ലിങ്ങ് ചെയ്യുന്നതിന്റെയും ചുറ്റുമതിൽ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല

ലൈബ്രറികളുടെയും വായനശാലകളുടെയും ഫലവത്തായ ഇടപെടൽ സമൂഹത്തെ നേർവഴിക്ക് ചിന്തിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ട പ്രധാന ചുമതലകളിലൊന്ന് വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവുമാണ് കുട്ടികളിലെ വായനാശീലം വളർത്തിയെടുക്കുന്നതിന് പ്രധാന പങ്കുവഹിക്കുന്നത് സ്കൂൾ ലൈബ്രറികളും പഞ്ചായത്ത് തലത്തിലുള്ള വായനശാലകളുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. സർക്കുലർ നമ്പർ 6352/ഡി.പി.1/2006/തസ്വഭവ 24.02.06 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് യു.പി./ഹൈസ്കൂളിലെ ലൈബ്രറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കാവുന്നതും, നിലവിലുള്ള മുറി നവീകരിക്കാവുന്നതും അനുബന്ധ സൗകര്യങ്ങൾ (മേശ, റാക്ക്, അലമാര, കസേര, എൽ.സി.ഡി, ഇന്റർനെറ്റ് തുടങ്ങിയവ) വാങ്ങാവുന്നതുമാണ്. എന്നാൽ ഭൂരിഭാഗം സ്കൂളുകളിലും ലൈബ്രറി പ്രത്യേകമായി പ്രവർത്തിക്കുന്നില്ല. ഓഫീസിന്റെയോ സ്റ്റാഫ് റൂമിന്റെയോ ഭാഗമായി അലമാരയിൽ പുസ്തകങ്ങൾ അടുക്കിയിട്ടുണ്ടെങ്കിലും ശാസ്ത്രീയമായി പുസ്തകങ്ങൾ തരം തിരിച്ച്

ക്രമീകരിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യങ്ങളോ ഫർണിച്ചർ സൗകര്യമോ മിക്ക സ്കൂളുകളിലും ഇല്ല. ലൈബ്രറി പ്രവർത്തിക്കുന്നത് ഓഫീസ് മുറി, ക്ലാസ്സ് മുറി, സ്റ്റാഫ് റൂം എന്നിവിടങ്ങളിലാണ്. വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക പദ്ധതികളും സ്കൂളുകളിൽ നടപ്പാക്കുന്നില്ല.

പ്രത്യേക ലൈബ്രറി റൂമിന്റെ അഭാവം, സ്ഥിരം ലൈബ്രേറിയന്റെ സേവനം ലഭ്യമല്ലാത്തത്, പുസ്തകങ്ങളുടെ കുറവ്, പുസ്തകങ്ങൾ ശാസ്ത്രീയമായി തരംതിരിക്കാത്തത്, വായനാമൂല ഇല്ലാത്തത് എന്നിവയെല്ലാം സ്കൂൾ ലൈബ്രറികൾ നേരിടുന്ന പ്രശ്നങ്ങളാണ്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റെയും അതിപ്രസരം നിമിത്തം വായനാശീലം അന്യമായി പോയ ഇന്നത്തെ കാലഘട്ടത്തിൽ,പുതുതലമുറയിൽ വായനാശീലം വളർന്നുതുന്നതിനായി നിലവാരമുള്ള പുസ്തകങ്ങളും, ആധുനിക സൗകര്യങ്ങളുള്ള ലൈബ്രറികളും വിദ്യാലയങ്ങളിൽ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികൾക്ക് പ്രയോജനപ്പെടുത്താനാകാത്ത സ്കൂൾ ലൈബ്രറി

തിരുവനന്തപുരം നഗരസഭയുടെ അധിനതയിലുള്ള കരമന ഗവൺമെന്റ് ഹൈസ്കൂൾ(ബോയ്സ്)ൽ ധാരാളം പുസ്തകങ്ങളുണ്ടെങ്കിലും ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. തടി അലമാരകളിൽ പുസ്തകങ്ങൾ വാരി നിറച്ച അവസ്ഥയിലാണ്. കുട്ടികൾക്ക് പുസ്തകങ്ങൾ സൗകര്യപ്രദമായി തെരഞ്ഞെടുക്കുവാനോ, ഇരുന്നു വായിക്കുവാനോ ഉള്ള സൗകര്യങ്ങൾ ഇവിടെയില്ല. അതുകൊണ്ട് തന്നെ സ്കൂൾ ലൈബ്രറി കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ലൈബ്രറിയുടെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി നഗരസഭ യാതൊരു പദ്ധതികളും നടപ്പാക്കിയിട്ടില്ല.

ലൈബ്രറി പുനരുദ്ധാരണ പ്രവൃത്തി നടത്താത്തതിനാൽ പുസ്തകങ്ങൾ നശിക്കുന്നു

കൊല്ലം നഗരസഭയിലെ മങ്ങാട് ഗവൺമെന്റ് എച്ച്.എസ്.എസ്.ൽ യഥാസമയം പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനാൽ പതിനായിരത്തിലധികം പുസ്തകങ്ങൾ സൂക്ഷിക്കുന്ന ലൈബ്രറി റൂം ചോർന്നൊലിച്ച് പുസ്തകങ്ങൾ നശിക്കുന്ന അവസ്ഥയിലാണ്. വർഷങ്ങൾ പഴക്കമുള്ള അപൂർവ്വ ഗ്രന്ഥങ്ങൾ പോലും ഇത്തരത്തിൽ നശിക്കുവൻ ഇടയാകുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.10]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

129. കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ റീഡിങ് റൂം ഏർപ്പെടുത്താത്തതിന് കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് സ്കൂളിലെ ലൈബ്രറി സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റിയിട്ടുണ്ടെന്നും എന്നാൽ അവിടെ റീഡിങ് റൂം ഏർപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യമില്ലാത്തതിനാൽ കുട്ടികൾ ക്ലാസ് മുറികളിൽ പുസ്തകങ്ങൾ കൊണ്ടുപോയി വായിക്കുന്ന സാഹചര്യമാണ്

നിലവിലുള്ളതെന്നും ടി വിഷയം വർക്കിങ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താമെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

130. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

131. കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ റീഡിങ് റൂം ഏർപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യമില്ലാത്തതിന് പരിഹാരം കണ്ടെത്തി ആയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

132. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ലൈബ്രറി പുനരുദ്ധാരണ പ്രവൃത്തി നടത്താത്തതിനാൽ പുസ്തകങ്ങൾ നശിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പ്രൈമറി/സെക്കന്ററി/ഹയർ സെക്കന്ററി സ്കൂളുകളിൽ വിവിധ ലാബോറട്ടറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ലാബോറട്ടറികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന് 22.03.07 ലെ 9484/പി.1/07/തസ്വഭവ, 21.05.09-ലെ 5621/എഫ്.എം.1/2009/തസ്വഭവ നമ്പർ സർക്കുലറുകൾ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ ലാബോറട്ടറി സ്ഥാപിക്കുന്നതിന് തുക വകയിരുത്തുകയോ ചെലവാക്കുകയോ ചെയ്യുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ആറ്റിങ്ങൽ ജി.എച്ച്.എച്ച്.എസ്.ലെ കെമിസ്ട്രി, ഫിസിക്സ് ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങളും, ഭൗതികസാഹചര്യങ്ങളും ഇല്ല. ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന കെമിസ്ട്രി ലാബിൽ രാസപരീക്ഷണങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളൊന്നും തന്നെ സജ്ജീകരിച്ചിട്ടില്ല. ഫിസിക്സ് ലാബിലെ ഉപകരണങ്ങൾ സൂക്ഷിക്കുന്നത് സ്റ്റാഫ് റൂമിലാണ്. ലാബ് സൗകര്യങ്ങളുടെ അഭാവത്തിൽ ഉപകരണങ്ങൾ ക്ലാസ്സുകളിലെത്തിച്ച് പ്രവർത്തിപ്പിക്കുന്നു. ഹയർ സെക്കന്ററിക്ക് വേണ്ടി എല്ലാ സൗകര്യങ്ങളോടും കൂടിയുള്ള ബ്ലോക്ക് ഇല്ലാത്തത് അസൗകര്യങ്ങൾ ഉണ്ടാക്കുന്നു. പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തി സ്കൂളുകളുടെ ഭാഗമാക്കിയെങ്കിലും കോളെജുകളിൽ ലഭ്യമായിരുന്ന ലാബ്

സൗകര്യങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. ഇത് പ്ലസ്ടു പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിലെ ഒരു സ്കൂളിലും സയൻസ് ലാബുകൾ കാര്യക്ഷമമല്ല. ഇവയ്ക്കായി പ്രത്യേക മുറിയും പ്രദർശന സംവിധാനങ്ങളുമില്ല. ലാബിനായി ലഭിച്ച വസ്തുക്കൾ അലമാരകളിൽ നിറച്ചിരിക്കുന്നു. രാസപരീക്ഷണങ്ങൾ നടത്തുന്നത് ക്ലാസ്സുകളിലാണ്.

കൊല്ലം ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള പല ഹയർ സെക്കന്ററി സ്കൂളുകളിലും ലാബ് സൗകര്യങ്ങളില്ല. അപ്പർ പ്രൈമറി മുതൽ വൊക്കേഷണൽ ഹയർ സെക്കന്ററി വരെ പ്രവർത്തിക്കുന്ന ചെറിയഴീക്കൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിലാണ് വൊക്കേഷണൽ ഹയർസെക്കണ്ടറി ലാബും ഹൈസ്കൂൾ ലാബും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത്.

ഒന്നാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെ പ്രവർത്തിക്കുന്ന ഗവൺമെന്റ് എഫ്.എച്ച്.എസ്.എസ്.കുഴിത്തുറയിൽ എല്ലാ ലാബ് ഉപകരണങ്ങളും സൂക്ഷിച്ചിരിക്കുന്നത് ചോർന്നൊലിക്കുന്ന മുറിയിലാണ്.

മൺട്രോതുരുത്ത് ഗ്രാമപഞ്ചയത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായ പെരുങ്ങാലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്കുള്ള ലാബ് ഉപകരണങ്ങളും ഇതര പഠന സാമഗ്രികളും ഒരു മുറിക്കുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ലാബ് പ്രവർത്തിപ്പിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഇല്ലാത്തതിനാൽ പരീക്ഷണങ്ങൾ ക്ലാസ്സ് മുറകളിൽ വച്ചാണ് നടത്തുന്നത്.

പ്രവർത്തന സജ്ജമാകാത്ത ജലഗുണനിലവാര പരിശോധനാ ലാബുകൾ – പ്രയോജനരഹിതമായത് ലക്ഷങ്ങളുടെ ഉപകരണങ്ങൾ

കേരള ശുചിത്വമിഷൻ ഹയർ സെക്കന്ററി സ്കൂളുകൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രാദേശിക ജലഗുണനിലവാര പരിശോധനയ്ക്കായി കൊല്ലം ജില്ലാപഞ്ചായത്ത് 2010-11 ൽ നടപ്പാക്കിയ 'ഹയർ സെക്കന്ററി സ്കൂളുകളിലെ ലാബ് സജ്ജമാക്കൽ ' എന്ന പ്രോജക്ട പ്രകാരം ഒരു സ്കൂളിന് ലാബ് ഉപകരണങ്ങൾ വാങ്ങാൻ 3 ലക്ഷം രൂപ വീതം കണക്കാക്കി വികസന ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി. പുന്നല ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് വാങ്ങിയ 3 ലക്ഷം രൂപയുടെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തവിധം ഉപയോഗശൂന്യമായി കൂട്ടിയിട്ടിരിക്കുകയാണ്.

മുട്ടറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ജലഗുണനിലവാര പരിശോധനയ്ക്കുള്ള ഉപകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ലാബ് ഭാഗികമായി മാത്രമേ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുള്ളൂ. ലാബ് ഉപകരണങ്ങളിൽ ഉൾപ്പെടുന്ന ഓട്ടോ ക്ലേവ് നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ബാക്ടീരിയോളജിക്കൽ ഇൻകുബേറ്ററും പ്രവർത്തനരഹിതമാണ്. ലാബ് പ്രവർത്തിക്കുവാൻ ആവശ്യമായ കെട്ടിട സൗകര്യം ഇല്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാപഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിരുന്നതാണ്. കെട്ടിടമോ അനുബന്ധ സൗകര്യങ്ങളോ

ലഭ്യമല്ലെന്നിരിക്കെയാണ് ലാബ് സജ്ജീകരണത്തിനും ഉപകരണങ്ങൾക്കുമായി ഇത്രയും തുക ചെലവഴിച്ചത്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.11]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ, കിഴുവിലം ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

134. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിലെയും ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ, കുഴിത്തുറ എന്നീ സ്കൂളുകളിലെയും മൺട്രോത്തുരുത്ത് പഞ്ചായത്തിലെ പെരുങ്ങാലം സ്കൂൾ എന്നിവയുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

135. പുന്നല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മുട്ടറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ ജലഗുണനിലവാര പരിശോധനാ ലാബുകൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രാഥമിക പരിശീലനം നേടിയ അധ്യാപകരുടെ സഹായത്തോടെ സമീപത്തെ കിണറുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിരുന്നെങ്കിലും പരിശീലനം നേടിയ അധ്യാപകർ ട്രാൻസ്ഫർ ആകുന്നത് ലാബിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്നും 26-08-2024-ന് കേരള വാട്ടർ അതോറിറ്റിയുടെ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിലെ അസിസ്റ്റന്റ് എഞ്ചിനീയർ ലാബ് പരിശോധിച്ച് നിലവിലുള്ള കെമിസ്ട്രി വിഭാഗം അധ്യാപകന് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

136. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ, കിഴുവിലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലാ പഞ്ചായത്തിലെ ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ, കുഴിത്തുറ എന്നീ സ്കൂളുകളിലെയും മൺട്രോത്തുരുത്ത് പഞ്ചായത്തിലെ പെരുങ്ങാലം സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

137. പുന്നല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മുട്ടറ ഗവൺമെന്റ് ഹയർ

സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ ജലഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല

വിദ്യാഭ്യാസരംഗത്തിന്റെ മുഖഛായ മാറ്റുന്നതിനും മെച്ചപ്പെട്ട വിദ്യാഭ്യാസം കുറഞ്ഞ ചെലവിൽ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുമായി വിദ്യാഭ്യാസ വകുപ്പ് വിവരസാങ്കേതിക വിദ്യാ പ്രയോജനപ്പെടുത്തി പല പദ്ധതികളും 2001 മുതൽ തന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവയാണ് ഐ.ടി.@സ്കൂൾ, ഐ.സി.റ്റി.മുതലായവ. ഈ പദ്ധതികൾ വഴി ഐ.ടി.മേഖലയിലെ പ്രാവീണ്യം മാത്രമല്ല, മറ്റ് പാഠ്യവിഷയങ്ങളിൽ കൂടി ഐ.ടി.വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിക്കുന്നു. 12-ാം പദ്ധതി മാർഗ്ഗരേഖയിലെ ജി.ഒ(എം.എസ്) 248/2012/തസ്വഭവ 29.09.2012 പ്രകാരം സർക്കാർ സ്കൂളുകളിൽ ഐ.ടി.@സ്കൂൾ പ്രോജക്ടുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതിലേയ്ക്കായി സ്കൂളുകളിൽ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ്സ് റൂമുകൾ, തീയറ്ററുകൾ തുടങ്ങിയവ സജ്ജമാക്കുക, വിക്ടേഴ്സ് എഡ്യൂക്കേഷൻ ചാനൽ, എഡ്യുസാറ്റ് നെറ്റ്‌വർക്ക് എന്നിവ ലഭ്യമാക്കുക തുടങ്ങിയ പ്രവൃത്തികൾ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതാണ്.

പ്രൈമറിതലം മുതൽ തന്നെ കമ്പ്യൂട്ടർ പഠനം ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം സ്കൂളുകളിലും അതിന്റെ അടിസ്ഥാനപരമായ പ്രായോഗികപരിശീലനം നൽകുന്നതിന് സംവിധാനമില്ല. തെരഞ്ഞെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പരിശോധനയിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകളും ഇന്റർനെറ്റ്, പ്രൊജക്ടർ, സ്ക്രീൻ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബും ഭൂരിഭാഗം സ്കൂളുകളിലും ഇല്ല എന്ന് വ്യക്തമായി. സ്കൂളുകളിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ പലതും പ്രവർത്തനക്ഷമമല്ല. മതിയായ പരിശീലനമോ, സാങ്കേതിക പരിജ്ഞാനമോ ഇല്ലാത്ത അദ്ധ്യാപകരാണ് ഭൂരിഭാഗം സ്കൂളുകളിലും കമ്പ്യൂട്ടർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളിൽ ഇല്ല. മിക്ക സ്കൂളുകളിലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടില്ല. ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ നീക്കം ചെയ്യാതെ കൂട്ടിയിട്ട നിലയിലും, റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നവ അതിനുള്ള നടപടികൾ സ്വീകരിക്കാതെ പ്രവർത്തനരഹിതമായി കിടക്കുന്നതായും കാണപ്പെട്ടു.

ആധുനിക ലോകത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസവും വിവരസാങ്കേതിക വിദ്യയും ഒഴിച്ചുകൂടാൻ പറ്റാത്ത അവസ്ഥയുള്ളപ്പോൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.

വിദ്യാലയങ്ങളിലെ കമ്പ്യൂട്ടർ സംവിധാനങ്ങൾ

ജില്ല	തസ്വഭവ സ്ഥാപനം	സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം	കമ്പ്യൂട്ടർ ലാബ്	കമ്പ്യൂട്ടറുകളുടെ എണ്ണം	പ്രവർത്തന ക്ഷമമായവ	കമ്പ്യൂട്ടർ പരിശീലനം നടത്താൻ പ്രത്യേക അദ്ധ്യാപകർ
എറണാകുളം	ആലുവ മുനിസിപ്പാലിറ്റി	ഗവ:ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ	720	ഉണ്ട്	15	15	ഇല്ല
		ഗവ:ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ	435	ഉണ്ട്	9	9	ഇല്ല
		ഗവ:എൽ.പി.സ്കൂൾ, നങ്കി	112	ഇല്ല	4	1	ഇല്ല
വയനാട്	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്	ഗവ:യു.പി.സ്കൂൾ തരുവണ	714		17	17	-
		ഗവ:എൽ.പി.സ്കൂൾ, പിച്ചംകോട്	139	ഉണ്ട്	2	2	-
	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	ഗവ:എൽ.പി.സ്കൂൾ	413	ഇല്ല	4	4	-
	നെന്മേനി ഗ്രാമപഞ്ചായത്ത്	ഗവ:എൽ.പി.എസ്. കന്താണി	95	ഇല്ല	2	2	-
കാസർഗോഡ്	കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്	എ.യു.പി.സ്കൂൾ, ബിരിക്കുളം	281	ഉണ്ട്	4	2	പി.റ്റി.എ. നിയമിച്ച അധ്യാപകൾ
		എസ്. കെ.ജി.എം.എ.യു.പി. സ്കൂൾ, കമ്പളപ്പള്ളി	442	ഉണ്ട്	6	4	പി.റ്റി.എ. നിയമിച്ച അധ്യാപകൾ
	കാറഡുക്ക ഗ്രാമപഞ്ചയാത്ത്	എ.യു.പി.സ്കൂൾ, മുള്ളേരിയ	369	ഉണ്ട്	4	2	പി.റ്റി.എ. നിയമിച്ച അധ്യാപകൾ
		എ.യു.പി.സ്കൂൾ, കുണ്ടാർ	273	ഇല്ല	6	0	ഇല്ല
		എസ്.ജി.എ.എ.എൽ.പി. സ്കൂൾ മുള്ളേരിയ	168	ഇല്ല	1	1	ഇല്ല

അടിസ്ഥാന സൗകര്യങ്ങളില്ല - കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കൂട്ടി ഇട്ടിരിക്കുന്നു

കൊല്ലം നഗരസഭ പരിധിയിലുള്ള എല്ലാ ഹയർ സെക്കന്ററി, യു.പി.സ്കൂളുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. 2010-11, 2011-12, 2012-13 വർഷങ്ങളിൽ വികസന ഫണ്ടിൽ നിന്നും 33,53,536/- രൂപ വിനിയോഗിച്ച് സ്കൂളുകൾക്ക് കമ്പ്യൂട്ടറുകളും അനുബന്ധ

ഉപകരണങ്ങളും നഗരസഭ പദ്ധതിപ്രകാരം വാങ്ങിയിട്ടുണ്ട്. ഇതിനുപരിയായി എസ്.എസ്.എ.ഫണ്ട്, ഐ.ടി.@സ്കൂൾ ഫണ്ട്, എം.പി.ഫണ്ട് തുടങ്ങിയവ ഇതര ഫണ്ടുകൾ വിനിയോഗിച്ചും വിദ്യാലയങ്ങൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. പര്യാപ്തമായ എണ്ണം കമ്പ്യൂട്ടറുകൾ ഓരോ വിദ്യാലയത്തിലുമുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ സൂക്ഷിക്കുന്നതിനും ലാബ് സജ്ജീകരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഭൂരിഭാഗം വിദ്യാലയങ്ങളിലുമില്ല.

സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതല്ലാതെ അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതായി കാണുന്നില്ല. വെസ്റ്റ് കൊല്ലം ഹയർ സെക്കന്ററി സ്കൂളിൽ ഉപയോഗിക്കാൻ കഴിയാതെ കേടുവന്ന കമ്പ്യൂട്ടറുകൾ സൂക്ഷിക്കാൻ സൗകര്യമില്ലാത്തതിനാൽ കൂട്ടിയിട്ടിരിക്കുന്ന രീതിയിലാണ് കാണപ്പെട്ടത്.

മികച്ച നിലവാരത്തിലുള്ള കമ്പ്യൂട്ടർ ലാബ്

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഏറത്തുമ്പമൺ ഗവൺമെന്റ് യു.പി.സ്കൂളിന് വളരെ മികച്ച നിലവാരത്തിലുള്ള കമ്പ്യൂട്ടർ ലാബാണുള്ളത്. 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും 5 ലാപ്ടോപ്പുകളും ഉള്ള ലാബിൽ ഒരു എൽ.സി.ഡി.പ്രൊജക്ടറും ഒരു പ്രിന്റർ ഫോട്ടോസ്റ്റാറ്റ് മെഷീനും ഉണ്ട്. കമ്പ്യൂട്ടർ മുഖേന കുട്ടികളെ പഠിപ്പിക്കാനുതകുന്ന വൈജ്ഞാനിക സി.ഡി.കളുടെ ഒരു ശേഖരം തന്നെ കമ്പ്യൂട്ടർ ലാബിലുണ്ട്. കൂടാതെ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യവും, ടെലഫോൺ സൗകര്യവും സ്കൂളിനുണ്ട്. ഇത് മറ്റ് വിദ്യാലയങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.12]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

138. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലുവ മുനിസിപ്പാലിറ്റി, വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

139. വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ വയനാട് ജില്ലയിലെ വെള്ളമുണ്ട, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

140. കൊല്ലം നഗരസഭയിലെ വെസ്റ്റ് കൊല്ലം ഹയർ സെക്കണ്ടറി സ്കൂളിൽ ഉപയോഗപ്രദമായ കമ്പ്യൂട്ടറുകൾ ക്ലാസ് മുറികളിൽ കൂട്ടിയിട്ടിരിക്കുന്നത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന് District Resource Centre-ന്റെ പരിശീലന പരിപാടി പ്രവർത്തിച്ചുവന്നത് വെസ്റ്റ് കൊല്ലം ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നുവെന്നും പ്രോജക്ടിന്റെ ഭാഗമായി ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകൾ ഭാവിയിൽ ഉപയോഗയോഗ്യമാക്കാൻ സാധിക്കില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇ-

വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം വഴി ഒഴിവാക്കിയിട്ടുണ്ടെന്നും ഉപയോഗപ്രദമായ കമ്പ്യൂട്ടറുകളൊന്നുംതന്നെ അതിലുണ്ടായിരുന്നില്ലെന്നും സ്കൂൾ ആവശ്യത്തിനായി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ടെന്നും വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം പരാമർശം ഒഴിവാക്കുന്നതിൽ തീരുമാനം കൈക്കൊള്ളാമെന്ന് സമിതി തീരുമാനിച്ചു.

141. പത്തനംതിട്ട ജില്ല ചെന്നീർക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ആയതിന്മേൽ പ്രത്യേക പരാമർശമില്ലായെന്ന് നിരീക്ഷിച്ചു.

നിഗമനങ്ങളും ശിപാർശകളും

142. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലുവ മുനിസിപ്പാലിറ്റി, വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ കിനാനൂർ – കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

143. വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്, നെന്മേനി ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

144. District Resource Centre-ന്റെ പരിശീലന പരിപാടി പ്രവർത്തിച്ചുവന്നത് കൊല്ലം നഗരസഭയുടെ വെസ്റ്റ് കൊല്ലം ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നുവെന്നും പ്രോജക്റ്റിന്റെ ഭാഗമായി ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകൾ ഭാവിയിൽ ഉപയോഗയോഗ്യമാക്കാൻ സാധിക്കില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇ-വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം വഴി ഒഴിവാക്കിയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.

145. പത്തനംതിട്ട ജില്ല ചെന്നീർക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ആയതിന്മേൽ പ്രത്യേക പരാമർശമില്ലായെന്ന് നിരീക്ഷിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂളുകളിലെ മാലിന്യസംസ്കരണം അശാസ്ത്രീയം

ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിൽ ശുചിത്വപൂർണ്ണവും മാലിന്യമുക്തവുമായ സ്കൂളുകളുടെ പങ്ക് സുപ്രധാനമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുന്നില്ല .

സ്കൂളുകളിലെ ഭക്ഷണപരിപാടിയുടെ ഭാഗമായി ഓരോ ദിവസവും നൂറുകണക്കിന് പായ്ക്കറ്റ് പാലാണ് വാങ്ങുന്നത്. ഇവയുടെ പ്ലാസ്റ്റിക് കവറുകളും ഉച്ചഭക്ഷണ പരിപാടിയുടെ അവശിഷ്ടങ്ങളും സംസ്കരിക്കുവാൻ സംവിധാനമില്ല. അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയില്ലെങ്കിൽ പകർച്ചവ്യാധികളും ആരോഗ്യ പ്രശ്നങ്ങളും പടർന്ന് പിടിക്കുന്നതിന് ഇടയാക്കിയേക്കാം.

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ സ്കൂളുകളിൽ മാലിന്യങ്ങൾ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പിറ്റുകൾ നിർമ്മിച്ച് അതിൽ നിക്ഷേപിച്ചു വരുകയാണ് ചെയ്യുന്നത്. ഇതു കാരണം സ്കൂൾ പരിസരം വൃത്തിഹീനവും ദുർഗന്ധപൂരിതവുമായി മാറിയിരിക്കുന്നു. ജൈവ അജൈവ മാലിന്യങ്ങൾ ഒരുമിച്ച് പിറ്റുകളിൽ നിക്ഷേപിക്കപ്പെടുന്നു. മാലിന്യസംസ്കരണത്തിന് മുനിസിപ്പാലിറ്റിയോ സ്കൂൾ പി.റ്റി.എ.യോ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്കൂളുകൾ പ്ലാസ്റ്റിക് മുക്തമാക്കേണ്ടതും അനിവാര്യമാണ്.

തിരുവനന്തപുരം നഗരസഭയിലെ ഗവൺമെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണത്തിനായി കെ.എസ്.യു.ഡി.പി.യിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയുടെ വിളപ്പിൽശാലയിലുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ യൂണിറ്റ് 2011 ഡിസംബറിൽ അടച്ചുപൂട്ടിയതോടെ നഗരത്തിലെ മാലിന്യശേഖരണവും സംസ്കരണവും നിലയ്ക്കുകയും തുടർന്ന് ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. ബദൽ സംവിധാനങ്ങളുടെഅഭാവത്തിൽ, നഗരത്തിൽ ലഭ്യമായ സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്ന പ്രവണതയാണുള്ളത്. ഇപ്രകാരം നഗരത്തിലെ പല സ്കൂളുകളുടെയും കോമ്പൗണ്ടിൽ മാലിന്യങ്ങൾ കുന്നുകൂടാൻ ഇടയാകുന്നു.

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഇവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരു സ്കൂളിലും നിലവിലില്ല. സ്കൂൾ കോമ്പൗണ്ടുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നത് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2, 5.2.4.13]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

145. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ജി.എൽ.പി.എസ്., ഗവൺമെന്റ് എൽ.പി.എസ്., മേലാറ്റിങ്ങൽ ഗവൺമെന്റ് എൽ.പി.എസ്., ആലംകോട് ഗവൺമെന്റ് എൽ.പി.എസ്., പരവൂർകോണം, ആറ്റിങ്ങൽ മോഡൽ ബി.എച്ച്.എസ്.എസ്. ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ആറ്റിങ്ങൽ എന്നിവയുമായും തിരുവനന്തപുരം നഗരസഭയിലെ ഗവൺമെന്റ് മോഡൽ ഹയർസെക്കൻഡറി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർസെക്കൻഡറിസ്കൂൾ, എന്നിവയുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാനായി സമിതി തീരുമാനിച്ചു.

146. ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് 24-08-2024 ന് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

147. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ മാലിന്യസംസ്കരണം അശാസ്ത്രീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ജി.എൽ.പി.എസ്., ഗവൺമെന്റ് എൽ.പി.എസ്., മേലാറ്റിങ്ങൽ ഗവൺമെന്റ് എൽ.പി.എസ്., ആലംകോട് ഗവൺമെന്റ് എൽ.പി.എസ്., പരവൂർകോണം ആറ്റിങ്ങൽ മോഡൽ ബി.എച്ച്.എസ്.എസ്. ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ആറ്റിങ്ങൽ എന്നിവയുമായും തിരുവനന്തപുരം നഗരസഭയിലെ ഗവൺമെന്റ് മോഡൽ ഹയർസെക്കൻഡറി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർസെക്കൻഡറിസ്കൂൾ, എന്നിവയുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

148. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ബോധിപ്പിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനുകൂടി എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്

വിവിധ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിച്ചു കൊണ്ടിരിക്കുകയാണെന്ന് കാണുന്നു. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ

കടന്നുകയറ്റമാണ് ഈ അവസ്ഥയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും നൂതന അദ്ധ്യയന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ഗ്രാമപഞ്ചായത്ത്, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവ സജീവ പരിഗണന നൽകാത്തതാണ് ഈ അവസ്ഥയ്ക്ക് ഹേതുവായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ വിദ്യാലയങ്ങൾ 2000-മാണ്ട് വരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വന്നിരുന്നു. എന്നാൽ 2000-ന് ശേഷം പൊതുവെയും ലോവർ പ്രൈമറി വിഭാഗത്തിൽ പ്രത്യേകിച്ചും കുട്ടികളുടെ അഥവാ ഡിവിഷനുകളുടെ എണ്ണത്തിലും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിലും കുറവ് അനുഭവപ്പെട്ടിരുന്നു. സ്കൂൾ ബസ്, ഇംഗ്ലീഷ് മീഡിയം എന്നീ സൗകര്യങ്ങളുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, സ്വകാര്യ വിദ്യാലയങ്ങളുടെ കടന്നുകയറ്റം തുടങ്ങിയ കാരണങ്ങൾ ഇതുമായ ബന്ധപ്പെട്ട് എടുത്ത് കാട്ടാനുണ്ട്.

സർക്കാർ വിദ്യാലയങ്ങളിലെ രണ്ട് ദശാബ്ദങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം, ഡിവിഷനുകൾ, ഒന്നാം ക്ലാസ്സ് പ്രവേശനത്തിലെ കുട്ടികളുടെ എണ്ണം എന്നിവ പരിശോധനാവിധേയമാക്കിയതിൽ ചുവടെ പറയുന്ന കാര്യങ്ങളാണ് വ്യക്തമാകുന്നത്.

1. 50% മുതൽ 90% വരെ കുറവാണ് ആകെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ളത്.
2. ഡിവിഷനുകളുടെ എണ്ണത്തിലും 50% കുറവ് വന്നു.
3. 1-ാം ക്ലാസ്സ് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ 50% വരെ കുറവ് സംഭവിച്ചു.

സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചു പൂട്ടൽ ഭീഷണിയിൽ – അടിയന്തിര ഇടപെടൽ അനിവാര്യം

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിൽ സർക്കാർ മേഖലയിൽ നാലും എയ്ഡഡ് മേഖലയിൽ ഒന്നും ലോവർ പ്രൈമറി സ്കൂളുകളാണുള്ളത്. ഇവയിൽ സർക്കാർ മേഖലയിലെ 4 വിദ്യാലയങ്ങളും കുട്ടികളുടെ കുറവ് കാരണം അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

സ്കൂൾ ബസ് സൗകര്യം, ഇംഗ്ലീഷ് മീഡിയം എന്നിവ ഉള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നില്ല എന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു. നഗരസഭയിലെ തന്നെ ടൗൺ യു.പി.എസ്, ഡയറ്റ് യു.പി.എസ്, അവനവൻചേരി ഹൈസ്കൂൾ എന്നിവയോട് ചേർന്നുള്ള പ്രൈമറി വിഭാഗത്തിലും വിദ്യാർത്ഥികൾ കുറവില്ല. ഇവിടങ്ങളിൽ ഓരോ ക്ലസ്സിലും ഒന്നിലധികം ഡിവിഷനും ഇംഗ്ലീഷ് മീഡിയം ക്ലാസ്സും ഉള്ളത് ഡയറ്റ് യു.പി.എസ്, ടൗൺ യു.പി.എസ്. എന്നിവയ്ക്ക് ബസ് ഉള്ളതും പ്രതിപാദ്യമാണ്.

തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം 1000 കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന സ്ഥാനത്ത് ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലായി നൂറിൽ താഴെ കുട്ടികൾ മാത്രമാണുള്ളത്.

സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ

സർക്കാർ മലയാളം മീഡിയത്തിൽ വിദ്യാർത്ഥികൾ കുറയുന്നതും ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതും മിക്ക സർക്കാർ സ്കൂളുകളിലും ദൃശ്യമാണ്. ഉദാഹരണത്തിന് ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂളിൽ യു.പി. വിഭാഗത്തിൽ മലയാളം മീഡിയം മാത്രമാണുള്ളത്. ഇവിടെ 6, 7 ക്ലാസ്സുകളിലായി ആകെ 3 ഡിവിഷനും 29 കുട്ടികളും മാത്രമുള്ളപ്പോൾ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുള്ള ഇതേ സ്കൂളിലെ 8, 9, 10 ക്ലാസ്സുകളിൽ 24 ഡിവിഷനുകളിലായി 964 കുട്ടികൾ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതിനാൽ തന്നെ നഗരസഭയിലെ സർക്കാർ മേഖലയിലെ 4 ലോവർ പ്രൈമറി സ്കൂളുകളിലും കൂടി കുട്ടികളുടെ എണ്ണം 199 മാത്രമാണ്.

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഒരു യു.പി, രണ്ട് ഗവൺമെന്റ് എൽ.പി.സ്കൂളുകളിലെ കഴിഞ്ഞ 5 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്.

സ്കൂൾ	2009	2010	2011	2012	2013
ഗവഃയു.പി.എസ്. മാത്തൂർ	124	108	108	101	82
ഗവഃഎൽ.പി.എസ്. പ്രക്കാനം	71	60	45	46	37
ഗവഃഎൽ.പി.ജി.എസ്. പ്രക്കാനം	28	26	25	13	7

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണ് പഞ്ചായത്ത് യു.പി.സ്കൂൾ, മരുതൂർ. വാഹന സൗകര്യത്തിന്റെ അപര്യാപ്തതമൂലം കുട്ടികളുടെ എണ്ണം ഈ സ്കൂളിൽ തീരെ കുറവാണ്. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി ഓരോ ഡിവിഷനും ആകെ 55 വിദ്യാർത്ഥികളുമാണുള്ളത്. മികച്ച പശ്ചാത്തല സൗകര്യങ്ങളുള്ള ഈ സ്കൂൾ വദ്യാർത്ഥികളുടെ എണ്ണക്കുറവുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലാണ്.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 4 സർക്കാർ സ്കൂളുകളിലും കൂടി 100 ൽ താഴെ വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. അതിനാൽ ഇവ അൺ - ഇക്കണോമിക് സ്കൂളുകളാണ്. 100 വർഷത്തിലധികം പഴക്കമുള്ള ഗവൺമെന്റ് എൽ.പി.ബോയ്സ് സ്കൂളിൽ വെറും 13 കുട്ടികൾ മാത്രമേ ഉള്ളൂ. ഇതിനൊപ്പം ആരംഭിച്ച ഗവൺമെന്റ് എൽ.പി.ഗേൾസ് ഹൈസ്കൂൾ അടച്ചുപൂട്ടപ്പെട്ടതിനെ തുടർന്ന് കാടുകയറി കിടക്കുകയാണ്.

1980 കളിൽ 2400 കുട്ടികളും 37 ഡിവിഷനുമുണ്ടായിരുന്ന അങ്കമാലി പ്രദേശത്തെ തന്നെ മികച്ച സ്കൂളുകളിലൊന്നായ എം.എ.എച്ച്.എസ്. നെടുമ്പാശ്ശേരി എയ്ഡഡ് സ്കൂളിൽ ഇപ്പോൾ 147 വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. സ്കൂളിലെ അധ്യാപകരിൽ ഭൂരിഭാഗവും പ്രൊട്ടക്ടഡ് അധ്യാപകരായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോയി. നിലവിൽ 18-20 ക്ലസ്സ് മുറികൾ പൂട്ടിക്കിടക്കുന്നു. ഇതേ സമയം തൊട്ടടുത്ത അൺ എയ്ഡഡ് സ്കൂളിൽ ഒരു ക്ലാസ്സിൽ 40 നും 50 നും ഇടയിൽ വിദ്യാർത്ഥികൾ പഠിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.14]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

149. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ - അടിയന്തര ഇടപെടൽ അനിവാര്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂൾ, ആറ്റിങ്ങൽ നഗരസഭയിലെ ജി.എൽ.പി.എസ്., ആറ്റിങ്ങൽ ജി.എൽ.പി.എസ്., ആലംകോട്, ജി.എൽ.പി.എസ്., പരവൂർക്കോണം എന്നിവയിന്മേലുള്ള പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

150. ജി.എൽ.പി.എസ്. മേലാറ്റിങ്ങലിൽ സ്കൂൾ ബസ് ലഭ്യമാകാത്തതാണ് കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് കാരണമെന്നാണ് സ്കൂൾ എച്ച്.എം. അഭിപ്രായപ്പെട്ടിട്ടുള്ളതെന്നും ഇതുസംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് പ്രീ പ്രൈമറി മുതൽ അഞ്ചാം ക്ലാസ്സുവരെ ആകെ 41 കുട്ടികളാണ് ജി.എൽ.പി.എസ്. മേലാറ്റിങ്ങലിലുള്ളതെന്നും സ്ഥലം എം.എൽ.എ.-യുമായി ചർച്ച ചെയ്ത് സ്കൂൾ ബസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്നും ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. നടപടി വ്യക്തമാക്കിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

151. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂൾ, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഗവ.യു.പി.എസ്. മാത്തൂർ, ഗവ.എൽ.പി.എസ്. പ്രക്കാനം, ഗവ.എൽ.പി.ജി.എസ്. പ്രക്കാനം, എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് യു.പി.സ്കൂൾ, മരുതൂർ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കീഴിലെ ജി.എൽ.പി.ബി.എസ്. അകപ്പറമ്പ്, ജി.എസ്.വി.എൽ.പി.എസ്. മേയ്ക്കാട്, ജി.എൽ.പി.എസ്. തുരുത്തിശ്ശേരി, ജി.എൽ.പി.എസ്. പൊയ്ക്കാട്ടുശ്ശേരി, എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

152. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ - അടിയന്തര ഇടപെടൽ അനിവാര്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂൾ, ആറ്റിങ്ങൽ

നഗരസഭയിലെ ജി.എൽ.പി.എസ്., ആറ്റിങ്ങൽ ജി.എൽ.പി.എസ്., ആലംകോട്, ജി.എൽ.പി.എസ്., പരവൂർക്കോണം എന്നിവയിന്മേലുള്ള പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

153. ആറ്റിങ്ങൽ നഗരസഭയുടെ കീഴിലുള്ള ജി.എൽ.പി.എസ്. മേലാറ്റിങ്ങലിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് ഒരു കാരണം സ്കൂൾ ബസിന്റെ അപര്യാപ്തതയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആറ്റിങ്ങൽ നഗരസഭയുടെ കീഴിലുള്ള ജി. എൽ.പി.എസ്.മേലാറ്റിങ്ങലിന് സ്കൂൾ ബസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

154. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂൾ, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഗവ.യു.പി.എസ്. മാത്തൂർ, ഗവ.എൽ.പി.എസ്. പ്രക്കാനം, ഗവ.എൽ.പി.ജി.എസ്. പ്രക്കാനം, എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് യു.പി.സ്കൂൾ, മരുതൂറുമായും നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കീഴിലെ ജി.എൽ.പി.ബി.എസ്. അകപ്പറമ്പ്, ജി.എസ്.വി.എൽ.പി.എസ്. മേയ്ക്കാട്, ജി.എൽ.പി.എസ്. തുരുത്തിശ്ശേരി, ജി.എൽ.പി.എസ്. പൊയ്യാട്ടുശ്ശേരി, എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം - ഒരു താരതമ്യം

ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു

കഴിഞ്ഞ 6 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി.എസ്-ൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്.

വർഷം	കുട്ടകളുടെ എണ്ണം
2008	96
2009	84
2010	72
2011	56
2012	55
2013	42

ഭൗതിക സാഹചര്യം വളരെയേറെ മെച്ചപ്പെട്ടിട്ടും സ്കൂളിൽ കുട്ടികൾ കുറയുന്നത് ഗൗരവതരമായ വിഷയമാണ്. മെച്ചപ്പെട്ട ക്ലാസ്സ് മുറികൾ, ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, എൽ.സി.ഡി.പ്രൊജക്ടർ, കുടിവെള്ളം, ടോയ്‌ലെറ്റ്, സീലിംഗ് ഫാനുകൾ തുടങ്ങി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിട്ടും കുട്ടികളെ മാത്രം ആകർഷിക്കാൻ കഴിയുന്നില്ല. വിവിധ തലങ്ങളിലെ അധ്യാപകരുമായും വിദ്യാഭ്യാസ വിദഗ്ധൻമാരുമായും നടത്തിയ ചർച്ചയിൽ താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ് ഗവൺമെന്റ് സ്കൂളിൽ കുട്ടികൾ കുറയുന്നത് എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നത്.

1. അൺ എയ്ഡഡ് സ്കൂളുകളുടെ അതിപ്രസരം – അൺ എയ്ഡഡ്/സി.ബി.എസ്.ഇ.സ്കൂളുകളുടെ അതിപ്രസരം സർക്കാർ സ്കൂളുകളെ സാരമായി ബാധിക്കുന്നു.

2. ഗവൺമെന്റ് സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ഇല്ലാത്തത്.

3. സ്കൂൾ വാഹനത്തിന്റെ അപര്യാപ്തത– പബ്ലിക് ട്രാൻസ്പോർട്ടിനു പകരം സ്കൂൾ വാഹനത്തിൽ കുട്ടികളെ സുരക്ഷിതമായി വിടുവാനുള്ള രക്ഷിതാക്കളുടെ പ്രവണത.

എയ്ഡഡ് സ്കൂളുകളുടെ സ്ഥിതിയും വിഭിന്നമല്ല. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ 3 എയ്ഡഡ് എൽ.പി.സ്കൂളുകളിലും കുട്ടികൾ കുറയുന്നതായാണ് കാണുന്നത്.

	2008	2009	2010	2011	2012	2013
എം.റ്റി.എൽ.പി.എസ്. കോഴഞ്ചേരി	101	98	84	81	66	56
എം.റ്റി.എൽ.പി.എസ്. മേലുകര	36	33	28	20	21	9
എം.റ്റി.എൽ.പി.എസ്. വഞ്ചിത്രമല	49	43	29	24	30	33

വാഹനസൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധന

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ ആകെയുള്ള 8 എൽ.പി. യു.പി. സ്കൂളുകളിൽ 4 സ്കൂളുകൾക്ക് വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കൂളുകളിലാണ് ആകെയുള്ള 1742 കുട്ടികളിൽ 1524 പേരും പഠിക്കുന്നത്.

അനാദായകരമായ സ്കൂളുകൾ

കുട്ടികൾ കുറവായതുകൊണ്ട് അനാദായകരമായി മാറിയ 3392 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഒരു കുട്ടി പോലും ഇല്ലാത്ത 12 സ്കൂളുകൾ ഉള്ളതിൽ 9 ഉം എയ്ഡഡ് മേഖലയിലാണ്. അനാദായകരമായ 3392 സ്കൂളുകളിൽ 1597 എണ്ണം സർക്കാർ മേഖലയിലും ബാക്കി 1795 എണ്ണം എയ്ഡഡ് വിഭാഗത്തിലുമാണ്. മുമ്പ് 100 ൽ താഴെ കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കിയിരുന്നത്. 2003–04 വരെ അനാദായകരമായി മാറിയ സ്കൂളുകൾ സർക്കാർ പൂട്ടിയിരുന്നു. അനാദായകരമായ സ്കൂളുകൾ ഭൂരിഭാഗവും എൽ.പി/യു.പി.വിഭാഗങ്ങളിലാണ്. ഒരു ക്ലാസ്സിൽ 15 കുട്ടികളെങ്കിലും ഇല്ലാത്തവയാണ് ഇപ്പോൾ അനാദായകരമായി

കണക്കാക്കുക.

അനാദായകരമായ സ്കൂളുകളുടെ എണ്ണം – ജില്ല തിരിച്ച്

ക്രമ നം	ജില്ല	സ്കൂളുകളുടെ എണ്ണം
1	തിരുവനന്തപുരം	2591
2	കൊല്ലം	230
3	പത്തനംതിട്ട	421
4	ആലപ്പുഴ	280
5	കോട്ടയം	363
6	ഇടുക്കി	158
7	എറണാകുളം	330
8	തൃശ്ശൂർ	244
9	പാലക്കാട്	185
10	മലപ്പുറം	58
11	കോഴിക്കോട്	277
12	വയനാട്	37
13	കണ്ണൂർ	449
14	കാസർഗോഡ്	101

കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല

പാലക്കാട് നഗരസഭയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അധ്യാപകരും പി.റ്റി.എ.യും നടപടികൾ സ്വീകരിക്കുന്നുണ്ട്. പാഠ്യവിഷയങ്ങളിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതുൾപ്പെടെയുള്ള നടപടികളാണ് സ്കൂൾ അധികൃതർ സ്വീകരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പുസ്തകങ്ങൾ, പഠനോപാധികൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് വാഹനസൗകര്യം നൽകുന്നതിനും മാനേജ്മെന്റുകൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നഗരസഭ ഈ വിഷയത്തിൽ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുട്ടികളുടെ കൊഴിഞ്ഞുപേക്ക് തടയുന്നതിനായി ആവിഷ്ക്കരിച്ച എസ്.എസ്.എ.പദ്ധതി പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ്

റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.15]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

155. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

156. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാഹനസൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധന എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ജി.ഡബ്ല്യു.എൽ.പി.എസ്., ജി.എൽ.പി.എസ്. പൂതന്നൂർ, ജി.എൽ.പി.എസ്. മുണ്ടൂർ എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

157. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

158. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

159. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാഹനസൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധന എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ജി.ഡബ്ല്യു.എൽ.പി.എസ്., ജി.എൽ.പി.എസ്. പൂതന്നൂർ, ജി.എൽ.പി.എസ്. മുണ്ടൂർ എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

160. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടുകൂടി സർക്കാർ സ്കൂളുകളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽപ്പെട്ടതായി. സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, അധ്യാപക/അധ്യാപകേതര ജീവനക്കാർ അവരുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വിലയിരുത്തുക, സർക്കാർ അനുവദിക്കുന്ന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുക, ഉച്ച ഭക്ഷണ വിതരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുക, പഠനോപകരണങ്ങളും, പഠനസഹായികളും വിതരണം ചെയ്യുക, അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, സ്കൂളുകളിൽ കായികാദ്ധ്യയന സംസ്കാരം പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, സ്കൂളുകളുടെ പ്രവർത്തനം ഗുണകരമായി മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെടുന്നതാണ്.

കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. ആവശ്യകത വിലയിരുത്താതെയുള്ള നാമമാത്രമായ വകയിരുത്തൽ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2010-11, 2011-12, 2012-13 വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലക്കായി വകയിരുത്തിയ തുകകളെ സംബന്ധിച്ച ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയംഭരണ സ്ഥാപനം	ജില്ല	വിവിധ മേഖലകൾക്കായുള്ള വകയിരുത്തൽ	വിദ്യാഭ്യാസ മേഖലക്കായുള്ള വകയിരുത്തൽ	
				തുക	ശതമാനം
2010-11	ആറ്റിങ്ങൽ നഗരസഭ	തിരുവനന്തപുരം	61782616	2090820	3.38
2011-12			51001980	3141569	6.96
2012-13			82572528	2441348	2.96
2010-11	പോത്തൻകോട്		21934991	1736640	7.91

2011-12	ഗ്രാമപഞ്ചയത്ത്		27363170	2266968	8.28
2012-13			31692013	1790619	5.65
2010-11	കിഴവിലം ഗ്രാമപഞ്ചായത്ത്		2380712	1726637	7.26
2011-12			29603166	2313507	7.82
2012-13			46212930	1107963	2.39
2010-11	പുനലൂർ നഗരസഭ	കൊല്ലം	32703034	1090000	3.33
2011-12			68011687	827919	1.22
2012-13			85273764	1681098	1.97
2010-11	പാലക്കാട് ജില്ലാപഞ്ചായത്ത്	പാലക്കാട്	21830000	51370000	25
2011-12			304666000	56508000	19
2012-13			262550000	52283000	20

വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായ് പഠിച്ച് അവ പരിഹരിക്കാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല

ഓരോ വർഷവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വകയിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. സർക്കാർ മേഖലയിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനവും ഭൗതിക സാഹചര്യങ്ങുടെ മെച്ചപ്പെടുത്തലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. എന്നാൽ ഈ മേഖലയിൽ വകയിരുത്തുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. 2010-11 മുതൽ 2012-13 വരെ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകകളും സംബന്ധിച്ച വിവരങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

വർഷം	തദ്ദേശസ്വയംഭരണ സ്ഥാപനം	ജില്ല	വിദ്യാഭ്യാസ മേഖലയിൽ വകയിരുത്തിയത്	വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത്	
				തുക	ശതമാനം
2010-11	ആറ്റിങ്ങൽ	തിരുവനന്തപുരം	2090820	1454718	70

2011-12	നഗരസഭ		3141569	2932319	93
2012-13			2441348	2441248	100
2010-11	പുനലൂർ നഗരസഭ	കൊല്ലം	1090000	604221	55.43
2011-12			827919	536621	65
2012-13			1681098	562460	33.46
2010-11	കായംകുളം നഗരസഭ	ആലപ്പുഴ	5791761	3606122	62
2011-12			5269145	3190135	61
2012-13			3907596	1909733	49
2010-11	ചെന്നീർക്കര ഗ്രാമപഞ്ചായത്ത്	പത്തനംതിട്ട	1042318	1028040	99
2011-12			963000	887515	92
2012-13			1099542	1067188	97
2010-11	പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്	തൃശ്ശൂർ	1539877	1141450	74.13
2011-12			2001499	1145649	57.23
11-ാം പദ്ധതി സംക്ഷിപ്തം			9022507	4852637	55.90
2012-13 ആദ്യവർഷം			1058000	611991	57.84
2010-11	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	വയനാട്	2710683	2381597	87.8
2011-12			3990754	3776998	94.6
2012-13			5121960	3055810	59.6
2010-11	ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത്	പാലക്കാട്	1677964	1556483	92.76
2011-12			1675665	637075	38.02
2012-13			1705391	1317746	77.27
2011-12	വണ്ടൂർ ഗ്രാമപഞ്ചായത്ത്	മലപ്പുറം	96117976	7592330	82
2012-13			4624000	3937621	85
2010-11	കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്	കാസർഗോഡ്	2699045	1966645	72
2011-12			3916794	3060760	78
2012-13			3515501	2742243	78

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന് വ്യക്തമാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതി ചെലവിന്റെ 10% ൽ താഴെ മാത്രമാണ് വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തുന്നത്. സർക്കാർ മേഖലയിലെ മിക്ക സ്കൂളുകളും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളൊരുക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസമേഖലയ്ക്കായി നീക്കിവെയ്ക്കപ്പെടുന്ന പരിമിതമായ തുകകൾ പോലും പൂർണ്ണമായും ചെലവഴിക്കാത്ത നടപടി നീതീകരിക്കത്തക്കതല്ല. വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുകകൾ വകയിരുത്തുന്നതിനും അവ പൂർണ്ണമായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.
[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.16]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

161. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കൊല്ലം ജില്ലയിലെ പുനലൂർ എന്നീ നഗരസഭകളുമായും പാലക്കാട് ജില്ലാ പഞ്ചായത്തുമായും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

162. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് 24-08-2024-ന് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് എത്രയും വേഗം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

163. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ വകയിരുത്തിയ മുഴുവൻ തുകയും പൂർണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്നാണ് സൂചിപ്പിക്കുന്നതെന്നും ഇതുസംബന്ധിച്ച് എന്താണ് വ്യക്തമാക്കാനുള്ളതെന്നും സമിതി ആരാഞ്ഞതിന് വിദ്യാഭ്യാസ മേഖലയിൽ അനുവദിച്ച തുകയിൽ 2022-23-ൽ സേവന മേഖലയിലുള്ള തുകയുടെ 74 ശതമാനവും 2023-24-ൽ 86.50 ശതമാനവും ചെലവഴിച്ചിട്ടുണ്ടെന്നും പശ്ചാത്തല മേഖലയിലാണ് കുറവ് വന്നിരിക്കുന്നതെന്നും ഈ തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ പദ്ധതിയായി ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ടെന്നും ആറ്റിങ്ങൽ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

164. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

165. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം ജില്ലയിലെ പുനലൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

166. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം, വയനാട് ജില്ലയിലെ മീനങ്ങാടി, പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, മലപ്പുറം ജില്ലയിലെ വണ്ടൂർ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങളും ശിപാർശകളും

167. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കൊല്ലം ജില്ലയിലെ പുനലൂർ എന്നീ നഗരസഭകൾ പാലക്കാട് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

168. വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

169. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, കൊല്ലം ജില്ലയിലെ പുനലൂർ, ആലപ്പുഴ ജില്ലയലെ കായംകുളം എന്നീ നഗരസഭകളുമായും പത്തനംതിട്ട ജില്ലയലെ ചെന്നീർക്കര, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം, വയനാട് ജില്ലയിലെ മീനങ്ങാടി, പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, മലപ്പുറം ജില്ലയിലെ വണ്ടൂർ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം എന്നീ ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ, പി.ടി.എ.

എല്ലാ സർക്കാർ,എയ്ഡഡ് സ്കൂളുകളിലും പി.ടി.എ.കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. പി.ടി.എ.കമ്മിറ്റികൾ യോഗം ചേർന്ന് അതാത് സ്കൂളുകളുടെ പ്രവർത്തനങ്ങളും പഠന/പാഠ്യേതര വിഷയങ്ങളും ചർച്ച ചെയ്യുന്നുണ്ടെങ്കിലും, സ്കൂളുകൾക്കാവശ്യമായ തനത് പ്രവർത്തനങ്ങളും അവശ്യം വേണ്ട നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നതിൽ നല്ലൊരു ശതമാനം പി.ടി.എ.കളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. സ്കൂളുകളിലെ കുട്ടികളുടെ എണ്ണക്കുറവ് പി.ടി.എ.കളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങളിലും മികച്ച നിലവാരം പുലർത്തുന്ന സ്കൂളുകളിൽ പി.ടി.എ.കമ്മിറ്റികളുടെ പ്രവർത്തനം ശക്തമായിരുന്നെന്ന് കാണാൻ കഴിയും.

വിവിധ കാരണങ്ങളാൽ സ്കൂളിൽ എത്തിച്ചേരുവാൻ കഴിയാത്ത രക്ഷകർത്താക്കളെ അവരവരുടെ വീടിന് സമീപം വിളിച്ചുകൂട്ടി സ്കൂൾ പ്രവർത്തനങ്ങൾ വിശദീകരിക്കുയും, പാഠഭാഗം രക്ഷിതാവിനെ പരിചയപ്പെടുത്തുകയും ചെയ്യുന്ന പ്രാദേശിക പി.ടി.എ, കുട്ടികളുടെ രോഗലക്ഷണങ്ങൾ ക്ലാസ്സ് മുറികളിൽ തിരിച്ചറിയുന്നതിനും ചികിത്സാസൗകര്യങ്ങളും സൗജന്യ മെഡിക്കൽ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനും ആരോഗ്യാകരമായ ജീവിതശൈലി കുട്ടികളെ പഠിപ്പിക്കുന്നതിനും ലക്ഷ്യമാക്കിയുള്ള രോഗരഹിതബാല്യം മുതലായ പദ്ധതികൾ നടപ്പിലാക്കി ജില്ലയിലെ ഏറ്റവും നല്ല പി.ടി.എ.യ്ക്കുള്ള പുരസ്കാരത്തിന് അർഹരായ കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയ്ക്ക് കീഴിലുള്ള തൊളിക്കോട് ഗവൺമെന്റ് എൽ.പി.എസ്. – പി.ടി.എ.കമ്മിറ്റിയുടെ പ്രവർത്തനം, പി.ടി.എ.കമ്മിറ്റികൾക്ക് മാതൃകയാണ്.

സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ/എം.പി. തുടങ്ങിയ ജനപ്രതിനിധികളുടെയും സ്കൂൾ മാനേജർമാരുടെയും ശ്രദ്ധ പാഠ്യ/പാഠ്യേതര വികസന പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നതിനും പി.ടി.എ.കമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി

പഞ്ചായത്തിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, അവലോകനം നടത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടാണ് പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ജനപ്രതിനിധികൾ, പ്രഥമാധ്യാപകർ, പി.ടി.എ.പ്രസിഡന്റുമാർ, പഞ്ചായത്ത് സെക്രട്ടറി, വിദ്യാഭ്യാസ പ്രവർത്തകൾ, ഗ്രന്ഥശാലാസംഘപ്രവർത്തകർ, എസ്.സി/എസ്.റ്റി രക്ഷിതാക്കളുടെ പ്രതിനിധികൾ, ഐ.സി.ഡി.എസ്.സൂപ്പർവൈസർമാർ, ബി.ആർ.സി.ട്രെയിനർമാർ എന്നിവർ ഇതിൽ അംഗങ്ങളാണ്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കി മേഖലയ്ക്കാവശ്യമായ

ഒരു വികസന കാഴ്ചപ്പാടിന് രൂപം കൊടുക്കുന്നതിലും ഓരോ സ്കൂളിന്റെയും പോരായ്മകളും ആവശ്യങ്ങളും സംബന്ധിച്ച് പഠനം നടത്തി സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിലും, അതിനനുസരിച്ച് പദ്ധതി ശുപാർശകൾ നൽകുന്നതിലും, നടപ്പാക്കിയ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിലും ഗ്രാമപഞ്ചായത്തുകളിലെ ഭൂരിപക്ഷം വിദ്യാഭ്യാസസമിതികളും വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

പഞ്ചായത്ത് ഭരണസമിതിയുടെയും, പ്രദേശത്തെ വിദ്യാഭ്യാസ വിദഗ്ധന്മാരുടെയും, അദ്ധ്യാപകരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പഞ്ചായത്ത്തല വിദ്യാഭ്യാസ വികസനരേഖ തയ്യാറാക്കി മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് സമിതി നേതൃത്വം നൽകേണ്ടതാണ്.

വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി രൂപീകരണ പ്രക്രിയയുടെ അടിസ്ഥാനശിലയായ വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ മേഖലയിലും ആവശ്യമായ സർവ്വേകളും പഠനങ്ങളും നടത്തി സ്ഥിതിവിവരക്കണക്കുകൾ സ്വരൂപിക്കുകയും മുൻ വർഷങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ചിട്ടുള്ള പഠനറിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. അതാതുമേഖലകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ, നിലവിലുള്ള വിടവുകൾ, മേഖലയുടെ വികസനത്തിന്റെ പ്രാദേശിക സാധ്യത, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, വികസന സാധ്യതകൾ നേടുന്നതിനുള്ള തന്ത്രങ്ങൾ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയതിനുശേഷമാണ് പ്രോജക്ടുകൾക്ക് രൂപം കൊടുക്കേണ്ടതെന്ന് പതിനൊന്നാം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. (ജി.ഒ(എം.)128/2007/തസ്വഭവ തീയതി:14.05.07) എന്നാൽ ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും കുറെ പദ്ധതി നിർദ്ദേശങ്ങൾ മാത്രം തയ്യാറാക്കി കടമ നിറവേറ്റുന്നതായിട്ടാണ് കാണുന്നത്. വിദ്യാഭ്യാസമേഖലയെ കുറിച്ചുള്ള സ്ഥിതി വിവരക്കണക്കുകളും, പഠനറിപ്പോർട്ടുകളും ശേഖരിക്കുകയോ, മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും അവ പരിഹരിക്കുന്നതിനാവശ്യമായ തന്ത്രങ്ങൾ സംബന്ധിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കി പദ്ധതി രൂപീകരണത്തിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയോ, പദ്ധതികൾ തയ്യാറാക്കി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളെ അതീവ പ്രാധാന്യത്തോടെ കാണേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ എസ്.എസ്.എ.പോലുള്ള പ്രത്യേക പദ്ധതികളിലൂടെ നടപ്പാക്കുന്ന പ്രോജക്ടുകളും ഇതേ മേഖലയിൽ നേരിട്ട് നടത്തുന്ന പ്രോജക്ടുകളും തമ്മിൽ ഇരട്ടിപ്പ് ഒഴിവാക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യവാന്മാരും വിദ്യാസമ്പന്നരുമായ ഒരു ജനതയെ വാർത്തെടുക്കാനുള്ള പഞ്ചായത്തിന്റെ പ്രയത്നത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പങ്ക്

വളരെ പ്രധാനപ്പെട്ടതാണ്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ മാത്രമേ പ്രസ്തുത മേഖലയുടെ വികസനം യാഥാർത്ഥ്യമാക്കാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലയ്ക്ക് വേണ്ടത്ര പരിഗണന നൽകുന്നതായി കാണുന്നില്ല. പ്രോജക്ടിന്റെ രൂപീകരണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയിലും മിക്ക കമ്മിറ്റികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വിദ്യാഭ്യാസമേഖലയുടെ വികസനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി

കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും രണ്ടുവർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതുമാണ്. 16.05.12 ലെ ഗവൺമെന്റ് കത്ത് നമ്പർ ജെ./75133/11 പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും 2012-13 അക്കാദമിക് വർഷം മുതൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം സർക്കാർ സ്കൂളുകളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. എന്നാൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് സമഗ്രവും വസ്തുനിഷ്ഠവുമായ സ്കൂൾ വികസന പദ്ധതി തയ്യാറാക്കി ഇക്കാര്യത്തിൽ മാതൃകയായ ജി.എം.യു.പി.സ്കൂൾ രാരോത്തിന്റെ (കോഴിക്കോട്) പ്രവർത്തനം അഭിനന്ദനാർഹമാണ്.

30.04.2011 ലെ ഗവൺമെന്റ് ഉത്തരവ് (പി)നമ്പർ 100/2011 നോട്ടിഫിക്കേഷൻ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും താഴെപ്പറയുന്ന ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കേണ്ടതുമാണ്.

1. വിദ്യാലയത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുക.
2. സ്കൂൾ വികസന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുക.
3. സംസ്ഥാന ഗവൺമെന്റ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിക്കുന്ന ധനസഹായം വിനിയോഗിക്കുന്നത് മോണിറ്റർ ചെയ്യുക. സർക്കാർ സ്കൂളുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.17]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

170. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി, വിദ്യാഭ്യാസ വർക്കിങ് ഗ്രൂപ്പ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി, സ്കൂൾ

മാനേജ്മെന്റ് കമ്മിറ്റി എന്നീ ഓഡിറ്റ് ഖണ്ഡികകളിന്മേലുള്ള പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

171. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ, പി.ടി.എ. എന്ന ഓഡിറ്റ് ഖണ്ഡികകളിന്മേൽ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി, വിദ്യാഭ്യാസ വർക്കിങ് ഗ്രൂപ്പ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

സ്കൂൾ വിദ്യാഭ്യാസമേഖലയും സർവ്വശിക്ഷാ അഭിയാനും

ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സർവ്വശിക്ഷാ അഭിയാൻ അഥവാ എസ്.എസ്.എ. 2010 ഓടെ ലക്ഷ്യങ്ങൾ നേടണമെന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയതിരുന്നതെങ്കിലും ഇപ്പോഴും തുടർന്നുവരികയാണ്. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം എസ്.എസ്.എ.മുഖേനയാണ് നടപ്പാക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എസ്.എസ്.എ.പരിപാടിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 65:35 എന്ന അനുപാതത്തിൽ സംയുക്തമായാണ് വഹിക്കുന്നത്. കേരളത്തിൽ, സ്കൂളുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ പദ്ധതിയുടെ സംസ്ഥാനവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിത്തിൽ നിന്നുമാണ് വകയിരുത്തുന്നത്.

പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ ഗുണകരമായ മാറ്റങ്ങൾക്ക് എസ്.എസ്.എ. കാരണമായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ എസ്.എസ്.എ. വലിയ പങ്കാണ് വഹിക്കുന്നത്. എസ്.എസ്.എ. വിദ്യാലയങ്ങളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളെ മേജർ പദ്ധതികൾ, മൈനർ പദ്ധതികൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

1. എസ്.എസ്.എ.മേജർ പദ്ധതികൾ

സ്കൂൾ കെട്ടിടങ്ങൾ, അഡീഷണൽ ക്ലാസ്സ് മുറികൾ, അഡാപ്റ്റഡ് ടോയ്‌ലെറ്റ്, ഗേൾസ് ടോയ്‌ലെറ്റ്, റാമ്പ് & റെയിൽ, സ്കൂൾ സൗന്ദര്യവത്ക്കരണം, യൂണിഫോം വിതരണം, പാഠപുസ്തക വിതരണം.

2. എസ്.എസ്.എ.മൈനർ പദ്ധതികൾ

ഇലക്ട്രിഫിക്കേഷൻ, ഇടഭിത്തിനിർമ്മാണം, ഫർണിച്ചർ, ഗ്രാന്റ്, ഇംഗ്ലീഷ് ഫെസ്റ്റ്,

മെട്രിക് മേള, സർഗ്ഗോത്സവം, മൈനർ ലാംഗേജ് ഫെസ്റ്റ്, സി.ആർ.സി.ഗ്രാന്റ്, ടീച്ചേഴ്സ് ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, ടീച്ചേഴ്സ് ട്രെയിനിംഗ്, ഐ.എഫ്.ഡി. ഉപകരണ വിതരണം, ഐ.ഇ.ഡി.സി, മെഡിക്കൽ ക്യാമ്പ്.

എസ്.എസ്.എ.യുടെ പ്രധാന പ്രവർത്തനമേഖല സർക്കാർ പ്രൈമറി വിദ്യാലയങ്ങളാണ്. എന്നാൽ സൗജന്യ പാഠപുസ്തകം, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നിവ എയ്ഡഡ് സ്കൂളുകൾക്കും എസ്.എസ്.എ.യുടെ ഭാഗമായി വിതരണം ചെയ്യുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ 2 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും എസ്.എസ്.എ.യുടെ ഭാഗമായി പാഠപുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സൗജന്യപാഠപുസ്തകങ്ങൾ നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. സർക്കാർ എൽ.പി/യു.പി.സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്ക് ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായി 7500/- രൂപ വീതം എസ്.എസ്.എ. മെയിന്റനൻസ് ഗ്രാന്റായി നൽകി വരുന്നു.

സ്കൂളുകളും പരിസരവും ആകർഷകമാക്കുന്നതിനും, മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി എൽ.പി.വിഭാഗത്തിന് 5000/- രൂപയും, യു.പി.വിഭാഗത്തിന് 7000/- രൂപയും ഇരുവിഭാഗങ്ങളും ഒരുമിച്ചുള്ള സ്കൂളുകൾക്ക് 12000/- രൂപയും എസ്.എസ്.എ. വർഷം തോറും സ്കൂൾ ഗ്രാന്റായി നൽകുന്നു.

എസ്.എസ്.എയ്ക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കീഴിൽ സംസ്ഥാനതല ഓഫീസും, എല്ലാ ജില്ലകളിലും ജില്ലാ പ്രോജക്ട് ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകൾക്ക് കീഴിൽ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പ്രവർത്തന മേഖലയിലും ബ്ലോക്ക് റിസോഴ്സ് സെന്ററുകളും (ബി.ആർ.സി) പ്രവർത്തിക്കുന്നു. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കാണ് ബി.ആർ.സിയുടെ ചുമതല. സ്കൂളുകൾക്ക് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് ബി.ആർ.സികൾ മുഖേനയാണ്.

എസ്.എസ്.എ. മുഖേനയുള്ളതിനു പുറമേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടും പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുവാനും, ഭൗതികസാഹചര്യങ്ങൾ വേണ്ട രീതിയിൽ മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടില്ല എന്നത് പോരായ്മ തന്നെയാണ്. എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന നൂതനാശയ പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രയോജനപ്രദമാണെങ്കിലും, പൊതുവിദ്യാലങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ ആകർഷിക്കുന്നതിൽ കാര്യമായ സ്വധീനം ചെലുത്താൻ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയിലധികവും എസ്.എസ്.എ.വിഹിതം

എസ്.എസ്.എ. വിഹിതമായി സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തണമെന്ന് 18.08.2012 ലെ സ.ഉ.(എം.എസ്)225/12/തസ്വഭവ ഉത്തരവ് പ്രകാരമുള്ള പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം എസ്.എസ്.എ.അക്കൗണ്ടിൽ നിക്ഷേപിച്ചാൽ മാത്രമേ

ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കുയുള്ളൂവെന്നും, യഥാസമയം വിഹിതം നൽകിയില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നഷ്ടപ്പെടുമെന്നും 16.06.06 ലെ 20314/ഡി.പി1/2006/തസ്വഭവ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ. വിഹിതം നിർബന്ധമായും അടയ്ക്കേണ്ടതുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശഭസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിന്റെ ഏറിയ പങ്കം എസ്.എസ്.എ.യ്ക്കുള്ള വിഹിതമാണ്. വിദ്യാഭ്യാസമേഖലയിലെ പദ്ധതി വിഹിതത്തിന്റെ വലിയൊരുഭാഗം എസ്.എസ്.എ.യ്ക്ക് നൽകാനായി നീക്കിവെയ്ക്കുന്നതിനാൽ, ഈ മേഖലയിൽ സമഗ്രമായ മറ്റ് പദ്ധതികൾ ആവിഷ്കരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ, സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ ഉയർത്താനുള്ള തനതുപദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് കഴിയാത്ത അവസ്ഥയാണുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും, എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം

ജില്ല	തദ്ദേശസ്വയംഭരണ സ്ഥാപനം	വർഷം	വിദ്യാഭ്യാസമേഖലയിൽ ആകെ ചെലവഴിച്ച തുക (രൂപ)	എസ്.എസ്.എ.യ്ക്ക് നൽകിയ തുക (രൂപ)
തിരുവനന്തപുരം	കിഴുവിലം ഗ്രാമപഞ്ചായത്ത്	2011-12	2310658	1208752
		2012-13	957963	957963
	ആറ്റിങ്ങൽ നഗരസഭ	2011-12	2932319	1400000
		2012-13	2441248	1400000
കൊല്ലം	പുനലൂർ നഗരസഭ	2011-12	536621	500000
		2012-13	562460	500000
	കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ	2011-12	14626610	7564992
		2012-13	15374874	8585845
പത്തനംതിട്ട	ചെന്നീർക്കര ഗ്രാമപഞ്ചായത്ത്	2011-12	887515	600000
		2012-13	1067188	658740
	പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്	2011-12	1361497	400000
		2012-13	1260366	752042
ആലപ്പുഴ	കായംകുളം നഗരസഭ	2011-12	3190135	1662059

		2012-13	1909733	1500000
കോട്ടയം	ഏറ്റുമാന്നൂർ ഗ്രാമപഞ്ചായത്ത്	2011-12	1577741	777186
		2012-13	1339044	770800
	കോട്ടയം നഗരസഭ	2011-12	21838980	337124
		2012-13	4310278	3500000
എറണാകുളം	കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ	2011-12	12640721	7000000
		2012-13	11098647	9500000
	പെരുമ്പാവൂർ നഗരസഭ	2011-12	2923625	2025265
		2012-13	2278748	1546044
തൃശ്ശൂർ	മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	2011-12	659650	425000
		2012-13	1011432	658542
	പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്	2011-12	1145649	380000
		2012-13	611991	200000
പാലക്കാട്	മുണ്ടൂർ ഗ്രാമപഞ്ചായത്ത്	2011-12	1480327	800000
		2012-13	1207199	1145699
	പാലക്കാട് നഗരസഭ	2011-12	6077456	5237895
		2012-13	9776613	5929580
മലപ്പുറം	തെന്നല ഗ്രാമപഞ്ചായത്ത്	2011-12	753750	618000
		2012-13	1342500	1122000
	താഴെക്കാട് ഗ്രാമപഞ്ചായത്ത്	2011-12	2761122	17280000
		2012-13	2690045	1581000
വയനാട്	മീനങ്ങാടി ഗ്രാമപഞ്ചായത്ത്	2011-12	3776998	865451
		2012-13	3055810	1136843
	വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്	2011-12	4167727	1500000
		2012-13	5965276	1784850
കാസറഗോഡ്	ഉദുമ ഗ്രാമപഞ്ചായത്ത്	2011-12	2775637	1350000
		2012-13	3988124	1983000
	കാസറഗോഡ് നഗരസഭ	2011-12	8065000	1500000
		2012-13	6097111	1700000

എസ്.എസ്.എ.ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല

കേന്ദ്രസർക്കാരിൽ നിന്നുമുള്ള 65% തുകയും, തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന 35% തുകയും ചേരുന്നതാണ് എസ്.എസ്.എ.ബജറ്റ് വിഹിതം. ഓരോ വർഷവും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പാക്കാനുള്ള പദ്ധതികളുടെ ആസൂത്രണം എസ്.എസ്.എ.നടത്തുന്നു. ഇതനുസരിച്ച് മൊത്തം ചെലവുതുക കണക്കാക്കിയ ശേഷമാണ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുള്ള ബജറ്റ് തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കപ്പെടുന്ന ആകെ ബജറ്റ് തുകയുടെ 35 ശതമാനമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ.യ്ക്ക് നൽകുന്നത്. എന്നാൽ എസ്.എസ്.എയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി വകയിരുത്തുന്ന തുകകളും യഥാർത്ഥ തുകകളും തമ്മിൽ ഗണ്യമായ അന്തരം കാണുന്നു.

എസ്.എസ്.എ.ബജറ്റും, ചെലവു തുകയും തമ്മിലുള്ള താരതമ്യം

ജില്ല	തദ്ദേശസ്വയംഭരണ സ്ഥാപനം	വർഷം	എസ് .എസ്.എ ബജറ്റ് തുക(രൂപ)	എസ് .എസ്.എ. യ്ക്ക് തദ്ദേശ സ്ഥാപനം നൽകിയ വിഹിതം	ചെലവഴിച്ച തുക (രൂപ)	ചെലവ് ശതമാനം (%)
പത്തനംതിട്ട	പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്	2011-12	2206952	400000		
		2012-13	2531043	752042		
	കുളനട ഗ്രാമപഞ്ചായത്ത്	2011-12	2393303	-	896212	37.45
		2012-13	4022692	-	2667709	66.32
	ചെന്നീർക്കര ഗ്രാമപഞ്ചായത്ത്	2011-12	2107103	600000	277250	13.15
		2012-13	2453542	658740	813880	33.17
	കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്	2011-12	1769652	619379	160487	9.07
		2012-13	1485545	400000	222040	14.95
തൃശ്ശൂർ	മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	2011-12	1214286	425000	698817	57.54
		2012-13	1881549	658542	658541	35

തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും എസ്.എസ്.എ.യിലേക്ക് അടയ്ക്കുന്ന വിഹിതം പോലും ചെലവഴിക്കുവാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നുണ്ട് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതിയിലേക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം 35 ശതമാനമാണ് . 65 ശതമാനം കേന്ദ്രവിഹിതം കൂടി ഉണ്ടെന്നിരിക്കെ തദ്ദേശഭരണസ്ഥാപനങ്ങൾ നൽകിയ തുകയ്ക്കൊപ്പമുള്ള പ്രവൃത്തികൾ പോലും നിർവ്വഹിക്കാൻ എസ്.എസ്.എ.യ്ക്ക് കഴിയാതെ വരുന്നത് പദ്ധതിയുടെ പാളിച്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമായി എസ്.എസ്.എ. തയ്യാറാക്കുന്ന ബജറ്റുകൾ യാഥാർത്ഥ്യബോധം ഇല്ലാത്തവയാണെന്നും, നിശ്ചിത തുകകൾ വിഹിതമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുക മാത്രമാണ് ഇത്തരം ബജറ്റുകളുടെ ഉദ്ദേശ്യമെന്നും കണക്കുകൾ വ്യക്തമാക്കുന്നു.

എസ്.എസ്.എ. പദ്ധതി രൂപീകരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പങ്കില്ല

എസ്.എസ്.എ. പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 07.06.05 ലെ ജി.ഒ(എം.എസ്)41/05/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം, എസ്.എസ്.എ.പദ്ധതികൾക്ക് രൂപീകരിച്ചിട്ടുള്ള സ്കൂൾതല കമ്മിറ്റികൾ അതാതു സ്കൂളുകൾക്ക് തയ്യാറാക്കിയിട്ടുള്ള കരടു പദ്ധതികളും, തദ്ദേശസ്ഥാപനങ്ങൾ ഈ പദ്ധതികൾക്കായി വകയിരുത്തേണ്ട തുകകളുടെ വിശദാംശങ്ങളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന കരട് പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഹെഡ്മാസ്റ്റർമാർ, അധ്യാപകർ, പി.ടി.എ.കമ്മിറ്റികൾ എന്നിവരുടെ യോഗം ചേരേണ്ടതും കരടു പദ്ധതിയിൽ ഭേദഗതി അനിവാര്യമാണെന്നു കണ്ടാൽ എസ്.എസ്.എ. മാനദണ്ഡങ്ങൾക്കുള്ളിൽ നിന്ന് മാറ്റം വരുത്തി പദ്ധതി അന്തിമമാക്കേണ്ടതുമാണ്. ഇങ്ങനെ അന്തിമമാക്കുന്ന പദ്ധതിയെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി യോഗം ചേർന്ന് അംഗീകരിക്കണം.

എന്നാൽ സർക്കാർ ഉത്തരവിൽ പറയുന്നതുപോലുള്ള പങ്കാളിത്തം പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന് എസ്.എസ്.എ.രേഖകൾ തന്നെ വ്യക്തമാക്കുന്നു. എസ്.എസ്.എ.കൊല്ലം ജില്ലാ പ്രോജക്ട് ഓഫീസർ 10.10.13 ൽ കൊല്ലം ജില്ലാപഞ്ചായത്ത് ഓഫീസ് ഓഡിറ്റ് ക്യാമ്പിലെ ഓഡിറ്റ് ഓഫീസർക്ക് നൽകിയിട്ടുള്ള എസ്.എസ്.എ.2/550/2012 നമ്പർ കത്ത് പദ്ധതി രൂപീകരണത്തിൽ എസ്.എസ്.എ. മാത്രമാണ് തീരുമാനമെടുക്കുന്നതെന്ന് വെളിവാക്കുന്നതാണ്. മേൽ കത്തുപ്രകാരം എസ്.എസ്.എ. എല്ലാവർഷവും ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും മുൻകൂർ തയ്യാറാക്കി നൽകുന്ന പദ്ധതികളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രവിഹിതം സംസ്ഥാനത്ത് ഓരോ ജില്ലയ്ക്കും നൽകുന്നത്. എസ്.എസ്.എ. തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം പദ്ധതികൾ തയ്യാറാക്കുന്നില്ലായെന്നും കത്തു വ്യക്തമാക്കുന്നു. കൂടാതെ, കേന്ദ്രം വിഹിതം അനുവദിച്ചതിനുശേഷം അതിന്റെ 35% തുക ജില്ലയിലെ ഓരോ തദ്ദേശഭരണ

സ്ഥാപനത്തിന്റെയും വിഹിതമായി നൽകുകയാണ് ചെയ്യുന്നതെന്നും മേൽ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളെ പദ്ധതി ആസൂത്രണത്തിൽ എസ്.എസ്.എ.പങ്കാളികളാക്കുന്നില്ലായെന്ന് ഇത് വ്യക്തമാക്കുന്നു.

എസ്.എസ്.എ.പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനത്തിന്റെയോ സ്കൂളുകളുടെയോ പങ്കാളിത്തം പൂർണ്ണമായും നടപ്പാക്കുന്നില്ല. അതിനാൽ തന്നെ എസ്.എസ്.എ.ആവശ്യപ്പെടുന്ന വിഹിതം പ്രോജക്ട് ഓഫീസർക്ക് കൈമാറുക എന്ന യാന്ത്രികമായ ജോലി മാത്രമാണ് ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ളത്. എസ്.എസ്.എ.അധികൃതർ ബജറ്റ് തയ്യാറാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിക്കാതെയാണ്. ഒരേ പദ്ധതിക്കായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഫണ്ടു വാങ്ങുകയും ചുരുക്കം ചില സ്ഥാപനങ്ങളിൽ മാത്രം പ്രവൃത്തി നടത്തുകയും ചെയ്യുതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി അഡീഷണൽ ക്ലാസ്സുമുറി എന്ന പ്രവൃത്തിക്കായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്.എസ്.എ. തുക ഈടാക്കിയിട്ടുണ്ടെങ്കിലും പലയിടങ്ങളിലും പ്രവൃത്തി നടത്തിയില്ല. എസ്.എസ്.എ. വിഹിതമായി വലിയൊരു തുക നൽകേണ്ടി വരുന്നതിനാൽ വിദ്യാഭ്യാസമേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്നു.

എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ

തദ്ദേശഭരണസ്ഥാപനങ്ങളുടെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ എസ.എസ്.എ. കരട് പദ്ധതികൾ ചർച്ച ചെയ്യുകയോ, അനിവാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്യുന്നില്ല. ഇതുകൊണ്ട് തന്നെ, തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വകയിരുത്തി നേരിട്ട് നടപ്പാക്കുന്ന പ്രോജക്ടുകളും എസ്.എസ്.എ.മുഖേന നടപ്പാക്കുന്നവയും തമ്മിൽ ഇരട്ടിപ്പിന് കാരണമാകുന്നു.

എസ്.എസ്.എ.ഫണ്ട് അനുവദിക്കുമ്പോൾ സ്കൂളിന്റെ വലിപ്പം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ പരിഗണിക്കാത്ത സന്ദർഭങ്ങളുമുണ്ട്. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമല്ലാതെ അനുവദിക്കുന്ന ഫണ്ട് പലപ്പോഴും പര്യാപ്തമല്ലാതെ വരുന്നു. അർഹതയുള്ള സ്കൂളുകളെ അവഗണിച്ച്, അർഹതയില്ലാത്തവയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതിന് പല ഉദാഹരണങ്ങളുണ്ട്..

ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്കായി 2007-08 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എസ്.എസ്.എ.മുഖേനയും ഇത്തരത്തിൽ പഠനോപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതികളുടെ ഇരട്ടിപ്പ് ഒഴിവാക്കാൻ എസ്.എസ്.എ.പദ്ധതി രൂപീകരണത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തം കൂടിയേ തീരൂ.

എസ്.എസ്.എ.പദ്ധതി നടത്തിപ്പിലെ പോരോായമകളുടെ ഏതാനും ഉദാഹരണങ്ങൾ ഇനിപ്പറയുന്നു.

◆ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ കുമാരപുരം ഗവൺമെന്റ് യു.പി.സ്കൂളിൽ ആറ് ക്ലാസ്സ് മുറികൾ പണിയുന്നതിനായി എസ്.എസ്.എ.ഫണ്ടിൽ നിന്നും 2010 ൽ 7.44 ലക്ഷം രൂപ അനുവദിച്ചു (ചെക്ക് നം.061642/12/2010) ക്ലാസ്സ് മുറികൾ പണിയാനാവശ്യമായ സ്ഥലലഭ്യത, മറ്റ് സൗകര്യങ്ങൾ എന്നിവ വിലയിരുത്താതെയാണ് തുക അനുവദിച്ചത്. സ്ഥലപരിമിതിയാൽ വീർപ്പുമുട്ടുന്ന ഈ വിദ്യാലയത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ആറ് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കാനാവൂ. അതുകൊണ്ട് തന്നെ ലഭിച്ച 7.44 ലക്ഷം രൂപയും വിനിയോഗിക്കാനാകാതെ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ്. കൂടുതൽ ക്ലാസ്സ് മുറികളും, അറ്റകുറ്റപ്പണികളും അടിയന്തിരമായി ആവശ്യമുള്ള സ്കൂളുകൾ നഗരസഭയിൽ വേറെ ഉള്ളപ്പോഴാണ് ഇത്തരത്തിൽ അനുവദിച്ച് ഫണ്ട് വിനിയോഗിക്കാതെ ശേഷിക്കുന്നത്.

◆ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലുള്ള തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി.സ്കൂളിൽ പ്രഥമാധ്യാപികയ്ക്ക് മുറി നിർമ്മിക്കുവാനുള്ള പദ്ധതി എസ്.എസ്.എ.തയ്യാറാക്കിയിരുന്നു. എന്നാൽ ഡിവിഷൻ ഫാളിന്റെ ഫലമായി 4 ക്ലാസ്സുമുറികളും, വലിയ ഹാളും, മറ്റൊരു മുറിയും ഒഴിഞ്ഞുകിടക്കുമ്പോഴാണ് പ്രഥമാധ്യാപികയുടെ ഓഫീസ് മുറിക്ക് തുക അനുവദിച്ചിരിക്കുന്നത്.

◆ പാലക്കാട് ജില്ലയിലുള്ള മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടൂർ ഗവൺമെന്റ് എൽ.പി.സ്കൂളിൽ 3 ക്ലാസ്സ് മുറികൾ ഉള്ള കെട്ടിടത്തിനായി 2009-10 ൽ എസ്.എസ്.എ. 9,30,000/- രൂപ വകയിരുത്തി. നിലവിലെ കെട്ടിടം പൊളിച്ചു മാറ്റാൻ കാലതാമസം നേരിട്ടതിനാൽ 2011-12 ൽ മാത്രമാണ് പ്രവൃത്തികൾ ആരംഭിച്ചത്. ചെലവുകളിൽ ഉണ്ടായ വർദ്ധനമൂലം പണി പൂർത്തിയാക്കാൻ മേൽത്തുക തികയാതെ വന്നതിനാൽ കെട്ടിടത്തിന്റെ വാർക്കൽ മാത്രമാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. പണി പൂർത്തിയാക്കാനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്.എസ്.എ.വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നില്ല

എസ്.എസ്.എ.വാർഷിക പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് 07.06.05 ലെ ജി.ഒ. (എം.എസ്) 41/05/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇതു പാലിക്കാൻ എസ്.എസ്.എ.അധികൃതർ തയ്യാറാവുന്നില്ല. ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സമയബന്ധിതമായി വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിൽ എസ്.എസ്.എ.അധികൃതർ അലംഭാവം കാട്ടുകയാണ് . തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകിയ തുക മുഴുവൻ വിനിയോഗിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ വിനിയോഗപത്രം മാത്രമാണ് ജില്ലാ പ്രോജക്ട് ഓഫീസർമാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നത്. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിനുള്ള എസ്.എസ്.എ.ബജറ്റ് പ്രകാരമുള്ള വകയിരുത്തലും യഥാർത്ഥ വിനിയോഗവും പരിശോധിക്കുമ്പോൾ മുഴുവൻ തുകയും വിനിയോഗിക്കപ്പെടുന്നില്ല എന്നു

വ്യക്തമാവും.

എസ്.എസ്.എ.തയ്യാറാക്കി നൽകുന്ന ആന്വൽ വർക്ക് പ്ലാൻ പ്രകാരം, ഡെപ്പോസിറ്റ് ചെയ്യുന്ന വിവിധ പ്രവൃത്തികൾക്കുള്ള ഫണ്ടിൽ നിന്നും ക്ലാസ്സ് മുറി നിർമ്മാണത്തിനുള്ള (സിവിൽ വർക്ക്) ഫണ്ട് മാത്രമേ തദ്ദേശ സ്ഥാപനത്തിന് കൈമാറി നിർവ്വഹണം നടത്തുന്നുള്ളൂ. പ്രസ്തുത സിവിൽ വർക്കൊഴികെ വർക്ക് പ്ലാനിലുള്ള മറ്റ് പ്രവൃത്തികൾ നടപ്പാക്കിയോ എന്നുള്ള വ്യക്തമായ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാൻ എസ്.എസ്.എ.അധികൃതർ തയ്യാറാവുന്നില്ല.

ഓരേ വർഷവും നടപ്പാക്കിയ പദ്ധതികൾ, വിനിയോഗിച്ച ഫണ്ടിന്റെ വിവരങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിൽ എസ്.എസ്.എ.അധികൃതർ വീഴച വരുത്തുന്നു. ഈ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേധാവികളും വേണ്ടത്ര ശ്രദ്ധകാന്തി കാട്ടുന്നില്ല. ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള കൃത്യമായ കണക്കുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നൽകാൻ എസ്.എസ്.എ.ക്ക് കഴിയാത്തത് പദ്ധതികളുടെ ഇരട്ടിപ്പിനും വിദ്യാഭ്യാസമേഖലയിലെ ആസൂത്രണത്തിന്റെ പാളിച്ചയ്ക്കും കാരണമാവുന്നു. കൂടാതെ, വിനിയോഗ സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതുമൂലം എസ്.എസ്.എ. ഓരോ വർഷവും നടപ്പാക്കുന്ന പദ്ധതികളുടെ നേട്ടങ്ങളും-കോട്ടങ്ങളും വിശകലനം ചെയ്യാൻ കഴിയാതെയും വരുന്നു. ഇതുമൂലം, വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനും കഴിയാതെ വരുന്നു.

സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ.പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസമേഖലയുടെ വികസനത്തിനായി എസ്.എസ്.എ.ക്ക് എല്ലാ വർഷവും നിശ്ചിത വിഹിതം അടയ്ക്കണമെന്നത് നിർബന്ധമാണ്. സർക്കാർ, എയ്ഡഡ് മേഖകളിലെ സ്കൂളുകളിലാണ് എസ്.എസ്.എ. ഈ തുക വിനിയോഗിക്കുന്നത്. എന്നാൽ സർക്കാർ മേഖലയിൽ പൊതുവിദ്യാലയങ്ങൾ ഒന്നുമില്ലാത്ത രണ്ട് ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ.യുടെ പ്രവർത്തനങ്ങൾ ഓഡിറ്റ് പഠനവിധേയമാക്കുകയുണ്ടായി.

1. തെന്നല ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല)

തെന്നല ഗ്രാമപഞ്ചായത്തിൽ പ്രാഥമിക വിദ്യാലയങ്ങൾ എയ്ഡഡ് മേഖലയിൽ മാത്രമാണുള്ളത്. കുടിവെള്ള വിതരണം , ടോയ്ലെറ്റ് നോർമ്മാണം തുടങ്ങിയ പദ്ധതികൾ സർക്കാർ വിദ്യാലയങ്ങളിൽ നടപ്പാക്കിയശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും, ഇത്തരം പദ്ധതികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്രൈമറി വിദ്യാലയങ്ങൾ അടിസ്ഥാന സൗകര്യങ്ങളിൽ വളരെ പിന്നോക്കമാണ്. ചുറ്റുമതിൽ, കളിസ്ഥലം, ടോയ്ലെറ്റ്,

പാചകപ്പുര എന്നിവയിലൊക്കെ പരിമിതമായ സൗകര്യങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളിലെ ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ധനസഹായമൊന്നും തന്നെ എസ്.എസ്.എ.യിൽ നിന്നും ലഭിക്കുന്നില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.യിലേക്ക് ഒടുക്കിയ തുകകൾ ഇനിപ്പറയുന്നു.

വർഷം	തുക (രൂപ)
2008-09	403000
2009-10	457000
2010-11	435000
2011-12	618000
2012-13	1122000

കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി ആകെ 30,35,000/- രൂപയാണ് ഗ്രാമപഞ്ചായത്ത് എസ്.എസ്.എ.വിഹിതമായി അടച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഒടുക്കിയ തുകകൾ ഏതൊക്കെ സ്കൂളുകളിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചു എന്നു വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ. ഇതുവരെയായി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല.

സർക്കാർ സ്കൂളുകളിൽ മാത്രമാണ് എസ്.എസ്.എ.സിവിൽ വർക്കുകൾ ചെയ്യുന്നത്. എന്നാൽ ഒരൊറ്റ സർക്കാർ സ്കൂളും ഇല്ലാത്ത തെന്നല ഗ്രാമപഞ്ചായത്തിൽ നിന്നും ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി ലക്ഷക്കണക്കിന് രൂപ സിവിൽ വർക്കുകൾക്കായി എസ്.എസ്.എ.കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ഇനിപ്പറയുന്നു.

വർഷം	വർക്ക് ഇനം	ആകെ വകയിരുത്തിയ തുക (രൂപ)	ഗ്രാമാപഞ്ചായത്ത് വിഹിതം
2009-10	ഗേൾസ് ടോയ്‌ലെറ്റ്	200000	70000
2010-11	ലൈബ്രറി	15000	5250
2011-12	പ്രൈമറി സ്കൂൾ മേജർ റിപ്പയർ	320000	112000
2012-13	യു.പി.സ്കൂൾ മേജർ റിപ്പയർ	730000	255500
ആകെ			**442750**

സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തിൽ ഇത്തരം പദ്ധതികൾക്ക് എസ്.എസ്.എ.രൂപം നൽകിയത് എന്തിനാണെന്ന് വ്യക്തമല്ല. തെന്നല ഗ്രാമപഞ്ചായത്തിലെ എല്ലാ എയ്ഡഡ് സ്കൂളുകളിലും ഓഡിറ്റ് ടീം നേരിട്ട് പരിശോധന

നടത്തിയെങ്കിലും, മേൽപ്പറഞ്ഞ യാതൊരു പ്രവൃത്തികളും നടത്തിയത് കാണാനായില്ല. ഈ സാഹചര്യത്തിൽ ഇതിനായി എസ്.എസ്.എ.തുക കൈപ്പറ്റിയത് തികച്ചും അനാവശ്യമാണ്.

ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി ഇനിപ്പറയുന്ന ഇനങ്ങളിലും എസ്.എസ്.എ. തുക കൈപ്പറ്റുന്നുണ്ട്.

വർഷം	പെൺകുട്ടികളുടെ വിദ്യാഭ്യാസം	എസ്. സി/എസ്.റ്റി. വിദ്യാഭ്യാസം	ന്യൂനപക്ഷ വിദ്യാഭ്യാസം	കമ്പ്യൂട്ടർ എയ്ഡഡ് പഠനം	ആകെ	തദ്ദേശ സ്ഥാപന വിഹിതം
2007-08	9195	14234	-	9346	32775	11471
2008-09	-	14000	9000	47000	70000	24500
2009-10	-	14000	-	47000	61000	21350
2010-11	14000	14000	9000	46000	69000	24150
2011-12	14000	14000	9000	46000	89000	31150
2012-13	13000	5000	10000	-	28000	9800

എന്നാൽ മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് എൽ.പി/യു.പി.സ്കൂളുകളിൽ നടത്തിയിട്ടില്ല എന്നാണ് പ്രാധാനാധ്യാപകർ ഓഡിറ്റിനോട് വ്യക്തമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്നും വലിയൊരു തുക ഓരോ വർഷവും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആയത് എസ്.എസ്.എ. വിനിയോഗിച്ചിട്ടില്ല. ഈ തുക എസ്.എസ്.എ എന്തു ചെയ്തു എന്നതും വ്യക്തമല്ല.
[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.18]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

172. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആറ്റിങ്ങൽ, പുനലൂർ, കായംകുളം, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കാസർഗോഡ് എന്നീ നഗരസഭകളും കൊല്ലം, കൊച്ചി, എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര, പന്തളം തെക്കേക്കര, തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര, പുന്നയൂർക്കുളം, പാലക്കാട് ജില്ലയിലെ മുണ്ടൂർ, മലപ്പുറം ജില്ലയിലെ തെന്നല, താഴെക്കോട്, വയനാട് ജില്ലയിലെ മീനങ്ങാടി, വെള്ളമുണ്ട, കാസറഗോഡ്

ജില്ലയിലെ ഉദുമ എന്നീ ഗ്രാമപഞ്ചായത്തുകളും ആയി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

173. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട, ചെന്നീർക്കര, കോഴഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളുമായും തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

174. സർവശിക്ഷാ അഭിയാൻ (എഞ്ചിനീയറിങ്) വിഭാഗത്തിന്റെ ഡെപ്യൂട്ടി ഡയറക്ടറാണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനെന്നും എസ്.എസ്.എ. ഫണ്ടിൽ നിന്നും ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും വിശദാംശം എസ്.എസ്.എ.യോട് നിരന്തരം ആവശ്യപ്പെടുന്നുണ്ടെന്നും എന്നാൽ നഗരസഭയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2020-21, 2021-22, 2023-24 എന്നീ വർഷങ്ങളിൽ സ്കൂളിൽ മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിൽ തീരുമാനം കൈക്കൊള്ളാമെന്ന് സമിതി തീരുമാനിച്ചു.

175. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് 24-08-2024-ന് തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനു എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

176. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മുണ്ടൂർ ജി. എൽ. പി. സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

177. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

178. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആറ്റിങ്ങൽ, പുനലൂർ,

കായംകുളം, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കാസർഗോഡ് എന്നീ നഗരസഭകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

179. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം, കൊച്ചി, എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

180. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര, പന്തളം തെക്കേക്കര, തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര, പുന്നയൂർക്കുളം, പാലക്കാട് ജില്ലയിലെ മുണ്ടൂർ, മലപ്പുറം ജില്ലയിലെ തെന്നല, താഴെക്കോട്, വയനാട് ജില്ലയിലെ മീനങ്ങാടി, വെള്ളമുണ്ട, കാസറഗോഡ് ജില്ലയിലെ ഉദുമ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

181. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട, ചെന്നീർക്കര, കോഴഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളുമായും തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

182. എസ്.എസ്.എ. ഫണ്ടിൽ നിന്നും ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും തിരുവനന്തപുരം നഗരസഭയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2020-21, 2021-22, 2023-24 എന്നീ വർഷങ്ങളിൽ സ്കൂളിൽ മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

183. പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനു താമസംവിനാ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

184. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലയിലെ

മുണ്ടൂർ ജി. എൽ. പി. സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

185. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിദ്യാഭ്യാസ മേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ

കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ മുഖമുദ്രയായി നൂതനാശയ പ്രവർത്തനങ്ങൾ മാറിക്കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ പാഠപുസ്തകങ്ങളിലും, ക്ലാസ്സ് മുറികളിലും മാത്രമായി ഒതുക്കി നിർത്താതെ സാമൂഹിക ജീവിതത്തിന്റെ വിവിധ വശങ്ങൾ നേരിട്ട് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഇത്തരം പാഠ്യേതര പ്രവർത്തനങ്ങളുടെ ലക്ഷ്യം. നൂതനാശയ പദ്ധതികളിൽ ഏറെയും പഠന മികവിനും, സർഗാത്മകമായ കഴിവുകളുടെ വികസനത്തിനും ഭൗതികസാഹചര്യങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ചാണ്. പഞ്ചായത്ത് ഭരണസമിതികൾ, പി.ടി.എ. കൾ എന്നിവയുടെ ഭാവനാപൂർണ്ണമായ പിന്തുണയും, ആസൂത്രണവുമാണ് നൂതനാശയ പദ്ധതികൾ വിജയകരമായി നടത്താൻ സഹായമാകുന്നത്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലെ വിദ്യാലയങ്ങളിൽ ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ

1. ശബ്ദസുരഭിയും, സാന്ത്വനപ്പെട്ടിയും

കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ സർക്കാർ എസ്.എൻ.ഡി.പി.യു.പി.സ്കൂൾ പട്ടത്താനം മാതൃകാപരമായ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ മികവ് തെളിയിച്ചിട്ടുണ്ട്. കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ശബ്ദസുരഭി എന്ന പേരിൽ കുട്ടികളുടെ റേഡിയോ നിലയം സ്കൂളിൽ പ്രവർത്തിക്കുന്നു. ഉച്ചയ്ക്ക് 1.30 മുതൽ 2 മണി വരെ പരിപാടികൾ എല്ലാ ക്ലാസ്സ് മുറികളിലേക്കും പ്രക്ഷേപണം ചെയ്യുന്നു.

കുട്ടികളുടെ മാനസികവും, ബൗദ്ധികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി സാന്ത്വനപ്പെട്ടി സ്കൂളിൽ സ്ഥാപിച്ചു. കുട്ടികൾ അവരുടെ പ്രശ്നങ്ങളെഴുതി സാന്ത്വനപ്പെട്ടിയിൽ ഇടുന്നു. പ്രത്യേക അധ്യാപകസമിതി പ്രശ്നങ്ങൾ അപഗ്രഥിച്ച് ഇവർക്ക് കൗൺസിലിംഗ് നൽകുന്നു.

2. വിജയവീഥിയും കൈത്താങ്ങും

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയ്ക്ക് കീഴിലുള്ള വിദ്യാലയങ്ങളിൽ 2009-10 മുതൽ നടപ്പാക്കി വരുന്ന മാതൃകാ പ്രവർത്തനമാണ് വിജയവീഥി. പഠനത്തിൽ പിന്നാക്കം

നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വൈകുന്നേരങ്ങളിൽ പ്രത്യേകം പരിശീലനം നൽകുന്ന പദ്ധതിയാണിത്. പ്രൈമറി ഹൈസ്കൂൾ/ഹയർസെക്കന്ററി വിഭാഗങ്ങളിലെ കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

ഒറ്റപ്പാലം നഗരസഭ വിദ്യാഭ്യാസരംഗത്ത് നടപ്പാക്കി വരുന്ന മറ്റൊരു നൂതനാശയ പ്രവർത്തനമാണ് കൈത്താങ്ങ്. അവശതയും, കഷ്ടപ്പാടും അനുഭവിക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനോദ്ദേശങ്ങൾ പഠനാവശ്യങ്ങൾ നിറവേറ്റുന്നതിനും, ഇത്തരത്തിലുള്ള കുട്ടികളുടെയും, അവരുടെ കുടുംബങ്ങളുടെയും ചികിത്സയ്ക്ക് സഹായം നൽകുവാനുള്ള ജീവകാരുണ്യ പദ്ധതിയാണിത്.

5. കുട്ടിയോടൊപ്പം ഒരു ദിവസം

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ മീനങ്ങാടി സർക്കാർ എൽ.പി.സ്കൂളിലെ പി.ടി.എ. 2012-13 ൽ ആവിഷ്കരിച്ച് നടപ്പാക്കിയ തനതു പ്രവർത്തനമാണ് കുട്ടിയോടൊപ്പം ഒരു ദിവസം. പ്രീ-പ്രൈമറി മുതൽ 4 വരെയുള്ള ഓരോ ക്ലാസ്സിലെയും ഒരു കുട്ടിയുടെ അമ്മ വീതം, 5 അമ്മമാർ ദിവസേന സ്കൂളിൽ എത്തി ശുചീകരണ പ്രവർത്തനങ്ങളിലും, പാചകത്തിലും സഹായിക്കുന്നതാണ് പരിപാടി. വൈകുന്നേരം വരെയുള്ള ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. ഇപ്രകാരം രേഖപ്പെടുത്തുന്ന വിവരങ്ങൾ/നിർദ്ദേശങ്ങൾ/നിരീക്ഷണങ്ങൾ പി.ടി.എ പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

6. ഉത്തരപ്പെട്ടി

വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കണ്ടത്ത് വയൽ സർക്കാർ എൽ.പി.സ്കൂളിൽ, കുട്ടികളുടെ വായനാശീലം വളർത്താനായി നടപ്പാക്കി വരുന്ന നൂതനാശയ പരിപാടിയാണ് ഉത്തരപ്പെട്ടി. പരിപാടിയുടെ ഭാഗമായി സ്കൂളിലെ എല്ലാ കുട്ടികൾക്കും വായനക്കായി ദിനപത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുന്നു. ഓരോ ആഴ്ചയിലെയും വായനാ സാമഗ്രികളെ അധികരിച്ച് 5 ചോദ്യങ്ങൾ വീതം സ്കൂളിലെ ചാർട്ടിൽ എഴുതിയിടുന്നു. കുട്ടികൾ ഇവയുടെ ഉത്തരം കണ്ടെത്തി ഉത്തരപ്പെട്ടിയിൽ ഇടണം. വിജയികൾക്ക് സ്കൂൾ അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു. മാസാവസാനം പ്രശ്നോത്തരി നടത്തി വിജയികൾക്ക് ട്രോഫികൾ നൽകുന്നു.

7. പ്രഭാതഭക്ഷണം പദ്ധതി

വയനാട് ജില്ലാപ്പഞ്ചായത്തും, മീനങ്ങാടി ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്നതാണ് പ്രഭാതഭക്ഷണം പദ്ധതി. ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗത്തിൽപ്പെടുന്ന മിക്ക വീടുകളിലും പ്രഭാതഭക്ഷണം ഉണ്ടാക്കാത്തതിനാൽ കുട്ടികൾ സ്കൂളിൽ വരാത്ത അവസ്ഥയുണ്ടായിരുന്നു. ഈ വിഭാഗത്തിലെ കുട്ടികളെയാണ് പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. 2012-13 ൽ പദ്ധതിക്കായി 3,13,250/- രൂപ വകയിരുത്തുകയും, 2,94,677/- രൂപ ചെലവാക്കുകയും ചെയ്തു. പദ്ധതിയുടെ ഫലമായി, പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഹാജർനില ഉയർത്താനും,

കൊഴിഞ്ഞുപോക്ക് തടയാനും കഴിഞ്ഞിട്ടുണ്ട്. നിലവിൽ വയനാട് ജില്ലയിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

10. ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ നൂതനാശയ പരിപാടിയാണ് ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ, ശാസ്ത്രപ്രവർത്തനങ്ങൾ, കായികവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ എന്നിവയാണ് പദ്ധതി പ്രധാനമായും ലക്ഷ്യമിട്ടത്. 2009-10 മുതൽ 2011-12 വരെ നടപ്പാക്കിയ പദ്ധതിയുടെ അടങ്കൽ 6,30,000/- രൂപയായിരുന്നു. ഇതിൽ 6,19,300/- രൂപ ചെലവായി. പദ്ധതിയുടെ ആദ്യവർഷം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി 'പൂക്കട' എന്ന പേരിൽ ബാലമാസിക തയ്യാറാക്കി. 2010-11 ൽ ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം വീതം കുട്ടികൾക്ക് കായിക പരിശീലനം നൽകാൻ രണ്ടു കായികാധ്യാപകരെ നിയമിച്ചു. കൂടാതെ, പ്രൈമറി സ്കൂളുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തിരക്കഥ, അഭിനയം, സംവിധാനം, ചലച്ചിത്രാസ്വാദനം തുടങ്ങിയ മേഖലകളിൽ അറിവുപകരാനായി 'നിഴലാട്ടം' എന്ന പേരിൽ ചലച്ചിത്രപാഠശാലയും നടത്തി. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ഇംഗ്ലീഷ് ലൈബ്രറി തുടങ്ങുവാനായി 10,000/- രൂപയുടെ പുസ്തകങ്ങളും വാങ്ങി നൽകി. പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ചിത്രകലയിൽ പരിശീലനം നൽകാനായി 2011-12 ൽ അധ്യാപകരെ നിയമിച്ചു. കുട്ടികൾ തയ്യാറാക്കിയ ' Blooming Buds' എന്ന ഇംഗ്ലീഷ് മാസികയുടെ 1000 കോപ്പികൾ അച്ചടിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ വിതരണം നടത്തി.

പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുള്ള വ്യക്തമായ ആസൂത്രണവും, കൃത്യമായ മേൽനോട്ടവും ഇല്ലാത്തതാണ് വിദ്യാഭ്യാസമേഖലയിലെ നൂതനാശയ പ്രവർത്തനങ്ങൾ പരാജയപ്പെടാൻ കാരണം, ലക്ഷ്യം കൈവരിക്കാത്ത ഇത്തരം പദ്ധതികൾ ലക്ഷക്കണക്കിന് രൂപയുടെ പാഴ്ചെലവിനും ഇടയാക്കുന്നു. വിദ്യാഭ്യാസമേഖലയിലെ പരാജയപ്പെട്ട ഏതാനും നൂതനപ്രവർത്തനങ്ങൾ ഇനിപ്പറയുന്നു.

1. നഗരം സംഗീതസാന്ദ്രം

2012 ൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുത്ത എൽ.പി./യു.പി.വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് സംഗീതത്തിലും, സംഗീതോപകരണങ്ങളിലും പരിശീലനം നൽകാൻ ലക്ഷ്യമിട്ട പദ്ധതിയാണ് നഗരം സംഗീതസാന്ദ്രം. പദ്ധതിയുടെ ഭാഗമായി ഏഴ് സ്കൂളുകൾക്ക് സംഗീതോപകരണങ്ങൾ നൽകി. എന്നാൽ ഇവയിൽ ആറു സ്കൂളുകളും സംഗീതാധ്യാപകർ ഇല്ലാത്തവയായിരുന്നു. ഫോർട്ട് യു.പി.സ്കൂളിൽ സംഗീതാധ്യാപകരെ നിയമിച്ചിരുന്നുവെങ്കിലും, ഇവരുടെ സേവനകാലം തീർന്നതിനുശേഷമാണ് സംഗീതോപകരണങ്ങൾ നൽകിയത്. പദ്ധതി

പ്രകാരം വാങ്ങിയ 3 ലക്ഷം രൂപയുടെ സംഗീതോപകരങ്ങൾ ഉപയോഗിക്കാനാവാതെ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുകയാണ്.

2. വിജ്ഞാൻ സാഗർ

തൃശ്ശൂർ ജില്ലാപഞ്ചായത്ത് 2005 ൽ 20 കോടി രൂപ അടങ്കലിൽ വിജ്ഞാൻ സാഗർ എന്ന വിദ്യാഭ്യാസമേഖലയിലെ ബഹുവർഷ പദ്ധതിക്ക് രൂപം നൽകി. സയൻസ് പാർക്കും പ്ലാനറ്റോറിയവും സ്ഥാപിക്കൽ, ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ, വംശനാശം നേരിടുന്ന സസ്യങ്ങളുടെ ഉദ്യാനം എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ.

സയൻസ് പാർക്കിനായി കഴിഞ്ഞ ഏഴവർത്തിനടിയിൽ വിവിധ വാർഷിക പദ്ധതികളിലായി 78,45,513/- രൂപ ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഒന്നാം നിലയുടെ പണി മാത്രമാണ് ഇതുവരെയായി പൂർത്തിയായിട്ടുള്ളത്.

ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി 2011 ൽ 3,54,375/- രൂപ മുടക്കി പോർട്ടബിൾ പ്ലാനറ്റോറിയം വാങ്ങിയിട്ടുണ്ട്. എന്നാൽ, ഇത് കൊണ്ടുപോകാനാവശ്യമായ വാഹനം, സാങ്കേതിക വിദഗ്ധന്റെ സേവനം തുടങ്ങിയ മറ്റു സംവിധാനങ്ങളൊന്നും ഒരുക്കുകയോ, പ്ലാനറ്റോറിയം ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. 28.02.2011 ൽ വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടിക്കാലയളവും ഇതിനകം കഴിഞ്ഞിരിക്കുകയാണ്.

സസ്യങ്ങളുടെ ഉദ്യാനമുണ്ടാക്കുന്ന പദ്ധതിക്കായി കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് 17.01.08 ൽ കരാർ ഒപ്പിട്ടിരുന്നു. 3,20,400/- രൂപ ചെലവഴിച്ച് പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയെങ്കിലും ജലസേചനസൗകര്യം ഇല്ലാത്തതിനാൽ ചെടികളെല്ലാം പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ്.

വിജ്ഞാൻ സാഗർ പദ്ധതിക്കായി ജില്ലാപഞ്ചായത്ത് ഇതുവരെ ചെലവഴിച്ച 85,20,288/- രൂപ (7845513+354375+320400) നിഷ്ഫലമായി തീർന്നിരിക്കുകയാണ്.

നിഗമനങ്ങൾ

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. പല സ്കൂളുകളും കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.
3. സുനാമി പുനരധിവാസ പ്രവൃത്തികളുൾപ്പെടെ പല നിർമ്മാണ പ്രവൃത്തികളും സ്തംഭനാവസ്ഥയിലാണ്.
4. ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ (പാചകപ്പുര, ഡൈനിംഗ് ഹാൾ, സ്റ്റോർ മുറി, വിറക് പുര) മെച്ചപ്പെടുത്തിന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടില്ല.
5. പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമല്ല. ടോയ്ലെറ്റ് സൗകര്യങ്ങളും അപര്യാപ്തമാണ്.
6. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കിയിട്ടില്ല.
7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ല.
8. വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

9. സ്കൂളുകളിലെ മാലിന്യസംസ്കരണം തികച്ചും അശാസ്ത്രീയമായ രീതിയിലാണ്.
10. സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു.
11. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന പരിമിതമായ തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല.
12. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
13. എസ്.എസ്.എ.പദ്ധതികളുടെ 35% ചെലവ് വഹിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ പങ്കാളിത്തം ലഭിക്കുന്നില്ല.

ശുപാർശകൾ

1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പുനർ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.
4. ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.
5. പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കേണ്ടതും ടോയ്‌ലെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്.
6. വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കേണ്ടതാണ്.
7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. സ്കൂളുകളിലെ മാലിന്യസംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും വകയിരുത്തുന്ന തുക പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കേണ്ടതുമാണ്.
10. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമക്കേണ്ടതാണ്.
11. എസ്.എസ്.എ.പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5.2, 5.2.4.19, 5.2.5, 5.2.6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

186. ശ്രദ്ധേയമായ നൂതനാശയ പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിലെ ശബ്ദസുരഭിയും, സാന്ത്വനപ്പെട്ടിയും, വിജയവീഥിയും കൈത്താങ്ങും, കുട്ടിയോടൊപ്പം ഒരു ദിവസം, ഉത്തരപ്പെട്ടി, പ്രഭാതഭക്ഷണം പദ്ധതി, ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി എന്നിവയിന്മേൽ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിന്മേൽ സമിതി തൃപ്തി

രേഖപ്പെടുത്തുകയും ചെയ്തു.

187. സംഗീതാധ്യാപകരെ നിയമിക്കേണ്ട ചുമതല വിദ്യാഭ്യാസ വകുപ്പിനാണെന്നും ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച സ്കൂളുകളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചതനുസരിച്ചാണ് 'നഗരം സംഗീതസാന്ദ്രം പദ്ധതിയുടെ ഭാഗമായി സംഗീതോപകരണങ്ങൾ വാങ്ങി നൽകിയതെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

188. ടി സ്കൂളുകളിൽ അധ്യാപകരുണ്ടോയെന്ന് പരിശോധിക്കാതെ സംഗീതോപകരണങ്ങൾ ലഭ്യമാക്കിയത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന് സ്കൂൾ എച്ച്.എം. നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് അതത് സ്കൂളുകൾക്ക് സംഗീതോപകരണങ്ങൾ നൽകിയതെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

189. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിക്കുന്ന ഏഴ് സ്കൂളുകളിലും സംഗീതം അറിയാവുന്ന അധ്യാപകരുണ്ടെങ്കിൽ അവർക്ക് ചുമതല നൽകുന്നതിന് സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

190. ഗവൺമെന്റ് ഫോർട്ട് യു.പി.എസ്.-ൽ സംഗീത അധ്യാപകരെ നിയമിച്ചതിനുശേഷമാണ് സംഗീതോപകരണങ്ങൾ ആവശ്യപ്പെട്ടതെന്നും അതിൻ പ്രകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ഗസ്റ്റ് അധ്യാപകരെ നിയമിക്കാൻ സാധിക്കില്ലേയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് മ്യൂസിക് അധ്യാപകരെ നിയമിക്കേണ്ട ചുമതല വിദ്യാഭ്യാസ വകുപ്പിനാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിച്ചു.

191. സംഗീതോപകരണങ്ങൾ ലഭ്യമാക്കിയ സാഹചര്യത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ സംഗീത അധ്യാപകരെ നിയമിക്കാൻ കോർപ്പറേഷന് സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സംഗീതോപകരണങ്ങൾ നൽകിയ സമയത്ത് അധ്യാപകരെ നിയമിച്ചിരുന്നതായി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. സംഗീതം, തയ്യൽ, കായികം, ചിത്രരചന എന്നീ വിഭാഗങ്ങളിലെ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സ്കൂളിലെ കുട്ടികളുടെ എണ്ണത്തെ ആശ്രയിച്ചാണെന്ന് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. 3 ലക്ഷം രൂപയുടെ സംഗീതോപകരണങ്ങൾ ഉപയോഗിക്കാനാവാതെ സ്കൂളിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ സ്കൂളിലേക്ക് സംഗീത അധ്യാപക തസ്തിക അനുവദിച്ചാൽ മാത്രമേ നിയമനം നടത്തുന്നതിന് സാധിക്കുകയുള്ളൂവെന്ന് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

192. സംഗീതോപകരണങ്ങൾ ഉപയോഗിക്കാൻ അറിയാവുന്ന അധ്യാപകർ ടി സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിൽ അവർക്ക് സംഗീതോപകരണങ്ങളുടെ ചുമതല നൽകാൻ സാധിക്കില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അതിനുള്ള സാധ്യത കുറവാണെന്ന് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ടി

സ്കൂളുകളിൽ സംഗീതാധ്യാപകരില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സംഗീതോപകരണങ്ങൾ ആവശ്യമായ മറ്റ് സ്കൂളുകൾക്ക് ലഭ്യമാക്കാൻ സാധിക്കില്ലേയെന്ന് സമിതി ആരാഞ്ഞതിന് സാധിക്കുമെന്ന് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി. ആയതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദേശിച്ചു.

193. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിജ്ഞാൻ സാഗർ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

194. 'നഗരം സംഗീതസാന്ദ്രം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട സ്കൂളുകളിൽ സംഗീതാധ്യാപകർ ഉണ്ടോ എന്ന് വിശദമായി പരിശോധിച്ചതിനുശേഷം സംഗീതോപകരണങ്ങൾ വിതരണം ചെയ്യേണ്ടതായിരുന്നുവെന്ന് വിലയിരുത്തിയ സമിതി, ഗസ്റ്റ് അധ്യാപകരെ നിയമിക്കാനുള്ള സാധ്യതയും, ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്ന സംഗീതോപകരണങ്ങൾ ആവശ്യമായ മറ്റ് സ്കൂളുകൾക്ക് നൽകുന്നതിന്റെയും സാധ്യത പരിശോധിക്കാൻ ശിപാർശ ചെയ്യുന്നു.

195. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ- വിജ്ഞാൻ സാഗർ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

196. ഓഡിറ്റ് ഖണ്ഡിക 5.2.5 ൽ പ്രത്യേക പരാമർശമില്ല എന്ന് നിരീക്ഷിക്കുകയും ഓഡിറ്റ് ഖണ്ഡിക 5.2.6 ൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുകയും ചെയ്യു.

അൻവർ സാദത്ത്,

ചെയർപേഴ്സൺ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,

2026, ഒക്ടോബർ 28

അനുബന്ധം 1

പ്രധാന നിഗമനങ്ങൾ / ശിപാർശകൾ

ക്രമ നം.	ഖണ്ഡിക നം.	ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1.	5	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊച്ചി, കാസർഗോഡ് എന്നീ നഗരസഭകളുമായും ഉദുമ ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
2.	6	തദ്ദേശസ്വയംഭരണ വകുപ്പ്	തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ ജി.എം.എൽ.പി.എസ്. അണ്ടത്തോടിന്റെ പുതിയ സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തി നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പുതിയ സ്കൂൾ കെട്ടിടത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിച്ച് നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.
3.	32	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂൾ, ഡയറ്റ് യു.പി.എസ്, തിരുവനന്തപുരം നഗരസഭയുടെ ഭാഗമായുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ, ബീമാപള്ളി യു.പി.എസ്., കൊല്ലം നഗരസഭാ പരിധിയിലുള്ള വെസ്റ്റ് കൊല്ലം എച്ച്.എസ്.എസ്. എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ വിലങ്ങ് ഗവൺമെന്റ് യു.പി.സ്കൂൾ, മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ എൽ.പി.സ്കൂളായ തട്ടാഞ്ചേരിമല ജി.എൽ.പി.സ്കൂൾ, കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ കൊടിയമ്മ ഗവ.യു.പി. സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
4.	33	തദ്ദേശസ്വയംഭരണ വകുപ്പ്	വാളത്തുംഗൽ ജി.എച്ച്.എച്ച്.എസ്.-ൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും നിലവിലുള്ള കെട്ടിടങ്ങൾ ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് നഗരസഭയുടെ കൺകറന്റ് ഓഡിറ്റ് വിഭാഗത്തിന്

			ലഭ്യമാക്കിയിട്ടുണ്ടെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തിയ സാഹചര്യത്തിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് വിഭാഗത്തോട് സമിതി നിർദ്ദേശിക്കുന്നു.
5.	34	തദ്ദേശസ്വയംഭരണ വകുപ്പ്	ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂളിലെ ഉപയോഗശൂന്യമായ ഫർണിച്ചറുകൾ ഒഴിവാക്കി വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി ക്ലാസ് മുറികൾ ക്രമീകരിക്കുന്നതിനും ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.
6.	35	തദ്ദേശസ്വയംഭരണ വകുപ്പ്	മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ അധ്യാപകർക്കാവശ്യമായ ടോയ്‌ലെറ്റ് സൗകര്യമില്ലെന്നാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്ന് നിരീക്ഷിച്ച സമിതി ടോയ്‌ലെറ്റ് സൗകര്യമൊരുക്കിയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
7.	36	തദ്ദേശസ്വയംഭരണ വകുപ്പ്	പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂളുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
8.	37	തദ്ദേശസ്വയംഭരണ വകുപ്പ്	കാസർഗോഡ് നഗരസഭയിലെ ഗവൺമെന്റ് വെൽഫെയർ എൽ.പി.സ്കൂളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
9.	38	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ കെട്ടിടത്തിലേക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ച എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ പുരവൂർ സരസ്വതി വിലാസം അപ്പർ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
10.	39	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ഗവൺമെന്റ് .ബി.എച്ച്.എസ്.എസ്., ഗവൺമെന്റ് ഗേൾസ് ഹയർ

			സെക്കന്ററി സ്കൂൾ, ഗവൺമെന്റ് വി.എച്ച്.എസ്.എസ്., പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
11.	40	തദ്ദേശസ്വയംഭരണ വകുപ്പ്	പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അയിരൂപ്പാറ ഗവൺമെന്റ് എച്ച്. എസ്. എസ്., ഗവൺമെന്റ് എൽ. പി. എസ്. മണലകം, ഗവൺമെന്റ് എൽ. പി. എസ്. തച്ചപ്പള്ളി എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി സർക്കാരിനും ഓഡിറ്റിനും മറുപടി ലഭ്യമാക്കിയിരുന്നവെങ്കിൽ സമിതിക്ക് ശരിയായി തീരുമാനം കൈകൊള്ളാൻ സാധിക്കുമായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി സർക്കാരിൽ ലഭ്യമാക്കുന്നതോടൊപ്പം ഓഡിറ്റ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റ് പരാമർശത്തിന്മേലുള്ള മറുപടി പരിശോധിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും സമിതി നിർദേശിക്കുന്നു.
12.	41	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി. സ്കൂളിന്റെ മേൽക്കൂരയുടെ അറ്റകുറ്റപണി ചെയ്തതിനുശേഷം അതുസംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
13.	42	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗവൺമെന്റ് എൽ.പി.എസ്., ആലപ്പുഴ നഗരസഭയിലെ ഗവ. മുഹമ്മ സ്കൂൾ, കായംകുളം നഗരസഭയുടെ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ പുതനൂർ ജി.എൽ.പി സ്കൂൾ, വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തുകളിലെ ഗവൺമെന്റ് യു.പി സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
14.	43	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ മാവേലിക്കര

			നഗരസഭയുമായും പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
15.	44	തദ്ദേശസ്വയംഭരണ വകുപ്പ്	ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ ചുറ്റുമതിൽ കാലപഴക്കം മൂലം പല ഭാഗങ്ങളും തകർന്നു പോയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുറ്റുമതിൽ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
16.	45	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, കാസർഗോഡ് ജില്ലയിലെ ഉദ്ദമ, കുമ്പള ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
17.	58	തദ്ദേശസ്വയംഭരണ വകുപ്പ്	പ്രക്കാനം ഗവൺമെന്റ് എൽ.പി. സ്കൂളിൽ പ്രീ-പ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച കെട്ടിടം ഉപയോഗയോഗ്യമല്ലെങ്കിൽ അനുമതി നൽകിയ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും നഷ്ടം ഈടാക്കി പുതിയ കെട്ടിടം പണിയുന്നതിനുള്ള സാധ്യത ആരായണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
18.	59	തദ്ദേശസ്വയംഭരണ വകുപ്പ്	1989-ൽ നിർമ്മിച്ച കെട്ടിടം വർഷങ്ങൾക്കുശേഷമാണ് സുരക്ഷിതമാണോയെന്ന് പരിശോധിക്കുന്നതെന്നും ഇത് വലിയൊരു അനാസ്ഥയാണെന്നും മറ്റെല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി വിഭാഗം പൊതുവെ നല്ല നിലയിലാണ് പ്രവർത്തിക്കുന്നതെന്നും സമിതി വിലയിരുത്തി. പൊതുവിദ്യാഭ്യാസ വകുപ്പും ചെന്നീർക്കര ഗ്രാമപഞ്ചായത്തും ഓഡിറ്റുമായി ബന്ധപ്പെട്ട വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
19.	60	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് എൽ. പി. എസ്. ന്റെ ടോയ്‌ലെറ്റ് എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് കെട്ടിടമാക്കിയിട്ടുണ്ടെന്നും, സ്പോൺസർഷിപ്പ് മുഖേന നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സിൽ ആവശ്യമായ ടോയ്‌ലെറ്റ് സൗകര്യം നിലവിലുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ

			നിർമ്മാണ പ്രവർത്തികൾ പലതും ലക്ഷ്യം കൈവരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
20.	61	തദ്ദേശസ്വയംഭരണ വകുപ്പ്	ഭാവിയിൽ പ്രശ്നങ്ങളുണ്ടാകാനുള്ള സാധ്യത മുൻനിർത്തി തൃശ്ശൂർ നഗരസഭയിലെ പുല്ലൂർക്കര എൽ.പി സ്കൂളിന്റെ പി.റ്റി.എ.യും ക്ഷേത്രഭരണ സമിതി ഭാരവാഹികളും കൂടിച്ചേർന്ന് അതിരുകൾ കൃത്യമായി വേർതിരിക്കണമെന്നും സൗഹാർദ്ദപരമായി വിഷയത്തിൽ പരിഹാരം കണ്ടെത്താൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
21.	62	തദ്ദേശസ്വയംഭരണ വകുപ്പ്	ഒറ്റപ്പാലം ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിനായി നിർമ്മിച്ച കെട്ടിടം, ഉദ്ദേശിച്ച രീതിയിൽ ഉപയോഗയോഗ്യമാക്കുന്നതിനായി 2024-25 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി ആവശ്യമായ തുക വരുത്തുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കെട്ടിടത്തിന്റെ ഉദ്ദേശത്തിനനുസരിച്ചുള്ള നിർമ്മാണം പൂർത്തിയാക്കി കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.
22.	63	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വ്യക്തമായ ആസൂത്രണമില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാനാവുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കരമന ഗവൺമെന്റ് ബോയ്സ് സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
23.	71	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
24.	72	തദ്ദേശസ്വയംഭരണ വകുപ്പ്	ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സ്കൂൾ കെട്ടിടനിർമ്മാണത്തെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണത്തിന്റെ തൽസ്ഥിതി വ്യക്തമാക്കുന്ന റിപ്പോർട്ട് വഭ്യമാക്കാൻ സമിതി

			നിർദ്ദേശിക്കുന്നു.
25.	73	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
26.	74	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലപ്പുഴ നഗരസഭയിലെ ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
27.	77	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂൾ വക വസ്തു കയ്യേറ്റം - ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിലെ കൈപ്പുഴ എൽ.പി.ജി. സ്കൂൾ, ഉമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി.ജി.എസ്. എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
28.	78	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത അൺ എയ്ഡഡ് സ്കൂൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
29.	86	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഉച്ചഭക്ഷണവിതരണം - അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ ആയാംകുടി

			ഗവൺമെന്റ് എൽ.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
30.	87	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ടൗൺ യു.പി.എസ്.ൽ പാചകപ്പുരയോട് ചേർന്ന് ചെറിയ വിസ്തൃതിയിൽ അടിസ്ഥാനം കെട്ടിയിരിക്കുന്നത് എന്തിനാണെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
31.	88	തദ്ദേശസ്വയംഭരണ വകുപ്പ്	തിരുവല്ല നഗരസഭയിലെ കാവുഭാഗം ജി. എൽ. പി. എസ്.ൽ അടുക്കള, സ്റ്റോർ റൂം, വർക്ക് ഏരിയ എന്നിവ കാലപ്പഴക്കമുള്ള കെട്ടിടമായതിനാൽ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിന് ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവല്ല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ധരിപ്പിക്കുകയും പഞ്ചായത്ത് ഡയറക്ടറേറ്റിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനോടൊപ്പം സർക്കാരിനും ഓഡിറ്റ് വകുപ്പിനും റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
32.	91	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ലായെന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിലെ ഗവൺമെന്റ് എൽ.പി.എസ്., കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ്., ഐക്കരക്കോണം, കോട്ടയം ജില്ലയിലെ കാണക്കാരി ഗവ.എൽ.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ അരക്കുപറമ്പ് ജി.എൽ.പി. സ്കൂൾ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
33.	92	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കിണർവെള്ളത്തിൽ കോളീഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
34.	98	തദ്ദേശസ്വയംഭരണ വകുപ്പ്	ടോയ്ലെറ്റ് സൗകര്യങ്ങൾ ശോചനീയം എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം

			ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട റിപ്പോർട്ട് 24.08.2024-ൽ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയ സാഹചര്യത്തിൽ പ്രസ്തുത റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
35.	99	തദ്ദേശസ്വയംഭരണ വകുപ്പ്	മാവേലിക്കര നഗരസഭയിലെ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റുകൾ സ്ഥാപിക്കുന്നതിനാണ് സർക്കാർ 5,00,000/- രൂപയുടെ ഫണ്ട് അനുവദിച്ചതെന്ന് നിരീക്ഷിച്ച സമിതി, 14 ടോയ്ലെറ്റുകൾ ഗേൾസ് ഫ്രണ്ട്ലി ആക്കുന്നതിന് സ്വീകരിച്ച നടപടിയും പെൺകുട്ടികൾക്ക് സ്കൂളുകളിൽ മികച്ച സൗകര്യങ്ങൾ ഉറപ്പ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ടും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
36.	100	തദ്ദേശസ്വയംഭരണ വകുപ്പ്	വാളത്തുംഗൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പെൺകുട്ടികൾക്ക് മതിയായ ടോയ്ലെറ്റ് സൗകര്യം ലഭ്യമല്ലെന്നുള്ളത് ഗൗരവമുള്ള വിഷയമാണെന്ന് അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത സ്കൂളിൽ ടോയ്ലെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
37.	120	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കളിസ്ഥലങ്ങൾ – വിദ്യാഭ്യാസചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി.സ്കൂൾ, തിരുവനന്തപുരം നഗരസഭ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
38.	121	തദ്ദേശസ്വയംഭരണ വകുപ്പ്	തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂപ്പാറ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലത്തെ ചുറ്റുമതിലിന്റെ പൊളിഞ്ഞഭാഗം പുനർനിർമ്മിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
39.	122	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ.പി.സ്കൂൾ, മണിയാറ്റ് ഗവൺമെന്റ് യു.പി.സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ്

			പരാമർശം സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
40.	123	തദ്ദേശസ്വയംഭരണ വകുപ്പ്	കരിക്കകം സ്കൂളിൽ മതിയായ സ്ഥലമില്ലാത്തതിനാൽ കളിസ്ഥലം ഇല്ലാത്ത സ്കൂളിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകിയത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന് എല്ലാ സ്കൂളുകൾക്കും വാങ്ങി നൽകിയ കൂട്ടത്തിൽ കരിക്കകം സ്കൂളിനും നൽകിയതാണെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകിയപ്പോൾ പൊതുപണത്തിന്റെ ദുർവ്യയമാണ് നടന്നിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി കരിക്കകം സ്കൂളിന് ആവശ്യമില്ലാത്ത സ്പോർട്സ് ഉപകരണങ്ങൾ സമീപത്തുള്ള മറ്റ് ഗവൺമെന്റ് സ്കൂളുകൾക്ക് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുവാനും കരിക്കകം ഗവൺമെന്റ് സ്കൂളിന് കളിസ്ഥലം കണ്ടെത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
41.	124	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ദേശീയതാരങ്ങളെ സൃഷ്ടിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലാപഞ്ചായത്തിലെ തേങ്കുറിശ്ശി ഗവ.ഹയർ സെക്കണ്ടറി സ്കൂളുമായും, കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
42.	125	തദ്ദേശസ്വയംഭരണ വകുപ്പ്	കൽപ്പറ്റ നഗരസഭ – സെപ്റ്റ്- വിഷൻ ഇന്ത്യ-ഫുട്ബോൾ പരിശീലന പരിപാടികളിൽ സജീവപങ്കാളികൾ എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ മറുപടി അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
43.	126	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം കോർപ്പറേഷൻ പരിധിയിലെ സ്കൂൾ കുട്ടികൾക്ക് ഹോക്കിയിൽ പരിശീലനത്തിനും മത്സരങ്ങൾക്കും ഉപയോഗപ്രദമായ തരത്തിൽ ഉന്നതനിലവാരത്തിലുള്ള ഹോക്കി സ്റ്റേഡിയം കോർപ്പറേഷൻ പരിധിയിൽ നിർമ്മിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകൾക്കും സൗജന്യമായി സ്റ്റേഡിയം ഉപയോഗിക്കാവുന്നതാണെന്നും കൊലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുന്നു. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കളിസ്ഥലം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം

			ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
44.	127	തദ്ദേശസ്വയംഭരണ വകുപ്പ്	കൊല്ലം ഗവ.ബോയ്സ് ഹൈസ്കൂളിൽ നിർമ്മിച്ച ഫുട്ബോൾ കോർട്ട് ഉപയോഗിച്ചുവരുന്നുവെന്നും ബാസ്കറ്റ് ബോൾ കോർട്ടിന്റെ ഇളകിയ തറഭാഗം ശരിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുവെന്ന കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിന്റെ പിഴവുമൂലം കളിസ്ഥലം നശിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ കൊല്ലം ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.
45.	128	തദ്ദേശസ്വയംഭരണ വകുപ്പ്	വാഴപ്പള്ളി ഗവൺമെന്റ് ഹൈസ്കൂളിന്റെ അപകടാവസ്ഥയിലുള്ള ചുറ്റുമതിൽ പുനർനിർമ്മിക്കണത്തിന്റെയും കളിസ്ഥലത്തിൽ മണ്ണ് ഫില്ലിങ്ങ് ചെയ്യുന്നതിന്റെയും ചുറ്റുമതിൽ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിക്കുന്നു.
46.	131	തദ്ദേശസ്വയംഭരണ വകുപ്പ്	കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ റീഡിങ് റൂം ഏർപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യമില്ലാത്തതിന് പരിഹാരം കണ്ടെത്തി ആയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
47.	132	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ലൈബ്രറി പുനരുദ്ധാരണ പ്രവൃത്തി നടത്താത്തതിനാൽ പുസ്തകങ്ങൾ നശിക്കുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം നഗരസഭയുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
48.	136	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭ, കിഴുവിലം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലാ പഞ്ചായത്തിലെ ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ, കുഴിത്തുറ എന്നീ സ്കൂളുകളിലെയും മൺട്രോത്തുരുത്ത് പഞ്ചായത്തിലെ പെരുങ്ങാലം സ്കൂൾ എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

49.	137	തദ്ദേശസ്വയംഭരണ വകുപ്പ്	പുന്നല ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മുട്ടറ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ ജലഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
50.	142	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആലുവ മുനിസിപ്പാലിറ്റി, വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിലെ കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്, കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
51.	143	തദ്ദേശസ്വയംഭരണ വകുപ്പ്	വിവരസാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്, നെന്മേനി ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.
52.	144	തദ്ദേശസ്വയംഭരണ വകുപ്പ്	District Resource Centre-ന്റെ പരിശീലന പരിപാടി പ്രവർത്തിച്ചുവന്നത് കൊല്ലം നഗരസഭയുടെ വെസ്റ്റ് കൊല്ലം ഹയർ സെക്കണ്ടറി സ്കൂളിലായിരുന്നുവെന്നും പ്രോജക്ടിന്റെ ഭാഗമായി ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകൾ ഭാവിയിൽ ഉപയോഗയോഗ്യമാക്കാൻ സാധിക്കില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇ-വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം വഴി ഒഴിവാക്കിയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.
53.	145	തദ്ദേശസ്വയംഭരണ വകുപ്പ്	പത്തനംതിട്ട ജില്ല ചെന്നീർക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച സമിതി ആയതിന്മേൽ പ്രത്യേക പരാമർശമില്ലായെന്ന് നിരീക്ഷിക്കുന്നു.
54.	147	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിലെ മാലിന്യസംസ്കരണം അശാസ്ത്രീയം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ജി.എൽ.പി.എസ്., ഗവൺമെന്റ് എൽ.പി.എസ്., മേലാറ്റിങ്ങൽ ഗവൺമെന്റ് എൽ.പി.എസ്., ആലംകോട് ഗവൺമെന്റ് എൽ.പി.എസ്., പരവൂർകോണം ആറ്റിങ്ങൽ

			മോഡൽ ബി.എച്ച്.എസ്.എസ്. ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, ആറ്റിങ്ങൽ എന്നിവയുമായും തിരുവനന്തപുരം നഗരസഭയിലെ ഗവൺമെന്റ് മോഡൽ ഹയർസെക്കൻഡറി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർസെക്കൻഡറിസ്കൂൾ, എന്നിവയുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
55.	148	തദ്ദേശസ്വയംഭരണ വകുപ്പ്	പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ബോധിപ്പിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനുകൂടി എത്രയും വേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു
56.	152	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ - അടിയന്തര ഇടപെടൽ അനിവാര്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂൾ, ആറ്റിങ്ങൽ നഗരസഭയിലെ ജി.എൽ.പി.എസ്., ആറ്റിങ്ങൽ ജി.എൽ.പി.എസ്., ആലംകോട്, ജി.എൽ.പി.എസ്., പരവൂർക്കോണം എന്നിവയിന്മേലുള്ള പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
57.	153	തദ്ദേശസ്വയംഭരണ വകുപ്പ്	ആറ്റിങ്ങൽ നഗരസഭയുടെ കീഴിലുള്ള ജി.എൽ.പി.എസ്. മേലാറ്റിങ്ങലിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കിന് ഒരു കാരണം സ്കൂൾ ബസിന്റെ അപര്യാപ്തതയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആറ്റിങ്ങൽ നഗരസഭയുടെ കീഴിലുള്ള ജി. എൽ.പി.എസ്.മേലാറ്റിങ്ങലിന് സ്കൂൾ ബസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
58.	154	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂൾ, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഗവ.യു.പി.എസ്. മാത്തൂർ, ഗവ.എൽ.പി.എസ്. പ്രക്കാനം,

			ഗവ.എൽ.പി.ജി.എസ്. പ്രക്കാനം, എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പഞ്ചായത്ത് യു.പി.സ്കൂൾ, മരുതൂറുമായും നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കീഴിലെ ജി.എൽ.പി.ബി.എസ്. അകപ്പറമ്പ്, ജി.എസ്.വി.എൽ.പി.എസ്. മേയ്ക്കാട്, ജി.എൽ.പി.എസ്. തുരുത്തിശ്ശേരി, ജി.എൽ.പി.എസ്. പൊയ്ക്കാട്ടുശ്ശേരി, എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
59.	158	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
60.	159	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വാഹനസൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധന എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ജി.ഡബ്ല്യു.എൽ.പി.എസ്., ജി.എൽ.പി.എസ്. പൂതന്നൂർ, ജി.എൽ.പി.എസ്. മുണ്ടൂർ എന്നീ സ്കൂളുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
61.	160	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് നഗരസഭയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
62.	167	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ കൊല്ലം ജില്ലയിലെ പുനലൂർ എന്നീ

			നഗരസഭകൾ പാലക്കാട് ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
63.	168	തദ്ദേശസ്വയംഭരണ വകുപ്പ്	വിദ്യാഭ്യാസമേഖലയ്ക്കുവേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
64.	169	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ, കൊല്ലം ജില്ലയിലെ പുനലൂർ, ആലപ്പുഴ ജില്ലയലെ കായംകുളം എന്നീ നഗരസഭകളുമായും പത്തനംതിട്ട ജില്ലയലെ ചെന്നീർക്കര, തൃശ്ശൂർ ജില്ലയിലെ പുന്നയൂർക്കുളം, വയനാട് ജില്ലയിലെ മീനങ്ങാടി, പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, മലപ്പുറം ജില്ലയിലെ വണ്ടൂർ, കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം എന്നീ ഗ്രാമപഞ്ചായത്തുകളുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
65.	171	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ, പി.ടി.എ. എന്ന ഓഡിറ്റ് ഖണ്ഡികകളിന്മേൽ പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി, വിദ്യാഭ്യാസ വർക്കിങ് ഗ്രൂപ്പ്, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എന്നിവയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
66.	178	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ ആറ്റിങ്ങൽ, പുനലൂർ, കായംകുളം, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കാസർഗോഡ് എന്നീ നഗരസഭകളുമായി

67.	179	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ കൊല്ലം, കൊച്ചി, എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
68.	180	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസമേഖലയിൽ ചെലവഴിച്ചതും എസ്.എസ്.എ.യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം, പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര, പന്തളം തെക്കേക്കര, തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര, പുന്നയൂർക്കുളം, പാലക്കാട് ജില്ലയിലെ മുണ്ടൂർ, മലപ്പുറം ജില്ലയിലെ തെന്നല, താഴെക്കോട്, വയനാട് ജില്ലയിലെ മീനങ്ങാടി, വെള്ളമുണ്ട, കാസറഗോഡ് ജില്ലയിലെ ഉദുമ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
69.	181	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര, കുളനട, ചെന്നീർക്കര, കോഴഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകളുമായും തൃശ്ശൂർ ജില്ലയിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തുമായും ബന്ധപ്പെട്ട പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
70.	182	തദ്ദേശസ്വയംഭരണ വകുപ്പ്	എസ്.എസ്.എ. ഫണ്ടിൽ നിന്നും ലഭിച്ച തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും തിരുവനന്തപുരം നഗരസഭയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2020-21, 2021-22, 2023-24 എന്നീ വർഷങ്ങളിൽ സ്കൂളിൽ മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിന്

			സമിതി ശിപാർശ ചെയ്യുന്നു.
71.	183	തദ്ദേശസ്വയംഭരണ വകുപ്പ്	പോത്തൻകോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിനു താമസംവിനാ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
72.	184	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ എസ്.എസ്.എ. പദ്ധതി നടത്തിപ്പിൽ പോരായ്മകൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ പാലക്കാട് ജില്ലയിലെ മുണ്ടൂർ ജി. എൽ. പി. സ്കൂളുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
73.	185	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ. പ്രവർത്തനങ്ങൾ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
74.	194	തദ്ദേശസ്വയംഭരണ വകുപ്പ്	'നഗരം സംഗീതസാന്ദ്രം' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുൻസിപ്പൽ കോർപ്പറേഷനിൽ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട സ്കൂളുകളിൽ സംഗീതാധ്യാപകർ ഉണ്ടോ എന്ന് വിശദമായി പരിശോധിച്ചതിനുശേഷം സംഗീതോപകരണങ്ങൾ വിതരണം ചെയ്യേണ്ടതായിരുന്നുവെന്ന് വിലയിരുത്തിയ സമിതി, ഗസ്റ്റ് അധ്യാപകരെ നിയമിക്കാനുള്ള സാധ്യതയും, ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കുന്ന സംഗീതോപകരണങ്ങൾ ആവശ്യമായ മറ്റ് സ്കൂളുകൾക്ക് നൽകുന്നതിന്റെയും സാധ്യത പരിശോധിക്കാൻ ശിപാർശ ചെയ്യുന്നു.
75.	195	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ- വിജ്ഞാൻ സാഗർ എന്ന ഓഡിറ്റ് ഖണ്ഡികയിന്മേൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

76.	196	തദ്ദേശസ്വയംഭരണ വകുപ്പ്	ഓഡിറ്റ് ഖണ്ഡിക 5.2.5 ൽ പ്രത്യേക പരാമർശമില്ല എന്ന് നിരീക്ഷിക്കുകയും ഓഡിറ്റ് ഖണ്ഡിക 5.2.6 ൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുകയും ചെയ്തു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നമ്പർ	വിഷയം	നടപടി വിവരം
5.2	**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും**	
5.2.4.1	**പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം** വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതിനാൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്താനാകുന്നില്ല **കൊച്ചി നഗരസഭ** സെന്റ് ജോൺസ് പാട്ടം ഗവ: എൽ.പി.സ്കൂൾ കൊച്ചി നഗരസഭ **കാസർഗോഡ് നഗരസഭ** ഗവ :എൽ പി.എസ് തളങ്കര കാസർഗോഡ് നഗരസഭ	**കൊച്ചി നഗരസഭ** കാലാകാലങ്ങളായി സർക്കാർ സ്ഥാപനങ്ങളുടെ(കൈമാറി കിട്ടിയ) അടിസ്ഥാന സൗകര്യ വികസനത്തിനാണ് കൂടുതൽ തുകയും ഉപയോഗിച്ചുവരുന്നത്. 35- ഓളം പ്രോജക്ടുകൾ സ്കൂൾ മെയിൻറനൻസിനായി വകയിരുത്തുകയും 1.5 കോടി രൂപ ഇതിനായി ഉപയോഗിക്കുകയും ചെയ്തു. സെന്റ ജോൺ പാട്ടം ഗവൺമെൻറ് എൽ.പി സ്കൂളിൽ ആകെ 3 വിദ്യാർത്ഥികൾ മാത്രമാണ് ഉണ്ടായിരുന്നത്. ഈ കുട്ടികളെ മറ്റു സ്കൂളുകളിലേയ്ക്ക് മാറ്റുകയും നിലവിൽ സെൻറ് ജോൺ പാട്ടം ഗവൺമെൻറ് എൽ.പി സ്കൂൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **കാസർഗോഡ് നഗരസഭ** നഗരസഭാ പ്രദേശത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട പഠന അന്തരീക്ഷം ഒരുക്കുന്നതിനും നഗരസഭ ഏറ്റവും മുന്തിയ പരിഗണന നൽകി വരുന്നുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റ പ്രവൃത്തി പുതിയ സ്കൂൾ കെട്ടിട നിർമ്മാണം കൂടാതെ സ്കൂളിൽ ആവശ്യമായ പഠനോപകരണങ്ങൾ എന്നിവ നൽകുന്നതിന് വേണ്ടിയും 2011-12 വർഷത്തിൽ 53,25,586/- രൂപയും 2012-13

		വർഷത്തിൽ 66,21,301/-രൂപയും, 2013-14 വർഷത്തിൽ 91,79,605/-രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഗവ:എൽ.പി.എസ് തളങ്കര , അട്ടക്കത്ത് ബയൽ UP സ്കൂൾ , GHSS സ്കൂൾ കോമ്പൌണ്ട് വാൾ ഗേറ്റ്, എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന യോഗ്യമാക്കിയിട്ടുണ്ട്. ഗവ. എൽ.പി എസ് തളങ്കര പ്രവർത്തിച്ചിരുന്നത് മുമ്പ് വാടക കെട്ടിടത്തിലായിരുന്നുവെങ്കിലും നഗരസഭ സ്കൂളിന് വേണ്ടി സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും നിലവിൽ നഗരസഭ നിർമ്മിച്ച കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ച് വരികയും ചെയ്യുന്നതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കാസറഗോഡ് ജില്ല - ഉദുമ ഗ്രാമപഞ്ചായത്ത്</u>	ഉദുമ ഗ്രാമപഞ്ചായത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടിക്കുളം ഗവ.ഫിഷറീസ് യു.പി സ്കൂളിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ സ്കൂൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തൃശ്ശൂർ ജില്ല - പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്</u>	പരാമർശത്തിൽ പ്രതിപാതിക്കുന്ന സ്കൂളുകളിൽ G.M.L.P.S അണ്ടത്തോട് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടത്തിന്റെ നിർമാണം അന്തിമഘട്ടത്തിലും G.M.L.P.S പുന്നയൂർക്കുളം, G.M.L.P.S ചമ്മന്നൂർ എന്നീ സ്ക്കുളുകൾ പുതിയതായി നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.2	**<u>സ്കൂൾ കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം ആറ്റിങ്ങൽ നഗരസഭ</u>**	ആറ്റിങ്ങൽ നഗരസഭയിലെ അവനവൻചേരി ഹൈസ്കൂളിലായി 1981 ൽ നിർമ്മിച്ച പ്രധാന കെട്ടിടം ജീർണ്ണാവസ്ഥയിലായതിന്

	നഗരസഭയിലെ അവനവൻചേരി ഹൈസ്കൂളിനായി 1981 ൽ നിർമ്മിച്ച പ്രധാന കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. കെട്ടിടത്തിലെ സൺഷേഡുകൾ തകർന്നതിനാൽ ഇവ നീക്കം ചെയ്ത് ഷീറ്റ് ഉപയോഗിച്ച് ഷെയ്ഡ് നിർമ്മിച്ചിരിക്കുന്നു. ചോർച്ചയും ചുവരിലെ ഈർപ്പവും കെട്ടിടത്തെ നാശോന്മുഖമാക്കിയിരിക്കുന്നു. ഡയറ്റ് യു.പി.എസ്- ന്റെ പഴയ 3 നില കോൺക്രീറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, റീപെയിന്റിംഗ് എന്നിവ സമയബന്ധിതമായി നടക്കുന്നില്ല. ലോവർ പ്രൈമറി ക്ലാസ്സുകൾ നടക്കുന്നത് ആസ്ബസ്റ്റോസ് മേൽക്കൂരയുള്ള കെട്ടിടത്തിലാണ്.	പരിഹാരമായി 2023-24 വർഷത്തെ മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് ജി ഐ ഷീറ്റ് മേൽക്കൂര നിർമ്മിച്ചും കേടായ ഷെഡ് നീക്കം ചെയ്തും കെട്ടിടത്തിൽ ഈർപ്പം ചുമരിൽ എത്തിപ്പെടുന്നതിന് പരിഹാരം കണ്ടിട്ടുണ്ട്. ഡയറ്റ് യു പി എസ്സ്-ന്റെ മൂന്ന് നില കെട്ടിടത്തിന്റെ മെയിൻറനൻസ് പ്രവൃത്തി 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുകയും പെയിൻറിംഗ് ഉൾപ്പെടെ അത്യാവശ്യപണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആസ്ബറ്റോസ് ഷീറ്റിട്ട കെട്ടിടം നിലവിൽ പ്രവർത്തിക്കുന്നില്ല. കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതുതായി നിർമ്മിച്ച കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തിരുവനന്തപുരം നഗരസഭ</u> തിരുവനന്തപുരം നഗരസഭയിൽ പരിശോധനാ വിധേയമാക്കിയ 8 സ്കൂളുകളുടെയും നില ശോചനീയമാണ്. 2010-11 സാമ്പത്തിക വർഷത്തിൽ ബീമാപ്പള്ളി ഗവൺമെന്റ് യു.പി.എസ്സിന്റെ മെയിന്റനൻസിനായി നാലരലക്ഷം രൂപയും നിലവിലുള്ള കെട്ടിടം പുതുക്കുന്നതിനായി 20 ലക്ഷം രൂപയും നഗരസഭയിൽ നിന്ന് അനുവദിച്ചിരുന്നു. ടെണ്ടർ നടപടികൾ വൈകിയതുമൂലം പദ്ധതികൾ ഉപേക്ഷിക്കുകയും തന്മൂലം നിലവിലുള്ള കെട്ടിടം കൂടുതൽ തകർച്ചയിലേക്ക് നീങ്ങുകയും ചെയ്തു. തിരുവനന്തപുരം നഗരത്തിന്റെ മധ്യഭാഗത്തുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ കെട്ടിടങ്ങൾ ജീർണ്ണിച്ചും ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ് കാണപ്പെട്ടത് ക്ലാസ്സ് മുറികൾ തമ്മിൽ വേർതിരിവുണ്ടായിരിക്കണം എന്ന കെ. ഇ	നഗരസഭയുടെ കിഴിലുള്ള സ്കൂളുകൾ എല്ലാം തന്നെ പുതുക്കി പണിതിട്ടുള്ളതും നിലവിൽ യാതൊരു കെട്ടിടവും ശോചനീയാവസ്ഥയിൽ അല്ല എന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് നൽകിയിരിക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ബീമാപ്പള്ളി യു.പി.എസ്-ലെ കെട്ടിടങ്ങൾ പുതുക്കി പണിതിട്ടുള്ളതാണ്. കൂടാതെ എല്ലാ വർഷവും പ്രവേശനോത്സവം നടത്താറുമുണ്ട്. സ്കൂളിൽ നിലവിൽ 529 കുട്ടികൾ പഠിക്കുന്നുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. തിരുവനന്തപുരം നഗരസഭയുടെ ഭാഗമായുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപണി നടത്തിയിട്ടുള്ളതും, നിലവിൽ എല്ലാ

	.ആറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് യു.പി സെക്ഷനിലെ ക്ലാസ്സുകളെല്ലാം ഒറ്റ ഷെഡിലാണ് നടന്നുവരുന്നത് സ്കൂൾ പരിസരത്തുള്ള മരങ്ങളുടെ ശാഖകൾ ഒടിഞ്ഞുവീണ് ക്ലാസ്സുകളുടെ മേൽക്കൂര തകർന്ന അവസ്ഥയിലാണ് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനുതന്നെ ഭീഷണിയായിട്ടാണ് കെട്ടിടം നിലകൊള്ളുന്നത്	ക്ലാസ്സുറികൾക്കും വേർതിരിവ് ഉള്ളതുമാണ്. ആയതിനാൽ തന്നെ ഓഡിറ്റ് ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കൊല്ലം നഗരസഭ</u> കൊല്ലം നഗരസഭാപരിധിയിലുള്ള സ്കൂളുകൾ ഓടിട്ടതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് 8 മുതൽ 10 വരെ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്തുകയോ പെയിന്റടിക്കുകയോ ചെയ്യാത്തതിനാൽ കെട്ടിടങ്ങളുടെ മേൽക്കൂരകൾ ജീർണ്ണാവസ്ഥയിലാണ്. 100 വർഷത്തിലധികം പഴക്കമുള്ള വെസ്റ്റ്കൊല്ലം എച്ച് എസ്.എസ്, ജി.എച്ച്.എസ്.എസ് വാളത്തുംഗൽ തുടങ്ങിയ സ്കൂളുകൾ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി സംരക്ഷിക്കാത്തതിനാൽ ചോർന്ന് ഒലിച്ച് കെട്ടിടവും മേൽക്കൂരയും നശിക്കുന്ന അവസ്ഥയിലാണ് .	കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകൾഎല്ലാ വർഷവും അറ്റകുറ്റപ്പണി നടത്തുകയും അഞ്ച് വർഷം കൂടുമ്പോൾ പെയിന്റടിക്കുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും മേൽകൂരകൾ ബലവത്തായതും കെട്ടിടങ്ങൾക്കെല്ലാം തന്നെ ഫിറ്റ്നസ് ലഭ്യമായിട്ടുള്ളവയുമാണ്. വെസ്റ്റ് കൊല്ലം ഡച്ച്.എസ്.എസ്.. ജി.എച്ച്.എസ്.എസ്. വാളത്തുംഗൽ എന്നി സ്കൂളുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി കെട്ടിടങ്ങളെല്ലാം സംരക്ഷിച്ചിട്ടുണ്ട്. ആവശ്യമുള്ള അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി തന്നെയാണ് സ്കൂളുകളിലെ മെയിന്റനൻസ് ജോലികൾ നിലവിൽ ചെയ്ത് വരുന്നത് എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>ചങ്ങനാശ്ശേരി നഗരസഭ</u> ചങ്ങനാശ്ശേരി ഗവൺമെന്റ് മോഡൽ ഹൈസ്കൂൾ കെട്ടിടത്തിന്റെ പല ഭാഗങ്ങളും ചോർന്നൊലിക്കുന്ന അവസ്ഥയിലാണ് ചോർച്ച മൂലം ഒരു ക്ലാസ്സ് മുറി പൂർണ്ണമായും ഉപയോഗയോഗ്യമല്ലാതായി.	ചങ്ങനാശ്ശേരി ഗവണ്മെന്റ് മോഡൽ ഹൈസ്കൂൾ ചോർന്ന് ഒലിക്കുന്ന ഭാഗങ്ങൾ 2023-2024 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റൻസ് ഫണ്ട് ഉപയോഗിച്ച് മെയിന്റൻസ് നടത്തി പരിഹരിച്ചിട്ടുള്ളതാണ്. ഉപയോഗശൂന്യമയ ഫർണിച്ചറുകളുടെ വാല്യുവേഷൻ നിശ്ചയിച്ച് ലേലം ചെയ്ത്

118

		നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ക്ലാസ്സ് റൂം ഉപയോഗ യോഗ്യമാക്കുന്നതിനും സ്കൂൾ അധികൃതർക്ക് നിർദേശം നല്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	എറണാകുളം ജില്ല – കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് വിലങ്ങ് ഗവ. യു പി സ്കൂളിലെ ഒരു ബ്ലോക്ക് മേൽക്കൂരയിലെ പട്ടികകൾ മുഴുവൻ കാലപ്പഴക്കത്താൽ വളഞ്ഞ് അപകടകരമായ അവസ്ഥയിലാണ്. പ്രത്യേകഇരുമ്പ് പൈപ്പ് വഴിയാണ് മേൽക്കൂര താങ്ങി നിർത്തിയിരിക്കുന്നത്. ഈ മേൽക്കൂരയ്ക്ക് താഴെയാണ് രണ്ട് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പഠിക്കുന്നത്.	കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമായ ഗവ.യു.പി. സ്കൂളിലെ കാലപ്പഴക്കത്താൽ അപകടാവസ്ഥയിലുള്ള കെട്ടിടം സ.ഉ.(എം.എസ്) 104/2019/തസ്വഭവ പ്രകാരം അനുമതി ലഭ്യമാക്കി 08.08.2019 ൽ പൊളിച്ചു കളഞ്ഞിട്ടുള്ളതും 11/206 എ എന്ന് നമ്പർ അനുവദിച്ച പുതിയ കെട്ടിടത്തിന് 10.04.2023 ൽ ഫിറ്റ്നസ് ലഭിച്ചതായും സ്കൂൾ എച്ച്.എം. അറിയിച്ചിട്ടുള്ള വിവരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	മാവേലിക്കര നഗരസഭ 5 കോഴ്സുകളിലായി 244 വിദ്യാർത്ഥികൾ പഠനം നടത്തുന്ന മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് സ്വന്തമായി കെട്ടിടം ഇല്ല. ഓഡിറ്റോറിയമായി ഉപയോഗിക്കുന്ന കെട്ടിടത്തിലാണ് 4 ക്ലാസ്സുകൾ ഒരേ സമയം പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിലെ മാവേലിക്കര നരസഭയുടെ കീഴിലുള്ള ഈ വിദ്യാലയം അടിസ്ഥാന സൗകര്യങ്ങളിൽ ഏറെ പിന്നിലാണ്	മാവേലിക്കര നഗരസഭയിലെ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് 1,31,65,728.84 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി ഫണ്ട് ലഭിക്കുന്നതോടു കൂടി 244 വിദ്യാർഥികൾക്കും പഠനനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നതിനും സാധ്യമാകുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	പാലക്കാട് നഗരസഭ പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി. സ്കൂളിന്റെ കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങ ളൊന്നും നിലവിലില്ല. കെട്ടിടത്തിന്റെ	പാലക്കാട് നഗരസഭയിലെ കൽമണ്ഡപം എ.യു.പി സ്കൂൾ എയ്ഡഡ് സ്കൂൾ ആയതിനാൽ നഗരസഭയ്ക്ക് നേരിട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സമാഹൃത

120

	മേൽക്കൂരയും തറയും മെയിന്റനൻസിന്റെ അഭാവത്താൽ പൂർണ്ണമായും തകർന്ന നിലയിലാണ്. ഒരു ഹാളിൽ തന്നെ വേർതിരിക്കാതെയാണ് ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകൾ നടക്കുന്നത്.	ഓഡിറ്റ് റിപ്പോർട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്കൂൾ അധികൃതർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	മലപ്പുറം ജില്ല- വേങ്ങര ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ എൽ.പി. സ്കൂളായ തട്ടാഞ്ചേരിമല ജി.എൽ.പി. സ്കൂളിന്റെ കെട്ടിടം, കളിസ്ഥലം, പാചകപ്പുര, മൂത്രപ്പുര തുടങ്ങിയവയെല്ലാം ആകെയുള്ള 7 സെന്റ് സ്ഥലത്താണ്. ഓഫീസ്, സ്റ്റാഫ് റൂം, ലാബ് എന്നിവയെല്ലാം പ്രവർത്തിക്കുന്നത് ഒരേ ഭൂമിയിലാണ്. പഞ്ചായത്തിലെ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് മുഖ്യപങ്ക് വഹിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ സ്ഥിതി പരിതാപകരമാണ്. മിക്ക എയ്ഡഡ് സ്കൂളുകളിലേയും കെട്ടിടം, ക്ലാസ്സ് റൂമുകൾ, പാചകപ്പുരകൾ തുടങ്ങിയ ഭൗതിക/ അടിസ്ഥാനസൗകര്യങ്ങൾ ശോചനീയമാണ്. **തിരുവനന്തപുരം-കിഴുവിലം ഗ്രാമപഞ്ചായത്ത്** സ്കൂൾ കെട്ടിടത്തിലേയ്ക്കുള്ള വഴി അടച്ച് മതിൽ നിർമ്മിച്ചു.	2013-14 ലേ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചുറ്റുമതിൽ നിർമ്മിക്കുകയും പാചകപ്പുര, മൂത്രപ്പുര, സകൂൾ മുറ്റം എന്നിവ നവീകരിച്ച് കൂടുതൽ സൗകര്യപ്രദമാക്കുകയും സ്കൂൾ കെട്ടിടത്തിന് 2014-25 വർഷത്തിൽ ഒന്നാം നിലയുടെ പണി പൂർത്തിയാക്കിയിട്ടുള്ളതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **തിരുവനന്തപുരം-കിഴുവിലം ഗ്രാമപഞ്ചായത്ത്** രണ്ട് പ്ലോട്ടുകളിലായാണ് കിഴുവിലം ഗ്രാമപഞ്ചായത്ത് SVUPS (പുരവൂർ സരസ്വതി വിദ്യാലയം) സ്കൂൾ സ്ഥിതി ചെയ്യുന്നത്. ആദ്യ പ്ലോട്ടിലെ രണ്ടു കെട്ടിടങ്ങളിലായാണ് ടി സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. വഴി തർക്കമുള്ള രണ്ടാമത്തെ പ്ലോട്ടിൽ രണ്ടു ക്ലാസ് മുറികളാണ് ഉള്ളത്. രണ്ടു കെട്ടിടങ്ങൾക്കിടയിൽ കൂടി സ്വകാര്യ വ്യക്തിയുടെ വീട് ഉള്ളതിനാൽ അവർ ടി രണ്ടു സ്കൂൾ കെട്ടിടങ്ങൾ വേർതിരിച്ചു മതിൽ കെട്ടി വീട്ടിലേക്കുള്ള വഴിയായി ഉപയോഗിക്കുന്നു. അന്വേഷണത്തിൽ ടി വേർതിരിച്ച വസ്തുവിന്റെ കരംതീരുവയൊക്കെ സ്വകാര്യ വ്യക്തിയുടെ പേരിലാണ്. സ്കൂളിനു വേണ്ടി വസ്തു വിട്ടു നൽകിയതും ടി

	കാസറഗോഡ് ജില്ല- കുമ്പള ഗ്രാമപഞ്ചായത്ത് കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിൽ 10 ഡിവിഷനുകളിലായി 250 കുട്ടികൾ പഠിക്കുന്ന കൊടിയമ്മ ഗവൺമെന്റ് യു. പി. സ്കൂളിലെ 2 കെട്ടിട ങ്ങളുടെയും അവസ്ഥ ശോചനീയമാണ്. 2 ക്ലാസ്സ്മുറികൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ലൈബ്രറി, ലാബോറട്ടറി എന്നിവ പ്രർത്തിക്കുന്ന കെട്ടിടത്തിന്റെയും നിലം പൊട്ടിപൊളിഞ്ഞ് കുഴികളായി മാറിയിരിക്കുകയാണ്.	വ്യക്തിയാണ്.MLA യും പഞ്ചായത്തും സ്കൂളും ടി സ്വകാര്യ വ്യക്തിയും തമ്മിൽ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ പരസ്പരം വസ്തു കൈമാറിയോ പകരം വസ്തുക്കൾ അന്യോന്യം വിട്ടു നൽകിയോ പരിഹരിക്കാമെന്ന സമ്മതിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **കാസറഗോഡ് ജില്ല- കുമ്പള ഗ്രാമപഞ്ചായത്ത്** കൊടിയമ്മ ഗവ.യുപി സ്കൂളിനായി പുതിയ കെട്ടിടം പണിയുകയും ക്ലാസ് മുറികൾ, ലൈബ്രറി, ലബോറട്ടറി എന്നിവ പുതിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കാസർഗോഡ് നഗരസഭ കാസർഗോഡ് നഗരസഭയിലെ ഗവൺമെൻറ് വെൽഫെയർ എൽ.പി. സ്കൂൾ 8 സെന്റ് സ്ഥലത്താണ് പ്രവർത്തിക്കുന്നത്. മുറ്റമില്ലാത്ത സ്കൂളിൽ നിന്ന് പുറത്തേക്കിറങ്ങുന്നതു തന്നെ റോഡിലേയ്ക്കാണ്. നാല് ഡിവിഷനിലായി 10 കുട്ടികളാണ് ഇവിടെ ഉള്ളത്. 1998 ൽ നിർമ്മിച്ച കെട്ടിടത്തിന്റെ സിമന്റ് തറ അടർന്നു പോയിരിക്കുന്നു. കോൺക്രീറ്റ് തൂണുകൾക്ക് വിള്ളലുണ്ട് സ്കൂളിന്റെ ഓഫീസ് മുറിയോ, ക്ലാസ്സ് മുറിയോ വേർതിരിച്ചിട്ടില്ല.	കാസറഗോഡ് നഗരസഭയിലെ ഉടമസ്ഥതയിലുള്ള GWLP School 8 സെന്റ് സ്ഥലത്ത് പഴയ കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. ആയതിനാൽ തന്നെ സ്ഥല പരിമിതിമൂലം കുട്ടികളും അധ്യാപകരും ബുദ്ധിമുട്ട് നേരിടുന്നു. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിച്ചതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് സ്കൂൾ കെട്ടിടത്തിന്റെ തറ ടൈൽസ് പാകി, പെയിന്റിംഗ് നടത്തി മറ്റ് അറ്റകുറ്റ പ്രവർത്തികൾ നടത്തിയിട്ടുള്ളതുമാണ്. ചുറ്റുമതിലും ഗേറ്റും നിലവിൽ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ 2024-25 സാമ്പത്തിക വാർഷിക പദ്ധതിയിൽപ്പെടുത്തി കെട്ടിടത്തിന്റെ മുകളിൽ ഷീറ്റ് മേയുന്നതിനും കിച്ചണും ഡൈയിനിംഗ് ഹാൾ സ്ഥാപിക്കുന്ന

		തിനും ഓഫീസ് റൂമും, ഓഫീസ് ക്ലാസ് മുറി വേർതിരിക്കുന്നതിനും മൂന്ന് ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുള്ളതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(2) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത കെട്ടിടങ്ങളിൽ ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്നു	
	ആറ്റിങ്ങൽ നഗരസഭ. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് ബി.എച്ച്.എസ്. എസ്.ൽ കഴിഞ്ഞ മൂന്ന് വർഷമായി നിലവിലുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആകെ 16 കെട്ടിടങ്ങളിൽ 10 കോൺക്രീറ്റ് കെട്ടിടങ്ങളും 4 ഓട് മേഞ്ഞ കെട്ടിടങ്ങളും 2 ആസ്ബറ്റോസ് ഷീറ്റിട്ട കെട്ടിടങ്ങളുമാണുള്ളത്. ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ 'മെയിൻ ബ്ലോക്ക്' കോൺക്രീറ്റ് കെട്ടിടത്തിന് 2013-14 ഫിറ്റ്നസ് ലഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടം അപകടകരമായ നിലയിലാണ്. എന്നാൽ ഈ കെട്ടിടത്തിൽ ഇപ്പോഴും ക്ലാസ്സുകൾ പ്രവർത്തിച്ചു വരുന്നു. ഗവൺമെന്റ് വി.എച്ച്.എസ്. ൽ ജീർണ്ണിച്ച ഓടിട്ട കെട്ടിടത്തിലും, ഷീറ്റ് മേഞ്ഞതും മേൽക്കൂര പൊളിഞ്ഞതുമായ കെട്ടിടത്തിലും ക്ലാസ്സുകൾ നടത്തി വരുന്നു. ഇപ്രകാരം ഫിറ്റ്നസ് ലഭിക്കാത്തതും ജീർണ്ണാവസ്ഥ ലുള്ളതുമായ കെട്ടിടങ്ങളിൽ ക്ലാസ്സ് മുറികൾ പ്രവർത്തിപ്പിക്കുന്നത് അപകടങ്ങൾക്ക് കാരണമായേക്കാം.	ആറ്റിങ്ങൽ ഗവ.ബി എച്ച് എസ് എസ്-ൽ നിലവിൽ ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് ഉള്ളതാണ്. ഓട് മേഞ്ഞതും ജീർണ്ണാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിൽ രണ്ടെണ്ണം പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ആസ്ബറ്റോസ് ഷീറ്റിട്ട പഴക്കം ചെന്ന കെട്ടിടം നിതദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. നിലവിലെ മൂന്ന് നില കിഫ്ബി കെട്ടിട പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നത് പൂർത്തിയാകുന്ന മുറയ്ക്ക് ക്ലാസ്സ് മുറി, ലാബ് എന്നിവയുടെ അപര്യാപ്ത ഒരുപരിധി വരെ പരിഹരിക്കപ്പെടും. ഗവ.ഗേൾസ് ഹയർസെക്കൻററി സ്കൂളിലെ മെയിൻബ്ലോക്ക് കോൺക്രീറ്റ് കെട്ടിടത്തിന് നിലവിൽ ഫിറ്റ്നസ് ലഭ്യമാക്കിയിട്ടുണ്ട്. പിഡബ്ല്യൂഡി കൊല്ലമ്പുഴ പാലസ് റോഡിന്റെ വശത്തായി നിലനിൽക്കുന്ന ഓടിട്ടതും പഴക്കം ചെന്നതുമായ കെട്ടിടം നിലവിൽ കേടായ ഫർണിച്ചറുകൾ സൂക്ഷിച്ചുവരുന്നു. ഷീറ്റിട്ട മേൽക്കൂരയോട് കൂടിയ കെട്ടിടങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തിയിട്ടുള്ളതുമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	<u>തിരുവനന്തപുരം ജില്ല-പോത്തൻകോട് ഗ്രാ.പഞ്ചായത്ത്</u> പോത്തൻകോട് ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള സ്കൂളുകളിൽ അയിരൂപ്പാറ ഗവൺമെന്റ് എച്ച്.എസ്,എസ്(എൽ.പി& / യു.പി) ന് 2012-13, 2013-14 വർഷങ്ങളിലും ഗവൺമെന്റ് എൽ.പി.എസ് മണലകം, ഗവൺമെന്റ് എൽ.പി.എസ് തച്ചപ്പിള്ളി എന്നീ സ്കൂളുകൾക്ക് 2013-14 വർഷത്തിലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പ്രവർത്തിക്കുന്നത്.	പോത്തൻകോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകൾക്കും നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കൊല്ലം ജില്ല – പുനലൂർ നഗരസഭ</u> കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി സ്കൂളിന്റെ മേൽക്കൂര ജീർണ്ണാവസ്ഥയിലാണ്. മുൻവർഷങ്ങളിൽ തുടർച്ചയായി കെട്ടിടം അപകടാവസ്ഥയിലാണ് എന്നുള്ള സാക്ഷ്യപത്രമാണ് ലഭിച്ചിരുന്നത്. തൻവർഷം കെട്ടിടം ഫിറ്റ് ആണെന്നോ അൺഫിറ്റ് ആണെന്നോ അഭിപ്രായപ്പെടാത്ത സാക്ഷ്യപത്രമാണ് എഞ്ചിനീയറിംഗ് വിഭാഗം നൽകിയിട്ടുള്ളത്.	പുനലൂർ നഗരസഭയുടെ കീഴിലുള്ള ടൗൺ എൽ.പി. സ്കൂളിന്റെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ലഭ്യമായിട്ടുണ്ട്. 14/05/2024-ൽ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽ നിന്നും വിദഗ്ദ സമിതി സ്കൂൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത്. 2024-25 അദ്ധ്യയന വർഷത്തേക്ക് പ്രൊവിഷണലായി ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>എറണാകുളം ജില്ല - പെരുമ്പാവൂർ നഗരസഭ</u> പെരുമ്പാവൂർ നഗരസഭയിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അവസ്ഥ തികച്ചും ശോചനീയമാണ്. പൊട്ടിപ്പൊളിഞ്ഞ് ഇടിഞ്ഞ് വീഴാറായ കെട്ടിടങ്ങൾ മാത്രമുള്ള കെട്ടിടങ്ങൾ എല്ലാംതന്നെ ജീർണ്ണാവസ്ഥയിലാണ്. ഏതുനിമിഷവും നിലം പൊത്താവുന്ന കെട്ടിടങ്ങൾ വലിയ സുരക്ഷാഭീഷണിയാണ് ഉയർത്തുന്നത്. സ്കൂളിന്റെ പ്രവർത്തനം നിലച്ചുപോകുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി മാത്രമാണ്	നിലവിൽ പെരുമ്പാവൂർ നഗരസഭയിൽ ശോചനീയാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ ക്ലാസ്സ് മുറികൾ പ്രവർത്തിക്കുന്നില്ല. ഫിറ്റ്നസ്സ് ഉള്ള കെട്ടിടങ്ങളിൽ മാത്രമാണ് ക്ലാസ് മുറികൾ പ്രവർത്തിച്ചുവരുന്നത് എന്ന് ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	ഈ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത്.	
	3) കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല സർക്കാർ സർക്കുലർ പ്രകാരം പഴയ കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ കിട്ടുന്ന പണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും സ്ഥാപനത്തിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതുമാണ്. **അപകടാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കിയില്ല.** വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകളിൽ വർഷങ്ങളുടെ പഴക്കമുള്ളതും, ഫിറ്റ്നസ് ഇല്ലാത്തതുമായ കെട്ടിടങ്ങൾ പൊളിച്ചുനീക്കി വിദ്യാലങ്ങൾക്ക് സ്ഥലസൗകര്യം ഒരുക്കുകയോ ആവശ്യമെങ്കിൽ പുതിയകെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ടതാണ്. **ചങ്ങനാശ്ശേരി നഗരസഭ** ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടം –പൊളിഞ്ഞ കെട്ടിടം സാമൂഹ്യവിരുദ്ധകേന്ദ്രമാകുന്നു. **ആലപ്പുഴ ജില്ല - കായംകുളം നഗരസഭ** ഗവ. ബോയിസ് ഹൈസ്കൂളിന്റെ കോമ്പൗണ്ടിലെ 3 കെട്ടിടങ്ങൾ, ഇടിഞ്ഞു വീഴാറായ കെട്ടിടങ്ങൾ ഭീഷണിയായി നിലകൊള്ളുന്നു. **ആലപ്പുഴ നഗരസഭ** ഗവ. മുഹമ്മദൻസ് ബോയിസ് ഹൈസ്കൂലിന്റെ ഭാഗമായ കെട്ടിടം, ഓടുകൾ ഇളകിയും പട്ടികകൾ ഒടിഞ്ഞു തൂങ്ങിയും ബീഷണിയായി നിലകൊള്ളുന്നു.	**ചങ്ങനാശ്ശേരി നഗരസഭ** ചങ്ങനാശ്ശേരി ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ അപകടാവസ്ഥയിൽ ഉള്ള കെട്ടിടം പൊളിച്ചുനീക്കിയിട്ടുണ്ടെന്നും **കായംകുളം നഗരസഭ** കായംകുളം നഗരസഭയുടെ കീഴിലുള്ള ഗവ.ബോയ്സ് ഹൈസ്കൂളിൽ നിലവിൽ ഇടിഞ്ഞുവീഴാറായതോ, ഫിറ്റ്നസ് ലഭ്യമാകാത്തതോ ആയ കെട്ടിടങ്ങൾ ഒന്നും തന്നെ നിലവിലില്ലെന്നും **ആലപ്പുഴ നഗരസഭ** ഗവ.മുഹമ്മദൻസ് ബോയിസ് സ്കീളിൽ പരിശോധിച്ചതിൽ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന അവസ്ഥയിലുള്ള കെട്ടിടങ്ങൾ നിലവിൽ ഇല്ല എന്നും പൊളിഞ്ഞു വീഴാറായ അവസ്ഥയിൽ ഉണ്ടായിരുന്ന കെട്ടിട ഭാഗം പൊളിച്ച് മാറ്റിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	ആലപ്പുഴ ജില്ല , തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്	തൃക്കുന്നപ്പുഴ ഗവ.എൽ.പി.എസ്സിൽ നിലവിൽ നാല്

	ഗവ.എൽ.പി.എസിൻറെ 4 മുറികളുള്ള കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിൽ **പാലക്കാട് ജില്ല- മുണ്ടൂർ ഗ്രാമപഞ്ചായത്ത്** കെട്ടിടങ്ങളുടെ അവസ്ഥ ശോചനീയം - മുണ്ടൂർ ഗ്രാമപഞ്ചായത്ത് പൂതന്നൂർ ജി.എൽപി സ്കൂളിലെ നാല് ക്ലാസ് മുറികളുള്ള ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടം - ജീർണ്ണിച്ച് അപകടാവസ്ഥയിൽ കുട്ടികൾക്ക് ഭീഷണിയായി നിലകൊള്ളുന്നു. **വയനാട് ജില്ല- വെള്ള മുണ്ട ഗ്രാമപഞ്ചായത്ത്** തരുവണ ഗവ. യു പി സ്കൂളിലെ ഫിറ്റ്നസ് ലഭിയ്ക്കാത്ത ഒരു കെട്ടിടം	കെട്ടിടങ്ങളിലായി നാന്നൂറിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. ടി കെട്ടിടങ്ങൾ ഉപയോഗയോഗ്യവും ക്ലാസ്സ് മുറികളായി പ്രവർത്തിച്ച് വരുകയാണ്. പരാമർശത്തിൽ പ്രതിപാദിക്കുന്ന നാല് മുറിയുള്ള ജീർണ്ണാവസ്ഥയിലുള്ള കെട്ടിടം നിയമാനുസൃതം പൊളിച്ച് മാറ്റിയിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **പാലക്കാട് ജില്ല- മുണ്ടൂർ ഗ്രാമപഞ്ചായത്ത്** പരാമർശങ്ങളുടെ തുടർ നടപടികളുടെ ഭാഗമായി 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി സ്കൂൾ കെട്ടിടം പുതുക്കി പണിയുകയും നിലവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രവർത്തിച്ചു വരുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **വയനാട് ജില്ല- വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്** തരുവണ ഗവ. യു.പി. സ്കൂളിൽ അപകടാവസ്ഥയിലായിരുന്ന കെട്ടിടം പൊളിച്ച് മാറ്റുകയും എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	4)കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല **മാവേലിക്കര നഗരസഭ** നഗരസഭയുടെ അധീനതയിലുള്ള ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, ഗേൾസ് ഹൈസ്കൂൾ, ടി.ടി.ഐ.എന്നീ സ്ഥാപനങ്ങളിലുള്ള കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ലേലം	ഗവ.ബോയ്സ് ഹൈസ്കൂളിലെ കാലപ്പഴക്കം ചെന്ന 2 കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചു നീക്കിയിട്ടുണ്ട്. ഉപയോഗ ശൂന്യമായ കെട്ടിടങ്ങൾ പഴകിയ കഞ്ഞിപ്പുര ഉൾപ്പെടെ പൊളിച്ചു നീക്കിയിട്ടുള്ളതുമാണ്. നിലവിൽ ഈ സ്കൂളുകളിൽ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ ഇല്ലാത്തതും പൊളിച്ചു നീക്കിയ തടികൾ , മറ്റ് കെട്ടിട സാമഗ്രികൾ എന്നിവ പരസ്യ ലേലം വഴി നഗരസഭാ

	ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിക്കാത്തതിനാൽ ലക്ഷങ്ങൾ വിലമതിക്കുന്ന തടികളും മറ്റ് കെട്ടിടനിർമ്മാണ വസ്തുക്കളും നഷ്ടപ്പെട്ടിട്ടുണ്ട്.	ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതുമാണ്. ഗവ. റ്റി.റ്റി. ഐ യുടെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ലേല നടപടികൾ സ്വീകരിച്ച് വരുന്നതായും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	(5) പല സർക്കാർ സ്കൂളുകൾ കെട്ടിടങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല **പത്തനംതിട്ട – പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്** തട്ടയിൽ ഗവൺമെന്റ് എൽ.പി.ജി. സ്കൂളിൽ 2010-11 ൽ എസ്.എസ്.എ. ഫണ്ട് മുഖേന 47480/- രൂപ ചെലവഴിച്ച് ചുറ്റുമതിൽ പൂർത്തിയാക്കിയിരുന്നു. എന്നാൽ 2010 നവംബറിൽ കനത്ത മഴയിൽ ചുറ്റുമതിൽ ഇടിഞ്ഞു വീണെങ്കിലും നാളിതുവരെ പുന: നിർമ്മിച്ചിട്ടില്ല. **കുളനട ഗ്രാമപഞ്ചായത്ത്** കുളനട ഗ്രാമ പഞ്ചായത്തിലെ മാന്തുക ഗവൺമെന്റ് യു.പി. സ്കൂളിന്റെ ചുറ്റുമതിലിന്റെ ഒരു ഭാഗം അപകടാവസ്ഥയിലാണ്. ഇത് കുട്ടികൾക്കും അദ്ധ്യാപകർക്കും അപകട ഭീഷണിയായി തുടരുന്നു.	**പത്തനംതിട്ട – പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്** പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തട്ടയിൽ ഗവ.എൽ.പി.ജി സ്കൂളിൽ ബലമുള്ളതും സുരക്ഷിതവുമായ ചുറ്റുമതിൽ നിലവിലുണ്ട് എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. മാന്തുക യു.പി. സ്കൂളിന്റെ അപകടാവസ്ഥയിൽ ആയിരുന്ന ചുറ്റുമതിൽ പൊളിച്ച് മാറ്റി പുതുക്കി പണിതിട്ടുള്ളതാണ് എന്നുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
	ചങ്ങനാശ്ശേരി നഗരസഭ ചങ്ങനാശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ചുറ്റുമതിൽ ചില ഭാഗങ്ങളിൽ പൊളിഞ്ഞ് കിടക്കുകയാണ്. സാമൂഹ്യ വിരുദ്ധർ ഇതുവഴി ഉള്ളിലേക്ക് കയറുവാനും പൊളിഞ്ഞുകിടക്കുന്ന കെട്ടിടം ദുരുപയോഗം ചെയ്യുവാനും ഇടയാകുന്നു.	ചങ്ങനാശ്ശേരി ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ ചുറ്റുമതിൽ കാലപ്പഴക്കം മൂലം പലഭാഗങ്ങളും തകർന്നു പോയിട്ടുണ്ട്. മതിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
	(5) ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ	**തിരുവനന്തപുരം ജില്ല- പെരിങ്ങമല ഗ്രാമപഞ്ചായത്ത്** തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്

	തിരുവനന്തപുരം ജില്ല- പെരിങ്ങമല ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 4 ഏകാധ്യാപക വിദ്യാലയങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. **കാസറഗോഡ് ജില്ല-** കാസറഗോഡ് ജില്ലയിലെ ഉദുമ, കുമ്പള പഞ്ചായത്തുകളിൽ ഏകാധ്യാപക വിദ്യാലയങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. എം.ജി.എൽ.സി – ഞെക്ലി (ഉദുമ ഗ്രാമപഞ്ചായത്ത്) – 15 കുട്ടികൾ എം.ജി.എൽ.സി- ചേപ്പിനടുക്ക - 26 കുട്ടികൾ എം.ജി.എൽ.സി –താഴെകൊടിയമ്മ- 21 കുട്ടികൾ എം.ജി.എൽ.സി- മൂളിയടുക്ക - 15 കുട്ടികൾ എം ജി എൽ സി -ബദരിയാനഗർ - 60 കുട്ടികൾ എം ജി എൽ സി – കൊപ്പളം - 35 കുട്ടികൾ (കുമ്പള ഗ്രാമപഞ്ചായത്ത്)	കീഴിൽ നിലവിൽ ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നില്ല എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. **കാസറഗോഡ് ജില്ല-** ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച എം.ജി.എൽ.സി.ഞെക്ലി സ്കൂൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉദുമ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുമ്പള ഗ്രാമ പഞ്ചായത്തിലെ എം.ജി. എൽ.സി.ചേപ്പനടുക്ക, എം.ജി. എൽ.സി.താഴെകൊടിയമ്മ, എം.ജി. എൽ.സി.മൂളിയടുക്ക, എം.ജി. എൽ.സി.ബദരിയാനഗർ, എം.ജി. എൽ.സി.കൊപ്പളം എന്നീ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രസ്തുത സ്കൂളുകളിലെ കുട്ടികൾ അടുത്തുള്ള മറ്റ് സ്കൂളുകളിൽ പഠനം നടത്തുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
5.2.4.3	**വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ പലതും ലക്ഷ്യം കൈവരിച്ചിട്ടില്ല** **പത്തനംതിട്ട ജില്ല- ചെന്നീർക്കര ഗ്രാമപഞ്ചായത്ത്** ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പ്രക്കാനം ഗവൺമെന്റ് എൽ.പി.സ്കൂളിൽ പ്രീ പ്രൈമറി വിഭാഗം 20 വർഷമായി പ്രവർത്തിക്കുന്നു. നിലവിൽ എൽ.പി. സ്കൂളിലെ ഒരു ക്ലാസ്സ് മുറിയിലെ പരിമിതമായ സൗകര്യത്തിലാണ് പ്രീ പ്രൈമറി പ്രവർത്തിക്കുന്നത്. 1989 ൽ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടുത്തി ഇതിനായി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം	പ്രക്കാനം ഗവൺമെന്റ് എൽ.പിസ്കൂളിൽ പ്രീ പ്രൈമറി വിഭാഗത്തിനായി ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം ഇപ്പോഴും കെട്ടിടം ഉപയോഗ ശൂന്യമായി കിടക്കുന്നു. ടി കെട്ടിടം: ഘടനാപരമായി സുരക്ഷിതമാണോ എന്നുറപ്പിക്കുന്നതിന് എന്ന് പരിശോധിക്കുന്നതിന് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പാമ്പാടി കോട്ടയം സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ടി വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും

	സ്കൂൾ വളപ്പിൽ ഉപയോഗശൂന്യമായി കാട്ടുപിടിച്ച് കിടക്കുന്നു. നിർമ്മാണത്തിലെ അപാകതമൂലം ഈ കെട്ടിടം ഉപയോഗിക്കുവാൻ കഴിയുന്നില്ല.	തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
	<u>തൃശ്ശൂർ നഗരസഭ</u> പുളുർക്കര എൽ.പി.സ്കൂൾ പരിസരത്ത് സ്കൂളിന്റെ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ മോട്ടോർപമ്പ് സെറ്റ് സ്ഥാപിച്ച് കിണർ പ്രവർത്തനയോഗ്യമാക്കുന്ന നടപടി നിർത്തിവെയ്ക്കുകയുണ്ടായി. സ്കൂളിന്റെ ഭൂമി സംബന്ധ രേഖകളൊന്നും സ്കൂൾ അധികൃതരുടെയോ, കോർപ്പറേഷന്റേയോ കൈവശമില്ല. സ്കൂളും അതിന്റെ ആസ്തികളും കോർപ്പറേഷന്റേതാണെന്നിരിക്കെ കയ്യേറ്റ ശ്രമങ്ങളെ നിയമപരമായി ചെറുക്കാനോ നിയമാനുസൃതം ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കാനോ ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. ഈ സ്ഥിതി തുടർന്നാൽ മേൽ ആസ്തി നഗരസഭയ്ക്ക് നഷ്ടപ്പെടാനിടയുണ്ട്	നഗരസഭ ഉടമസ്ഥതയിലുള്ള പുളുർക്കര എൽ.പി. സ്കൂൾ എന്നത് പഴയ അയ്യന്തോൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പഞ്ചായത്തിന്റെ ആസ്തിവകകൾ എല്ലാംതന്നെ തൃശ്ശൂർ കോർപ്പറേഷൻ രൂപീകരിച്ച 01/10/2000-ൽ നഗരസഭയിലേക്ക് ലയിപ്പിച്ചിട്ടുള്ളതുമാണ്. ടി കാലയളവിലൊന്നും തന്നെ സ്കൂളിന്റെ ഉടമസ്ഥത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഒന്നും പഞ്ചായത്ത് അധികൃതർ നഗരസഭയ്ക്ക് കൈമാറിയിട്ടില്ലാത്തതാണ്. റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 549/12 കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും മോട്ടാർ പമ്പ് സെറ്റ് സ്ഥാപിച്ച് കിണർ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതുമാണ്. ഉടമസ്ഥത സംബന്ധിച്ച രേഖകൾ കൈവശമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നതായും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
	<u>ഒറ്റപ്പാലം നഗരസഭ</u> ഒറ്റപ്പാലം നഗരസഭയിലെ ഹയർ സെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് വിദ്യാർത്ഥികൾക്ക് ഡ്രസ്സിംഗ് സൗകര്യം ഒരുക്കുന്നതിന് വേണ്ടി 2011-12 വർഷത്തിൽ 1,50,000/- രൂപയും 2012-13 വർഷത്തിൽ 1,00,000/- രൂപയും ചെലവഴിച്ച് മുഖ്യ കെട്ടിടത്തിന് പുറകിലായി ഒരു തുറസ്സായ ഷെഡ് നിർമ്മിച്ച്	ഓഡിറ്റ് പരാമർശ പ്രകാരം വിശദമായ സ്ഥലപരിശോധനയും പിടിഎ യുമായി അന്വേഷണം നടത്തിയതിൽ പരാമർശിച്ചിത കെട്ടിടം നിലവിൽ ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. ടി കെട്ടിടം ഫലപ്രാപ്തിയിൽ എത്തുന്നതിന് ആവശ്യമായ തുക 2024- 25 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി

	നിലം ടൈൽസ് വിരിച്ചിട്ടുണ്ട്. ഷെഡ് ഭിത്തി കെട്ടി മറച്ചിട്ടില്ല. സ്കൂൾ അധികാരികളുമായി ആലോചിച്ച് ആവശ്യകത വിലയിരുത്താതെ നടത്തിയ നിർമ്മാണ പ്രവൃത്തി ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിയില്ല.	നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
	വ്യക്തമായ ആസൂത്രണമില്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗിക്കാനാകുന്നില്ല **തിരുവനന്തപുരം നഗരസഭ** തിരുവനന്തപുരം നഗരസഭയിലെ കരമന ഗവൺമെന്റ് ബോയ്സ് സ്കൂളിൽ 12-ാം ധനകാര്യകമ്മീഷൻ 2007-08 ൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ഇംപ്രൂവ്മെന്റ് ഓഫ് ക്വാളിറ്റി ഓഫ് സ്കൂൾ എഡ്യൂക്കേഷൻ എന്ന പദ്ധതി പ്രകാരം 50 ലക്ഷം രൂപ ലാബ്/ലൈബ്രറി നിർമ്മിക്കുന്നതിനായി ഹയർ സെക്കൻററി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 35 ലക്ഷം രൂപയും നഗരസഭാ സെക്രട്ടറിക്ക് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിരുന്നു. 33 ലക്ഷം രൂപ ചെലവഴിച്ചിട്ടും പണി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നഗരസഭയുടെ അനാസ്ഥമൂലം 12-ാം ധനകാര്യ കമ്മീഷൻ പദ്ധതിക്കുവേണ്ടി അനുവദിച്ച 50 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപ 31.03.2010 ൽ ലാപ്സാകുകയും ചെയ്തു. റോഡിൽ നിന്നും താഴ്ചയിൽ വയൽ നികത്തിയ സ്ഥലത്താണ് സ്കൂളിലെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത കെട്ടിടത്തിൻ്റെ ഡ്രെയിനേജ് സൗകര്യം പര്യാപ്തമല്ലാത്തതിനാൽ താഴത്തെ നിലയിൽ സമീപ പ്രദേശത്തുനിന്നു ഡ്രയിനേജുവെള്ളം ഒഴുകിയെത്തുന്നുണ്ട്. വ്യക്തമായ ആസൂത്രണമില്ലാതെ പണികഴിപ്പിച്ച ഈ കെട്ടിടം സമീപഭാവിയി കുട്ടികൾക്ക് ഉപയോഗപ്പെടുത്താനാകില്ല.	നിലവിൽ കരമന ഗവ. ബോയ്സ് സ്കൂളിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേകം ലാബ് മുറികൾ നിർമ്മിച്ചിട്ടുള്ളതും അവിടെയാണ് നിലവിൽ ലാബ് പ്രവർത്തിച്ചു വരുന്നതും. ടി. കെട്ടിടത്തിന്റെ താഴ്ഭാഗത്തെ നിലയിൽ നിലവിൽ മഴക്കാലത്ത് ഡ്രെയിനേജ് നിറഞ്ഞ് ഒഴുകുന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. ആയത് നഗരസഭയുടെ സക്കിംഗ് മെഷീൻ ഉപയോഗിച്ച് യഥാസമയം മാലിന്യം മാറ്റുന്നുണ്ട് എന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

124

5.2.4.4	**<u>സ്തംഭനാവസ്ഥയിലായ നിർമാണ പ്രവൃത്തികൾ</u>** **<u>ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u>** ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് നമ്പർ (ആർടി) 1835/2008/ പൊതു വിദ്യഭ്യാസം 14.02.08 പ്രകാരം സ്കൂൾ കെട്ടിടവും ലൈബ്രറിയും അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി 8 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 774428 രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കെട്ടിടം നിർദിഷ്ടരീതിയിൽ പൂർത്തീകരിച്ചില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിർമാണത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുകയാണ്.	സുനാമി പദ്ധതിയിലുൾപ്പെടുത്തി തൃക്കുന്നപ്പുഴ ഗവ.എൽ.പി.എസ്സ് നായി നിർമ്മിച്ച കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ പ്രസ്തുത നിർമ്മാണത്തെപ്പറ്റിയുള്ള വിജിലൻസ് അന്വേഷണം സംബന്ധിച്ച വിവരവും ജില്ലാ ഓഡിറ്റിനും സർക്കാരിനും അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.
	<u>തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്</u> ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഗവൺമെന്റ് എൽപിഎസിന്റെ ടോയ്ലറ്റ് നിർമ്മാണം 2009-10 ൽ എസ് എസ് എ വിഹിതം ഉപയോഗിച്ചാണ് ആരംഭിച്ചത്. ടോയ്ലറ്റുകളുടെ മേൽക്കൂര പോലും പൂർത്തിയാക്കാതെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിലാണ്. നിലവിലുള്ള ടോയിലറ്റുകൾ തികച്ചും ശോചനീയ അവസ്ഥയുമാണ്	തൃക്കുന്നപ്പുഴ ഗവ.എൽ.പി.എസ്സ് – ന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എസ്സ്.എസ്സ്.എ ഫണ്ട് ഉപയോഗിച്ച് 2009-10 കാലയളവിൽ നിർമ്മിച്ച് ടോയ്ലറ്റ് കെട്ടിടം നിലവിലുണ്ട്. എസ്സ്.എസ്സ്.എ ഫണ്ട് ഉപയോഗിച്ച ടി ടോയ്ലറ്റ് കെട്ടിടം നിർമ്മാണം നടത്തിയിട്ടുള്ള ഏജൻസി/ വകുപ്പ്, ചിലവഴിച്ച തുക എന്നിവ സംബന്ധിച്ചുള്ള രേഖകളും വിവരങ്ങളും പഞ്ചായത്ത ഓഫീസിൽ ലഭ്യമല്ലെന്നും ടി സ്കൂളിൽ തുടർന്നുള്ള കാലങ്ങളിൽ നിർമ്മിച്ച ടോയിലറ്റ് കോംപ്ലക്സ് (സ്പോൺസർഷിപ്പ് മുഖേന) ആണ് നിലവിൽ ഉപയോഗിച്ച് വരുന്നതെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>ആലപ്പുഴ നഗരസഭ</u> **<u>ലാബ് നിർമ്മാണം സ്തംഭനാവസ്ഥയിൽ</u>**	ആലപ്പുഴ നഗരസഭയുടെ നിയന്ത്രണത്തിലുള്ള മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ ലാബ് പണികൾ

	നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റ് മുഹമ്മദൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 2004 ൽ പ്രവർത്തനം ആരംഭിച്ച ഹയർ സെക്കന്ററി വിഭാഗത്തിന്റെ ലാബ് നിർമ്മാണപ്രവർത്തി ഇതുവരേയും പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്.	പൂർത്തീകരിച്ച് ഉപയോഗയോഗ്യമായ നിലയിലാണുള്ളതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.
5.2.4.5	**സ്കൂൾ വക വസ്തു കയ്യേറ്റം –ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല** **പത്തനംതിട്ട ജില്ല- കുളനട ഗ്രാമപഞ്ചായത്ത്** പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൈപ്പുഴ എൽ പി ജി സ്കൂൾ വക സ്കൂൾ വക വസ്തു കയ്യേറി വർഷങ്ങളോളം താമസമായിട്ടും കയ്യേറ്റം ഒഴിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കുളനട ഗ്രാമപഞ്ചായത്തിലെ തന്നെ തുമ്പമൺ നോർത്ത് ഗവൺമെന്റ് എൽ.പി. ജി.എസ്.ന്റെ തെക്ക് ഭാഗത്ത് മതിൽ പൊളിച്ച് സ്വകാര്യ വ്യക്തി വഴി നിർമ്മിച്ചതായി ഹെഡ്മാസ്റ്റർ പരാതി നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ല.	കുളനട ഗ്രാമപഞ്ചായത്തിൻറെ നിയന്ത്രണത്തിലുള്ള കൈപ്പുഴ എൽ.പി.ജി സ്കൂൾ വക വസ്തു കയ്യേറ്റം നടത്തിയിട്ടുള്ളതായി പരാമർശിക്കുന്ന 4 പേരും ഒരേ കുടുംബത്തിലെ അംഗങ്ങൾ ആണ്. രണ്ട് പേർക്ക് പഞ്ചായത്ത് തന്നെ സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകിയിട്ടുള്ളതായും . ടി സ്കൂളിൻറെ അതിർത്തി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുള്ളതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. കുളനട ഗ്രാമപഞ്ചായത്തിലെ തുമ്പമൺ നോർത്ത് ഗവൺമെൻറ് എൽ.പി.ജി.എസ് ന്റെ മതിൽ പൊളിച്ച് സ്വകാര്യ വ്യക്തി വഴി നിർമ്മിച്ചതായിട്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാതി പരിഹരിച്ച് സ്കൂളിന് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷണം ഏർപ്പെടുത്തിയിട്ടുള്ളതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കുന്നത്തൂർ ഗ്രാമ പഞ്ചായത്ത് **എയ്ഡഡ് സ്കൂൾ കോമ്പൗണ്ടിൽ അനധികൃത അൺ**	കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ ഐവർകാല നടുവിൽ കരുവാമല (ഹൈസ്കൂൾ വിഭാഗം മാത്രം) എയിഡഡ്

131

132

	<u>എയ്ഡഡ് സ്കൂൾ</u> കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ എയിഡഡ് സ്കൂളിന്റെ പുരയിടത്തിൽ പ്രസ്തുത സ്കൂളിന്റെ കെട്ടിടം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് അനധികൃതമായി അൺ എയിഡഡ് സി.ബി.എസ്.ഇ സ്കൂൾ പ്രവർത്തിക്കുന്നു.	മേഖലയിൽ പ്രവർത്തിക്കുന്നുവെന്നും ടി കോമ്പൗണ്ടിൽ കോൺക്രീറ്റ് ചെയ്ത ഒരു രണ്ടുനില കെട്ടിടവും ഓടിട്ട ഒരു മറ്റൊരു കെട്ടിടവുമാണ് സ്ഥിതി ചെയ്യുന്നത്. മുൻകാലത്ത് ടി ഓടിട്ട കെട്ടിടത്തിന്റെ ഭാഗത്തിലും അതിനോട് ചേർന്ന് നിൽക്കുന്ന പൊളിഞ്ഞ കെട്ടിടത്തിലുമായി കരുവാമല സെൻട്രൽ സ്കൂൾ എന്ന പേരിൽ പ്രീ പ്രൈമറി ഉൾപ്പെടുത്തി ഒരു അൺ എയിഡഡ് സ്കൂൾ പ്രവർത്തിച്ചിരുന്നെന്നും എന്നാൽ 2016-17 കാലഘട്ടത്തോടെ പ്രസ്തുത അൺ എയിഡഡ് വിദ്യാലയം നിർത്തലാക്കിയതായും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.6	**<u>ഉച്ചഭക്ഷണവിതരണം - അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തം</u>** **<u>തിരുവനന്തപുരം ജില്ല - കിഴുവിലം ഗ്രാമപഞ്ചായത്ത്</u>** തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിലെ 6 സ്കൂളുകളിൽ എസ്.വി.യു.പി.എസ് പുരവൂർ,കിഴുവിലം യു.പി.എസ്, മുടപുരം യു.പി.എസ്, എൽ.പി.എസ്.കുന്തള്ളൂർ എന്നിവയിലെ പാചകപ്പുരകളും സ്റ്റോർ മുറികളും അസൗകര്യങ്ങൾ നിറഞ്ഞവയാണ്. അശാസ്ത്രീയമായ നിർമ്മാണവും, ആവശ്യത്തിന് സ്ഥല സൗകര്യമില്ലാത്തതും പാചകം ദുഷ്കരമാക്കുന്നു. പുകക്കുഴൽ, ചിമ്മിനി, മലിനജലം ഒഴുക്കിവിടാൻ ആവശ്യമായ സൗകര്യം, റാക്കുകൾ, പാചകവാതക അടുപ്പുകൾ തുടങ്ങിയവയുടെ അഭാവമാണ് പൊതുവെ കാണപ്പെട്ട അസൗകര്യങ്ങൾ. പാചകപ്പുരകൾക്ക് അനുയോജ്യമായ വാതിൽ ഇല്ലാത്തത്, വെളിച്ചക്കുറവ് എന്നിവയും കാണപ്പെട്ടു. പുകക്കുഴൽ ഇല്ലാത്തതുകാരണം പാചകപ്പുരയ്ക്കുള്ളിൽ പുക തങ്ങിനിൽക്കുന്ന അവസ്ഥയുണ്ട്. മലിനജലം പാചകപ്പുരയ്ക്ക് ചുറ്റും തങ്ങി	2014 ശേഷം GUPS കിഴുവിലം, SVUPS പുരവൂർ, UPS LPS കുന്തള്ളൂർ എന്നീ സ്കൂളുകളിൽ ശാസ്ത്രീയവും മുടപുരം, സൗകര്യപ്രദവുമായ പാചകപ്പുരകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും നിർമ്മിച്ച് നൽകുകയുണ്ടായി. മലിനജലം കെട്ടിനിൽക്കാത്ത വിധത്തിലുള്ള sock pit നിർമ്മിച്ചിട്ടുണ്ട്. 2013-14 കാലയളവിൽ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ഉച്ചഭക്ഷണ വിതരണം അനുബന്ധ സൗകര്യങ്ങൾ അപര്യാപ്തത സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുള്ളതാണ് എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	നിൽക്കുന്നത് സാംക്രമിക രോഗങ്ങൾ ഉണ്ടാകാൻ കാരണമാകാം.	
	കൊല്ലം നഗരസഭ പാചകപ്പുര ഇല്ലാത്തതിനാൽ പാചകപ്പുരയും സ്റ്റോർ റൂമും നിർമ്മിക്കുന്നതിനായി 2007-08 കാലയളവിൽ അടിസ്ഥാനം കെട്ടിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും നാളിതുവരെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ഡൈനിംഗ് ഏരിയ ഇല്ലാത്തതിനാൽ സ്കൂളുകളിൽ കുട്ടികൾ വരാന്തയിലും ക്ലാസ്സ് മുറികളിലേയ്ക്കും കൊണ്ടുപോയി കഴിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്.	കൊല്ലം ടൌൺ യു.പി. സ്കൂൾ ഉൾപ്പെടെ ഉച്ചഭക്ഷണ വിതരണത്തിനായുള്ള അടുക്കള, സ്റ്റോർ മുറി തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ നിർമ്മിച്ച് നൽകുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ പ്രദമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ഡൈനിംഗ് റൂം ഇല്ലാത്തതിനാൽ കുട്ടികൾ ക്ലാസ് മുറികളിൽത്തന്നെ ഇരുന്നാണ് ഭക്ഷണം കഴിച്ചു വരുന്നതെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	തിരുവല്ല നഗരസഭ തിരുവല്ല നഗരസഭയുടെ അധീനതയിലുള്ള കാവുംഭാഗം ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും പാലും തയ്യാറാക്കി കൊടുക്കുന്നതിന് സൗകര്യമുള്ള അടുക്കള ഇല്ല.	കാവുംഭാഗം ഗവൺമെന്റ് എൽ.പി.സ്കൂളിൽ കുട്ടികൾക്ക് ആഹാരം പാകം ചെയ്യുന്നതിന് അടുക്കളയും സ്റ്റോർ റൂമും നിലവിലുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കോട്ടയം ജില്ല- കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ആയാംകുടി ഗവൺമെൻറ് എൽ പി. സ്കൂളിന്റെ കഞ്ഞിപ്പുര ദയനീയാവസ്ഥയിലാണ്. പാചകത്തിന് ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടില്ല. പാത്രങ്ങളും ആവശ്യത്തിനില്ല. കുട്ടികൾ സ്വന്തം പാത്രം കൊണ്ടുവരികയാണ് ചെയ്യുന്നത്.	ആയാംകുടി ഗവ.എൽ പി സ്കൂളിൽ നിലവിൽ ഗ്രാമപഞ്ചായത്ത് കഞ്ഞിപ്പുര നിർമ്മിച്ച് നൽകിയിട്ടുള്ളതും ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ, കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ആവശ്യമായ പാത്രങ്ങൾ, ഗ്യാസ് കണക്ഷൻ എന്നിവയും നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

/33

134

5.2.4.7	**സ്കൂളുകളിലെ ശുദ്ധജലവിതരണം കാര്യക്ഷമമല്ല** **തിരുവനന്തപുരം നഗരസഭ** തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള സ്കൂളുകളിൽ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. 2011-12 ൽ എസ്.എസ്.എ.യുടെ സഹകരണത്തോടെ നഗരസഭ ഫോർട്ട് യു.പി.എസ്.ൽ ടോയ്ലറ്റ് കുടിവെള്ള ടാപ്പുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണമില്ലാതെ നടത്തിയ നിർമ്മാണ പ്രവൃത്തിയിൽ, ടോയ്-ലെറ്റിന്റെ മതിലിനോട് ചേർന്നാണ് കുടിവെള്ള ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. **തിരുവനന്തപുരം ജില്ല – കിഴുവിലം ഗ്രാമപഞ്ചായത്ത്** തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് എസ്.വി.യു.പി.സ് പുരവൂർ, ഗവൺമെന്റ് യു. പി. സ്കൂൾ മുടപുരം എന്നീ സ്കൂളുകളിൽ കുടിവെള്ള പ്രശ്നം സങ്കീർണ്ണമാണ്. ഗവൺമെന്റ് യു.പി.എസ്. കിഴുവിലത്തിന്റെ കോമ്പൗണ്ടിൽ പൊതുആവശ്യത്തിനായി കുഴൽക്കിണർ കുഴിച്ച് ഹാൻഡ് പമ്പ് സ്ഥാപിച്ചത് നിലവിൽ ഉപയോഗശൂന്യമാണ്. ഇത് ഉപയോഗയോഗ്യമാക്കി മോട്ടോർ ഘടിപ്പിക്കുകയോ പുതിയ കിണർ കുഴിക്കുകയോ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൈപ്പ് " ലൈൻ സ്കൂളുകളിൽ എത്തിക്കുകയോ ചെയ്ത് ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണേണ്ടതാണ്.	**തിരുവനന്തപുരം നഗരസഭ** നഗരസഭയുടെ എല്ലാ സ്കൂളുകളിലും കുടിവെള്ളം ലഭ്യമാണെന്നും. മാത്രമല്ല നിലവിൽ വാട്ടർ പ്യൂരിഫൈയർ സ്ഥാപിക്കുന്നതുൾപ്പടെയുള്ള പ്രോജക്റ്റുകൾ നഗരസഭ കുടുംബശ്രീ മുഖേന സ്കൂളുകളിൽ നടപ്പിലാക്കിട്ടുണ്ട്. ആയതിനാൽ തന്നെ കുടിവെള്ള പ്രശ്നം നഗരസഭ പരിഹരിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **തിരുവനന്തപുരം ജില്ല – കിഴുവിലം ഗ്രാമപഞ്ചായത്ത്** UPS മുടപുരം, SVUPS പുരവൂർ എന്നീ വിദ്യാലയങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ട്. പൈപ്പ് ലൈൻ കണക്ഷൻ നൽകുകയും എല്ലാ സമയത്തും ജലം ലഭ്യമാകുകയും ചെയ്യുന്നുണ്ട്. GUPS കിഴുവിലത്ത് ഉണ്ടായിരുന്ന ഹാൻഡ് പമ്പുപയോഗിച്ചുള്ള കുഴൽക്കിണർ ഉപയോഗയോഗ്യമാക്കാൻ കഴിയാത്തതിനാൽ പൈപ്പ്ലൈൻ കണക്ഷൻ നൽകുകയും ജലക്ഷാമം പരിഹരിക്കപ്പെട്ടുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി സ്കൂളുകളിലെ ശുദ്ധജല വിതരണം സംബന്ധിച്ച് യാതൊരു വിധത്തിലുള്ള പ്രശ്നങ്ങളും ഇല്ല എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കൊല്ലം ജില്ല – പുനലൂർ നഗരസഭ പുനലൂർ നഗരത്തിലെ ഉയർന്ന പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം അവിടങ്ങളിലുള്ള സ്കൂളുകളേയും ബാധിക്കുന്നു. ജലസംഭരണം ലക്ഷ്യമാക്കി സ്കൂളുകളിൽ സ്ഥാപിച്ച മഴവെള്ള	സ്ഥലപരിശോധന നടത്തിയതിൽ നിലവിൽ ഗവ.എൽ.പി.എസ്. കേളൻകാവിൽ കുടിവെള്ള ക്ഷാമമില്ല. 2012-13 കാലയളവിൽ പുതുതായി ഒരു കുഴൽ കിണർ കുടി

	സംഭരണികൾ യാതൊരു പ്രയോജനവും ചെയ്യുന്നില്ല. രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിലാണ് ഗവൺമെന്റ് എൽ.പി.എസ്.കേളങ്കാവ്, ഗവൺമെന്റ് എൽ.പി.എസ് .ഐക്കരക്കോണം എന്നിവ സ്ഥിതി ചെയ്യുന്നത്. വളരെ ഉയർന്നപ്രദേശങ്ങളായതിനാൽ പൈപ്പ്ലൈൻ വഴിയുള്ള കുടിവെള്ള വിതരണം ഫലപ്രദമല്ല. പ്രസ്തുത സ്കൂളുകളിൽ നിർമ്മിച്ച കുഴൽക്കിണറുകൾ ഉപയോഗശൂന്യമാണ്.	പുനലൂർ മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതും ആയതിൽ നിന്നും ധാരാളം കുടിവെള്ളം ലഭ്യമാണ്. കൊല്ലം ജില്ലയിലെ പുനലൂർ നഗരത്തിലെ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ഗവ. എൽ.പി.എസ്., ഐക്കരക്കോണം സ്കൂളിനേയും ബാധിച്ചിരുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിച്ച് അതിൽ നിന്നും വെള്ളം എടുക്കുന്നുണ്ട്. കൂടാതെ നഗരസഭയിൽ നിന്നും പൈപ്പ് ലൈൻ വഴി 750 ലിറ്റർ വെള്ളം വാട്ടർ ടാങ്കിൽ സംഭരിച്ച് ആവശ്യം അനുസരിച്ച് വെള്ളം എടുത്തും കുടി വെള്ള ക്ഷാമം പരിഹരിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കോട്ടയം ജില്ല- കാണക്കാരി ഗ്രാമപഞ്ചായത്ത്	
	കോട്ടയം ജില്ലയിലെ കാണക്കാരി ഗ്രാമപഞ്ചായത്തിലെ ഗവ.എൽ.പി. സ്കൂളിൽ കുട്ടികളുടെ ഉപയോഗത്തിന് ആവശ്യമായ വാട്ടർടാപ്പുകളില്ലാത്തത് പ്രധാന പോരായ്മയാണ്. നിലവിൽ 58 കുട്ടികളുടെ സ്കൂളുകളിൽ ജലലഭ്യതയ്ക്കായി ഒരു വാട്ടർടാപ്പ് മാത്രമാണുള്ളത്	കാണക്കാരി ഗവ. എൽ. പി. സ്കൂളിൽ നിലവിലുള്ള 43 കുട്ടികളുടെ ഉപയോഗാവശ്യത്തിനായി 6 വാട്ടർടാപ്പുകൾ സ്ഥാപിക്കുകയും ആയത് നിലവിൽ ഉപയോഗിച്ച് വരുന്നതുമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	മലപ്പുറം ജില്ല- താഴെക്കാട് ഗ്രാമപഞ്ചായത്ത്	
	മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള അരക്കുപ്പറമ്പ് ജി എൽ പി സ്കൂളിൽ കുടിവെള്ളം ഇല്ലാത്തതിനാൽ ഉച്ചഭക്ഷണം പോലും മുടങ്ങിയ അവസ്ഥയുണ്ടായിട്ടുണ്ട്. ടോയ്ലറ്റ്. മൂത്രപ്പുര എന്നിവിടങ്ങളിലും മറ്റ് ശുചീകരണങ്ങൾക്കും സ്കൂളിൽ വെള്ളം ലഭ്യമല്ല. കുഴൽക്കിണറുകൾ പലപ്രാവശ്യം പരീരീക്ഷിച്ചിട്ടുണ്ടെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ	അരക്കുപറമ്പ് ജി.എൽ.പി സ്കൂളിൽ കുടിവെള്ള ആവശ്യാർത്ഥം കുഴൽ കിണറുകൾ കുഴിച്ചിരുന്നുവെങ്കിലും വെള്ളം ലഭിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴക്കുഴി നിർമ്മാണം നടത്തി വർഷക്കാലത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . നിലവിൽ ഒരു വ്യക്തിയുടെ വീട്ടിൽ നിന്നുമാണ് കുടിവെള്ളം ലഭ്യമാക്കികൊണ്ടിരിക്കുന്നത് . 2023/24 വാർഷിക പദ്ധതിയിൽ

	ഒരു ടാപ്പിൽ നിന്നും ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ലഭിക്കുന്ന പരിമിതമായ വെള്ളമാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത് ലഭ്യമായ സ്ഥലത്ത് കിണർ കുഴിച്ച് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.	പ്രൊ.നം. 533/2024 നമ്പറായി ജി.എൽ.പി.സ്കൂൾ അനുബന്ധ പ്രവർത്തനങ്ങൾക്ക് (കുടിവെള്ളം ഉൾപ്പടെ)200000/-രൂപ വകയിരുത്തിയിട്ടുണ്ട് എന്നുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കാസറഗോഡ് ജില്ല - കിനാനൂർ</u> കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് കുളിപ്പാറ എം.ജി. എൽ .സിക്ക് സ്വന്തമായി കുടിവെള്ള സൗകര്യമില്ല. ആവശ്യമായ വെള്ളം 100 മീറ്റർ അകലെയുള്ള പട്ടികവർഗ്ഗ കോളനിയിൽ നിന്നും തലച്ചുമടായി കൊണ്ടുവന്നാണ് ഭക്ഷണം പാകം ചെയ്യുന്നതിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്. ചാമക്കുഴി ജി.യു.പി സ്കൂളിന്റെ കുഴൽക്കിണറിലെ വെള്ളത്തിൽ സൾഫറിന്റെ അംശം കൂടുതലായതിനാൽ ഉപയോഗയോഗ്യമല്ല സ്കൂളിന് സമീപത്തുള്ള മറ്റൊരു കുഴൽക്കിണറിൽ നിന്നുമാണ് നിലവിൽ സ്കൂൾ ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കുന്നത്.	SKGMAUPS കുമ്പളപ്പള്ളി, GLPS പെരിയങ്ങാനം എന്നീ വിദ്യാലയങ്ങളിൽ നിലവിൽ കുടിവെള്ളത്തിനായും ടോയ് ലറ്റ് ആവശ്യത്തിനായും ആവശ്യമായ കിണർ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. MGLC കുളിപ്പാറ നിലവിൽ പ്രവർത്തിക്കുന്നില്ലയെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>കാസറഗോഡ് ജില്ല - കാറഡുക്ക</u> കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിലെ എസ്.ജി.എ. എൽ പി സ്കൂൾ മുള്ളേരിയയിലേയ്ക്ക് സമീപത്തുള്ള പി.എച്ച്.സി യിൽ നിന്നാണ് ജലം ലഭ്യമാക്കുന്നത്. കുണ്ടാർ എ.യു.പി. സ്കൂളിലേയ്ക്ക് ആവശ്യമായ വെള്ളം എടുക്കുന്നത് സമീപപ്രദേശത്തെ കുടുംബങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനായി ജില്ല പഞ്ചായത്ത് നിർമ്മിച്ച കുഴൽക്കിണറിൽ നിന്നുമാണ്. 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല	SGALPS മുള്ളേരിയ സ്കൂളിന് നിലവിൽ സ്വന്തമായി കിണർ , ബോർവെൽ എന്നിവയും AUPS കുണ്ടാർ സ്കൂളിന് നിലവിൽ സ്വന്തമായി ബോർവെൽ എന്നിവയും ഉണ്ട്. ബഡ്സ് സ്കൂളിന് നിലവിൽ സ്വന്തമായി ബോർവെൽ ഉണ്ട്. MGLC മിഞ്ചിപ്പദവ്, MGLC പൂത്തപ്പാലം , MGLC നെച്ചിപ്പടപ്പ് എന്നീ സ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ ഒരു സ്കൂളിലും കുടിവെള്ള പ്രശ്നമില്ല. കൂടാതെ കുടിവെള്ള പ്രശനം രൂക്ഷമാകുന്ന വേനൽകാലത്ത് പഞ്ചായത്ത് കുടിവെള്ളം വിതരണം നടത്തുന്നുമുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

		സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കിണർവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതം **തിരുവനന്തപുരം ജില്ല - പെരിങ്ങമല ഗ്രാമപഞ്ചായത്ത്** തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിനു കീഴിൽ വരുന്ന കരിമൺകോട് എൽ.പി.സ്കൂൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് നിലവിലുള്ള ഒരു കിണറിനെയാണ്. പ്രസ്തുത കിണറിലെ വെള്ളം 04.09 2013 ൽ ആരോഗ്യ വകുപ്പ് അധികൃതർ പരിശോധന നടത്തുകയും പരിശോധന റിപ്പോർട്ട് പ്രകാരം കിണർ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവിലുള്ള വർദ്ധനവ് കുട്ടികളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കാം	തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കരിമൺകോട് എൽ.പി.സ്കൂളിനു കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണർ നിലവിൽ ആരോഗ്യ വകുപ്പ് അധികൃതരുടെ മേൽനോട്ടത്തിൽ ശുചീകരണം നടത്തി സൂക്ഷിച്ചു വരുന്നു.ഈ വർഷം നടത്തിയ പരിശോധനയിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായ അളവിലാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.8	**ടോയിലെറ്റ് സൗകര്യം ശോചനീയം** **തിരുവനന്തപുരം ജില്ല – പോത്തൻകോട് ഗ്രാമപഞ്ചായത്ത്** തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ അപരിഷ്കൃത മൂത്രപ്പുരകളും ശൗചാലയങ്ങളും തീർത്തും വിദ്യാർത്ഥി സൗഹൃദമല്ല. മേൽക്കൂര നശിച്ചതും പൊട്ടിപ്പൊളിഞ്ഞ തറകളുള്ളതുമായ ഇവ ഏതു സമയത്തും നിലംപൊത്താവുന്ന അവസ്ഥയിലാണ്. സ്കൂൾ കെട്ടിടങ്ങളിൽ ഇവയുടെ ഫിറ്റ്നസ് പരിശോധനാ വിധേയമാക്കുന്നില്ല. ശുചീകരണ ജോലിക്കാരുടെ കുറവ്, ജലദൗർലഭ്യം എന്നിവമൂലം ടോയ്‌ലറ്റുകൾ ശുചിത്വഹീനമാണ്. 1083 കുട്ടികൾ പഠിക്കുന്ന ഠൗൺ യു.പി.സ്കൂളിൽ ഒരു ശുചീകരണ തൊഴിലാളി മാത്രമാണുള്ളത്.	പോത്തൻകോട് ഗ്രാമപഞ്ചായത്തുപരിധിയിലുള്ള സ്കൂളുകളിൽ ജനകീയസൂത്രണ പദ്ധതിപ്രകാരവും എസ് എസ് എ ഫണ്ട് വിനിയോഗിച്ചും ആധുനിക രീതിയിലുള്ള മൂത്രപ്പുരകളും ശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്. മാത്രമല്ല ശൗചാലയങ്ങളിൽ യഥാസമയംവൃത്തിയാക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ളനടപടികൾ സ്വീകരിച്ചിട്ടുണ്ട്.ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

137

	<u>മാവേലിക്കര നഗരസഭ</u> ആലപ്പുഴ ജില്ലയിലെ മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ 48 കുട്ടികൾ പഠനം നടത്തുന്നുണ്ട്. ഇത്രയും കുട്ടികൾക്കായി 3 ടോയിലെറ്റുകൾ മാത്രമാണുള്ളത്. ഗേൾസ് ഫ്രണ്ട്ലി ടോയിലെറ്റ് സ്ഥാപിക്കുവാൻ വേണ്ടി നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപ നാളിതുവരെയും വിനിയോഗിച്ചിട്ടില്ല.	മാവേലിക്കര നഗരസഭയുടെ കീഴിലുള്ള ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ 13 ടോയിലെറ്റുകൾ ആണുള്ളത്. ഗേൾസ് ഫ്രണ്ട്ലി ടോയിലെറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി നഗരസഭയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച 5,00,000/- രൂപ മതിയാകാത്ത സാഹചര്യത്തിലാണ് നഗരസഭ പ്ലാൻ ഫണ്ട് ഉപയോഗിച്ച് തുക ചിലവാക്കി ടോയിലെറ്റ് നിർമ്മിച്ചിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>നിർമ്മാണത്തിലെ പിഴവ് – ടോയ്-ലെറ്റുകൾ ഉപയോഗ ശൂന്യമാകുന്നു.</u> **<u>കൊല്ലം നഗരസഭ</u>** നഗരസഭയിലെ വാളത്തുംഗൽ ഗവൺമെന്റ് വാക്കേഷണൽ ഹയർ സെക്കൻറ്ററി സ്കൂളിൽ ടോട്ടൽ സാനിറ്റേഷൻ പ്രോജക്റ്റിൽ 4,20,000/-, 4,32,500/- എന്നീ അടങ്കൽ തുകകളിലൂടെ 10 യൂണിറ്റ് വനിതാ സൗഹൃത ശൗചാലയം നിർമ്മിച്ചിട്ടുണ്ട്. ഈ ടോയ്ലെറ്റുകളിൽ തറയിൽ വീഴുന്ന വെള്ളം പുറത്തേയ്ക്ക് പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല. ടോയ്ലെറ്റിന്റെ സാനിട്ടേഷൻ ടാങ്കുകൾ വളരെ ചെറുതും മൂടിയില്ലാത്തവയും മൂടിയുള്ളവ പൊട്ടിപൊളിഞ്ഞ് അവസ്ഥയിലാണ്. സാനിട്ടേഷൻ പിറ്റ് മൂടിയില്ലാതെ കിടക്കുന്നു. ഇതിനകരികിലൂടെ അടുത്ത ടോയ്ലെറ്റിലേയ്ക്ക് പോകുന്ന കുട്ടികൾ കാൽവഴുതി വീഴാവുന്ന തരത്തിൽ അപകടകരമാം വിധമാണ് സ്ഥിതി ചെയ്യുന്നത്.	സ്കൂളിൽ ഉപയോഗയോഗ്യമായ ടോയ്ലറ്റുകൾ ഇപ്പോൾ നിർമ്മിച്ചിട്ടുള്ളതാണ്. ആയതിൽ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി പ്രത്യേകം ശൗചാലയ ബ്ലോക്കുകൾ ഉള്ളതാണ്. അതിൽ ആൺകുട്ടികൾക്ക് ടോയ്-ലെറ്റ്/ യൂറിനൽ ഉള്ളത് ഉപയോഗ യോഗ്യമാണ്. പെൺകുട്ടികൾക്ക് ടോയ്ലറ്റ് ബ്ലോക്കുകൾ ഉണ്ടെങ്കിലും അത് 12 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും, സിമൻറ് ഫ്ളോറിംഗ് ഉള്ളതായതിനാൽ പ്രവേശന മാർഗ്ഗം കുറച്ച് ഭാഗം അപാകത ഉള്ളതുമാണ്. എന്നാൽ ടോയ് ലറ്റുകൾ നിലവിൽ ഉപയോഗിച്ചു വരുന്നതുമാണ്. 2024-25 സാമ്പത്തിക വർഷം ടി സ്കൂളിൽ 10 യൂണിറ്റ് ടോയിലെറ്റ് ബ്ലോക്ക് നിർമ്മാണം ഉൾപ്പെടെ വിവിധ സ്കൂളുകളിൽ ടോയിലെറ്റ് നിർമ്മാണത്തിനായി 70,50,000/- രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുള്ളതുമാണ് എന്ന് തദ്ദേശ-സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറി-യിച്ചിട്ടുണ്ട്.

5.2.4.9	**കളിസ്ഥലങ്ങൾ-വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല** **തിരുവനന്തപുരം നഗരസഭ** തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ള മിക്ക സ്കൂളുകളിലും കളിസ്ഥലങ്ങൾ ഒരുക്കുന്നതിൽ 1959 ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ചില സ്കൂളുകളിൽ കളിസ്ഥലങ്ങൾക്കാവശ്യമായ ഭൂമിയില്ല. കളിസ്ഥലങ്ങളുള്ള സ്കൂളുകളിൽ അവ ചുറ്റമതിൽ കെട്ടി സംരക്ഷിച്ചിട്ടില്ല. പല സ്കൂളുകളിലും കളിസ്ഥലങ്ങൾ കാട്ടുപിടിച്ച് ഉപയോഗശൂന്യമായ നിലയിലും ചിലയിടങ്ങളിൽ സ്കൂളിൽ നിന്നും അകലെയായും കളിസ്ഥലങ്ങൾ കാണാൻ കഴിഞ്ഞു. വെസ്റ്റ്ഫോർട്ട് ഗവ: ഹൈസ്കൂളിന്റെ കളിസ്ഥലം ചുറ്റമതിൽകെട്ടി കെട്ടി സംരക്ഷിച്ചിട്ടില്ലാത്തതിനാൽ സ്കൂളിനു മുന്നിലുള്ള വിശാലമായ ഗ്രൗണ്ട് വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി ഉപയോഗിക്കുന്നു	നിലവിൽ നഗരസഭയുടെ കീഴിലുള്ള വെസ്റ്റ് ഫോർട്ട് സ്കൂളിൽ ചുറ്റമതിൽ നിർമ്മിക്കുന്നതിന് തടസ്സവാതം ഉള്ളതിനാലാണ് മതിൽ കെട്ടുന്നതിന് സാധിക്കാതിരുന്നത്. തൊട്ടടുത്തുള്ള ആശുപത്രിയിൽ രോഗികളുമായി വരുന്ന വാഹനങ്ങളാണ് ഗ്രൗണ്ടിൽ പാർക്ക് ചെയ്തിരുന്നത്. ആയത് കണക്കിലെടുത്ത് നിലവിൽ സ്കൂൾ ഗ്രൗണ്ടിന് ചുറ്റം ചങ്ങല കെട്ടി വാഹനം പാർക്ക് ചെയ്യാത്ത രീതിയിൽ മാറ്റം വരുത്തിട്ടുള്ളതും ആയത് നിരീക്ഷിക്കുന്നതിന് ഒരു സെക്യൂരിറ്റിയെ നിയമിച്ചിട്ടുണ്ടെന്നും അട്ടക്കുളങ്ങര ഗവ. സെൻട്രൽ സ്കൂളിൽ നിലവിൽ ചുറ്റമതിൽ കെട്ടി സ്കൂൾ കളിസ്ഥലം സംരക്ഷിച്ചിട്ടുണ്ട്. 2024-25 വർഷം അട്ടക്കുളങ്ങര സ്കൂൾ, ബീമാപള്ളി സ്കൂൾ, ചാല സ്കൂൾ എന്നിവയിലെ കളിസ്ഥലത്തിന്റെ നവീകരണത്തിനായി 635 നമ്പർ പ്രോജക്റ്റായി 74,00,000/- രൂപ വകയിരുത്തിയിട്ടുണ്ട് എന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	തിരുവനന്തപുരം ജില്ല- കിഴുവിലം ഗ്രാമപഞ്ചായത്ത് കിഴുവിലം ഗ്രാമപഞ്ചായത്തിലെ കിഴുവിലം യു.പി. സ്കൂളിൽ കളിസ്ഥലമുണ്ടെങ്കിലും ഇതിന്റെ ചരിവ് കാരണം. ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല.	GUPS കിഴുവിലം സ്കൂളിലെ കളിസ്ഥലം സൗകര്യപ്രദമാക്കാൻ ചരിവുള്ള സ്ഥലം സൈഡ് വാൾ പകുതിയോളം കെട്ടി പരിഹരിച്ചിരിക്കുന്നു. ഇപ്പോഴത്തെ പദ്ധതിയിൽ സൈഡ് വാളിന്റെ ബാക്കി ഭാഗം കെട്ടാനാവശ്യമായ തുക നീക്കി വച്ചിട്ടുണ്ട്. തൻ വർഷം തന്നെ ബാക്കി പണികൾ കൂടി പൂർത്തീകരിക്കാൻ കഴിയുന്നതാണ് എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	പുനലൂർ നഗരസഭ കൊല്ലം ജില്ലയിലെ പുനലൂർ നഗരസഭയിലെ ടൗൺ ഗവൺമെന്റ് എൽ പി സ്കൂളിന്റെ കെട്ടിടം നിൽക്കുന്ന പുരയിടത്തിന് ചുറ്റുമതിലുണ്ട്. കാട്ടുമൂടിയ നിലയിൽ തുടരുന്ന കളിസ്ഥലത്തിന്റെ നടുവിലൂടെ തദ്ദേശീയർ ഉപയോഗിക്കുന്ന രണ്ട് വഴികൾ രൂപപ്പെട്ടിട്ടുണ്ട്. ഒരു വഴി ഉണ്ടാക്കുന്നതിലേയ്ക്ക് കളിസ്ഥലത്തിന്റെ ഒരു വശത്തെ മതിൽ തകർത്തിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. മണിയാറ്റ് ഗവൺമെന്റ് യു. പി. സ്കൂളിന്റെ കളിസ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. കളിസ്ഥലത്തിന്റെ തെക്ക് - കിഴക്ക് ഭാഗത്തായി കേരള വെള്ളാളസഭയുടെ ഓഫീസ് മന്ദിരവും അതിനോടനുബന്ധിച്ചുള്ള കിണറും കളിസ്ഥലം കൈയ്യേറി നിർമ്മിച്ചതായാണ് സ്ഥല പരിശോധനയിൽ വ്യക്തമാകുന്നത്.	പുനലൂർ നഗരസഭയിലെ ടൗൺ എൽ.പി. സ്കൂളിന്റെ കെട്ടിടം നിൽക്കുന്ന പുരയിടത്തിന് മൂന്ന് വശവും ചുറ്റു മതിലുകൾ ഉള്ളതാണ്. നിലവിൽ മതിൽ തകർന്ന് കിടക്കുന്നതിനാലും മതിൽ തകർന്ന വശത്ത് കൂടി നടവഴി ഉള്ളതിനാലും അളന്ന് തിട്ടപ്പെടുത്തുവാൻ ബുദ്ധിമുട്ടുണ്ട്. ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി ബി.ആർ.സി.-യുടെ പുതിയ കെട്ടിടം നിർമ്മിക്കുവാൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണിയാർ ഗവണ്മെന്റ് യു.പി. സ്കൂൾ കളിസ്ഥലത്തിന്റെ തെക്ക് ഭാഗവും കിഴക്ക് ഭാഗവും കോമ്പൗണ്ട് വാൾ നിർമ്മിച്ച് അതിർത്തി നിശ്ചയിച്ചിട്ടുള്ളതാണ്. സ്കൂൾ കളിസ്ഥലത്തിന്റെ തെക്ക് കിഴക്കായി വെള്ളാള സഭയുടെ ഓഫീസ് മന്ദിരവും, കിണറും സ്ഥിതി ചെയ്യുന്ന സ്ഥലം സ്കൂളിന്റെ ഉടമസ്ഥതയിൽ ഉള്ളതാണോ എന്നതിന് കൃത്യമായ രേഖകൾ ലഭ്യമല്ല. ടി വിഷയത്തിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	സ്പോർട്സ് ഉപകരണങ്ങൾ ഉപയോഗശൂന്യമായ അവസ്ഥയിൽ **തിരുവനന്തപുരം നഗരസഭ** നഗരസഭ ഓരോ വർഷവും സ്കൂളുകളിലേയ്ക്ക് കായിക ഉപകരണങ്ങൾ നൽകുന്നതിനായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ട്. സ്കൂളുകളുടെ ആവശ്യങ്ങളറിഞ്ഞ് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിനു പകരം, വാങ്ങിയ ഉപകരണങ്ങൾ എങ്ങനെയും വിതരണം ചെയ്തു തീർക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.	ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന കരിക്കകം സ്കൂളിൽ ആവശ്യമായ സ്ഥലം ഇല്ലാത്തതിനാലാണ് കളിസ്ഥലം ഒരുക്കുന്നതിന് സാധിക്കാതിരുന്നത്. എന്നാൽ ലഭ്യമായ സ്ഥലത്ത് കുട്ടികൾക്കായി പാർക്ക് നിർമ്മിച്ചിട്ടുള്ളതാണ്. നഗരസഭ ലഭ്യമാക്കിയ സ്പോർട്സ് ഉപകരണങ്ങൾ കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട് മാത്രമല്ല എല്ലാ വർഷവും സ്കൂളിൽ കായിക മത്സരങ്ങൾ നടത്തുന്നുണ്ടെന്നും, തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ

140

	2011-12 ൽ കളിസ്ഥലമില്ലാത്ത കരിയ്ക്കകം ഗവൺമെന്റ് ഹൈസ്കൂളിന് നൽക് ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോളുകൾ, ഷോട്ട്പുട്ട്, ഡിസ്കസ് എന്നിവ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. പണം ചെലവഴിക്കാൻ മാത്രമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത് പൊതുപണത്തിന്റെ ദുർവ്യയമാണ്.	സർക്കാരിൽ അറിയിച്ചിട്ടുണ്ട്. പൊതുപണത്തിന്റെ ദുർവ്യയമാണ് കായിക ഉപകരണങ്ങൾ നൽകുന്നതിനായി ലക്ഷങ്ങൾ ചെലവഴിക്കുന്നത് എന്ന പരാമർശത്തിന്മേലുള്ള വിവരങ്ങൾ സമിതി മുമ്പാകെ നേരിട്ട് ബോധിപ്പിക്കുന്നതിന് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
	കളിസ്ഥലം കണ്ടെത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നില്ല **കൊല്ലം നഗരസഭ** കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള 80% സ്കൂളുകൾക്കും ആവശ്യമായ കളിസ്ഥലം ഇല്ല. കായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ കളിക്കളം ലഭ്യമല്ലാത്തത് അപലപനീയമാണ്.	കോർപ്പറേഷൻ പരിധിയിലെ സ്കൂൾ കുട്ടികൾക്ക് ഹോക്കിയിൽ പരിശീലനത്തിനും മത്സരങ്ങൾക്കും ഉപയോഗപ്രദമായ തരത്തിൽ ഉന്നത നിലവാരത്തിലുള്ള ഹോക്കി സ്റ്റേഡിയം കോർപ്പറേഷൻ പരിധിയിൽ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന ദേശീയ ഹോക്കി മത്സരങ്ങൾ ഈ സ്റ്റേഡിയത്തിൽ നടത്തി വരുന്നു.
	നിർമ്മാണത്തിലെ പിഴവുമൂലം കളിസ്ഥലം നശിക്കുന്നു **കൊല്ലം നഗരസഭ** 80% ലധികം സ്കൂളുകളിൽ കളിസ്ഥലമില്ലാത്തപ്പോൾ 10 ലക്ഷം രൂപ വകയിരുത്തി നിർമ്മിച്ച കളിസ്ഥലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് കൊല്ലം ഗവൺമെൻ്റ് ബോയ്സ് ഹൈസ്കൂളിനുള്ളത്. ഫുട്ബോൾ കോർട്ട് പ്രധാന കവാടത്തോട് ചേർന്നായതിനാൽ ഉപയോഗപ്പെടുത്താൻ കഴിയാത്തവിധമാണ്. 8,37,896/ - രൂപ ചെലവഴിച്ച് നിർമ്മിച്ച കോർട്ടുകൾ പ്രയോജനപ്പെടുത്താത്തത് തികച്ചും നിരുത്തരവാദപരമാണ്.	കൊല്ലം ഗവ. ബോയ്സ് ഹൈസ്കൂളിൽ നിർമ്മിച്ച ഫുഡ്ബോൾ കോർട്ട് നിലവിൽ ഉപയോഗിച്ച് വരുന്നു. ബാസ്കറ്റ് ബോൾ കോർട്ടിന്റെ തറഭാഗത്ത് കോൺക്രീറ്റ് ഇളകിയ നിലയിലാണ്. നിലവിൽ ഇവ കുട്ടികൾ ഉപയോഗിച്ച് വരുന്നതായും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	ചങ്ങനാശ്ശേരി നഗരസഭ ചങ്ങനാശ്ശേരി നഗരസഭയിലെ വാഴപ്പള്ളി ഗവൺമെന്റ്	വാഴപ്പള്ളി ഗവണ്മെന്റ് ഹൈസ്കൂളിന് 2 ഏക്കർ വരുന്ന

141

142

	ഹൈസ്കൂളിൽ 2 ഏക്കർ വരുന്ന കളിസ്ഥലം സ്കൂളിൽനിന്നും കുറച്ച് അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കളിസ്ഥലം ഉപയോഗയോഗ്യമല്ലാതെ കാട്ടുപിടിച്ച് കിടക്കുന്നു.	കളിസ്ഥലം 2009-2010, 2011-12 എന്നീ വാർഷിക പദ്ധതിയിൽ സ്കൂൾ ഗ്രൗണ്ട് നിർമാണം ആരംഭിച്ചെങ്കിലും ഭാഗികമായി മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ. ഗ്രൗണ്ടിന്റെ 50 ശതമാനം മാത്രമാണ് ഉപയോഗിക്കാൻ പറ്റുന്നത്. ഗ്രൗണ്ടിനോട് ചേർന്നുള്ള കുളം 20x20 മീറ്റർ സൈഡ് കെട്ടി സംരക്ഷിക്കേണ്ടതുണ്ട് ഗ്രൗണ്ടിന്റെ ബാക്കി വരുന്ന ഭാഗങ്ങൾ മണ്ണ് ഫില്ലിംഗ് നടത്തി ഗ്രൗണ്ട് ലെവൽ ചെയ്യുന്നെങ്കിൽ മാത്രമേ ടി ഗ്രൗണ്ട് പൂർണമായും ഉപയോഗ പ്രദമാക്കാൻ സാധിക്കുകയുള്ളൂ. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലാണ് ടി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും എം.പി. ഫണ്ടോ എം.എൽ.എ. ഫണ്ടോ ഉപയോഗിച്ച് ഗ്രൗണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.10	**<u>സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല</u>** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. ലൈബ്രറി പ്രവർത്തിക്കുന്നത് ഓഫീസ് മുറി ക്ലാസ് മുറി സ്റ്റാഫ് റൂം എന്നിവിടങ്ങളിലാണ്. കുട്ടികൾക്ക് പ്രയോജനപ്പെടുത്താനാകാത്ത സ്കൂൾ ലൈബ്രറി. **<u>തിരുവനന്തപുരം നഗരസഭ</u>** തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ള കരമന ഗവൺമെന്റ് ഹൈസ്കൂൾ(ബോയ്സ്) ൽ ധാരാളം പുസ്തകങ്ങളുണ്ടെങ്കിലും ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ലൈബ്രറിയുടെ ഭൗതിക സാഹചര്യം ഒരുക്കുന്നതിനായി നഗരസഭ യാതൊരു	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാർ നൽകിയിട്ടുള്ളതാണെന്നുള്ള വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിക്കുന്നു. **<u>തിരുവനന്തപുരം നഗരസഭ</u>** കരമന ഗവ. ബോയ്സ് ഹൈസ്കൂളിൽ നിലവിൽ ലൈബ്രറി റൂം ഉള്ളതായും ആയത് വിദ്യാർത്ഥികൾ ഉപയോഗിച്ചു വരുന്നുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ലൈബറിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയാറാക്കി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ

	പദ്ധതികളും നടപ്പാക്കിയിട്ടില്ല.	സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	<u>ലൈബ്രറി പുനരുദ്ധാരണ പ്രവൃത്തി നടത്താത്തതിനാൽ പുസ്തകങ്ങൾ നശിക്കുന്നു.</u> **<u>കൊല്ലം നഗരസഭ</u>** കൊല്ലം നഗരസഭയിലെ മങ്ങാട് വെൺമെന്റ് എച്ച് എസ്.എസ് ൽ യഥാസമയം പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനാൽ പതിനായിരത്തിലധികം പുസ്തകങ്ങൾ സൂക്ഷിക്കുന്ന ലൈബ്രറി റൂം ചോർന്നൊലിച്ച് പുസ്തകങ്ങൾ നശിക്കുന്ന അവസ്ഥയിലാണ് വർഷങ്ങൾ പഴക്കമുള്ള അപൂർവ്വ ഗ്രന്ഥങ്ങൾ പോലും ഇത്തരത്തിൽ നശിക്കുവാൻ ഇടയാകുന്നു.	കൊല്ലം കോർപ്പറേഷന് കീഴിലുള്ള സർക്കാർ വിദ്യാലയങ്ങളിൽ ലൈബ്രറികളും ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ടി സ്കൂളുകൾക്ക് എല്ലാ വർഷവും ലാബ് കെമിക്കലുകളും ലാബ് ഉപകരണങ്ങളും വാങ്ങി നൽകി വരുന്നു. മങ്ങാട് ഗവ. എച്ച്.എസ്.എസ്. ലെ ലൈബ്രറി പുതിയ കോൺക്രീറ്റ് കെട്ടിത്തിലാണ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. ഫർണിച്ചർ, റാക്ക്, വൈദ്യുതി, റീഡിംഗ് റൂം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.11	**<u>സ്കൂളുകളുടെ ലാബ് സൗകര്യം അപര്യാപ്തം</u>** **<u>ആറ്റിങ്ങൽ നഗരസഭ</u>** തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നഗരസഭയിലെ ആറ്റിങ്ങൽ ജി.എച്ച്.എസ്.എസ്.ലെ കെമിസ്ട്രി, ഫിസിക്സ് ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങളും, ഭൗതികസാഹചര്യങ്ങളും ഇല്ല. ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന കെമിസ്ട്രി ലാബിൽ രാസപരീക്ഷണങ്ങൾ നടത്തുവാനുള്ള സൗകര്യങ്ങളൊന്നും തന്നെ സജ്ജീകരിച്ചിട്ടില്ല. ഫിസിക്സ് ലാബിലെ ഉപകര ണങ്ങൾ സൂക്ഷിക്കുന്നത് സ്റ്റാഫ് റൂമിലാണ്.	ഓഡിറ്റ് പരാമർശിത കെട്ടിടം ജീർണാവസ്ഥയിലായിരുന്നതിനാൽ 2023-24 വർഷത്തിൽ പൊളിച്ച് നീക്കം ചെയ്യുകയും തുടർന്ന് ടി സ്കൂളിലെ പ്രധാന കെട്ടിടത്തിന് പുറകുവശത്തുണ്ടായിരുന്നതും SSA ഫണ്ടുപയോഗിച്ച് മെയിന്റനൻസ് നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും ഹൈ സ്കൂൾ തലത്തിലെ ലാബിനായി 2007-08 വർഷത്തിൽ SSA ഫണ്ടുപയോഗിച്ച് നിർമിച്ച കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളതാണെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തിരുവനന്തപുരം ജില്ല – കിഴുവിലം ഗ്രാമപഞ്ചായത്ത്</u>	എല്ലാ സ്ക്കൂളുകളിലും സയൻസ് ലാബ് കാര്യക്ഷമമാക്കാൻ

	തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിലെ ഒരു സ്കൂളിലും സയൻസ് ലാബുകൾ കാര്യക്ഷമമല്ല. ഇവയ്ക്കായി പ്രത്യേക മുറിയും പ്രദർശന സംവിധാനങ്ങളുമില്ല. ലാബിനായി ലഭിച്ച വസ്തുക്കൾ അലമാരകളിൽ നിറച്ചിരിക്കുന്നു. രാസപരീക്ഷണങ്ങൾ നടത്തുന്നത് ക്ലാസ്സുകളിലാണ്.	വിധത്തിലുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും സർക്കാർ ധനസഹായം ഉപയോഗിച്ചും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും അത്തരത്തിൽ ലാബ് മുറികൾ സജ്ജീകരിച്ചിട്ടുണ്ടെന്ന വിവരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.12	**<u>വിവര സാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല</u>** **<u>ആലുവ മുനിസിപ്പാലിറ്റി</u>** ആലുവ ഗവൺമെൻറ് ബോയ്സ് ഹയർ സെക്കൻററി സ്കൂളിൽ നിലവിൽ 720 കുട്ടികളാണ് ഉള്ളത്. ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ നിലവിൽ 435 കുട്ടികളാണ് ഉള്ളത്.	വിദ്യാർത്ഥികൾക്കായി 41 കമ്പ്യൂട്ടറുകൾ ഉള്ളതും, ടി കമ്പ്യൂട്ടറുകളെല്ലാം പ്രവർത്തന സജ്ജവുമാണ്. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി 3 അദ്ധ്യാപകരും ഉണ്ട്. ആലുവ ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻററി സ്കൂളിൽ നിലവിൽ 356 കുട്ടികളാണ് ഉള്ളത്. വിദ്യാർത്ഥികൾക്കായി 42 കമ്പ്യൂട്ടറുകൾ ഉള്ളതും, ടി കമ്പ്യൂട്ടറുകളെല്ലാം പ്രവർത്തന സജ്ജവുമാണ്. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഒരു അദ്ധ്യാപകനാണുള്ളത്.
	<u>വയനാട് ജില്ല – വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്</u> 714 വിദ്യാർത്ഥികളുള്ള ഗവ. യു.പി സ്കൂൾ തരുവണയിൽ ആകെ 17 കമ്പ്യൂട്ടർ മാത്രമാണ് ഉള്ളത്. 139 വിദ്യാർത്ഥികൾ ഉള്ള പിച്ചംകോട് ഗവ. എൽപിഎസ് സ്കൂളിൽ ആകെ രണ്ട് കമ്പ്യൂട്ടറുകൾ മാത്രമാണ് ഉള്ളത്.	മീനങ്ങാടി പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ്, കമ്പ്യൂട്ടർ പരിശീലനം എന്നിവ നടപ്പാക്കുന്നതിന് സ്ഥിരം തസ്തികയില്ല. നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നൽകി മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്നുണ്ടെന്നുള്ള വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

144

	വയനാട് ജില്ല -മീനങ്ങാടി ഗ്രാമപഞ്ചായത്ത് 413 വിദ്യാർത്ഥികളുള്ള ഗവ. എൽ.പി.എസ് സ്കൂളിൽ 4 കമ്പ്യൂട്ടറുകൾ മാത്രമാണുള്ളത്.	**വയനാട് ജില്ല -മീനങ്ങാടി ഗ്രാമപഞ്ചായത്ത്** മീനങ്ങാടി ഗ്രാമപഞ്ചായത്ത് എൽ.പി സ്കൂളിൽ നിലവിൽ 2 ഡെസ്ക് ടോപ്പ്, 22 ലാപ്ടോപ്പ് എന്നിവ പ്രവർത്തന ക്ഷമമായത് ഉണ്ടെന്നും. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	വയനാട് ജില്ല - നെന്മേനി ഗ്രാമപഞ്ചായത്ത് 95 വിദ്യാർത്ഥികളുള്ള ഗവ. എൽപിഎസ് കുന്താണിയിൽ ആകെ 2 കമ്പ്യൂട്ടറുകളാണുള്ളത്.	നെന്മേനി ഗ്രാമപഞ്ചായത്ത് പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജമാക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കാസർഗോഡ് ജില്ല – കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത് 281 വിദ്യാർത്ഥികളുള്ള ബിരിക്കുളം എ.യു.പി.സ്കൂളിൽ പ്രവർത്തനക്ഷമമായ രണ്ട് കമ്പ്യൂട്ടറുകൾ മാത്രമാണ് ഉള്ളത്. 442 വിദ്യാർത്ഥികളുള്ള കുമ്പളപ്പള്ളി എസ്.കെ.ജി.എം എ.യു.പി സ്കൂളിൽ പ്രവർത്തനക്ഷമമായ 4 കമ്പ്യൂട്ടറുകൾ മാത്രമാണ് ഉള്ളത്.	ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള 4 വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകളുടെ എണ്ണം 59 ആയി വർദ്ധിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	കാറഡുക്ക ഗ്രാമ.പഞ്ചായത്ത് 369 വിദ്യാർത്ഥികളുള്ള എ.യു.പി സ്കൂൾ മുള്ളേരിയയിൽ പ്രവർത്തന ക്ഷമമായ 2 കമ്പ്യൂട്ടറുകൾ മാത്രമാണ് ഉള്ളത്. 273 വിദ്യാർത്ഥികളുള്ള കുണ്ടാർ എ.യു.പി സ്കൂളിൽ പ്രവർത്തന ക്ഷമമായ കമ്പ്യൂട്ടറുകൾ ഒന്നുതന്നെ ഇല്ല. 168 വിദ്യാർത്ഥികളുള്ള മുള്ളേരിയ എസ്.ജി.എ.എ എൽപി	എ.യു.പി സ്കൂൾ മുള്ളേരിയിൽ നിലവിലുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണ്. എ.എൽപി. സ്കൂളിൽ പണിയ നാല് കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണ്. ബഡ്സ് സ്കൂളിലും , 1 ഏകാധ്യാപക സ്കൂളിലും (കൊട്ടം കുഴി) കമ്പ്യൂട്ടർ ഉണ്ട്. കുണ്ടാർ എ.യു.പി.എസ്-ൽ 4 കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാണെന്ന്.

	സ്കൂളിൽ പ്രവർത്തന ക്ഷമമായ ഒരു കമ്പ്യൂട്ടർ മാത്രമാണുള്ളത്.	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	അടിസ്ഥാനസൗകര്യങ്ങളില്ല- കമ്പ്യൂട്ടർ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു. **കൊല്ലം നഗരസഭ** പരിധിയിലുള്ള എല്ലാ ഹയർ സെക്കന്ററി യു.പി.സ്കൂളുകളിലും ആവശ്യത്തിന് കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇന്റർനെറ്റ് സൗകര്യം പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല. സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതല്ലാതെ അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതായി കാണുന്നില്ല. വെസ്റ്റ് കൊല്ലം ഹയർ സെക്കന്ററി സ്കൂളിൽ ഉപയോഗിക്കാൻ കഴിയാതെ കേടുവന്ന കമ്പ്യൂട്ടറുകൾ സൂക്ഷി ക്കാൻ സൗകര്യമില്ലാത്തതിനാൽ കൂട്ടിയിട്ടിരിക്കുന്ന രീതിയിലാണ് കാണപ്പെട്ടത്.	വെസ്റ്റ് കൊല്ലം ഹയർസെക്കണ്ടറി സ്കൂളിൽ District Resource Centre ന്റെ പരിശീലന പരിപാടിയുടെ ഭാഗമായി ഉപയോഗിച്ചിരുന്ന റൂമിൽ ടി പ്രോജക്ടിന്റെ ഭാഗമായി ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടറുകളാണ് ഉണ്ടായിരുന്നത്. ഉപയോഗയോഗ്യ മല്ലാത്ത വിധം കേടായ ടി കമ്പ്യൂട്ടറുകൾ ഇ-വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം വഴി യഥാവിധി ഒഴിവാക്കിയിട്ടുള്ളതാണ്. നിലവിൽ ടി സ്കൂളിൽ കമ്പ്യൂട്ടറുകൾ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്ന അവസ്ഥയില്ലാത്തതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	മികച്ച നിലവാരത്തിലുള്ള കമ്പ്യൂട്ടർ ലാബ് **പത്തനംതിട്ട ജില്ല ചെന്നീർക്കര**	**മാതൃകയാണെന്നാണ് പരാമർശം**
5.2.4.13	**സ്കൂളുകളിലെ മാലിന്യ സംസ്കരണം –അശാസ്ത്രീയം** **ആറ്റിങ്ങൽ നഗരസഭ** നഗരസഭയിലെ സ്കൂളുകളിൽ മാലിന്യങ്ങൾ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പിറ്റുകൾ നിർമ്മിച്ച് അതിൽ നിക്ഷേപിച്ചു വരുകയാണ് ചെയ്യുന്നത്. ഇതു കാരണം സ്കൂൾ പരിസരം വൃത്തിഹീനവും ദുർഗന്ധപൂരിതവുമായി മാറിയിരിക്കുന്നു. ജൈവ അജൈവ മാലിന്യങ്ങൾ ഒരുമിച്ച് പിറ്റുകളിൽ നിക്ഷേപിക്കപ്പെടുന്നു. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് ജൈവ	നഗരസഭയുടെ കീഴിലുള്ള GLPS, ആറ്റിങ്ങലിലെ മാലിന്യ സംസ്കരണം വളരെ നന്നായി നടന്നുവരുന്നു. സ്കൂളും പരിസരവും വളരെ ശുചിയായി സൂക്ഷിക്കുന്നു. ക്ലാസ്സുകളിൽ മാലിന്യങ്ങൾ ശേഖരിക്കാൻ പ്രത്യേകം ബാസ്കറ്റുകൾ ഉണ്ട്. സ്കൂൾ പരിസരത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും, ജൈവ മാലിന്യങ്ങളും പ്രത്യേകം ശേഖരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനയ്ക്ക് കൃത്യമായി കൈമാറുന്നു ജൈവ മാലിന്യങ്ങൾ അനുയോജ്യമായി സംസ്കരിച്ചുവരുന്നു. അന്നന്നുള്ള

	മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്കൂളുകൾ പ്ലാസ്റ്റിക് മുക്തമാക്കേണ്ടതും അനിവാര്യമാണ്.	ആഹാരാവഷിഷ്ടങ്ങൾ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു, ബയോഗ്യാസ് ഭക്ഷണം പാകം ചെയ്യുന്നതിനും ഉപയോഗിക്കുന്നു. പേനയുടെ അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ പെൻ ബൂത്ത്, ഉപയോഗ ശൂന്യമായ കുപ്പികൾ നിക്ഷേപിക്കുന്നതിന് ബോട്ടിൽ ബൂത്തും സ്കൂൾ പരിസരത്ത് സ്ഥാപിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തിരുവനന്തപുരം നഗരസഭ</u> തിരുവനന്തപുരം നഗരസഭയിലെ ഗവൺമെൻ്റ് മോഡൽ ഹയർ സെക്കൻ്ററി സ്കൂൾ, കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണത്തിനായി കെ.എസ്.യു.ഡി.പി. യിൽ ഉൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയുടെ വിളപ്പിൽശാലയിലുള്ള കേന്ദ്രീകൃത മാലിന്യസംസ്കരണ യൂണിറ്റ് 2011 ഡിസംബറിൽ അടച്ചുപൂട്ടിയതോടെ നഗരത്തിലെ മാലിന്യശേഖരണവും സംസ്കരണവും നിലയ്ക്കുകയും തുടർന്ന് ഗുരുതരമായ മലിനീ കരണ പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്തു. ബദൽ സംവിധാനങ്ങളുടെ അഭാവം.	നിലവിൽ നഗരസഭയ്ക്ക് മാലിന്യ സംസ്കരണ പദ്ധതികൾ നിലവിലുണ്ടെന്നും ആയതിനാൽ തന്നെ സ്കൂളുകളിൽ മാലിന്യം കുന്നുകൂടുന്നില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>പോത്തൻകോട് ഗ്രാമപഞ്ചായത്ത്</u> ഗ്രാമപഞ്ചായത്തിന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ തൃപ്തികരമായി പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും ഇവയുടെ പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നില്ല. അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരു സ്കൂളിലും നിലവിലില്ല. സ്കൂൾ കോമ്പൗണ്ടുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ	പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിലവിൽ ബയോഗ്യാസ് പ്ലാന്റുകളുടെ പരിസരങ്ങൾ ശുചിയായി സൂക്ഷിക്കുന്നുണ്ടെന്നും സ്കൂളുകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ഹരിത കർമ്മ സേന മുഖാന്തിരം കൃത്യമായി ശേഖരിച്ചു വരുന്നതായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

147

	കത്തിക്കുന്നത് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നു.	
5.2.4.14	**1) സർക്കാർ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്** വിവിധ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണുന്നു. **സർക്കാർ ലോവർ പ്രൈമറി വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ** **ആറ്റിങ്ങൽ നഗരസഭ** തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ നിയന്ത്രണത്തിൽ സർക്കാർ മേഖലയിൽ നാലും എയ്ഡഡ് മേഖലയിൽ ഒന്നും ലോവർ പ്രൈമറി സ്കൂളുകളാണുള്ളത്. ഇവയിൽ സർക്കാർ മേഖലയിലെ 4 വിദ്യാലയങ്ങളും കുട്ടിക ളുടെ കുറവ് കാരണം അടച്ചുപൂട്ടൽ ഭീഷണിയിലാണ്. സ്കൂൾ ബസ് സൗകര്യം, ഇംഗ്ലീഷ്മീഡിയം എന്നിവ ഉള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നില്ല എന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു. നഗരസഭയിലെ തന്നെ ടൗൺ യു.പി.എസ്, ഡയറ്റ് യു.പി.എസ്, അവനവൻചേരി ഹൈസ്കൂൾ എന്നിവയോട് ചേർന്നുള്ള പ്രൈമറി വിഭാഗത്തിലും വിദ്യാർത്ഥികൾ കുറവില്ല. ഇവിടങ്ങളിൽ ഓരോ ക്ലാസ്സിലും ഒന്നിലധികം ഡിവിഷനും ഇംഗ്ലീഷ് മീഡിയം ക്ലാസ്സും ഉള്ളതും ഡയറ്റ് യു.പി.എസ്, ടൗൺ യു.പി.എസ്. എന്നിവയ്ക്ക് ബസ് ഉള്ളതും പ്രതിപാദ്യമാണ്.	GLPS, ആറ്റിങ്ങലിൽ കുട്ടികൾ കുറവാണ് ,എന്നാൽ കൊഴിഞ്ഞു പോക്കില്ല . GLPS,ആലംകോട് -ൽ 2013-14 ൽ 38 കുട്ടികളാണ് 1- 4 വരെ ക്ലാസ്സുകളിൽ ഉണ്ടായിരുന്നത് .UNAIDED വിദ്യാലയങ്ങളുടെ അതിപ്രസരവും ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയും കുട്ടികൾ കുറയുന്നതിന് കാരണമായി .എന്നാൽ ഇന്ന് 1 മുതൽ 4 വരെ 75 കുട്ടികളും പ്രീ പ്രൈമറിയിൽ 42 ഉം ഉൾപ്പെടെ 117 കുട്ടികൾ അധ്യയനം നടത്തുന്നു . ആറ്റിങ്ങൽ നഗരസഭയുടെ കീഴിലുള്ള GLPS ,മേലാറ്റിങ്ങലിൽ പ്രീ പ്രൈമറി മുതൽ 5 ക്ലാസ്സുവരെ ആകെ 41 കുട്ടികളാണ് ഇപ്പോൾ ഉള്ളത് സ്കൂൾ ബസ് ലഭ്യമാകാത്തതാണ് കൊഴിഞ്ഞുപോക്കിന് കാരണമായി സ്കൂൾ HM അഭിപ്രായപ്പെട്ടിട്ടുള്ളത് . GLPS ,പരവൂർക്കോണം ,ആറ്റിങ്ങൽ -ല് 2014-15 അക്കാദമിക വർഷത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറവായിരുന്നു. 23 കുട്ടികൾ മാത്രമായിരുന്നു .ഇപ്പോൾ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ ആകെ 116 കുട്ടികൾ പഠിക്കുന്നുണ്ട്. എല്ലാ ക്ലാസ്സുകളിലും ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും ഉണ്ട്. കൂടാതെ PTA നടത്തുന്ന പ്രീ പ്രൈമറി ക്ലാസ്സും ഉണ്ട് നഗരസഭയുടെ കീഴിലുള്ള സ്കൂളുകളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സ്കൂൾ SMC, PTA ഇടപെടലുകൾ നടത്തിയിട്ടുള്ളതും. സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

		നഗരസഭയുടെ ഭാഗത്ത് നിന്നും സ്വീകരിചിട്ടുള്ളതും സ്കൂൾ ബസ് ഇല്ലാത്ത സ്കൂളുകൾക്ക് ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>തിരുവനന്തപുരം നഗരസഭ</u> തിരുവനന്തപുരം നഗരസഭയിലെ അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം 1000 കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയുന്ന സ്ഥാനത്ത് ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലായി നൂറിൽ താഴെ കുട്ടികൾ മാത്രമാണ് ഇന്നുള്ളത്.	അട്ടക്കുളങ്ങര ഗവ. സെൻട്രൽ സ്കൂളിൽ ഭൗതിക സാഹചര്യ മെച്ചപ്പെട്ടിട്ടും സ്കൂളുകളിലേക്ക് കുട്ടികൾ വരുന്നത് വളരെ കുറവാണ്. നിലവിൽ 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ ആകെ 54 കുട്ടികളാണ് ഉള്ളത്. എന്നാൽ നഗരസഭയുടെ കീഴിലുള്ള പല സ്കൂളുകളിലും കുട്ടികളുടെ എണ്ണം 100-ന് പുറത്താണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>2) സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ കൂടുതൽ വിദ്യാർത്ഥികൾ</u> **<u>ആറ്റിങ്ങൽ നഗരസഭ</u>** സർക്കാർ മലയാളം മീഡിയത്തിൽ വിദ്യാർത്ഥികൾ കുറയുന്നതും ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാർത്ഥികൾ വർദ്ധിക്കുന്നതും മിക്ക സർക്കാർ സ്കൂളുകളിലും ദൃശ്യമാണ്. ഉദാ. ആറ്റിങ്ങൽ ബോയിസ് ഹൈസ്കൂളിൽ യു.പി. വിഭാഗത്തിൽ മലയാളം മാത്രമാണുള്ളത് ഇവിടെ 6,7 ക്ലാസ്സുകളിലായി ആകെ 3 ഡിവിഷനും 29 കുട്ടികളും മാത്രമുള്ളപ്പോൾ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുള്ള ഇതേ സ്കൂളിലെ 8, 9, 10 ക്ലാസ്സുകളിൽ 24 ഡിവിഷനുകളിലായി 964 കുട്ടികൾ പഠിക്കുന്നു. ഇംഗ്ലീഷ് മീഡിയം ഇല്ലാത്തതിനാൽ തന്നെ നഗരസഭയിലെ സർക്കാർ മേഖലയിലെ 4 ലോവർ പ്രൈമറി സ്കൂളുകളിലും കൂടി കുട്ടികളുടെ എണ്ണം 199 മാത്രമാണ്.	ആറ്റിങ്ങൽ ബോയിസ് ഹൈസ്കൂളിലെ യു പി വിഭാഗത്തില് 6,7 ക്ലാസുകളിൽ കുട്ടികൾ കുറവാണ്. തൊട്ടടുത്തുതന്നെ പ്രൈമറി മാത്രമുള്ള സ്കൂളുകൾ നിലവിലുള്ളതാണ് കുട്ടികൾ കുറയുന്നതിന് കാരണമായി സ്കൂൾ HM അഭിപ്രായപ്പെട്ടിട്ടുള്ളത്. 2024-25 വർഷത്തിൽ 2023-24 വർഷത്തേക്കാൾ കുട്ടികൾ കൂടിയിട്ടുള്ളതായി സ്കൂൾ HM റിപ്പോർട്ട് ചെയ്തിട്ടുള്ളതായും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

	പത്തനംതിട്ട ജില്ല- ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ ഒരു യു.പി സ്കൂളുകളിലെ കഴിഞ്ഞ 5 വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്.	ചെന്നീർക്കര ഗ്രാമപഞ്ചായത്ത്_ടൗണിനോട് അടുത്ത്കിടക്കുന്ന ഗ്രാമപഞ്ചായത്താണ്. ടൗണിൽ വളരെ ഉന്നത നിലവാരം പുലർത്തുന്ന അൺ- എയ്ഡഡ് സ്കൂളുകളും കേന്ദ്രീയ വിദ്യാലയവും ഉള്ളതിനാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുട്ടികളെ സ്വകാര്യ സ്കൂളുകളിലേയ്ക്കും കേന്ദ്രീയ വിദ്യാലയത്തിലേക്കും പഠനത്തിനായി അയക്കുന്ന പ്രവണതയുണ്ടെന്നുള്ള വിവരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.
	എറണാകുളം ജില്ല -കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളാണ് പഞ്ചായത്ത് യു.പി. സ്കൂൾ, മരുതൂർ വാഹന സൗകര്യത്തിന്റെ അപര്യാപ്തതമൂലം കുട്ടികളുടെ എണ്ണം ഈ സ്കൂളിൽ തീരെ കുറവാണ്. 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലായി ഓരോ ഡിവിഷനും ആകെ 55 വിദ്യാർത്ഥികളുമാണുള്ളത്. മികച്ച പശ്ചാത്തല സൗകര്യങ്ങളുള്ള ഈ സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണക്കുറവുമൂലം അടച്ചുപൂട്ടൽ ഭീഷണിയിലാണ്.	യു.പി. സ്കൂൾ മരുതൂർ എന്ന വിദ്യാലയത്തിൽ നിലവിൽ 52 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച സ്കൂൾ രേഖകൾ പരിശോധിച്ചതിൽ ഗണ്യമായ കുറവ് എണ്ണത്തിൽ വന്നിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം കൊച്ചി തേനി സംസ്ഥാന പാതയിൽ നിന്നും ഏകദേശം ഒന്നര കിലോമീറ്റർ പഞ്ചായത്ത് റോഡു മാർഗം സഞ്ചരിച്ച മാത്രം എത്തിച്ചേരാവുന്ന ഉൾപ്രദേശമാണ്. പ്രധാനമായും കാർഷിക മേഖലയായതിനാൽ നിലവിലും പൊതു ഗതാഗത സൗകര്യം ഇല്ലാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിന് ആധാരമായ വാഹന സൌകര്യത്തിൻറെ അപര്യാപ്തത പരിഹരിക്കുന്നതിന് പി.ടി.എ യുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ വാഹന സൌകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആസന്ന ഭാവിയിലൊന്നും ടി സ്കൂൾ അടച്ചുപൂട്ടേണ്ടതായ സാഹചര്യം ഉണ്ടാകാനിടയില്ലാത്ത വിധം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ക്രിയാത്മകമായി ഇടപെടൽ നടത്തുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന്

		തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.
	<u>നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്</u> നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 4 സർക്കാർ സ്കൂളുകളിലും കൂടി 100 ൽ താഴെ വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. അതിനാൽ ഇവ അൺ- ഇക്കണോമിക് സ്കൂളുകളാണ്. 100 വർഷത്തിലധികം പഴക്കമുള്ള ഗവൺമെന്റ് എൽ.പി. ബോയ്സ് സ്കൂളിൽ വെറും 13 കുട്ടികൾ മാത്രമേ ഉള്ളൂ. ഇതിനൊപ്പം ആരംഭിച്ച ഗവൺ എൽ പി.ഗേൾസ് ഹൈസ്കൂൾ അടച്ചുപൂട്ടപ്പെട്ടതിനെ തുടർന്ന് കാട്ടുകയറി കിടക്കുകയാണ്. 1980 കളിൽ 2400 കുട്ടികളും 37 ഡിവിഷനുകളുമുണ്ടായിരുന്ന അങ്കമാലി പ്രദേശത്തെ തന്നെ മികച്ച സ്കൂളുകളിലൊന്നായ എച്ച്.എസ്.നെടുമ്പാശ്ശേരി എയ്ഡഡ് സ്കൂളിൽ ഇപ്പോൾ 147 വിദ്യാർത്ഥികൾ മാത്രമേയുള്ളൂ. സ്കൂളിലെ അധ്യാപകരിൽ ഭൂരിഭാഗവും പ്രൊട്ടക്ടഡ് അധ്യാപകരമായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോയി. നിലവിൽ 18-20 ക്ലാസ്സ് മുറികൾ പൂട്ടിക്കിടക്കുന്നു. ഇതേ സമയം തൊട്ടടുത്ത അൺ എയ്ഡഡ് സ്കൂളിൽ ഒരു ക്ലാസ്സിൽ 40 നും 50 നും ഇടയിൽ വിദ്യാർത്ഥികൾ പഠിക്കുന്നു.	ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ നിലവിൽ നാല് ലോവർ പ്രൈമറി സ്കൂളുകളാണ് ഉള്ളത്. വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയും പ്രകാരമാണ്. 1.GLPBS അകപ്പറമ്പ് - 57 2.GSVLPS മേയ്ക്കാട് - 81 3.GLPS തുരുത്തിശ്ശേരി - 132 4. GLPS പൊയ്ക്കാട്ടുശ്ശേരി - 106 കഴിഞ്ഞ 10 വർഷങ്ങളിലെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വർഷവും, പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണുന്നു. വിരമിച്ച അധ്യാപകർ, വിദ്യാഭ്യാസ വിചക്ഷണർ, ജനപ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ എന്നിവർ ഉൾപ്പെട്ട, സ്കൂൾ സംരക്ഷണ സമിതികളുടേയും, പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മകളുടേയും സഹകരണം സ്കൂളുകളുടെ പ്രവർത്തനത്തിന് പിന്തുണ നൽകുന്നുണ്ട്. സ്കൂൾ വാർഷിക പരിപാടികൾ വളരെ നല്ല രീതിയിൽ നടത്തുന്നതിന് പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മകളുടെയും നിർലോഭമായ സഹായസഹകരണങ്ങൾ ലഭിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളിലൂടെ സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. 30 വർഷങ്ങളിലേറെയായി പൂട്ടിക്കിടക്കുന്ന അകപ്പറമ്പ് ജി.എൽ.പി. സ്കൂൾ കെട്ടിടം പൂർണ്ണമായും നശിച്ചുപോയിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം ഇ.എസ്.ഐ ഡിസ്പെൻസറി തുടങ്ങുന്നതിനായി ഉപയോഗിക്കുന്നതിന്

		ബന്ധപ്പെട്ട വകുപ്പ് മാതൃ വകുപ്പായ വിദ്യാഭ്യാസ വകുപ്പിന് ആവശ്യകത കാണിച്ചുകൊണ്ട് അർത്ഥനാപത്രം നൽകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നും, പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.15	**സർക്കാർ /എയ്ഡഡ് സ്കൂളുകളിലെ അഡ്മിഷൻ നിലവാരം - ഒരു താരതമ്യം** **1) ഭൗതിക സാഹചര്യം മെച്ചപ്പെട്ടിട്ടും ഗവൺമെന്റ് സ്കൂളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു.** **പത്തനംതിട്ട ജില്ല- കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്** പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് യു.പി.എസ്-ൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നതായാണ് കാണാൻ കഴിഞ്ഞത്. എയ്ഡഡ് സ്കൂളുകളുടെ സ്ഥിതിയും വിഭിന്നമല്ല. ഗ്രാമപഞ്ചായത്തിലെ 3 എയ്ഡഡ് എൽപി എസ് സ്കൂളിലും കുട്ടികൾ കുറയുന്നതായാണ് കാണുന്നത്.	കോഴഞ്ചേരി എം.ടി. യുപി.എസ്, എം.ടി എൽ.പി.എസ് വഞ്ചിത്രമല എന്നിവിടങ്ങളിൽ കുട്ടികൾ കുറഞ്ഞെങ്കിലും എം.ടി എൽ.പി.എസ് മേലുകരയിൽ നിലവിൽ കുട്ടികളുടെ എണ്ണം കൂടിയിട്ടുണ്ട്. എസ്.എസ്. എ യിൽ നിന്നും ലഭിക്കുന്ന ഡിമാൻറ് പ്രകാരം പഞ്ചായത്തിന് ലഭിക്കുന്ന പ്ളാൻ ഫണ്ടിൻറെ ലഭ്യത കൂടി പരിഗണിച്ചാണ് പഞ്ചായത്ത് എസ്.എസ്.എ ക്ക് തുക വകയിരുത്താറുള്ളത്. ഓരോ വർഷവും വകയിരുത്തി കൈമാറുന്ന തുക അതത് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട് എന്ന വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	2)വാഹന സൗകര്യമുള്ള സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധന **പാലക്കാട് ജില്ല- മുണ്ടൂർ ഗ്രാമപഞ്ചായത്ത്** പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ ആകെയുള്ള 8 എൽ.പി, യു.പി സ്കൂളുകൾക്ക് വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്കൂളുകളിലാണ് ആകെയുള്ള 1742 കുട്ടികളിൽ 1524 പേരും	ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള 3 സർക്കാർ എം.എൽ.എ ഫണ്ട് മുഖാന്തരം ബസ് മുഖാന്തരം ബസ് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

	പഠിക്കുന്നത്	
	അനാദായകരമായ സ്കൂളുകളുടെ എണ്ണം കുട്ടികൾ കുറവായതുകൊണ്ട് അനാദായകരമായി മാറിയ 3392 സ്കൂളുകളാണ് സംസ്ഥാനത്തുള്ളത്. ഒരു കുട്ടി പോലും ഇല്ലാത്ത 12 സ്കൂളുകൾ ഉള്ളതിൽ 9 ഉം എയ്ഡഡ് മേഖലയിലാണ്. അനാദായകരമായ 3392 സ്കൂളുകളിൽ 1597 എണ്ണം സർക്കാർ മേഖലയിലും ബാക്കി 1795 എണ്ണം എയ്ഡഡ് വിഭാഗത്തിലുമാണ്. മുമ്പ് 100 ൽ താഴെ കുട്ടികളില്ലാത്ത സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കിയിരുന്നത്. 2003-04 വരെ അനാദായകരമായി മാറിയ സ്കൂളുകൾ സർക്കാർ പൂട്ടിയിരുന്നു. അനാദായകരമായ സ്കൂളുകൾ ഭൂരിഭാഗവും എൽ പി /യു.പി. വിഭാഗങ്ങളിലാണ്. ഒരു ക്ലാസ്സിൽ 15 കുട്ടികളെങ്കിലും ഇല്ലാത്തവയാണ് ഇപ്പോൾ അനാദായകരമായി കണക്കാക്കുക.	
	കൊഴിഞ്ഞുപോക്ക് തടയുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല **പാലക്കാട് നഗരസഭ** പാലക്കാട് നഗരസഭയിലെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അധ്യാപകരും പി.റ്റി.എ യും നടപടികൾ സ്വീകരിക്കുന്നുണ്ട്. പാഠ്യവിഷയങ്ങളിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതുൾപ്പെടെയുള്ള നടപടികളാണ് സ്കൂൾ അധികൃതർ സ്വീകരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പുസ്തകങ്ങൾ, പഠനോപാധികൾ എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് വാഹനസൗകര്യം	പാലക്കാട് നഗരസഭ പരിധിയിലെ സർക്കാർ വിദ്യാലയങ്ങളിൽ എൽ പി, യുപി തലങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളതാണ്. അതേസമയം പത്താം ക്ലാസ്, ഹയർസെക്കൻഡറി മേഖലകളിൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുതലുമാണ്. ഈ വിഷയം നഗരസഭ ഗൗരവമായി പരിശോധിച്ചതിൽ, നിലവിൽ എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഉറപ്പുവരുത്തുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണം ഉൾപ്പെടെയുള്ള സേവനങ്ങളും നൽകിവരുന്നുണ്ട്. നഗരത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും വിദ്യാർഥികളെ സൗജന്യമായി

154

	നൽകുന്നതിനും മാനേജ്മെന്റുകൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നഗരസഭ ഈ വിഷയത്തിൽ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആവിഷ്കരിച്ച എസ്.എസ്.എ പദ്ധതി പൂർണ്ണമായു ഫലപ്രാപ്തിയിലെത്തിയില്ല	വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായുള്ള വാഹന സൗകര്യങ്ങൾ ഏർപ്പാട് ചെയ്യുന്നതിന് എംഎൽഎ, എംപി എന്നീ ജനപ്രതിനിധികളുടെ ഫണ്ടുകൾ ഉപയോഗിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും പാലക്കാട് നഗരസഭയിൽ നിലവിൽ എസ്എസ്എ പദ്ധതി പൂർണ്ണമായും ഫലപ്രാപ്തി കൈവരിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.16	**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ – വിദ്യാഭ്യാസ മേഖലയിലേയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം</u>** കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചാത്തലമേഖലയിലും സേവനമേഖലയിലും വിദ്യാഭ്യാസമേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുക തുലോം പരിമിതമാണ്. സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനും ഇത് തീർത്തും അപര്യാപ്തവുമാണ്. **<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ</u>** <u>ആറ്റിങ്ങൽ നഗരസഭ</u> <u>പോത്തൻകോട് ഗ്രാമപഞ്ചായത്ത്</u> <u>കിഴുവിലം ഗ്രാമപഞ്ചായത്ത്</u> <u>പുനലൂർ നഗരസഭാ</u>	ഓഡിറ്റ് പരാമർശത്തെ തുടർന്ന് തുടർ വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയിലേക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തുന്നുണ്ട്. നിലവിൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ തുക വകയിരുത്തുന്നതിന് ശ്രദ്ധ കൊടുക്കാറുണ്ട്. സ്കൂളുകളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ നഗരസഭയ്ക്കും പഞ്ചായത്തിനും കഴിഞ്ഞിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>വകയിരുത്തുന്ന തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല</u> ഓരോ വർഷവും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസമേഖലയ്ക്കായി വിവിധ ഫണ്ടുകളിൽ നിന്നും തുക	ഓഡിറ്റ് പരാമർശത്തെ തുടർന്ന് തുടർ വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള തുകയിൽ മുഴുവൻ തുകയും ചെലവഴിക്കുന്നതിനും സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വകയിരുത്തുന്ന തുക പൂർണ്ണമായും വിനിയോഗിക്കുവാൻ നിലവിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ

	വകയിരുത്തുണ്ട്. എന്നാൽ ആവശ്യകത വിലയിരുത്താതെയുള്ള വകയിരുത്തൽ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പര്യാപ്തമാകുന്നില്ല. **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** ആറ്റിങ്ങൽ നഗരസഭ പുനലൂർ നഗരസഭ കായംകുളം നഗരസഭ പത്തനംതിട്ട ജില്ല- ചെന്നീർക്കര ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ല – പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് വയനാട് - മീനങ്ങാടി ഗ്രാമപഞ്ചായത്ത് പാലക്കാട് ജില്ല – ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് (**നിലവിൽ നഗരസഭ)** മലപ്പുറം – വണ്ടൂർ ഗ്രാമപഞ്ചായത്ത് കാസർഗോഡ് – കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്	സ്ഥാപനങ്ങൾക്കും കഴിയുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.17	**വിദ്യാഭ്യാസ മേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ** പി.ടി.എ, പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി	തദ്ദേശസ്ഥാപനങ്ങളിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിദ്യാഭ്യാസ മേഖലയിൽ കാര്യക്ഷമമായ ഇടപെടലുകളും പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനവും കാര്യക്ഷമമാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.18	**സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനും** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ചെലവവിച്ചതും എസ്.എസ്.എ യ്ക്ക് നൽകിയതുമായ തുകകളുടെ താരതമ്യം കിഴവിലം ഗ്രാമപഞ്ചായത്ത്	**കിഴവിലം ഗ്രാമപഞ്ചായത്ത്** 2023-24 സാമ്പത്തിക വർഷം 1050,000/- രൂപ SSA വിഹിതം നൽകി. തൻ വർഷം 1050000/- രൂപ SS A ക്കായി നീക്കി വച്ചിരിക്കുന്നു എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത് തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

	ആറ്റിങ്ങൽ നഗരസഭ പുനലൂർ നഗരസഭ കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് കായംകുളം നഗരസഭ ഏറ്റുമാനൂർ നഗരസഭ കോട്ടയം നഗരസഭ കൊച്ചി കോർപ്പറേഷൻ പെരുമ്പാവൂർ നഗരസഭ മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് മുണ്ടൂർ ഗ്രാമപഞ്ചായത്ത് പാലക്കാട് നഗരസഭ തെന്നല ഗ്രാമപഞ്ചായത്ത് താഴേക്കാട് ഗ്രാമപഞ്ചായത്ത് മീനങ്ങാടി ഗ്രാമപഞ്ചായത്ത് വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് ഉദുമ ഗ്രാമപഞ്ചായത്ത് കാസർഗോഡ് നഗരസഭ	നിലവിൽ എസ്.എസ്.എ വിഹിതം കൂടാതെ SC കുട്ടികളുടെ ഉപരിപഠന സ്കോളർഷിപ്പ് ,വായനശാല സ്കൂളുകൾക്ക് പത്രമാസികകൾ ഗവ.സ്കൂളുകളുടെ ദൈനംദിന പ്രവർത്തന ചെലവ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എസ്.സി കുട്ടികൾക്ക് പഠനമുറി എന്നീ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ അറ്റകുറ്റ പണിക്കായി പശ്ചാത്തല മേഖലയിൽ 22,00000 രൂപയും വകയിരുത്തിയിട്ടുണ്ട്. എസ്.എസ്.എ വിഹിതം കൂടുതലും ചെലവ് ചെയ്യുന്നത് സ്കൂളുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായാണ്. **ആറ്റിങ്ങൽ നഗരസഭ** 2012-13 വർഷത്തിൽ ആറ്റിങ്ങൽ നഗരസഭയിൽ നിന്നും 14 ലക്ഷം രൂപ നല്കിയതായി റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നു. നിലവില് SSA പദ്ധതി നിലവിലില്ല. ആയതിന് പകരം SSK പദ്ധതിയാണ് നിലവിലുള്ളത്. **പുനലൂർ നഗരസഭ** ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിന് ശേഷമുള്ള വാർഷിക പദ്ധതികളിൽ ഓഡിറ്റ് ഉന്നയിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ച് **SSA** വിഹിതം നൽകുന്നതിന് പുറമെ നിരവധി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. വരും വർഷങ്ങളിലും **SSA** വിഹിതത്തിന് പുറമെ വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. **കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ** സർക്കാർ നിശ്ചയിച്ച് നൽകുന്ന എസ്.എസ്.എ. വിഹിതമാണ് കോർപ്പറേഷൻ നൽകി വരുന്നത്. മാത്രവുമല്ല കോർപ്പറേഷൻ പരിധിയിലെ സ്കൂളുകളിൽ ഈ വിഹിതം ഉപയോഗിച്ചുള്ള

	എസ്.എസ്.എ ബജറ്റ് വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് കുളനട ഗ്രാമപഞ്ചായത്ത് ചെന്നീർക്കര ഗ്രാമപഞ്ചായത്ത് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്	പ്രവൃത്തികൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി എസ്.എസ്.കെ. യുടെ ജില്ലാ തല പദ്ധതികളുടെ രൂപീകരണ യോഗങ്ങളിൽ കോർപ്പറേഷൻ പ്രതിനിധികളുടെ സാന്നിദ്ധ്യം ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നുണ്ട്. എന്നാൽ ധനവിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെ.-യിൽ നിന്നും ലഭിക്കാൻ കാലതാമസം ഉണ്ടാകാറുണ്ട്. **ചെന്നീർക്കര ഗ്രാമപഞ്ചായത്ത്** നിലവിൽ എസ്.എസ്.എ വിഹിതം കൂടാതെ SC കുട്ടികളുടെ ഉപരിപഠന സ്കോളർഷിപ്പ്, വായനശാല സ്കൂളുകൾക്ക് പത്രമാസികകൾ ഗവ.സ്കൂളുകളുടെ ദൈനംദിന പ്രവർത്തന ചെലവ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും എസ്.സി കുട്ടികൾക്ക് പഠനമുറി എന്നീ പദ്ധതികൾക്കും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ അറ്റകുറ്റ പണിക്കായി പശ്ചാത്തല മേഖലയിൽ 22,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. എസ്.എസ്.എ വിഹിതം കൂടുതലും ചെലവ് ചെയ്യുന്നത് സ്കൂളുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായാണ്. **പന്തളം തെക്കേക്കര ഗ്രാപഞ്ചായത്ത്** ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ മാതൃകാപരവും അനുകരണീയവുമായ നിരവധി പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നുണ്ട്.എസ് .എസ്.എ വിഹിതമായി വകയിരുത്തുന്നതിനായി ആവശ്യപ്പെടുന്ന തുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ടി ഇനത്തിൽ ചെലവഴിക്കുന്നത്. **കായംകുളം നഗരസഭ** അക്കാദമിക്ക് പ്രവർത്തനങ്ങൾക്കായി പദ്ധതിയിൽ ഉൾപ്പെടുത്തി

		എസ് എസ് എ വിഹിതമായി നിശ്ചിത തുക ജില്ലാ പ്രോജക്ട് കോർഡിനേറ്റർക്ക് നൽകി വരുന്നു.കഴിഞ്ഞ 3 വർഷത്തെ എസ് എസ് എ വിഹിതം ഇതോടൊപ്പം ചേർക്കുന്നു. 2021-22 -7,00,000/- രൂപ,2022-23 -5,00,000/-രൂപ, 2023-24 -5,00,000/- രൂപ. തുക ചെലവഴിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം കൃത്യമായി വാങ്ങി സൂക്ഷിച്ചുവരുന്നു. **കോട്ടയം നഗരസഭ** സർവശിക്ഷാ അഭിയാനുള്ള വിഹിതം എല്ലാ വർഷവും നഗരസഭ നൽകി വരുന്നതായി നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. **കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ** സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന തുക തന്നെ കൊച്ചി നഗരസഭ എസ്.എസ്.എ-യ്ക്കായി നീക്കി വെയ്ക്കാറുണ്ട്. **പെരുമ്പാവർ നഗരസഭ** എസ്.എസ്.എ വിഹിതം ഇപ്പോൾ എസ്.എസ്.കെ. എന്നപേരിലാണ് അറിയപ്പെടുന്നത്. കൂടുതലായ തുക അവർ ആവശ്യപ്പെടുന്നുണ്ടെങ്കിലും സർക്കാർ നഗരസഭയോട് പദ്ധതി പ്രകാരം വകയിരുത്തണമെന്ന് ആവശ്യപ്പെടുന്ന തുക മാത്രമാണ് പ്ലാൻ ജനറൽ ഫണ്ടിൽ നിന്നും വർഷങ്ങളായി നൽകികൊണ്ടിരിക്കുന്നതെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. **മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്** എസ്.എസ്.എ ആവിഷ്ക്കരിക്കുന്ന പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് സാധ്യമായ എല്ലാ ഇടപെടലും നടത്തുന്നതാണ്. വിദ്യാഭ്യാസം സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതികൾ മോണിറ്റർ ചെയ്യുന്നതും

		പൊതുവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തുന്നതാണ് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. **<u>പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത്</u>** ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ യുള്ള വിഹിതം മാറ്റിവയ്ക്കുന്നതിനോടൊപ്പം ഈ മേഖലയുടെ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായും ഫണ്ട് മാറ്റിവയ്ക്കാറുണ്ട്. മാറ്റിവെക്കുന്ന പദ്ധതിവിഹിതം ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് പണികളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ നടത്തിവരുന്നു. നിലവിൽ സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ എല്ലാം തന്നെ മെച്ചപ്പെടുത്തിയിട്ടുള്ളതാണ്. **<u>മുണ്ടൂർ ഗ്രാമപഞ്ചായത്ത്</u>** മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ ജിഎൽപി സ്കൂൾ 2009-10 സാമ്പത്തിക വർഷം എസ്.എസ്.എ 930000/- രൂപ വകയിരുത്തി 2011-12 ൽ പണി ആരംഭിച്ചെങ്കിലും നിലവിൽ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല എന്ന് പരാമർശത്തിൻമേലുള്ള തുടർനപടികളുടെ ഭാഗമായി 2015-16 സാമ്പത്തിക വർഷം കെട്ടിടത്തിന്റെ മുഴുവൻ പണികളും പൂർത്തീകരിച്ച് ഫിറ്റ്നസ് ലഭ്യമാക്കി പ്രവർത്തിച്ച് വരുന്നുണ്ട് **<u>പാലക്കാട് നഗരസഭ</u>** പാലക്കാട് നഗരസഭയിൽ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിൽ SSA കരട് പദ്ധതികൾ ചർച്ച ചെയ്ത് അനിവാര്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി പദ്ധതി ഇരട്ടിപ്പ് പോലുള്ള വിഷയങ്ങൾ പരിഹരിച്ച വരുന്നുണ്ട്. പാലക്കാട് നഗരസഭയിൽ 2011-12,

		2012-13 എന്നീ വർഷങ്ങളിലെ എസ്.എസ്.എ യ്ക്ക് നൽകിയതും ചെലവഴിച്ചതുമായി തുകകളുടെ താരതമ്യം സംബന്ധിച്ച പരാമർശത്തിൽ പരിശോധന നടത്തിയതിൽ എസ്.എസ്.എ യിൽ നിന്ന് ലഭിക്കുന്ന ഡിമാന്റ് തുകയ്ക്ക് അനുസൃതമായി നിലവിൽ എല്ലാ വർഷവും ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും പ്രസ്തുത മേഖലയ്ക്കായി തുക വകയിരുത്തി വരുന്നുണ്ട്. **<u>തെന്നല ഗ്രാമപഞ്ചായത്ത്</u>** ഗ്രാമപഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഇല്ല. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ മേഖലയിൽ പരാമർശപ്രകാരമുള്ള തുകകൾ എസ്എസ്എ-ക്ക് നൽകിയിട്ടുള്ളത്. **<u>താഴെക്കോട് ഗ്രാമപഞ്ചായത്ത്</u>** ഗ്രാമപഞ്ചായത്തിന് പരിധിയിൽ വരുന്ന വിവിധ സർക്കാർ വിദ്യാലയങ്ങൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക കാര്യങ്ങൾക്കുമായി 2011-12 വർഷത്തിൽ 17,28,000/-രൂപ ചിലവഴിച്ചിരുന്നു. **മീനങ്ങാടി ഗ്രാമപഞ്ചായത്ത്** വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൌകര്യ വികസനത്തിനായി ഏറ്റെടുക്കുന്ന പദ്ധതികളും എസ് എസ് എ വിഹിതം നൽകുന്നതും കൂടാതെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 30 പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതും നിലവിൽ 100 ശതമാനം നിർവഹണം പൂർത്തീകരിച്ച് വരുന്നതുമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. **<u>വെള്ളമുണ്ട് ഗ്രാമപഞ്ചായത്ത്</u>** വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ 2024 – 25 സാമ്പത്തിക

		വർഷം എസ്.എസ്.കെ വിഹിതം 2500000/- രൂപ ഉൾപ്പെടെ 24010765/- രൂപയോളം വിദ്യാഭ്യാസ മേഖലയിലെ ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ ഫർണിച്ചറുകൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും മെയിന്റനൻസ് ഫണ്ട് റോഡിതരം ഉപയോഗിച്ച് സാധ്യമാകുന്നുണ്ട്. **<u>ഉദുമ ഗ്രാമപഞ്ചായത്ത്</u>** എസ്.എസ്.എ ഫണ്ട് കൃത്യമായി അടവാക്കുന്നുണ്ട്.ആയത് പി.ഇ.സി മോണിറ്റർ ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
	<u>എസ്.എ പദ്ധതി നടത്തിപ്പിലെ പോരായ്മകൾ</u> **<u>തിരുവനന്തപുരം നഗരസഭ</u>** തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ കുമാരപുരം ഗവൺമെന്റ് യു.പി.സ്കൂളിൽ ആറ് ക്ലാസ്സ് മുറികൾ പണിയുന്നതിനായി എസ്.എസ്.എ.ഫണ്ടിൽ നിന്നും 2010 ൽ 7.44 ലക്ഷം രൂപ അനുവദിച്ചു ക്ലാസ്സ് മുറികൾ പണിയാനാവശ്യമായ സ്ഥലലഭ്യത, മറ്റ് സൗകര്യങ്ങൾ എന്നിവ വിലയിരുത്താതെയാണ് തുക അനുവദിച്ചത്. സ്ഥലപരിമിതിയാൽ വീർപ്പുമുട്ടുന്ന ഈ വിദ്യാലയത്തിൽ നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റിയാൽ മാത്രമേ ആറ് ക്ലാസ്സ് മുറികൾ കൂടി നിർമ്മിക്കാനാവൂ. അതുകൊണ്ട് തന്നെ ലഭിച്ച 7.44 ലക്ഷം രൂപയും വിനിയോഗിക്കാനാകാതെ ഹെഡ്മാസ്റ്ററുടെ അക്കൗണ്ടിൽ സൂക്ഷിക്കുകയാണ്. കൂടുതൽ ക്ലാസ്സ് മുറികളും, അറ്റകുറ്റപ്പണികളും അടിയന്തിരമായി ആവശ്യമുള്ള സ്കൂളുകൾ	നഗരസഭയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഓഡിറ്റിൽ പരാമർശിക്കുന്ന പഴയസ്കൂൾ കെട്ടിടത്തിലെ കുറച്ച് ഭാഗം പൊളിച്ചുമാറ്റി ക്ലാസ് മുറി/പാചകപ്പുര എന്നിവ നിർമ്മിച്ചിട്ടുള്ളതായി നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി. ഓഡിറ്റിൽ പരാമർശിക്കുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചത് സർവ ശിക്ഷാ അഭിയാൻ (എൻജിനീയറിംഗ്) വിഭാഗമാണെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി വിഷയത്തിന്മേലുള്ള വസ്തുതകൾ സമിതി മുമ്പാകെ നേരിട്ട് ഹാജരായി ബോധിപ്പിക്കുവാൻ നഗരസഭാ സെക്രട്ടറിക്കും പൊതുവിദ്യാഭ്യാസ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുള്ള വിവരം ബഹു. സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

/62

	നഗരസഭയിൽ വേറെ ഉള്ളപ്പോഴാണ് ഇത്തരത്തിൽ അനുവദിച്ച് ഫണ്ട് വിനിയോഗിക്കാതെ ശേഷിക്കുന്നത്.	
	<u>തിരുവനന്തപുരംജില്ല പോത്തൻകോട് ഗ്രാമപഞ്ചായ</u>ത്തിലുള്ള തച്ചപ്പിള്ളി ഗവൺമെന്റ് എൽ,പി സ്കൂളിൽ പ്രധമഅധ്യാപികയ്ക്ക് മുറി നിർമ്മിക്കാനുള്ള പദ്ധതി എസ്.എസ്.എ തയ്യാറാക്കിയിരുന്നു. എന്നാൽ ഡിവിഷൻ ഫാളിന്റെ ഫലമായി 4 ക്ലാസ് മുറികളും വലിയ ഹാളും ഒഴിഞ്ഞു കിടക്കുമ്പോഴാണ് പ്രധമ അധ്യാപികയുടെ ഓഫീസ് മുറിയ്ക്ക് തുക അനുവദിച്ചിരിക്കുന്നത്. **<u>പാലക്കാട് ജില്ല – മുണ്ടൂർ ഗ്രാമപഞ്ചായത്ത്</u>** പാലക്കാട് ജില്ലയിലുള്ള മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ മുണ്ടൂർ ഗവൺമെൻറ് എൽ.പി.സ്കൂളിൽ 3 ക്ലാസ്സ് മുറികൾ ഉള്ള കെട്ടിടത്തിനായി 2009-10 ൽ എസ്.എസ്.എ. 9,30,000/- രൂപ വകയിരുത്തി. നിലവിലെ കെട്ടിടം പൊളിച്ച് മാറ്റാൻ കാലതാമസം നേരിട്ടതിനാൽ 2011-12 ൽ മാത്രമാണ് പ്രവൃത്തികൾ ആരംഭിച്ചത്. ചെലവുകളിൽ ഉണ്ടായ വർദ്ധനമൂലം പണി പൂർത്തിയാക്കാൻ മേൽത്തുക തികയാതെ വന്നതിനാൽ കെട്ടിടത്തിന്റെ വാർക്കൽ മാത്രമാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. പണി പൂർത്തിയാക്കാനുള്ള നടപടികളൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല.	ഗ്രാമപഞ്ചായത്തിലെ തച്ചപ്പള്ളി എൽ. പി സ്കൂളിൽ അധികമായി കുട്ടികൾ അഡ്മിഷൻ എടുത്തതിനെ തുടർന്ന് നിലവിൽ ഒഴിഞ്ഞു കിടന്ന ക്ലാസ് മുറികൾ ഉൾപ്പെടെ എല്ലാ ക്ലാസ് മുറികളും പഠനാവശ്യത്തിന് ഉപയോഗിച്ച വരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. മുണ്ടൂർ ഗ്രാമപഞ്ചായത്തിലെ ജിഎൽപി സ്കൂൾ 2009-10 സാമ്പത്തിക വർഷം എസ്.എസ്.എ 9,30,000/- രൂപ വകയിരുത്തി 2011-12 ൽ പണി ആരംഭിച്ചെങ്കിലും നിലവിൽ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല എന്ന് പരാമർശത്തിൻമേലുള്ള തുടർനപടികളുടെ ഭാഗമായി 2015-16 സാമ്പത്തിക വർഷം കെട്ടിടത്തിൻറെ മുഴുവൻ പണികളും പൂർത്തീകരിച്ച് ഫിറ്റ്നസ് ലഭ്യമാക്കി പ്രവർത്തിച്ച് വരുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
	<u>സർക്കാർ സ്കൂളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ എസ്.എസ്.എ പ്രവർത്തനങ്ങൾ</u> **<u>മലപ്പുറം ജില്ല - തെന്നല ഗ്രാമപഞ്ചായത്ത്</u>** ഗ്രാമപഞ്ചായത്തിൽ പ്രാധമിക വിദ്യാലയങ്ങൾ എയിഡഡ് മേഖലയിൽ മാത്രമാണ് ഉള്ളത്.	തെന്നല ഗ്രാമപഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങൾ ഇല്ല. ആയതിനാൽ തന്നെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അക്കാദമിക കാര്യങ്ങൾക്കും തുക ചെലവഴിക്കുന്നതിന് സാധിക്കുകയുണ്ടായില്ല. നിവവിലുണ്ടായിരുന്ന മാർഗ്ഗരേഖകൾ പ്രകാരം ശുചിത്വ / മാലിന്യ /കുടിവെള്ള സംവിധാനം ഒരുക്കുന്നതിന് ഒഴികയുള്ള മേഖലയിൽ

	സർക്കാർ സ്കൂളുകളിൽ മാത്രമാണ് എസ്.എസ്.എ സിവിൽ വർക്കുകൾ ചെയ്യുന്നത് എന്നാൽ ഒറ്റ സർക്കാർ സ്കൂളും ഇല്ലാത്ത തെന്നല ഗ്രാമപഞ്ചായത്തിൽ നിന്നും ആന്വൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി ലക്ഷക്കണക്കിന് രൂപ എസ്.എസ്.എ കൈപ്പറ്റിയിട്ടുണ്ട്.	എയിഡഡ് സ്കൂളുകളിൽ പദ്ധതികൾ വെക്കുന്നതിനും സാധിക്കുമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസ മേഖലയിൽ പരാമർശപ്രകാരമുള്ള തുകകൾ എസ്എസ്എ-ക്ക് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.4.19	**<u>വിദ്യാഭ്യാസ മേഖലയിലെ നൂതന ആശയ പ്രവർത്തങ്ങൾ</u>** **<u>കുട്ടിയോടൊപ്പം ഒരു ദിവസം</u>** **<u>വയനാട് ജില്ല – മീനങ്ങാടി ഗ്രാമ.പഞ്ചായത്ത്</u>** വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ മീനങ്ങാടി സർക്കാർ എൽ.പി.സ്കൂളിലെ പി.ടി.എ.2012-13 ൽ ആവിഷ്കരിച്ച നടപ്പാക്കിയ തനതു പ്രവർത്തനമാണ് കുട്ടിയോടൊപ്പം ഒരു ദിവസം.	മാതൃകാപരമായ പ്രവർത്തനമാണെന്ന ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.
	<u>ഉത്തരപ്പെട്ടി</u> **<u>വയനാട് ജില്ല – വെള്ളമുണ്ട ഗ്രാമ.പഞ്ചായത്ത്</u>** വയനാട് ജില്ലയിലെ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ കണ്ടത്ത് വയൽ സർക്കാർ എൽ.പി.സ്കൂളിൽ കുട്ടികളുടെ വായനാശീലം വളർത്താനായി നടപ്പാക്കി വരുന്ന നൂതനാശയ പരിപാടിയാണ് ഉത്തരപ്പെട്ടി പരിപാടിയുടെ ഭാഗമായി സ്കൂളിലെ എല്ലാ കുട്ടികൾക്കും വായനക്കായി ദിനപത്രങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുന്നു.	മാതൃകാപരമായ പ്രവർത്തനമാണെന്ന ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.
	<u>പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ</u> **<u>തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ</u>** **<u>നഗരം സംഗീതസാന്ദ്രം</u>** 2012 ൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുത്ത എൽ.പി/യു.പി.വിദ്യാലയങ്ങളിലെ	നഗരസഭ പ്രോജക്ടുകൾ തയ്യാറാക്കുന്നതും, നടപ്പിലാക്കുന്നും സ്കൂളിലെ ഹെഡ്മാസ്റ്റർ ഉൾപ്പടെ നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ്. നഗരസഭ പ്രോജക്ട് തയ്യാറാക്കി ആയത്

163

	വിദ്യാർത്ഥികൾക്ക് സംഗീതത്തിലും, സംഗീതോപകരണങ്ങളിലും പരിശീലനം നൽകാൻ ലക്ഷ്യമിട്ട പദ്ധതിയാണ് നഗരം സംഗീതസാന്ദ്രം പദ്ധതിയുടെ ഭാഗമായി എഴ സ്കൂളുകൾക്ക് സംഗീതോപകരണങ്ങൾ നൽകി. എന്നാൽ ഇവയിൽ ആറ സ്കൂളുകളും സംഗീതാധ്യാപകർ ഇല്ലാത്തവയായിരുന്നു. ഫോർട്ട് യു.പി.സ്കൂളിൽ സംഗീതാധ്യാപകരെ നിയമിച്ചിരുന്നുവെങ്കിലും, ഇവരുടെ സേവനകാലം തീർന്നതിനുശേഷമാണ് സംഗീതോപകരണങ്ങൾ നൽകിയത് പദ്ധതി പ്രകാരം വാങ്ങിയ 3 ലക്ഷം രൂപ യുടെ സംഗീതോപകരണങ്ങൾ ഉപയോഗിക്കാനാവാതെ സ്കൂളുകളിൽ സൂക്ഷിച്ചിരിക്കുകയാണ്	നടപ്പിൽ വരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് സമിതിയുടെ അംഗീകാരം ലഭിച്ച് ടെൻഡർ ഉൾപ്പടെ ഉള്ള നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസം നേരിടാറുണ്ട്. സ്കൂൾ എച്ച്. എം നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് സ്കൂളുകൾക്ക് ഉപകരണം നൽകി വരുന്നതെന്നും അദ്ധ്യാപകരെ നിയമിക്കുന്നത് വിദ്യാഭ്യാസ വകുപ്പിൽ നിന്നാണെന്നും തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
5.2.5	**<u>നിഗമനങ്ങൾ</u>**	
5.2.6	**<u>ശിപാർശകൾ</u>** 1.പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 2. കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പുനർ നിർമ്മിയ്ക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 3.സ്തംഭനാവസ്ഥയിലായ നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിയ്ക്കേണ്ടതാണ്. 4. ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. 5.പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കേണ്ടതും ടോയ്ലറ്റ് സൌകര്യങ്ങൾ	പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി ആവശ്യകത പരിശോധിച്ച് തീരുമാനമെടുത്ത് പദ്ധതി ആവിഷ്കരിച്ച് ആവശ്യമായ തുക വകയിരുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ സ്കൂൾ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ ഭൂരിഭാഗവും നിലവിൽ പൊളിച്ചുമാറ്റി പുനർനിർമ്മിച്ചിട്ടുണ്ട് നിലവിൽ സ്കൂളുകളിൽ ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട ഭൗതിക സൗകര്യങ്ങൾ നല്ല രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്. . പൊതുവിദ്യാലയങ്ങലിലെ കുടിവെള്ള പ്രശ്നം നിലവിൽ പരിഹരി-

164

	മെച്ചപ്പെടുത്തേണ്ടതുമാണ്. 6.വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ഒരുക്കേണ്ടതാണ്. 7. സ്കൂളുകളിലെ ലൈബ്രറികളുടേയും ലാബുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. 8. സ്കൂളുകളിലെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. 9. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും വകയിരുത്തുന്ന തുക പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിയ്ക്കേണ്ടതുമാണ്. 10. വിദ്യാഭ്യാസ മേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് 11. എസ്.എസ്.എ പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.	ക്കപ്പെട്ടിട്ടുണ്ട്. എസ്. എസ്.എ ഫണ്ട് വിനിയോഗിച്ചും ജനകീയാസൂത്രണ പദ്ധതി പ്രകാരവും സ്കൂളുകളിൽ ടോയ്ലറ്റ് സൗകര്യം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഭൂരിഭാഗം സ്കൂളുകളിലും കളിസ്ഥലം നിലവിലുണ്ട്. സ്കൂളുകളിൽ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.കമ്പ്യൂട്ടർ പരിശീലനത്തിന് സ്ഥിരം തസ്തിക ഇല്ലായെങ്കിലും നിലവിലുള്ള അധ്യാപകർക്ക് പരിശീലനം നലകി മെച്ചപ്പെട്ട പ്രവർത്തനം നട-ത്തിവരുന്നു. നിലവിൽ സ്കൂളുകളിൽ ബയോഗ്യാസ് പ്ളാൻറ് വഴി പരിസര-ങ്ങൾ ശുചിയായി സൂക്ഷിക്കുന്നുണ്ട് .സ്കൂളുകളിലെ പ്ളാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന മു-ഖാന്തിരം സ്വീകരിച്ചുവരുന്നു. സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകൾ നിശ്ചിത തുക എല്ലാ വർഷവും അടവാക്കു-ന്നുണ്ട്. കൂടാതെ മാറ്റിവെക്കുന്ന പദ്ധതിവിഹിതം ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ മെയിന്റനൻസ് പണികളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ നടത്തിവരുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2017-18 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനതാ പരിഹാര പത്രിക

	അദ്ധ്യായം 1.3 – പത്തനംതിട്ട ജില്ല – തിരുവല്ല മുനിസിപ്പാലിറ്റി	
1.3.1	**തിരുല്ല KRTC ബസ് ടെർമിനൽ – വസ്തു നികുതി പിഴ ഉൾപ്പടെ ലഭിക്കാനുള്ളത് 2.62 കോടി രൂപ** 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഇനത്തിൽ തിരുവല്ല നഗരത്തിന്റെ ഹൃദയ ഭാഗത്ത് പ്രവർത്തിച്ച വരുന്ന കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് 2,62,11,888/- രൂപ കുടിശ്ശികയുണ്ട്. നഗരസഭയുടെ ഒക്യുപെൻസിയോ, കെട്ടിട നമ്പരോ ഇല്ലാതെ 06.06.2015 മുതൽ ഇത് പ്രവർത്തിച്ച വരുന്നു. ബസ് ടെർമിനൽ പ്രവർത്തനം ആരംഭിച്ച് 2 വർഷം കഴിഞ്ഞിട്ടും ഫൈനൽ ഫയർ NOC ഹാജരാക്കുന്നതിനോ, കംപ്ലീഷൻ പ്ലാനോ, കംപ്ലീഷൻ സർട്ടിഫിക്കറ്റോ സമർപ്പിക്കുന്നതിനോ കെ.റ്റി.ഡി.എഫ്.സിയ്ക്ക് കഴിഞ്ഞിട്ടില്ല. ഡിമാന്റ് ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിന്റെ 2015-16 മുതൽ 2017-18 വരെയുള്ള വസ്തുനികുതി ഈടാക്കിയിരുന്നെങ്കിൽ നഗരസഭയ്ക്ക് 2.62 കോടി (8737296 X 3) രൂപ ലഭിക്കുമായിരുന്നു. വസ്തുനികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നിയമ നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.	നഗരസഭയിലെ KSRTC ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന് 35/445(1) മുതൽ 35/445(12) വരെ UA നമ്പർ നൽകി 2015-16 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണ്. 2015-16 ഒന്നാം അർദ്ധവർഷം മുതൽ 2018-19 ഒന്നാം അർദ്ധവർഷം വരെയുള്ള നികുതി 3,70,93,227/- രൂപ നഗരസഭയിൽ ലഭ്യമായിട്ടുള്ളതും അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളതുമാണ്. ടി കെട്ടിടസമുച്ചയം BP: 547/08-09 പ്രകാരം 2018-19 രണ്ടാം അർദ്ധവർഷം മുതൽ റെഗുലറൈസ് ചെയ്തിട്ടുള്ളതും, 35/445(1)മുതൽ 35/445(98) വരെ 99 നമ്പരുകൾ നൽകിയിട്ടുള്ളതുമാണ്. നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന ഭാഗങ്ങൾക്ക് അപേക്ഷ നൽകിയ അർദ്ധവർഷങ്ങളിൽ സ്ഥലപരിശോധന നടത്തി കൃത്യമായി വേക്കൻസി കമ്മീഷൻ യഥാസമയം അനുവദിച്ച് വരുന്നതുമാണ്. ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കെട്ടിടനികുതി യഥാസമയം തന്നെ ഒടുക്ക് വരുത്തി വരുന്നതുമാണ്. ടി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.
1.3.2	**മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നില്ല – ലക്ഷങ്ങളുടെ നികുതി നഷ്ടം**	ജിയോ കമ്പനിയുടെ 14/210-2, 36/271-1 എന്നീ ടവറുകളുടെ 2023-24 വർഷത്തെ നികുതി 15.03.2024 ൽ

തദ്ദേശ സ്വയംഭരണ (എഎ)വകുപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2013-14 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 5.2 ലെ ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര നടപടി പത്രിക

ഖണ്ഡിക നം.	പരാമർശം	സ്വീകരിച്ച നടപടികൾ
5.2.4.4	**സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല** കൊല്ലം ജില്ലാപഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതി (TRP) 2008-09 പ്രകാരം പണി ആരംഭിച്ച, സ്കൂൾ കെട്ടിടങ്ങളിൽ പെരിങ്ങാലം (മൺട്രോ തുരുത്ത്) ചെറിയഴീക്കൽ, കുഴിത്തുറ, അഴീക്കൽ (ആലപ്പാട്) എന്നീ ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ പണി പൂർത്തിയാക്കാതെ പാർട്ട് ബില്ലുകൾ മാറി, കോൺട്രാക്ടർമാർ പണിയുപേക്ഷിച്ചു. നാലു സ്കൂളുകളും പിന്നോക്ക മേഖലയിലായിരുന്നിട്ടും പണി യഥാസമയം പൂർത്തീകരിക്കുന്നതിനോ നഷ്ടം ഉണ്ടാകാതെ നിയമാനുസൃതമായി പുന:ക്രമീകരിക്കുന്നതിനോ നിർവ്വഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 2009-ൽ കരാർ വച്ചിട്ടുള്ള ഈ പ്രവർത്തികൾ 31.03.2010 ന മുമ്പ് പൂർത്തീകരിക്കേണ്ടവയായിരുന്നു. പെരിങ്ങാലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കെട്ടിട സൗകര്യങ്ങളുടെ അപര്യാപ്തത മൂലം വീർപ്പുമുട്ടുകയാണ്. ഏതാനും ക്ലാസ്സുകളും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത് ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ ആന്റി ഡിസാസ്റ്റർ ഷെൽറ്ററിലാണ്. സ്ഥലമില്ലാത്തതിനാൽ സ്കൂൾ ലബോറട്ടറികൾ പോലും പ്രവർത്തിക്കാൻ കഴിയുന്നില്ല. സ്ഥല പരിശോധനയിൽ പില്ലറുകൾക്കുമുകളിൽ മേൽക്കൂരയുടെ സ്ലാബ് വാർത്ത അവസ്ഥയിലാണ് കെട്ടിടം കാണുന്നത്. മുകൾ നിലയ്ക്ക് വേണ്ടി പില്ലർ വാർക്കുന്നതിനുള്ള കമ്പികൾ തുരുമ്പിച്ച്	**കൊല്ലം ജില്ലാ പഞ്ചായത്ത്** സുനാമി പുനരധിവാസ പദ്ധതി പ്രകാരമുള്ള മൺട്രോതുരുത്ത് പഞ്ചായത്തിലെ പെരിങ്ങാലം സ്കൂൾ, ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ചെറിയഴീക്കൽ, കുഴിത്തുറ, അഴീക്കൽ സ്കൂളുകളുടെ നിർമ്മാണം പൂർത്തികരിക്കാത്തത് സംബന്ധിച്ചുള്ളതായിരുന്നു ഓഡിറ്റ് പരാമർശം. നിലവിൽ മൺട്രോതുരുത്ത് പഞ്ചായത്തിലെ പെരിങ്ങാലം സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ച് ടി കെട്ടിടങ്ങളിൽ ക്ലാസ്സ് മുറികൾ പ്രവർത്തിച്ചുവരുന്നതായും ആലപ്പാട് ഗ്രാമപഞ്ചായത്തിലെ ചെറിയഴീക്കൽ, കുഴിത്തുറ, അഴീക്കൽ സ്കൂളുകളുടെ നിർമ്മാണത്തിന് സുനാമി പുനരധിവാസ ഫണ്ട് അപര്യാപ്തമായി വന്നതിനെത്തുടർന്ന് ലഭ്യമായ മറ്റ് ഫണ്ടുകൾ കൂടി വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതായും ടി കെട്ടിടങ്ങളിൽ നിലവിൽ ക്ലാസ്സുകൾ നടന്നുവരുന്നതായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

	ജീർണ്ണാവസ്ഥയിലായും പില്ലറുകൾ ബീമിനോട് ചേരാതെ ബീമിൽ നിന്നും തെന്നിമാറി നിൽക്കുന്ന രൂപത്തിലുമാണ് കാണപ്പെടുന്നത്. തൂണുകളിലും ബീമുകളിലും കോൺക്രീറ്റ് തിക്ക് ഫില്ലിംഗ് നടത്തിയിട്ടില്ലാത്തതിനാൽ തുരുമ്പിച്ച കമ്പികൾ പുറത്ത് കാണാവുന്ന അവസ്ഥയിലാണ്. കോൺക്രീറ്റ് ചെയ്ത തറ മെറ്റലുകൾ ഇളകി കുണ്ടും കുഴിയുമായാണ് കാണപ്പെട്ടത്. ബോട്ട് കൺവയൻസ് നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള പ്രവൃത്തി 10% അധിക നിരക്കിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 27,50,000/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തിയുടെ രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 15,50,122/- രൂപയാണ് ഇതുവരെ ചെലവ് വന്നിട്ടുള്ളത്. 2012-13 -ൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് 12,39,000/- രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയെങ്കിലും നാളിതുവരെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല. ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നു എന്നറിയിച്ചപ്പോൾ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് നിർവ്വഹണദ്യോഗസ്ഥൻ നൽകിയ മറുപടി അംഗീകരിക്കത്തക്കതല്ല. 2009-10 വർഷത്തിൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ച ചെറിയഴീക്കൽ, കുഴിത്തുറ അഴീക്കൽ എന്നീ ഗവ. ഹയർ സെക്കന്ററി സ്കൂളുകളുടെ പണികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.	
5.2.4.9	**<u>കളിസ്ഥലങ്ങൾ - വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല</u>** പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂർപ്പാറ ഹയർ സെക്കന്ററി സ്കൂളിന്റെ 2400 ച.മീറ്റർ വിസ്തീർണ്ണമുള്ള കളിസ്ഥലം ഉരുളൻകല്ലും, കുഴികളും നിറഞ്ഞതായതിനാൽ ഉപയോഗയോഗ്യമല്ല. ഒരു മിനി സ്റ്റേഡിയമായി പരിവർത്തനം ചെയ്യുകയാണെങ്കിൽ പ്രസ്തുത കളിസ്ഥലം പഞ്ചായത്തിന് കീഴിലുള്ള മറ്റ് സ്കൂളുകൾക്കും കായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.	**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്** പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ അയിരൂർപ്പാറ ഹയർ സെക്കന്ററി സ്കൂളിന്റെ കളിസ്ഥലം നിലവിൽ പുല്ലുവെട്ടി തെളിച്ചിട്ടുള്ളതും ഉരുളൻകല്ലുകൾ മാറ്റി ഉപയോഗിച്ചുവരുന്നതുമാണ്. ചുറ്റുമതിലിന്റെ പൊളിഞ്ഞ ഭാഗം പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മിനി സ്റ്റേഡിയം പോലുള്ള ബൃഹത് പദ്ധതികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

	ദേശീയതാരങ്ങളെ സൃഷ്ടിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല കോമ്പൗണ്ട് വാൾ ഇല്ലാത്തതും പാറ ഉൾപ്പെടുന്നതും ട്രാക്കിനങ്ങൾ ചെയ്യിക്കുവാൻ സൗകര്യമില്ലാത്തതുമായ ഗ്രൗണ്ടാണ് പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ തേങ്കുറിശ്ശിക്ക് ഉള്ളത് . ഗ്രൗണ്ടിലെ ലഭ്യമായ സ്ഥലത്തിന് യോജിക്കുന്ന വിധത്തിലുള്ള സ്പോർട്സ് ഇനങ്ങളിൽ പരിശീലനം നൽകി ദേശീയതാരങ്ങളെ സൃഷ്ടിച്ച ചരിത്രം സ്കൂളിനുണ്ട്. ഹാൻഡ്ബോൾ മത്സരത്തിൽ 3 താരങ്ങളെയും ഡോഡ്ജ് ബോളിനത്തിൽ 4 താരങ്ങളെയും ദേശീയതലത്തിലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് . സോഫ്റ്റ് ബോൾ ഇനത്തിൽ സബ് ജൂനിയർ , ജൂനിയർ , സീനിയർ തലങ്ങളിൽ 40 പേരെ സംസ്ഥാനതലത്തിൽ മത്സരിപ്പിക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട് . 15000 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് സൗകര്യങ്ങൾ ഈ സ്കൂളിന് ലഭ്യമായിട്ടും ട്രാക്കിനങ്ങൾ ചെയ്യിക്കുവാൻ കഴിയുംവിധം ഇതിനെ സജ്ജമാക്കാൻ പ്രോജക്ടുകളൊന്നും നടപ്പിലാക്കാൻ ജില്ലാ പഞ്ചായത്ത് ശ്രമിച്ചിട്ടില്ല . കുഴൽമന്ദം ഗവൺമെന്റ് ഹൈസ്കൂളിന് പ്രത്യേകമായ ഗ്രൗണ്ട് ലഭ്യമായിട്ടില്ല. സ്കൂളിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മലമ്പുഴ കനാലിന്റെ വശത്ത് 4 മീറ്റർ വീതിയിലും 40 മീറ്ററോളം നീളത്തിലുമുള്ള സ്ഥലം ഗ്രൗണ്ടായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിയാണ് കാണുന്നത് .	പാലക്കാട് ജില്ലാ പഞ്ചായത്ത് തേങ്കുറിശ്ശി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിൽ സ്കൂൾ ഗ്രൗണ്ട് എല്ലാതരത്തിലുള്ള കായിക പ്രവർത്തനങ്ങളെയും പരിപോഷിക്കുന്ന വിധത്തിലുള്ള രീതിയിൽ പരിപാലിച്ച് വരുന്നുണ്ട്. കൂടാതെ ഗ്രൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന എല്ലാവിധ കായിക, കായികേതര മത്സരങ്ങൾ ടി ഗ്രൗണ്ടിൽ വച്ച് നടത്തിവരുന്നുണ്ട് . ഗ്രൗണ്ടിൽ പാറയുള്ളതിനാൽ ട്രാക്കിനങ്ങൾ ചെയ്യിക്കുന്നതിനുണ്ടായ പ്രശ്നം നിലവിൽ പരിഹരിച്ചിട്ടുണ്ട് . കുഴൽമന്ദം ഗവ.ഹൈസ്കൂൾ നിലവിൽ ജില്ലാ പഞ്ചായത്ത് വാടക നൽകി വരുന്ന സ്വകാര്യ കെട്ടിടത്തിലും ബ്ലോക്ക് പഞ്ചായത്ത് ക്യാമ്പസിലുമുള്ള കെട്ടിടങ്ങളിലുമായാണ് പ്രവർത്തിച്ചുവരുന്നത്. ഇക്കാരണത്താൽ ഗ്രൗണ്ട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സാധ്യമായിരുന്നില്ല. 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി 7 കോടി രൂപ ചെലവിൽ പുതിയ സ്കൂൾ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്ന പ്രവർത്തി പൂർത്തീകരണ ഘട്ടത്തിലാണ് . ഇതിന്റെ ഭാഗമായി സ്കൂളിന് വേണ്ടി ഗ്രൗണ്ട് ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നുണ്ട് .ഈ പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി ഓഡിറ്റ് പരാമർശിക്കുന്ന പരിമിതികൾ പരിഹരിപ്പെടുമെന്നാണ് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത് .
5.2.4.11	കൊല്ലം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള പല ഹയർസെക്കന്ററി സ്കൂളുകളിലും ലാബ് സൗകര്യങ്ങളില്ല. അപ്പർ പ്രൈമറി മുതൽ വൊക്കേഷണൽ ഹയർസെക്കന്ററി വരെ	കൊല്ലം ജില്ലാ പഞ്ചായത്തിലെ ചെറിയഴീക്കൽ, പെരിങ്ങാലം, കുഴിത്തുറ എന്നിവിടങ്ങളിലെ സ്കൂളുകളിലെ ലാബ് സൗകര്യങ്ങളെക്കുറിച്ചാണ് ഓഡിറ്റ്

	പ്രവർത്തിക്കുന്ന ചെറിയഴീക്കൽ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ജീർണ്ണാവസ്ഥയിലായ കെട്ടിടത്തിലാണ് വൊക്കേഷണൽ ഹയർ സെക്കന്ററി ലാബും ഹൈസ്കൂൾ ലാബും കമ്പ്യൂട്ടർ ലാബും പ്രവർത്തിക്കുന്നത്. ഒന്നാം ക്ലാസ്സ് മുതൽ ഹയർ സെക്കന്ററി വരെ പ്രവർത്തിക്കുന്ന ഗവ. എഫ്.എച്ച്.എസ്.എസ് കുഴിത്തുറയിൽ എല്ലാ ലാബ് ഉപകരണങ്ങളും സൂക്ഷിക്കുന്നത് ചോർന്നൊലിക്കുന്ന മുറിയിലാണ്. മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായ പെരിങ്ങാലം ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങൾക്കുള്ള ലാബ് ഉപകരണങ്ങളും ഇതര പഠന സാമഗ്രികളും ഒരു മുറിക്കുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ലാബ് പ്രവർത്തിപ്പിക്കുന്നതിനുള്ള യാതൊരു സൗകര്യങ്ങളും ഇല്ലാത്തതിനാൽ പരീക്ഷണങ്ങൾ ക്ലാസ്സ് മുറികളിൽ വച്ചാണ് നടത്തുന്നത്.	നിരീക്ഷണം ഉള്ളത്. ആലപ്പാട് പഞ്ചായത്തിലെ ചെറിയഴീക്കൽ സ്കൂളിൽ ലാബുകൾ പ്രവർത്തിച്ചിരുന്ന കാലപ്പഴക്കം വന്ന കെട്ടിടം പൊളിച്ചുമാറ്റി ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയും അതിൽ ലാബ് സജ്ജീകരിച്ച് പ്രവർത്തിച്ചു വരുന്നതുമാണ്. കുഴിത്തുറ സ്കൂളിലെ ലാബിന് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതും നിലവിൽ ടി കെട്ടിടത്തിൽ ലാബ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതുമാണ്. മൺട്രോതുരുത്ത് പഞ്ചായത്തിലെ പെരിങ്ങാലം സ്കൂളിൽ നിലവിൽ ലാബ് പ്രവർത്തിക്കുന്ന കെട്ടിടം ചോർന്നൊലിക്കുന്നതോ ജീർണ്ണാവസ്ഥയിലുള്ളതോ അല്ല. നിലവിൽ ഓരോ ലാബുകളും പ്രത്യേകം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പുതിയ കെട്ടിട നിർമ്മാണം നടന്നുവരുന്നതായും ആയത് പൂർത്തിയാകുമ്പോൾ ലാബ് പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിലെ ലാബുകളുടെ പ്രവർത്തനത്തിന് ഓരോ വർഷവും ലാബ് ഉപകരണങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങി നൽകുകയും, ആയതിനു പുറമെ പത്ത് സ്കൂളുകളിലെ ലാബുകളുടെ നവീകരണത്തിനായി നടപ്പ് വർഷം പദ്ധതി നടപ്പിലാക്കി വരുന്നതായും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.
	പ്രവർത്തന സജ്ജമാകാത്ത ജലഗുണനിലവാര പരിശോധന ലാബുകൾ - പ്രയോജനരഹിതമായത് ലക്ഷങ്ങളുടെ ഉപകരണങ്ങൾ കേരള ശുചിത്വ മിഷൻ ഹയർ സെക്കന്ററി സ്കൂളുകൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രാദേശിക ജലഗുണനിലവാര പരിശോധനയ്ക്കായി കൊല്ലം ജില്ലാ പഞ്ചായത്ത് 2010-11 ൽ നടപ്പാക്കിയ 'ഹയർ സെക്കന്ററി	കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള പുന്നലയിലെയും മുട്ടറയിലെയും ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ ജല ഗുണനിലവാര പരിശോധന ലാബ് സജ്ജീകരിക്കുന്നതിന്റെ ഭാഗമായി യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരുന്നതും എന്നാൽ പ്രസ്തുത യന്ത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച പരിശീലനം യഥാസമയം ലഭ്യമാകാതിരുന്നതും മതിയായ കെട്ടിട സൗകര്യങ്ങൾ ഇല്ലാതിരുന്നതും ആണ് യന്ത്രം പ്രവർത്തനസജ്ജമാകാൻ താമസിച്ചതും ഓഡിറ്റിൽ പരാമർശിക്കാൻ കാരണമായതും എന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി

	സ്കൂളുകളിലെ ലാബ് സജ്ജമാക്കൽ" എന്ന പ്രോജക്ട് പ്രകാരം ഒരു സ്കൂളിനു ലാബ് ഉപകരണങ്ങൾ വാങ്ങാൻ 3 ലക്ഷം രൂപ വീതം കണക്കാക്കി വികസന ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി. പുന്നല ഗവ. ഹയർസെക്കന്ററി സ്കൂളിന് വാങ്ങിയ 3 ലക്ഷം രൂപയുടെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനി പ്രവർത്തനക്ഷമമാക്കുവാൻ കഴിയാത്തവിധം ഉപയോഗശൂന്യമായി ക്ഷയിച്ചിരിക്കുകയാണ്. മുട്ടറ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ജലഗുണനിലവാര പരിശോധനയ്ക്കുള്ള ഉപകരണങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ലാബ് ഭാഗികമായി മാത്രമേ പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ലാബ് ഉപകരണങ്ങളിൽ ഉൾപ്പെടുന്ന ഓട്ടോക്ലേവ് നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ബാക്ടീരിയോളജിക്കൽ ഇൻകുബേറ്ററും പ്രവർത്തനരഹിതമാണ്. ലാബ് പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിട സൗകര്യം ഇല്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ചിരുന്നതാണ്. കെട്ടിടമോ അനുബന്ധ സൗകര്യങ്ങളോ ലഭ്യമല്ലെന്നിരിക്കെയാണ് ലാബ് സജ്ജീകരണത്തിനും ഉപകരണങ്ങൾക്കുമായി ഇത്രയും തുക ചെലവഴിച്ചത്.	അറിയിച്ചു. പ്രാഥമിക പരിശീലനം നേടിയ അധ്യാപകരുടെ സഹായത്തോടെ സമീപത്തെ കിണറുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിരുന്നുവെങ്കിലും പ്രസ്തുത അധ്യാപകർക്ക് ട്രാൻസ്ഫർ ലഭിക്കുമ്പോൾ പുതുതായി വരുന്ന അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാകുവാൻ വീണ്ടും താമസിക്കുന്നതും ലാബിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിൽ യന്ത്രസാമഗ്രികളുടെ പ്രവർത്തനക്ഷമത പരിശോധിച്ച്, അദ്ധ്യാപകർക്ക് മതിയായ പരിശീലനം നൽകിയാൽ ജലഗുണ നിലവാര പരിശോധന ലാബിന്റെ പ്രവർത്തനം തുടരാവുന്നതാണെന്ന് സ്കൂൾ അധികൃതർ രേഖാമൂലം അറിയിച്ചിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റിയുടെ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിലെ അസിസ്റ്റന്റ് എഞ്ചിനീയറെ പരിശോധനയ്ക്ക് ചുമതലപ്പെടുത്തിയിട്ടുള്ളതായും, ആവശ്യമായ പരിശീലനം നൽകി ലാബ് പൂർണ്ണമായ തോതിൽ പ്രവർത്തനസജ്ജമാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളതായി സമിതിയെ ബോധിപ്പിക്കുന്നു.
5.2.4.16	**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തുന്ന തുകകൾ അപര്യാപ്തം** പാലക്കാട് ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തിയ തുകകളും യഥാർത്ഥത്തിൽ ചെലവ്	പാലക്കാട് ജില്ലാ പഞ്ചായത്ത് നിലവിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകൾക്ക് മുൻതൂക്കം നൽകുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത് . വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുറമേ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികളും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തുവരുന്നുണ്ട് . മുൻസാമ്പത്തിക വർഷങ്ങളിൽ വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

ചെയ്ത തുകകളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	തദ്ദേശ സ്വയംഭരണ സ്ഥാപനം	ജില്ല	വിവിധ മേഖലകൾക്കായുള്ള വകയിരുത്തൽ	വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചത് .	
				തുക	ശതമാനം
2010-11	പാലക്കാട് ജില്ലാ പഞ്ചായത്ത്	പാലക്കാട്	201830000	51370000	25
2011-12			304666000	56508000	19
2012-13			262550000	52283000	20

വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെ വ്യക്തമായി പഠിച്ച് അവ പരിഹരിക്കുവാൻ പര്യാപ്തമായ തോതിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നും കൂടുതൽ തുക വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിദ്യാഭ്യാസം					
സാമ്പത്തിക വർഷം	ബജറ്റ് വിഹിതം	പുതിയ പദ്ധതി	സ്പിൽ ഓവർ	ആകെ തുക	ശതമാനം
2024-25	1045482000	165100000	193899423	358999423	34.34
2023-24	1015965000	280544012	39590994	320135006	31.51
2022-23	1021000000	163554568	75296717	238851285	23.39

പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

5.2.4.19 **പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ**

വിജ്ഞാൻ സാഗർ

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2005 ൽ 20 കോടി രൂപ അടങ്കലിൽ വിജ്ഞാൻ സാഗർ എന്ന വിദ്യാഭ്യാസ മേഖലയിലെ ബഹുവർഷ പദ്ധതിയ്ക്ക് രൂപം നൽകി . സയൻസ് പാർക്കും പ്ലാനറ്റോറിയവും സ്ഥാപിക്കൽ , ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ ,വംശനാശം നേരിടുന്ന സസ്യങ്ങളുടെ ഉദ്യാനം എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ .

സയൻസ് പാർക്കിനായി കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ വിവിധ വാർഷിക പദ്ധതികളിലായി 78,45,513/- രൂപ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഒന്നാം നിലയുടെ പണിമാത്രമാണ് ഇതുവരെയായി

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ദീർഘവീക്ഷണത്തോടെ നടപ്പിലാക്കിയ ഒരു നൂതന പദ്ധതിയായിരുന്ന വിജ്ഞാൻ സാഗർ സയൻസ് ആന്റ് ടെക്നോളജി പാർക്ക് . 2012 ൽ ഓഡിറ്റ് നടക്കുന്ന വേളയിൽ വിജ്ഞാൻ സാഗറിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിരുന്നുള്ളൂ. ബാക്കി സംവിധാനങ്ങൾ പിന്നീടാണ് പൂർത്തീയായിട്ടുള്ളത് . പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസം ഉണ്ടാവുക മാത്രമാണ് ചെയ്തിട്ടുള്ളത് .

2011 ൽ ശാസ്ത്ര പ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി വാങ്ങിയ പോർട്ടബിൾ പ്ലാനറ്റോറിയം വിജ്ഞാൻ സാഗറിൽ ഒരു പ്രദർശന വസ്തുവായി സൂക്ഷിച്ചിട്ടുണ്ട്. ഫീൽഡ്തല പ്രദർശനത്തിന് വാഹനവും ടെക്നീഷനും ആവശ്യമാണ് എന്നതിനാൽ അധിക ചിലവ് വരുമെന്നതിനാലും സാങ്കേതിക വിദ്യ അനുദിനം മാറികൊണ്ടിരിക്കുന്നതിനാൽ ഫീൽഡ്തല പ്രദർശത്തിന്

	പൂർത്തിയായിട്ടുള്ളത് . ശാസ്ത്രപ്രദർശനത്തിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായി 2011 ൽ 3,54,375/- രൂപ മുടക്കി പോർട്ടബിൾ പ്ലാനറ്റോറിയം വാങ്ങിയിട്ടുണ്ട് . എന്നാൽ ഇത് കൊണ്ടുപോകാനാവശ്യമായ വാഹനം , സാങ്കേതിക വിദഗ്ധന്റെ സേവനം തുടങ്ങിയ മറ്റ് സംവിധാനങ്ങളൊന്നും ഒരുക്കുകയോ , പ്ലാനറ്റോറിയം ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. 28.02.2011 ൽ വാങ്ങിയ ഉപകരണത്തിന്റെ വാറണ്ടിക്കാലയളവും ഇതിനകം കഴിഞ്ഞിരിക്കുകയാണ് . സസ്യങ്ങളുടെ ഉദ്യാനമുണ്ടാക്കുന്ന പദ്ധതിയ്ക്കായി കേരള കാർഷിക സർവ്വകലാശായുമായി ചേർന്ന് 17.01.08 ൽ കരാർ ഒപ്പിട്ടിരുന്നു.3,20,400/- രൂപ ചെലവഴിച്ച് പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയെങ്കിലും ജലസേചന സൗകര്യം ഇല്ലാത്തതിനാൽ ചെടികളെല്ലാം പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ് . വിജ്ഞാൻസാഗർ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് ഇതുവരെ ചെലവഴിച്ച 85,20,288/- രൂപ (7845513+354375+320400) നിഷ്ഫലമായി തീർന്നിരിക്കുകയാണ്.	പ്രസ്തുത പ്ലാനറ്റോറിയം കാലികമായത് അല്ലാത്തതിനാലും എന്നാൽ സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഒരു ഘട്ടം എന്ന നിലയിൽ അതിന് പ്രദർശന മൂല്യവുമുള്ളതിനാലുമാണ് അത് പ്രദർശന വസ്തുവായി ഉപയോഗപ്പെടുത്തുന്നത് . ക്യാമ്പസിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വന്നതിനാലും പ്രതീക്ഷിക്കാതെ ഉണ്ടായ ജലദൗർലഭ്യവും ആവശ്യത്തിന് സ്റ്റാഫ് ഇല്ലാതിരുന്നതിനാലുമാണ് കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നിർമ്മിച്ച ഉദ്യാനത്തിലെ ചെടികൾ നശിച്ചുപോയത് . 2019 ഒക്ടോബർ 19 ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച വിജ്ഞാൻസാഗർ സയൻസ് & ടെക്നോളജി പാർക്ക് നിലവിൽ 18 ലക്ഷം രൂപ വരുമാനം ഉണ്ടാക്കുന്നതും ദൈനംദിന പ്രവർത്തനത്തിനുള്ള സാമ്പത്തികം സ്വയം കണ്ടെത്താൻ കഴിയുന്ന ഒരു സ്ഥാപനമായി മാറിയിട്ടുണ്ട് . പ്രതിവർഷം ശരാശരി 2 ലക്ഷത്തിലേറെ വിദ്യാർത്ഥികൾ വിജ്ഞാൻ സാഗറിലെത്തി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നുണ്ട്. കൂടാതെ കുട്ടികൾക്കുള്ള അവധിക്കാല ശാസ്ത്ര ക്യാമ്പുകൾ , കോളജ് വിദ്യാർത്ഥികൾക്കുള്ള പ്രോജക്ടുകൾ , ഇന്റേൺഷിപ്പുകൾ ,ലാബ് പരിശീലനങ്ങൾ , അധ്യാപക പരിശീലനങ്ങൾ, വിഷയാധിഷ്ഠിത പരിശീലനങ്ങൾ എന്നിവയൊക്കെ നടക്കുന്ന ഒരു നോളജ് ഹബ്ബ് ആയി വിജ്ഞാൻ സാഗർ മാറിയിട്ടുണ്ട് . ഐ.എസ്.ആർ.ഒ നേരിട്ട് സ്ഥാപിച്ച സ്പേസ് പവ്വലിയൻ വിജ്ഞാൻ സാഗറിലെ ഒരു പ്രധാന ആകർഷണമാണ് . കൂടാതെ സ്പേസ് എക്സ്പ്ലോറിയം, 80 ശാസ്ത്ര പ്രദർശന വസ്തുക്കൾ ,5 ലാബുകൾ , കോൺഫറൻസ് ഹാളുകൾ എന്നിവയും വിജ്ഞാൻ സാഗറിൽ ഒരുക്കിയിട്ടുണ്ട് . കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ ഒരു റോബോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. വിദ്യാർത്ഥികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും

		അവരുടെ പഠനനിലവാരം ഉയർത്തുന്നതിലും വിജ്ഞാൻ സാഗർ നിർവ്വഹിക്കുന്ന പങ്ക് വിലയിരുത്തിയാൽ ആയതിനായി ചെലവാക്കിയ തുക ഒരു പാഴ്ച്ചെലവായി കണക്കാക്കുവാൻ സാധിക്കുകയില്ലെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു.
5.2.5	**നിഗമനങ്ങൾ** 1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. 2. പല സ്കൂളുകളും കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് . 3. സുനാമി പുനരധിവാസ പ്രവൃത്തികളുൾപ്പെടെ പല നിർമ്മാണ പ്രവൃത്തികളും സ്തംഭനാവസ്ഥയിലാണ് . 4. ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ (പാചകപ്പുര, ഡൈനിംഗ്ഹാൾ , സ്റ്റോർ ,വിറക് പുര) മെച്ചപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ ചെലുത്തിയിട്ടില്ല. 5. പൊതുവിദ്യാലയങ്ങളുടെ കുടിവെള്ള വിതരണം കാര്യക്ഷമമല്ല. ടോയ് ലെറ്റ് സൗകര്യങ്ങളും അപര്യാപ്തമാണ് . 6. വിദ്യാലയങ്ങളുടെ ആവശ്യത്തിന് കളിസ്ഥലം ഒരുക്കിയിട്ടില്ല. 7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം തൃപ്തികരമല്ല. 8. വിവര സാങ്കേതിക വിദ്യയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. 9. സ്കൂളുകളിലെ മാലിന്യസംസ്കരണം തികച്ചും അശാസ്ത്രീമായ രീതിയിലാണ് .	ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച മറുപടി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളായി ചേർത്തിരിക്കുന്നു.

	10. സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയുന്നു . 11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് വേണ്ടി വകയിരുത്തുന്ന പരിമിതമായ തുകകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നില്ല. 12. വിദ്യാഭ്യാസ മേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. 13. എസ്.എസ്.എ പദ്ധതികളുടെ 35 % ചെലവ് വഹിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് രൂപീകരണത്തിൽ പങ്കാളിത്തം ലഭിക്കുന്നില്ല.	
5.2.6	**ശുപാർശകൾ**	
	1. പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ പഞ്ചായത്തുകളും സ്വീകരിച്ചുവരുന്നുണ്ട് .
	2.കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കി പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.	**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്** കാലപ്പഴക്കം ചെന്ന് അപകടാവസ്ഥയിൽ ആയ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി, കിഫ്ബി ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് ആധുനിക സൗകര്യങ്ങളോട് കൂടിയ മുന്തിയ ബഹുനില കെട്ടിടങ്ങൾ ഒട്ടുമിക്ക സ്കൂളുകളിലും പ്രവർത്തനസജ്ജമായി കഴിഞ്ഞു . പ്രസ്തുത കെട്ടിടങ്ങൾക്ക് കൂടിയുള്ള അടിസ്ഥാന സൗകര്യ വികസനം ആണ് നിലവിൽ ജില്ലാ പഞ്ചായത്ത് ഒരുക്കിവരുന്നത് . **കൊല്ലം ജില്ലാ പഞ്ചായത്ത്** കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നില്ല. ആയത് അതത് ഗ്രാമപഞ്ചായത്ത്

174

		എഞ്ചിനീയർമാർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട് . **പത്തനംതിട്ട ജില്ലാ പഞ്ചായത്ത്** കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ചു നീക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുന്നതിനും പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. **ആലപ്പുഴ ജില്ലാ പഞ്ചായത്ത്** പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും അൺഫിറ്റായതുമായ കെട്ടിടങ്ങൾ പെളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോഴും പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. **കോട്ടയം ജില്ലാ പഞ്ചായത്ത്** സ്കൂൾ കോമ്പൗണ്ടുകളിൽ അപകടാവസ്ഥയിൽ നിലകൊള്ളുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട് . **എറണാകുളം ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്ന കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ നിയമാനുസൃത നടപടികളിലൂടെ പൊളിച്ചുനീക്കുകയും തൽസ്ഥാനത്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട് . ഇതിലേക്കായി ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിനുപുറമേ എം.എൽ.എ ഫണ്ട് , എസ്. എസ്. എ , നബാർഡ് , തീരദേശ വികസന അതോറിറ്റി, സ്വകാര്യ വ്യക്തികൾ എന്നിവരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട് . **ഇടുക്കി ജില്ലാ പഞ്ചായത്ത്** അപകടാവസ്ഥയിൽ ഉണ്ടായിരുന്നതും കാലപ്പഴക്കം ചെന്നതുമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനും പ്രകൃതിക്ഷോഭം മൂലം കേടുപാടുകൾ സംഭവിക്കുന്ന കെട്ടിടങ്ങൾ അറ്റകുറ്റപണികൾ നടത്തി ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. **തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

		ശിപാർശകൾ ജില്ലാ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് **പാലക്കാട് ജില്ലാ പഞ്ചായത്ത്** കെട്ടിടങ്ങളുടെ പുനരുദ്ധാരണവും അറ്റകുറ്റപണികളും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നു. **കോഴിക്കോട് ജില്ലാ പഞ്ചായത്ത്** 2024-25 വർഷം വരെ കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ 46 കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും കിഫ്ബി മുഖേനയും ജില്ലാ പഞ്ചായത്ത് മുഖേനയും 105 കെട്ടിടങ്ങൾ പണികഴിപ്പിക്കുകയും ചെയ്തിട്ടുണ്ട് . ഇനിയും സ്കൂളുകളിൽ നിന്നുള്ള അപേക്ഷ ലഭ്യമാകുന്നതനുസരിച്ച് കാലപ്പഴക്കമുള്ളതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള അനുമതിയും ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. **വയനാട് ജില്ലാ പഞ്ചായത്ത്** വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . 2023-24 വർഷത്തിൽ 10 കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും നിർമ്മാണം നടത്തുകയും ചെയ്തിട്ടുണ്ട് . **മലപ്പുറം ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു മാറ്റി പുതിയവ നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുണ്ട് . **കണ്ണൂർ ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും ജില്ലാ

		പഞ്ചായത്ത് അംഗങ്ങളും ജീവനക്കാരുമടങ്ങിയ പ്രത്യേക ടീം സന്ദർശിക്കുകയും സ്കൂളുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട് . നിലവിൽ അപകടാവസ്ഥയിലുള്ള ചുരുക്കം കെട്ടിടങ്ങൾ അപകടം ഒഴിവാക്കുന്നതിനായി പൊളിച്ചു നീക്കുകയും സംരക്ഷിക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ മെയിന്റനൻസ് നടത്തി സംരക്ഷിക്കുകയും ചെയ്യുന്നുണ്ട് . **കാസർഗോഡ് ജില്ലാ പഞ്ചായത്ത്** സ്കൂളുകളിലെ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനും അത് പോലെ തന്നെ പുതിയ കെട്ടിടങ്ങൾ തനതു പദ്ധതി വഴിയും കാസറഗോഡ് വികസന പാക്കേജ് മുഖേനയും പദ്ധതികൾ രൂപീകരിച്ചും നടപ്പിലാക്കി വരുന്നു.
	3. സ്തംഭനാവസ്ഥയിലുള്ള നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ് .	ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള സ്കൂളുകളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .
	4.ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ് .	ഉച്ചഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നുണ്ട്.
	5.പൊതുവിദ്യാലയങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കേണ്ടതും ടോയ് ലെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	സ്കൂളുകളിൽ ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. സ്കൂളുകളിലെ ടോയിലെറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യാനുസരണം കൂടുതൽ ടോയ് ലെറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് പൂർത്തികരിച്ചു വരുന്നു.
	6.വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം	**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

	ഒരുക്കേണ്ടതാണ്.	ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഒട്ടുമിക്ക സ്കൂളുകളിലും കളിസ്ഥലങ്ങളുണ്ട്. ലഭ്യത കുറവുള്ള സ്കൂളുകളിൽ പ്രശ്നം പരിഹരിക്കുന്നതിനായി സാഹചര്യങ്ങൾ പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. **കൊല്ലം ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ സ്കൂളുകളിലും കളിസ്ഥലം ലഭ്യമാണ് . ആയതിന് പുറമേ നിലവിൽ 5 സ്കൂളുകളിൽ ആധുനിക സജ്ജീകരണങ്ങളുള്ള ഇൻഡോർ ഫിറ്റ്നസ് പാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട് . നടപ്പ് വർഷവും പദ്ധതി തുടരുന്നു. **പത്തനംതിട്ട ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ കളിസ്ഥലം ഒരുക്കുന്നതിന് /മെച്ചപ്പെടുത്തുന്നതിന് വാർഷിക പദ്ധതികളിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിലേക്ക് 2013-14 മുതൽ 2023-24 വരെ വിവിധ വാർഷിക പദ്ധതികൾക്കായി 1.20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് . **ആലപ്പുഴ ജില്ലാ പഞ്ചായത്ത്** കളിസ്ഥല നിർമ്മാണത്തിന് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. അതാത് ഗ്രാമപഞ്ചായത്തുകളുമായി സംയോജിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലങ്ങൾ ഒരുക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള ജി.എച്ച്.എസ് മണ്ണഞ്ചേരിയിൽ നല്ല രീതിയിൽ ടർഫ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. **കോട്ടയം ജില്ലാ പഞ്ചായത്ത്** മിക്കവാറും എല്ലാ സ്കൂളുകളിലും ഇപ്പോൾ കളിസ്ഥലമുണ്ട്. കളിസ്ഥലമില്ലാത്ത സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നു . **എറണാകുളം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന് കീഴിൽ വരുന്ന പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ മാനസികവും ശാരീകകവുമായ വികാസത്തിന് അനിവാര്യമായ കളികൾക്കും കായികവിനോദങ്ങൾക്കും അനുയോജ്യമായ കളിസ്ഥലം ഉണ്ടാക്കുകയും അവ ചുറ്റമതിൽ കെട്ടിടം സംരക്ഷിക്കുകയും ചെയ്യുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട് . നേര്യമംഗലം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് എട്ടുലക്ഷം രൂപ ചെലവിൽ പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട് . തുടർന്നും കളിസ്ഥലങ്ങൾ ലഭ്യമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് .

ഇടുക്കി ജില്ലാ പഞ്ചായത്ത്

കളിസ്ഥല നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .

തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

ശിപാർശകൾ ജില്ലാ പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്

പാലക്കാട് ജില്ലാ പഞ്ചായത്ത്

വിദ്യാലയങ്ങളിൽ ആവശ്യത്തിന് കളിസ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ജില്ലാ പഞ്ചായത്ത്

വിദ്യാലയങ്ങൾക്കായി കളിസ്ഥലം ഒരുക്കുന്നതിന് 1,91,10,538/- രൂപ ചെലവഴിച്ചിട്ടുള്ളതും 45 സ്കൂളുകളിൽ 35 ലും സ്കൂൾ ഗ്രൗണ്ട് ആവശ്യമായ രീതിയിൽ പരിവർത്തനം നടത്തി കൈമാറിയിട്ടുണ്ട് . 2 സ്കൂളുകൾക്ക് സ്ഥലം വാങ്ങിക്കുന്നതിനും കളിസ്ഥലമാക്കുന്നതിനുമുള്ള നടപടികൾ പദ്ധതി മുഖേന ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 8 സ്കൂളുകളിൽ കളിസ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ ക്രമീകരിക്കേണ്ടതായിട്ടുണ്ട് . ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ പൂർത്തീകരിക്കുന്നതാണ് .

		വയനാട് ജില്ലാ പഞ്ചായത്ത് ഏതാനും സ്കൂളുകളിൽ മതിയായ കളിസ്ഥലമില്ലാത്ത അവസ്ഥ നിലവിലുണ്ട് . കളിസ്ഥലത്തിന് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് വലിയ തുക ആവശ്യമാണെന്ന് ആയത് കണ്ടെത്തുന്നതിനുള്ള അനുകൂല നടപടികൾ ഉണ്ടായിട്ടില്ല. പരിയാരം ,മൂലങ്കാവ് സ്കൂളുകളിൽ കളിസ്ഥലം ഒരുക്കുന്നതിനുള്ള ഭൂമി നിലവിലില്ല . മൂലങ്കാവ് സ്കൂളിൽ കളിസ്ഥലം ഒരുക്കുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് അറിയിച്ചിട്ടുണ്ട് . **മലപ്പുറം ജില്ലാപഞ്ചായത്ത്** സ്കൂളിനോട് ചേർന്നുള്ള സ്ഥലങ്ങളുടെ ലഭ്യത കുറവ് കാരണം കളിസ്ഥലങ്ങൾ ഒരുക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ജില്ലാ പഞ്ചായത്തിന് പരിമിതിയുണ്ട് . **കണ്ണൂർ ജില്ലാ പഞ്ചായത്ത്** ജില്ലാ പഞ്ചായത്തിന് കീഴിലെ സ്ഥലസൗകര്യം ലഭ്യമായ മുഴുവൻ സ്കൂളിലും കളിസ്ഥലങ്ങൾ ഒരുക്കിയിട്ടുണ്ട് . മെച്ചപ്പെട്ട കളിസ്ഥലത്തിന് സ്ഥലസൗകര്യം ലഭ്യമല്ലാത്ത സ്കൂളുകളിൽ സ്ഥലം വാങ്ങുന്നതിന് പി.ടി.എ./ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ സഹകരണത്തോടെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. **കാസർഗോഡ് ജില്ലാ പഞ്ചായത്ത്** വിവിധ സ്കൂളുകളിൽ സ്ഥലലഭ്യത അനുസരിച്ച് കളിസ്ഥല നവീകരണ പ്രവർത്തികൾ നടത്തി വരുന്നു.
	7. സ്കൂളുകളിലെ ലൈബ്രറികളുടെയും ലാബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	സ്കൂളുകളിൽ ലൈബ്രറി, ലാബുകൾ എന്നിവ നിർമ്മിക്കുന്നതിനും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.
	8. സ്കൂളുകളിലെ മാലിന്യസംസ്കരണത്തിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.	സ്കൂളുകളിലെ മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തുകൾ നടപ്പിലാക്കുന്നുണ്ട്.

	9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും വകയിരുത്തുന്ന തുക പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കേണ്ടതുമാണ്.	ജില്ലാ പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തി വരുന്നതും വകയിരുത്തുന്ന ഫണ്ടുകൾ പൂർണ്ണമായും പ്രയോജനപ്രദമായും ചെലവഴിക്കുന്നുണ്ടെന്നത് ഉറപ്പുവരുത്തുകയും ചെയ്യുന്നു .
	10. വിദ്യാഭ്യാസമേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് .	വിദ്യാഭ്യാസ മേഖലയിലെ വിവിധ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള വിദ്യാഭ്യാസവകുപ്പിന്റെ നടപടികൾക്ക് ജില്ലാ പഞ്ചായത്തുകൾ എല്ലാവിധ സഹായ സഹകരണവും ഉറപ്പാക്കുന്നുണ്ട് .
	11. എസ്.എസ്.എ പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ് .	എസ്.എസ്.കെ വഴിയുള്ള പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകി വരുന്നുണ്ട് . എന്നാൽ പദ്ധതികളുടെ നടത്തിപ്പിൽ ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നിൽ എസ്.എസ്.എയ്ക്ക് വീഴ്ച വരുന്നതായി ജില്ലാ പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പൊതുവിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് സർക്കാർ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ് .

M.S. BIJUKUTTAN
Additional Secretary to Govt
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250